കേരളസർക്കാർ

വാല്യം 08
ഇഷ്യൂ 02

# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം




'മാറ്റൊലി'
കൊല്ലം

കേരളസർക്കാർ



# നിയമധ്വനി

കേരള സർക്കാർ നിയമവകുപ്പ് പ്രസിദ്ധീകരണം





കേരള സർക്കാർ

# നിയമധ്വനി



നിയമവകുപ്പ് പ്രസിദ്ധീകരണം


പത്രാധിപസമിതി

ചീഫ് എഡിറ്റർ
**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

എഡിറ്റർ
**ഷിബു തോമസ്**
അഡീഷണൽ നിയമസെക്രട്ടറി

അംഗങ്ങൾ

**ജാക്വലിൻ ഇ. ഡബ്ള്യു.**
ജോയിന്റ് സെക്രട്ടറി

**ഗായത്രി എം. എം.**
സെക്ഷൻ ഓഫീസർ

**അനന്ത കൃഷ്ണൻ എ. കെ.**
ലീഗൽ അസിസ്റ്റന്റ്

**ദിവ്യ കെ.**
ലീഗൽ അസിസ്റ്റന്റ്

പുറം താൾ രൂപകൽപ്പന
രൂപകൽപന വിഭാഗം
അച്ചടി വകുപ്പ്, ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം

അച്ചടി
ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം-2025


---

മാന്യവായനക്കാരുടെ വിലയേറിയ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും അറിയിക്കുക


വിലാസം

നിയമ (ഔദ്യോഗികഭാഷ പ്രസിദ്ധീകരണ സെൽ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം 695 001
ഫോൺ : 04712517064, 04712517066
email.id: so.olpc.law@kerala.gov.in



കേരള സർക്കാർ
**നിയമവകുപ്പ്**

## പ്രസാധകക്കുറിപ്പ്

തിരുവനന്തപുരം
28-02-2025

ജനാധിപത്യ വ്യവസ്ഥിതി പിൻതുടരുന്ന നമ്മുടെ രാജ്യത്തിൽ ജനങ്ങളുടെ തർക്കങ്ങളും വ്യവഹാരങ്ങളും അന്തിമമായി തീർപ്പാക്കുന്നത് പരമോന്നത കോടതികളിലാണ്. കോടതികൾ ജനങ്ങളോട് സംസാരിക്കുന്നത് വിധിന്യായങ്ങളിലൂടെയാണ്. അങ്ങനെ കോടതി പുറപ്പെടുവിക്കുന്ന വിധിന്യായങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സാമാന്യ ജനത്തിന് സ്വയമേ മനസ്സിലാക്കുവാൻ കഴിയുമ്പോൾ മാത്രമാണ് നീതിനിർവ്വഹണം പൂർണ്ണമാകുന്നത്. അതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം വിധിന്യായങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാതൃഭാഷയിൽ അവർക്ക് ലഭ്യമാക്കുക എന്നതാണ്. അത് നമ്മുടെ ജനാധിപത്യഭരണ ക്രമസംവിധാനത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലെയും സുപ്രധാന വിധികളും വിധികളുടെ പ്രസക്തഭാഗങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി അവ ഉൾപ്പെടുത്തികൊണ്ട് '**നിയമധ്വനി**' നിയമ വകുപ്പ് പ്രസിദ്ധീകരിച്ചുവരുന്നത്. അറിയാനുള്ള ജനങ്ങളുടെ അവകാശത്തിന്റെ സംരക്ഷണത്തിനും, മലയാള ഭാഷയുടെ വികാസത്തിനും ഭരണരംഗത്ത് അതിന്റെ വ്യാപനത്തിനും നിയമധ്വനി ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

നിയമധ്വനിയെക്കുറിച്ചുള്ള വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. ഭാഷാപ്രയോഗത്തിലെ പിഴവുകളോ മെച്ചപ്പെട്ട പദപ്രയോഗങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഞങ്ങളെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം

**കെ. ജി. സനൽ കുമാർ**
നിയമസെക്രട്ടറി

# ഉൾത്താളുകളിൽ


പേജ്

**I. സുപ്രീം കോടതി വിധിന്യായങ്ങൾ** **3**

1. അമാനത്തുള്ള ഖാൻ v. ഡൽഹി പോലീസ് കമ്മീഷണറും മറ്റുള്ളവരും 5
2. ഫ്രാങ്ക് വിറ്റസ് v. നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയും മറ്റുള്ളവരും 10
3. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും മറ്റൊരാളും v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും 21

**II. ഹൈക്കോടതി വിധിന്യായങ്ങൾ** **27**

1. ജലാലുദ്ദീൻ v. സംസ്ഥാന നികുതി കമ്മീഷണർ 29
2. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും v. സണ്ണി ജോസഫ് 34
3. സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് v. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും മറ്റുള്ളവരും 40

**III. സുപ്രീം കോടതി വിധി : സംക്ഷിപ്തം** **44**

1. ഡോളി റാണി v. മനീഷ് കുമാർ ചഞ്ചൽ 45
2. ശ്രീ ഗുരുദത്ത ഷുഗേഴ്സ് മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് v. പൃഥിരാജ് സായാജിറാവു ദേശ്മുഖും മറ്റുള്ളവരും 48

**IV. കേരള ഹൈക്കോടതി വിധി : സംക്ഷിപ്തം** **52**

ഡെപ്യൂട്ടി ഇൻസ്പെക്ടർ v. ജാസ്മിൻ 53

**V. സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ** **56**

1. കേരള സംസ്ഥാനം v. സോജൻ 57
2. സക്കീർ ഹുസൈൻ v. ലാൻഡ് റവന്യൂ കമ്മീഷണർ 58
3. ഗീത v. പ്രദീപ് 59
4. ജോസഫ് കവിയൂർ v. എൻ. എസ്. കെ. ഉമേഷ് 60
5. ഗംഗാധരൻ v. ശ്രീദേവി അമ്മ 61
6. മുഹമ്മദ് അബ്ദുൾ സമാദ് v. തെലങ്കാന സംസ്ഥാനം 61

**VI. ലേഖനങ്ങൾ** **63**

1. 2024-ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ആക്റ്റിന്റെ പ്രസക്തി : ഒരു അവലോകനം. 65

   (ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ നിയമസെക്രട്ടറി)
2. ഭാഗ്യക്കുറി.... 68

   (ശ്രീ. മനോജ് എം. പി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്)
3. നിർമ്മിതബുദ്ധിയുടെ (Artificial Intelligence-AI) വളർച്ചയും സൈബർ നിയമങ്ങളും. 72

   (ശ്രീ. ദിപിൻ റോയ് എസ്.എൽ, സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്)

**VII. വേറിട്ടവിധികൾ** **81**

ടിക്കറ്റിൽ കാണിച്ചിരിക്കുന്ന സമയത്ത് സിനിമ പ്രദർശിപ്പിക്കുന്നതിന് പകരം ദൈർഘ്യമേറിയ പരസ്യങ്ങൾ കാണിച്ചതിന് നഷ്ടപരിഹാരം നൽകണം 82

**VIII. നിയമപദപരിചയം** **83**

**IX. നിയമസൂക്തങ്ങൾ.** **84**

**X. മാനകപദാവലി** **85**

**XI. നിയമലോകം** **87**

1. ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു 87
2. ഇരകൾക്ക് സമയബന്ധിതമായ നീതി ഉറപ്പാക്കുന്നതിന് പ്രത്യേക കോടതികൾ സഹായിക്കും : ബഹു. മുഖ്യമന്ത്രി 88
3. സാങ്കേതിക വിദ്യയുടെ ഉപയോഗം കോടതികളുടെ വിശ്വാസ്യതയും ഉത്തരവാദിത്തവും വർധിപ്പിക്കും : ബഹു. നിയമ വകുപ്പ് മന്ത്രി. 89
4. കെട്ടിക്കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ഡിജിറ്റൽ കോടതികൾ സഹായിക്കും: ജസ്റ്റിസ് ഭൂഷൺ രാംകൃഷ്ണ ഗവായ് 90

**XII. പതിനഞ്ചാം കേരളനിയമസഭയുടെ 11-ഉം 12-ഉം സമ്മേളനങ്ങളിൽ ആക്റ്റ് ആയ ബില്ലുകൾ** **91**

**XIII. നിയമവകുപ്പുവാർത്തകൾ** **92**




# സുപ്രീം കോടതി

## വിധിന്യായങ്ങൾ

# സുപ്രീം കോടതി മുമ്പാകെ

ബഹു. ജസ്റ്റിസ് സൂര്യകാന്ത് ജെ.

&

ബഹു. ജസ്റ്റിസ് കെ. പി. വിശ്വനാഥൻ

ക്രിമിനൽ അപ്പീൽ നമ്പർ ——/2024

(എസ്. എൽ. പി. (ക്രിമിനൽ) നമ്പർ 5719/2023-ൽ നിന്ന് ഉത്ഭവിച്ചത്)

അമാനത്തുള്ള ഖാൻ - അപ്പീൽവാദി

V.

ഡൽഹി പോലീസ് കമ്മീഷണറും മറ്റുള്ളവരും - എതിർകക്ഷികൾ

## വിധിന്യായത്തിലെ പ്രസക്തഭാഗം

"മനുഷ്യന്റെ അന്തസ്സിനും ജീവനുമുള്ള" മൂല്യം നമ്മുടെ ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ ആഴത്തിൽ ഉറപ്പിച്ചിട്ടുള്ളതാണ്. "ജീവൻ" എന്ന പദപ്രയോഗത്തിൽ മാനുഷിക ബഹുമാനത്തിന് യോഗ്യമായ ഒരു ജീവിതം നയിക്കാനുള്ള എല്ലാ അവകാശവും അതിനോടൊപ്പമുള്ള എല്ലാ കാര്യങ്ങളും അസന്ദിഗ്ധമായി ഉൾപ്പെടുന്നു. ആത്മാഭിമാനം, സാമൂഹിക പ്രതിച്ഛായ, തനിക്ക് ചുറ്റുമുള്ള സമൂഹത്തിൽ നീതിപൂർവ്വമായ ഒരു ഇടം എന്നിവ മാന്യമായ ജീവിതത്തിന് മതിയായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവപോലെ പ്രധാനമാണ്.

## വിധിന്യായം

ജസ്റ്റിസ് സൂര്യകാന്ത് ജെ.

1. അനുമതി നൽകി.

2. ഡൽഹി സൗത്ത് ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ നിരീക്ഷണ രജിസ്റ്റർ X, ഭാഗം II ബണ്ടിൽ Aയിൽ തന്റെ പേർ ചേർത്ത് "മോശം സ്വഭാവക്കാരൻ" എന്നു പ്രഖ്യാപിക്കണം എന്ന ശിപാർശയും, തനിക്ക് എതിരായി തുടങ്ങിയ "ഹിസ്റ്ററി ഷീറ്റും" റദ്ദ് ചെയ്യുന്നതിന് വേണ്ടിയാണ് ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദവും 1973 -ലെ ക്രിമിനൽ നടപടി സംഹിതയുടെ 482-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം ഡൽഹി ഹൈക്കോടതിയിൽ അപ്പീൽവാദി റിട്ട് ഹർജി ഫയൽ ചെയ്തിരുന്നത്. 19/01/2023-ലെ ചോദ്യംചെയ്യപ്പെട്ട വിധിന്യായത്തിലൂടെ ഹൈക്കോടതിയുടെ സിംഗിൾ ജഡ്ജി അപ്പീൽ വാദിയുടെ റിട്ട് ഹർജി തള്ളിയതാണ് ഈ നടപടികൾക്ക് ഹേതുവായിട്ടുള്ളത്.

3. നോട്ടീസ് നൽകിയ പ്രകാരം ഡൽഹി പോലീസ് മുതിർന്ന അഭിഭാഷകൻ സഞ്ജയ് ജെയിൻ മുഖേന ഹാജരാകുകയും അപ്പീൽ വാദിയുടെ സ്കൂളിൽ പോകുന്ന മൈനറായ കുട്ടികളെയും ഭാര്യയെയും "ഹിസ്റ്ററി ഷീറ്റിൽ" ഉൾപ്പെടുത്തുന്നതിന് പ്രത്യക്ഷത്തിൽ പ്രതികൂലമായ കാര്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല എങ്കിൽ കൂടിയും അവരെ സംബന്ധിച്ചുള്ള "ഹിസ്റ്ററി ഷീറ്റിലെ"അസ്വസ്ഥജനകമായ ഉള്ളടക്കത്തെ സംബന്ധിച്ച് ടിയാൻ ധരിപ്പിക്കുകയുണ്ടായി. ഹിസ്റ്ററി ഷീറ്റേഴ്സിന്റെ "ഫോർമാറ്റ്"നിഷ്കർ

ഷിച്ചിട്ടുള്ളത് ഡൽഹി നാഷണൽ ക്യാപിറ്റൽ ടെറിട്ടറിക്ക് ബാധകമാക്കിയിട്ടുള്ള 1934-ലെ പഞ്ചാബ് പോലീസ് റൂൾസ് (ചുരുക്കത്തിൽ 1934-ലെ റൂൾസ്) ന്റെ ചട്ടം 23 (8) ഉം ചട്ടം 23(9) ഉം അനുസരിച്ചാണെന്ന് അപ്പോൾ ധരിപ്പിക്കുകയുണ്ടായി. എന്നിരുന്നാലും സന്ദർഭവശാൽ, സംശയിക്കപ്പെട്ടയാളുടെ കുടുംബാംഗങ്ങളായിപോയിട്ടുള്ള നിരപരാധികളുടെ അന്തസ്സും ആത്മാഭിമാനവും, സ്വകാര്യതയും ഉറപ്പുവരുത്തുന്നതിനായി പ്രാചീനചട്ടങ്ങൾ പരിഷ്ക്കരിക്കപ്പെടേണ്ടതാണ് എന്നും അതിന് ഒരു വിധത്തിലുള്ള വിട്ടുവീഴ്ചയും പാടില്ലാത്തതുമാണെന്നതിനോട് എതിർകക്ഷികളുടെ മുതിർന്ന അഭിഭാഷകൻ ശ്രീ. ജെയിൻ പൂർണ്ണമായും യോജിച്ചു.

4. ഇന്നേ ദിവസം മുതിർന്ന അഭിഭാഷകനായ സഞ്ജയ് ജെയിൻ, ഡൽഹി പോലീസ് കമ്മീഷണർ പുറപ്പെടുവിച്ച ഭേദഗതി വരുത്തിയ L & O/54/2022 നമ്പർ സ്റ്റാൻഡിംഗ് ഓർഡർ രേഖയായി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞിട്ടുള്ള സ്റ്റാൻഡിംഗ് ഓർഡർ "ഹിസ്റ്ററി ഷീറ്റേഴ്സിന്റെയും മോശം സ്വഭാവക്കാരുടെയും" നിരീക്ഷണം സംബന്ധിച്ചിട്ടുള്ളതാണ്. ആദ്യത്തെ സ്റ്റാൻഡിംഗ് ഓർഡർ (original) 10.06.2022-ന് പുറപ്പെടുവിച്ചിട്ടുള്ളതായും അതിലെ "ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കൽ" എന്ന തലക്കെട്ടോടുകൂടിയ 9 (2)-ാം ഖണ്ഡിക 1934 -ലെ ചട്ടത്തിലെ വ്യവസ്ഥകളിൽ നിന്നും പകർത്തിയിട്ടുള്ളതാണ് എന്ന് കാണുന്നു.

5. ഡൽഹി പോലീസ് കമ്മീഷണർ 21.03.2024 -ന് പുറപ്പെടുവിച്ച ഭേദഗതി ചെയ്ത സ്റ്റാൻഡിംഗ് ഓർഡറിൽ ഇപ്രകാരമാണ് നിഷ്കർഷിച്ചിട്ടുള്ളത്: "ബന്ധുക്കൾക്കും ബന്ധമുള്ളവർക്കും" ആയി നൽകിയിട്ടുള്ള ഭാഗം പൂരിപ്പിക്കേണ്ടത് കുറ്റവാളിയെ പോലീസ് അന്വേഷിക്കുമ്പോൾ അയാളുടെ വീട്ടിൽ നിന്നും അകലെ താമസിക്കുന്ന ബന്ധുക്കളോ സുഹൃത്തുക്കളോ കുറ്റകൃത്യത്തിന് പ്രേരണ നൽകിയവരേയും, സ്വീകർത്താക്കളേയും അയാളോടൊപ്പം കുറ്റകൃത്യത്തിൽ പങ്കാളികളായവരെയും ഉൾപ്പെടെ അയാൾക്ക് ഒളിത്താവളം നൽകുവാൻ സാധ്യതയുള്ളവരെ കുറിച്ച് സൂചന ലഭിക്കുന്നതിന് വേണ്ടിയാണ്. ഹിസ്റ്ററി ഷീറ്റിലെ "ബന്ധുക്കൾക്കും ബന്ധമുള്ളവർക്കും" ആയി നൽകിയിട്ടുള്ള ഭാഗത്ത്, കുറ്റവാളിയെ പോലീസ് അന്വേഷിക്കുമ്പോൾ അയാൾക്ക് അഭയം നൽകുവാൻ ഇടയുള്ള വ്യക്തികളുടെ "ഐഡന്റിറ്റി" പ്രതിഫലിക്കേണ്ടതും അയാളോടൊപ്പം കുറ്റകൃത്യത്തിൽ പങ്കാളികളായവർ, പ്രേരണ നൽകിയവർ, സ്വീകർത്താക്കൾ എന്നിവരെയാണ് ഉൾപ്പെടുത്തേണ്ടത് എന്നത് ശ്രദ്ധിക്കേണ്ടതാണ്. മൈനറായ മകൻ, മകൾ, കൂടെപ്പിറപ്പുകൾ എന്നീ ബന്ധുക്കളുടെ യാതൊരു വിശദാംശവും അങ്ങനെയുള്ളവർ കുറ്റവാളിക്ക് പോലീസിൽ നിന്ന് ഒളിച്ചോടിയപ്പോൾ അഭയം നൽകിയിട്ടുണ്ടെന്നോ ഇതിനു മുമ്പ് നൽകിയിട്ടുണ്ടായിരുന്നെന്നോ എന്നതിന് തെളിവുകൾ ഇല്ലാത്തിടത്തോളം "ഹിസ്റ്ററി ഷീറ്റിന്റെ" ഒരു ഭാഗത്തും രേഖപ്പെടുത്താൻ പാടില്ലാത്തതാണ്. ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കുമ്പോൾ, 2015-ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ പരിപാലനവും സംരക്ഷണവും) ആക്റ്റിന്റെ 74-ാം വകുപ്പ് പ്രകാരം നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയോ, പരിചരണവും സംരക്ഷണവും ആവശ്യമായ കുട്ടികളുടെയോ/ഇരയായ കുട്ടികളുടെയോ അല്ലെങ്കിൽ ഒരു കുറ്റകൃത്യത്തിന് സാക്ഷിയായ കുട്ടികളുടെയോ "ഐഡന്റിറ്റി" ഒരു റിപ്പോർട്ട് മുതലായവ പ്രകാരം വെളിപ്പെടുത്തുന്നതിന് വിലക്കുണ്ടെന്ന് ഓർക്കേണ്ടതാണ്. ഹിസ്റ്ററി ഷീറ്റ് പോലീസിന്റെ ഒരു ആഭ്യന്തര രേഖയും പൊതുസമൂഹത്തിന് ലഭ്യമാകുന്ന റിപ്പോർട്ട് അല്ലെങ്കിൽ കൂടിയും, മുൻപ് കുറ്റവാളി പോലീസിൽ നിന്നും ഒളിച്ചുകഴിഞ്ഞവേളയിൽ അയാൾക്ക് അഭയം നൽകിയിട്ടുണ്ടായിരുന്നു എന്നതിന് തെളിവുകളുള്ള മൈനറായ ബന്ധുക്കളുടെ "ഐഡന്റിറ്റി" മാത്രമേ ഹിസ്റ്ററി ഷീറ്റിൽ രേഖപ്പെടുത്താൻ പാടുള്ളൂ എന്നത് ശ്രദ്ധിക്കേണ്ടതാണ്. മുകളിൽ പറഞ്ഞതിന് പുറമേ, ഓരോ വ്യക്തിയുടെയും ബന്ധത്തിന്റെ പ്രത്യേക സ്വഭാവം ഓരോരുത്തർക്കും എതിരെ രേഖപ്പെടുത്തേണ്ടതും, ബന്ധ

മുള്ളവരായി കാണിച്ചിട്ടുള്ള വ്യക്തികൾക്കു തന്നെ ഹിസ്റ്ററി ഷീറ്റ് ഉള്ളവരാണെങ്കിൽ, അത്തരമുള്ള ഹിസ്റ്ററി ഷീറ്റുകൾക്ക് ഒരു ക്രോസ് റഫറൻസ് നൽകേണ്ടതുമാണ്. കഴിയുന്നത്ര ഫോൺ/മൊബൈൽ നമ്പറുകളും മോശം സ്വഭാവക്കാരുടെ സഹ കാരികൾ/ബന്ധുക്കൾ/പരിചയക്കാർ എന്നിവരുടെ ലഭ്യമായ വിശദാംശങ്ങളും ശേഖരിക്കുകയും രേഖപ്പെടുത്തേണ്ടതുമാണ്. ആധാർ നമ്പർ, ഇപിഐസി നമ്പർ, ഇ-മെയിൽ ഐഡി, ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം ഐഡി, ടിറ്റർ ഐഡി പോലുള്ള സാമൂഹിക മാധ്യമങ്ങളുടെ അക്കൗണ്ട്/പ്രൊഫയിൽ എന്നിവ ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ മോശസ്വഭാവക്കാരന്റെ സഹകാരികൾ, ബന്ധുക്കൾ, പരിചയക്കാർ എന്നിവരുടെ ലഭ്യമായ വിശദാംശങ്ങളും കഴിയുന്നത്ര ഫോൺ നമ്പരുകളും ശേഖരിക്കുകയും രേഖപ്പെടുത്തുകയും വേണം.''

6. ഭേദഗതി ചെയ്ത സ്റ്റാന്റിംഗ് ഓർഡറിൽ ''ബന്ധുക്കളും ബന്ധമുള്ളവരും'' എന്ന കോളത്തിൽ, ഹിസ്റ്ററി ഷീറ്റർ/മോശം സ്വഭാവക്കാരൻ പോലീസിൽ നിന്നും ഒളിച്ചു കഴിയുന്ന വേളയിൽ കുറ്റവാളിക്ക് അഭയം നൽകുവാൻ കഴിയുന്നവരുടെ ഐഡന്റിറ്റി മാത്രം ആണ് പ്രതിഫലിപ്പിക്കേണ്ടത് എന്ന് തീരുമാനിച്ചിട്ടുള്ളതായി ഞങ്ങൾ കാണുന്നു. കൂടാതെ കുറ്റകൃത്യത്തിലെ അവന്റെ കൂട്ടാളികളുടെയും പ്രേരണ നൽകിയവരുടെയും സ്വീകർത്താക്കളുടെയും പേരും അതിൽ ഉൾപ്പെടും. മകൻ, മകൾ, കൂടെപ്പിറപ്പുകൾ എന്നീ മൈനറായ ബന്ധുക്കളുടെ വിശദാംശങ്ങളും അങ്ങനെയുള്ളവർ കുറ്റവാളിക്ക് മുൻപ് അഭയം നൽകിയിട്ടുണ്ടെന്നതിന് തെളിവ് ഇല്ലാത്തിടത്തോളം ഹിസ്റ്ററി ഷീറ്റിൽ യാതൊരിടത്തും രേഖപ്പെടുത്തേണ്ടതില്ല എന്ന് ഭേദഗതി ചെയ്ത സ്റ്റാന്റിംഗ് ഉത്തരവിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുമുണ്ട്.

7. രണ്ടാമതായി, ഭേദഗതി വരുത്തിയ വ്യവസ്ഥ പ്രകാരം 2015-ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിന്റെ 74-ാം വകുപ്പ് കർശനമായി പാലിക്കപ്പെടേണ്ടതാണ്. അതിൻ കീഴിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയുടെയോ, പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെയോ, ഇരയായ കുട്ടിയുടെയോ, കുറ്റകൃത്യത്തിന് സാക്ഷിയായ കുട്ടിയുടെയോ, ''ഐഡന്റിറ്റി'' ഒരു റിപ്പോർട്ടിലൂടേയും മറ്റും വെളിപ്പെടുത്തുന്നതിന് നിരോധനമുണ്ട്.

8. ഭേദഗതി ചെയ്ത സ്റ്റാൻഡിംഗ് ഓർഡറിൽ ''ഹിസ്റ്ററി ഷീറ്റ്'' എന്നത് പോലീസിന്റെ ഒരു ആഭ്യന്തരരേഖയാണെന്നും പൊതു സമൂഹത്തിന് ലഭ്യമാകുന്ന റിപ്പോർട്ട് അല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. മുൻപ് കുറ്റവാളി പോലീസിൽ നിന്നും ഒളിച്ചുകഴിഞ്ഞവേളയിൽ അവന് അഭയം നൽകിയിട്ടുണ്ടായിരുന്നു എന്നതിന് തെളിവ് നിലനിൽക്കുന്ന മൈനറായ ബന്ധുക്കളുടെ ഐഡന്റിറ്റി മാത്രമാണ് ഹിസ്റ്ററി ഷീറ്റിൽ രേഖപ്പെടുത്തേണ്ടത് എന്നത് ശ്രദ്ധാപൂർവ്വം ഉറപ്പു വരുത്തേണ്ടതാണെന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് അതിലൂടെ മുന്നറിയിപ്പ് നൽകുന്നുമുണ്ട്. ഫോൺ നമ്പറുകൾ, ആധാർ കാർഡ്, ഇപിഐസി നമ്പർ, ഇ-മെയിൽ ഐഡി, സാമൂഹിക മാധ്യമ അക്കൗണ്ടുകൾ മുതലായ വിശദാംശങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള നിർദ്ദേശങ്ങളും കൂടി ഭേദഗതി വരുത്തിയ സ്റ്റാൻഡിംഗ് ഉത്തരവിൽ നൽകിയിട്ടുണ്ട്.

9. നിലവിലെ കേസിനെ സംബന്ധിച്ചിടത്തോളം, ഹിസ്റ്ററി ഷീറ്റ് ഒരു ആഭ്യന്തര പോലീസ് രേഖ മാത്രമാണെന്നും അത് പൊതുസഞ്ചയത്തിൽ കൊണ്ടുവരാൻ പാടില്ലാത്തതുമാണ് എന്ന എതിർകക്ഷികളുടെ തീരുമാനം ഞങ്ങൾ തുടക്കത്തിൽ പ്രകടിപ്പിച്ച ആശങ്കയെ ഒരു പരിധിവരെ അഭിസംബോധന ചെയ്യുന്നതുമാണ്. രണ്ടാമതായി, ഒരു പോലീസ് ഉദ്യോഗസ്ഥൻ ഈ സമയത്ത് പാലിക്കേണ്ട അധിക ശ്രദ്ധയും മുൻകരുതലും വഴി മൈനറായ കുട്ടിയുടെ ഐഡന്റിറ്റി നിയമപ്രകാരവും വെളിപ്പെടുത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു. അത് അപ്പീൽവാദിയുടെ ആവലാതി പരിഹരിക്കപ്പെടുന്നതിന് ആവശ്യമായ നടപടിയാണ്. അത് ഈ കേസിലെ മൈനറായ കുട്ടികൾക്ക്

നൽകിയിട്ടുള്ള അനഭിലഷണീയമായ തുറന്നു കാട്ടൽ (exposure) തീർച്ചയായും തടയും.

10. ഭേദഗതി വരുത്തിയ 21.03.2024 ലെ സ്റ്റാൻഡിംഗ് ഓർഡർ അപ്പീൽവാദിയുടെ കേസിലും ഉടൻ പ്രാബല്യത്തിൽ വരുത്താൻ പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

11. കൂടാതെ, ഹിസ്റ്ററി ഷീറ്റുകളിലെ ഉള്ളടക്കം കാലാകാലങ്ങളിൽ റിവ്യു ചെയ്യുന്നതിനും രഹസ്യസ്വഭാവം ഉറപ്പ് വരുത്തുന്നതിനും, അന്വേഷണത്തിൽ, നിരപരാധി എന്നു കണ്ടെത്തിയിട്ടുള്ളവരും ഹിസ്റ്ററി ഷീറ്റിലെ "ബന്ധുക്കളും ബന്ധമുള്ളവരും" എന്ന വിഭാഗത്തിൽ നിന്ന് നീക്കം ചെയ്യപ്പെടാൻ അർഹതയുള്ളവരുമായ വ്യക്തികളുടെ/ പ്രായപൂർത്തിയാകാത്തവരുടെ/ കുട്ടികളുടെ പേരുകൾ നീക്കം ചെയ്യുന്നതിനുമായി ജോയിന്റ് കമ്മീഷണറുടെ പദവിയിലോ അതിനു മുകളിലോ ഉള്ള ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥനെ നിയോഗിക്കണമെന്ന് ഞങ്ങൾ ഡൽഹി പോലീസ് കമ്മീഷണറോട് നിർദ്ദേശിക്കുന്നു.

12. ഡൽഹി പോലീസിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഭേദഗതി ചെയ്ത സ്റ്റാൻഡിംഗ് ഓർഡറിനോ മേൽപറഞ്ഞ നിർദ്ദേശങ്ങൾക്കോ അല്ലെങ്കിൽ ഇതു രണ്ടിനുമോ വിരുദ്ധ മായി പ്രവർത്തിച്ചതായി കണ്ടെത്തിയാൽ, അങ്ങനെയുള്ള കൃത്യവിലോപം നടത്തിയിട്ടുള്ള ഉദ്യോഗസ്ഥനെതിരെ ഉടനടി നടപടി യെടുക്കേണ്ടതാണെന്ന് പ്രത്യേകം പറയേണ്ടതില്ല.

13. 19.01.2023-ലെ ചോദ്യം ചെയ്യപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായം ഭേദഗതി വരുത്തി നിലവിലെ ക്രിമിനൽ അപ്പീൽ മേൽപ്പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം തീർപ്പാക്കുന്നു.

14. അപ്പീൽവാദിയുടെ ആവലാതി ഭാഗിക മായി പ രിഹരിച്ചശേഷംഇനിഞങ്ങൾക്ക്സ്വമേധയാഉള്ള അധികാരം വിനിയോഗിച്ച് ഈ നടപടികളുടെ വ്യാപ്തി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാരും മറ്റ് പിന്നോക്ക സമുദായങ്ങൾക്കും ഒപ്പം, സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥയിൽ നിന്നുള്ളവരാണ് എന്ന കാരണത്താൽ മാത്രം നിരപരാധികളായ വ്യക്തികളെ കുറിച്ച് യാന്ത്രികമായ ഒരു രേഖപ്പെടുത്തലും ഹിസ്റ്ററിഷീറ്റിൽ ഇല്ല എന്ന് ഉറപ്പ് വരുത്തുന്നതിന്റെ അഭിലഷണീയത മറ്റ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പോലീസ് അധികാരികൾക്കും പരിഗണിക്കാവുന്നതാണ്. അവയുടെ ആധികാ രികത എത്രത്തോളമാണ് എന്നത് ഞങ്ങൾക്ക് ഉറപ്പില്ലെങ്കിലും, അന്യായവും മുൻവിധിയോട് കൂടിയതും ക്രൂരവുമായ മാനസികാവസ്ഥയുടെ മാതൃക വെളിപ്പെടുത്തുന്ന ചില പഠന ങ്ങൾ പൊതുസഞ്ചയത്തിൽ ലഭ്യമാണ്. കൊളോണിയൽ കാലത്തിന് സമാനമായി ജാതി മാത്രം നോക്കി വിമുക്ത ജാതിയിൽപ്പെട്ട വ്യക്തികളെ പ്രത്യേകം തെരഞ്ഞ് പിടിച്ചാണ് പോലീസ് ഡയറികൾ സൂക്ഷിക്കപ്പെടുന്നത് എന്ന ആരോപണമുണ്ട്. അതുകൊണ്ട് എല്ലാ സംസ്ഥാന സർക്കാരുകളും അത്തരം സമുദായങ്ങളെ ഉന്നം വെച്ചുകൊണ്ടുള്ള മാപ്പ് അർഹിക്കാത്തതും മുൻവിധിയോടുകൂടിയ പെരുമാറ്റത്തിന് വിധേയമാക്കുന്നതിൽ നിന്ന് പരിരക്ഷിക്കുന്നതിനാവശ്യമായ പ്രതിരോധ നടപടികൾ എടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവരുടെ സമുദായങ്ങളുമായി ബന്ധപ്പെട്ട് മാറ്റമില്ലാതെ നിലനിൽക്കുന്ന ഇത്തരം മുൻവിധിയോട് കൂടിയ സങ്കല്പങ്ങൾ അവരെ പലപ്പോഴും അദൃശ്യരായ ഇരകളാക്കുകയും. അത് പലപ്പോഴും ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അവരുടെ അവകാശത്തെ തടസ്സപ്പെടുത്തുന്നു എന്നതും നമ്മൾ മനസ്സിലാക്കേണ്ടതാണ്.

15. "മനുഷ്യന്റെ അന്തസ്സിനും ജീവനുമുള്ള" മൂല്യം നമ്മുടെ ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ ആഴത്തിൽ ഉറപ്പിച്ചിട്ടുള്ളതാണ്. "ജീവൻ" എന്ന പദപ്ര യോഗത്തിൽ മാനുഷിക ബഹുമാനത്തിന് യോഗ്യമായ ഒരു ജീവിതം നയിക്കാനുള്ള എല്ലാ

അവകാശവും അതിനോടൊപ്പമുള്ള എല്ലാ കാര്യങ്ങളും അസന്ദിഗ്ധമായി ഉൾപ്പെടുന്നു. ആത്മാഭിമാനം, സാമൂഹിക പ്രതിച്ഛായ, തനിക്ക് ചുറ്റുമുള്ള സമൂഹത്തിൽ ന്യയമായ ഒരു ഇടം എന്നിവ മാന്യമായ ജീവിതത്തിന് മതിയായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ പോലെ പ്രധാനമാണ്.

16. കേന്ദ്രഭരണ പ്രദേശമായ ഡൽഹിയ്ക്കുവേണ്ടി നിർദ്ദേശിച്ചിട്ടുള്ളതുപോലെയുള്ള ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലുള്ള കാലാകാലങ്ങളിലുള്ള ആഡിറ്റ് സംവിധാനം ഹിസ്റ്ററി ഷീറ്റിൽ വരുത്തിയിട്ടുള്ള രേഖപ്പെടുത്തലുകളുടെ സൂക്ഷ്മ നിരീക്ഷണം നടത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമുള്ള ഒരു നിർണ്ണായക ഉപകരണമായി വർത്തിക്കുകയും ഇവയിൽ ഏതെങ്കിലും തരത്തിലുള്ള പക്ഷപാതമോ വിവേചനമോ ഉണ്ടായിട്ടില്ല എന്ന് ഉറപ്പാക്കുന്നതുമാണ്. ഫലപ്രദമായ ആഡിറ്റിങ്ങ് നടപ്പിലാക്കുന്നതിലൂടെ ആക്ഷേപകരമായ അത്തരം സമ്പ്രദായങ്ങൾ ഇല്ലാതാക്കുന്നതിനും 21-ാം അനുച്ഛേദം ഉറപ്പ് നൽകുന്ന അന്തസ്സോടെ ജീവിക്കാനുള്ള മനുഷ്യാവകാശം സംരക്ഷിക്കപ്പെടുമെന്ന ന്യായമായ പ്രത്യാശയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു.

17. കേന്ദ്രഭരണ പ്രദേശമായ ഡൽഹി ഒഴികെയുള്ള സംസ്ഥാനങ്ങളോ കേന്ദ്രഭരണ പ്രദേശങ്ങളോ ഞങ്ങളുടെ മുമ്പിൽ ഇല്ല എന്നത് ഞങ്ങൾക്ക് ബോധ്യമുള്ളതാണ്. അവരെ ആരെയും കേട്ടിട്ടില്ലാത്തതിനാൽ ഏതെങ്കിലും വ്യക്തമായ കോടതി ഉത്തരവ് അവർക്ക് നൽകാൻ കഴിയില്ല. കൂടാതെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിലവിലുള്ള ചട്ടങ്ങളോ, നയങ്ങളോ പ്രചാരത്തിലുള്ള നിലവിലുള്ളതുമായ ഉത്തരവുകളോ ഞങ്ങൾക്ക് അറിവില്ലാത്തതാണ്. അതിനാൽ ഈ ഘട്ടത്തിൽ എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും അവരുടെ "ഭരണക്രമ നയം" (Policy Regime) പുനഃരവലോകനം ചെയ്യുവാനും ഈ ഉത്തരവിലെ 14 മുതൽ 16 വരെയുള്ള ഖണ്ഡികകളിൽ ഞങ്ങൾ നടത്തിയിട്ടുള്ള നിരീക്ഷണങ്ങളുടെ യഥാർത്ഥ അന്ത:സ്സത്ത ഉൾക്കൊണ്ട് പ്രാബല്യത്തിൽ വരുത്തുന്നതിന് 'ഡൽഹി മോഡൽ' മാതൃകയിൽ അനുയോജ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കുവാൻ നിർദ്ദേശം നൽകുന്നത് ഉചിതമാണ് എന്ന് കാണുന്നു.

18. അത് അനുസരിച്ച്, വിധിയുടെ പകർപ്പ് എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്കും പോലീസ് ഡയറക്ടർ ജനറൽമാർക്കും മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിഗണിക്കുന്നതിനും പാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനുമായി കഴിയുന്നത്ര നേരത്തെ എന്നാൽ ആറ് മാസത്തിനുള്ളിൽ നൽകുവാൻ രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നു.

19. തീർപ്പാക്കാത്ത അപേക്ഷകൾ ഏതെങ്കിലും ഉണ്ടെങ്കിൽ, അവ തീർപ്പാക്കിയിരിക്കുന്നു.

# സുപ്രീം കോടതി മുമ്പാകെ

ക്രിമിനൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് അഭയ് എസ്. ഓക്ക**

&

**ബഹു. ജസ്റ്റിസ് ഉജ്ജൽ ഭുയാൻ**

ക്രിമിനൽ അപ്പീൽ നം. ____ / 2024

[എസ്.എൽ.പി. (ക്രിമിനൽ) നം.6339-6340 / 2023-ൽ നിന്നുത്ഭവിച്ചത്]

**ഫ്രാങ്ക് വിറ്റസ് - അപ്പീൽവാദി**

v.

**നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയും മറ്റുള്ളവരും - എതിർകക്ഷികൾ**

( 08.07.2024 - ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

സാഹചര്യങ്ങൾ ആവശ്യപ്പെടുന്നിടത്ത്, പ്രോസിക്യൂഷൻ സാക്ഷികളെയോ ഇരകളെയോ സംരക്ഷിക്കുന്നതിനായി പ്രതിയെ ഒരു പ്രത്യേക പ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്ന ഒരു വ്യവസ്ഥ കോടതിക്ക് ചുമത്താവുന്നതാണ്. എന്നാൽ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്കുള്ള അവന്റെ നീക്കത്തെക്കുറിച്ച് പോലീസിനെ നിരന്തരം അറിയിക്കാൻ പ്രതിയുടെമേൽ ഒരു നിബന്ധനയും കോടതിക്ക് ചുമത്താനാവില്ല. ജാമ്യത്തിലിറങ്ങിയ പ്രതികളുടെ നീക്കങ്ങൾ നിരന്തരം നിരീക്ഷിക്കുക എന്നതായിരിക്കരുത് ജാമ്യ വ്യവസ്ഥയുടെ ലക്ഷ്യം. അനുച്ഛേദം 21 ഉറപ്പുനൽകുന്ന പ്രതിയുടെ സ്വകാര്യതയുടെ അവകാശം ലംഘിക്കുന്നതിനാൽ, സ്വേച്ഛാപരമായ വ്യവസ്ഥകൾ ചുമത്തി, ജാമ്യത്തിലിറങ്ങിയ പ്രതിയുടെ സ്വകാര്യ ജീവിതത്തിലേക്ക് തുടർച്ചയായി എത്തിനോക്കാൻ അന്വേഷണ ഏജൻസിയെ അനുവദിക്കാനാവില്ല. സാങ്കേതിക വിദ്യ ഉപയോഗിച്ചോ മറ്റ് വിധത്തിലോ ജാമ്യത്തിലിറങ്ങുന്ന പ്രതിയുടെ ഓരോ നീക്കങ്ങളും നിരന്തരം നിരീക്ഷിക്കുകയാണെങ്കിൽ, അത് പ്രതിയുടെ സ്വകാര്യതയുടെ അവകാശം ഉൾപ്പെടെയുള്ള അനുച്ഛേദം 21 ഉറപ്പുനൽകുന്ന അവകാശങ്ങളെ ലംഘിക്കും. കാരണം കഠിനമായ ജാമ്യ വ്യവസ്ഥകൾ ചുമത്തി പ്രതിയെ നിരന്തരം നിരീക്ഷിക്കുന്നത് ജാമ്യത്തിൽ പുറത്തിറങ്ങിയ ശേഷവും പ്രതിയെ ഏതെങ്കിലും തരത്തിലുള്ള തടവിൽ പാർപ്പിക്കുന്നതിന് തുല്യമാകും. അത്തരമൊരു വ്യവസ്ഥ ജാമ്യ വ്യവസ്ഥയാകാൻ പാടില്ല.

## ഉത്തരവ്

## ജസ്റ്റിസ് അഭയ് എസ്. ഓക്ക

1. അനുമതി നൽകി.

**കേസിന് ആസ്പദമായ വസ്തുതകൾ**

2. 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റിന്റെ (ചുരുക്കത്തിൽ 'എൻ.ഡി.പി.എസ്.ആക്റ്റ്') 8, 22, 23, 29 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾക്കാണ് അപ്പീൽവാദിയെ കുറ്റവിചാരണ ചെയ്യുന്നത്. 2014 മെയ് 21 നാണ് അപ്പീൽവാദിയെ അറസ്റ്റ് ചെയ്തത്. 2022 മേയ് 31-ലെ ആദ്യ ചോദ്യംചെയ്യപ്പെട്ട ഉത്തരവിലൂടെ, പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി അപ്പീൽവാദിയെ ജാമ്യത്തിൽ വിടാൻ ഉത്തരവിട്ടു. **വിചാരണ തടവുകാരെ പ്രതിനിധീകരിക്കുന്ന സുപ്രീം കോടതി നിയമസഹായ സമിതി v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും** എന്ന വിധിന്യായത്തിന്റെ 15-ാം ഖണ്ഡികയിൽ ഈ കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കേസിലെ നിബന്ധനകളും വ്യവസ്ഥകളും ഉൾപ്പെടുത്തിയത്. 1,00,000 രൂപയുടെ ജാമ്യ ബോണ്ടോ അല്ലെങ്കിൽ എൻ.ഡി.പി.എസ്. പ്രത്യേക ജഡ്ജിയെ തൃപ്തിപ്പെടുത്തുന്നവിധം സമാനമായ തുകക്ക് രണ്ട് ആൾ ജാമ്യത്തോടുകൂടിയോ അപ്പീൽവാദിയെ ജാമ്യത്തിൽ വിട്ടയക്കാൻ ഉത്തരവിട്ടു.

3. ഈ കോടതിയുടെ 2023 ജൂലൈ 21-ലെ ഉത്തരവിൽ ഈ അപ്പീലിൽ ഉന്നയിച്ചിട്ടുള്ള ആവലാതികൾ സംഗ്രഹിച്ചിരുന്നു, അത് ഇപ്രകാരമാണ്:

"ജാമ്യം അനുവദിച്ചപ്പോൾ ചുമത്തിയിരുന്ന ഇനിപ്പറയുന്ന വ്യവസ്ഥകളാൽ ഹർജിക്കാരൻ അസ്വസ്ഥനായി:

"...1985-ലെ എൻ.ഡി.പി.എസ്.ആക്റ്റിലെ 8,22,23, 29 എന്നീ വകുപ്പുകൾ പ്രകാരം നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ നൽകിയ പരാതിയിൽ അപ്പീൽവാദികൾ നൈജീരിയൻ നിവാസികളാണെന്ന് സൂചിപ്പിക്കുന്നിടത്തോളം, അപേക്ഷകർ / കുറ്റാരോപിതർ രാജ്യം വിടാൻ പാടുള്ളതല്ലെന്നും കൂടാതെ ആവശ്യമുള്ളപ്പോൾ പ്രത്യേക ജഡ്ജിയുടെ മുമ്പാകെ ഹാജരാകുമെന്ന് ഉറപ്പുനൽകുന്ന നൈജീരിയൻ ഹൈക്കമ്മീഷന്റെ സാക്ഷ്യപത്രം റെക്കോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് എസ്.സി നമ്പർ 27/14 ൽ വിചാരണ നടത്തുന്ന എൻ.ഡി.പി.എസ് പ്രത്യേക ജഡ്ജി ഉറപ്പാക്കണം..."

**സുപ്രീം കോടതി നിയമസഹായ സമിതി v. യൂണിയൻ ഓഫ് ഇന്ത്യ** വിധിന്യായത്തിലെ [(1994) 6 SCC 731] ഖണ്ഡം (iv) ഇനിപ്പറയുന്ന പ്രകാരമാണ്:

"(iv) വിദേശികളായ വിചാരണ തടവുകാരുടെ കാര്യത്തിൽ, അവരുടെ പാസ്പോർട്ട് കണ്ടുകെട്ടുന്നതിന് പുറമെ, കുറ്റാരോപിതൻ രാജ്യം വിടില്ലെന്നും ആവശ്യപ്പെടുമ്പോൾ പ്രത്യേക കോടതിയിൽ ഹാജരാകുമെന്നും ഉറപ്പ് നൽകുന്ന വിദേശിയായ പ്രതിയുടെ രാജ്യത്തെ എംബസ്സി / ഹൈക്കമ്മീഷന്റെ സാക്ഷ്യപത്രം പ്രത്യേക ജഡ്ജി ആവശ്യപ്പെടണം;"

എന്നാൽ എംബസ്സികൾ / ഹൈക്കമ്മീഷനുകൾക്കൊന്നും ഖണ്ഡം (iv)-ൽ പറഞ്ഞിരിക്കുന്നതുപോലെ ഉറപ്പ് നൽകാൻ കഴിഞ്ഞേക്കില്ലെന്നാണ് ഞങ്ങളുടെ പ്രഥമദൃഷ്ട്യാലുള്ള അഭിപ്രായം. ഖണ്ഡം (iv) ലെ വ്യവസ്ഥകൾ പുനഃപരിശോധിക്കാൻ ഈ കേസ് ഒരു വിശാല ബെഞ്ചിലേക്ക് റഫർ ചെയ്യേണ്ടതുണ്ടോ എന്നതാണ് ചോദ്യം.

ഹൈക്കോടതി ചുമത്തിയിട്ടുള്ള മറ്റൊരു വ്യവസ്ഥ ഇപ്രകാരമാണ്:

"...കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥന് കുറ്റാരോപിതന്റെ ലൊക്കേഷൻ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ അവൻ ഗൂഗിൾ മാപ്പിൽ ഒരു പിൻ ഇടണം:..."

ഈ വ്യവസ്ഥ ഇന്ത്യൻ ഭരണഘടനയുടെ

21-ാം അനുച്ഛേദ പ്രകാരമുള്ള പ്രതിയുടെ അവകാശങ്ങളെ ഹനിക്കുമോ എന്നതാണ് ചോദ്യം.

രണ്ട് വിഷയങ്ങളിലും ഞങ്ങളെ അമിക്കസ് ക്യൂറിയായി സഹായിക്കാൻ മുതിർന്ന അഭിഭാഷകനായ ശ്രീ. വിനയ് നവാരയോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. രജിസ്ട്രി കേസിന്റെ മുഴുവൻ രേഖയും ഈ ഉത്തരവിന്റെ പകർപ്പും സീനിയർ അഭിഭാഷകന് നൽകണം.

14.08.2023-ന് ലിസ്റ്റ് ചെയ്യുക.''

3.1. അമിക്കസ് ക്യൂറിയായി നിയമിതനായ മുതിർന്ന അഭിഭാഷകൻ ശ്രീ വിനയ് നവാരെ, അപ്പീൽവാദിക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ വരുൺ മിശ്ര, ഒന്നാം എതിർകക്ഷിയായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്ക് വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ, ശ്രീ വിക്രംജീത് ബാനർജി എന്നിവരെ ഞങ്ങൾ കേട്ടു.

**ജാമ്യ വ്യവസ്ഥകൾ**

4. 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ വകുപ്പ് 439 (ചുരുക്കത്തിൽ, 'സി.ആർ.പി.സി.') ജാമ്യമില്ലാ കുറ്റങ്ങളിൽ ജാമ്യം അനുവദിക്കുന്നതിനുള്ള ഒരു സെഷൻസ് കോടതിയുടെയോ ഹൈക്കോടതിയുടെയോ അധികാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. 439-ാം വകുപ്പിനെ ഉദ്ധരിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്.

4.1. ഈ കേസിൽ ഞങ്ങൾ കൈകാര്യം ചെയ്യുന്നത് ഏഴ് വർഷമോ അതിൽ കൂടുതലോ തടവ് ശിക്ഷ ലഭിക്കാവുന്ന എൻ.ഡി.പി.എസ് ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങളാണ്. ജാമ്യവുമായി ബന്ധപ്പെട്ട വ്യവസ്ഥ എൻ.ഡി.പി.എസ്. ആക്റ്റിലെ വകുപ്പ് 37-ൽ പറഞ്ഞിരിക്കുന്നു. അത് കോടതി ഉദ്ധരിക്കുകയും പരിശോധിക്കുകയും ചെയ്തു.

എൻ.ഡി.പി.എസ് ആക്റ്റിന്റെ വകുപ്പ് 37-ന് കീഴിൽ ജാമ്യം നൽകാനുള്ള കോടതിയുടെ അധികാരം ഉപവകുപ്പ് 1(ബി)(ii) പ്രകാരം പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. എന്നിരുന്നാലും, വകുപ്പ് 37 അനുസരിച്ച് ജാമ്യം അനുവദിക്കുന്നതിനായി ഒരു കേസ് സ്ഥാപിച്ചുകഴിഞ്ഞാൽ, ജാമ്യവ്യവസ്ഥകൾ സി.ആർ.പി.സിയുടെ വകുപ്പ് 437(3) പ്രകാരമായിരിക്കണം. എൻ.ഡി.പി.എസ്. ആക്റ്റിന്റെ 52-ാം വകുപ്പ് പ്രകാരം, എൻ.ഡി.പി.എസ്. ആക്റ്റിന് വിരുദ്ധമല്ലാത്തിടത്തോളം, ടി ആക്റ്റിൻ കീഴിലുള്ള അറസ്റ്റുകൾക്ക് സി.ആർ.പി.സിയുടെ വ്യവസ്ഥകൾ ബാധകമാണ് എന്നതാണ് ഇതിന്റെ കാരണം.

5. സി.ആർ.പി.സിയുടെ വകുപ്പ് 437(3)-ലെ (എ) മുതൽ (സി) വരെയുള്ള വ്യവസ്ഥകൾക്ക് പുറമെ, കോടതിക്ക് "നീതിയുടെ താത്പര്യത്തിൽ" അധിക വ്യവസ്ഥകൾ ചുമത്താനുള്ള അധികാരമുണ്ട്. **കുനാൽ കുമാർ തിവാരി v. സ്റ്റേറ്റ് ഓഫ് ബിഹാർ** എന്ന കേസിൽ സി.ആർ.പി.സിയുടെ വകുപ്പ് 437(3) ലെ "നീതിയുടെ താൽപ്പര്യം" എന്ന ആശയത്തിന്റെ വ്യാപ്തി ഈ കോടതി പരിശോധിച്ചിരുന്നു. ഖണ്ഡിക 9-ൽ, ഈ കോടതി ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്:

"9. വകുപ്പ് 437(3)-ലെ ഖണ്ഡം (സി) പ്രകാരം നീതിയുടെ താൽപ്പര്യാർത്ഥം അത്തരം വ്യവസ്ഥകൾ ചുമത്താൻ കോടതികളെ അനുവദിക്കുന്നതിൽ തർക്കമില്ല. അത്തരം വാക്കുകൾക്ക് പ്രത്യക്ഷമായി വിശാലമായ അർത്ഥം സ്വീകരിക്കാൻ കഴിയുമെന്ന് ഞങ്ങൾക്കറിയാം. എന്നാൽ അത്തരം വ്യവസ്ഥകൾ സ്വേച്ഛാപരമോ വിചിത്രമായതോ വ്യവസ്ഥയുടെ പരിധിക്കപ്പുറത്തേക്ക് വ്യാപിക്കുന്നതോ ആയിരിക്കരുത്. വകുപ്പ് 437(3)ലെ ഖണ്ഡം (സി) യിൽ പ്രയോഗിച്ചിരിക്കുന്ന "നീതിയുടെ താൽപ്പര്യം" എന്ന വാക്യത്തിന്റെ അർത്ഥം "നീതിയുടെ നല്ല ഭരണം" അല്ലെങ്കിൽ "വിചാരണ പ്രക്രിയ മുന്നോട്ട് കൊണ്ടുപോകൽ" എന്നാണ്. കൂടാതെ ഉദ്ദേശ്യപരമായ വ്യാഖ്യാനത്തിലൂടെ വിശാലമായ അർത്ഥം നൽകുന്നത് ഒഴിവാക്കണം."

(ഊന്നിപ്പറയുന്നു)

6. സി.ആർ.പി.സിയുടെ വകുപ്പ് 438(2)(iv)-ന്റെ വെളിച്ചത്തിൽ, മുൻകൂർ ജാമ്യം നൽകുമ്പോൾ, സി.ആർ.പി.സിയുടെ വകുപ്പ് 437(3)-ൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ചുമത്താൻ കോടതിക്ക് അധികാരമുണ്ട്. **മുനിഷ് ഭാസിൻ v. സ്റ്റേറ്റ് (എൻ.സി.റ്റി.ഓഫ് ഡൽഹി)** എന്ന കേസിൽ മുൻകൂർ ജാമ്യം നൽകുമ്പോൾ ചുമത്താവുന്ന വ്യവസ്ഥകൾ പരിശോധിച്ച് ഈ കോടതി ഇങ്ങനെ പ്രസ്താവിച്ചു:

"10. നിയമസംഹിതയുടെ 438-ാംവകുപ്പ് പ്രകാരം ഒരു പ്രതിയെ മോചിപ്പിക്കുന്നതിനായി വിവേചനാധികാരം പ്രയോഗിക്കുമ്പോൾ, ഹൈക്കോടതിയോ സെഷൻസ് കോടതിയോ വിചിത്രമായ വ്യവസ്ഥകൾ ചുമത്തുന്നത് ന്യായീകരിക്കാനാവില്ല. നിയമസംഹിതയുടെ 438-ാം വകുപ്പ് പ്രകാരം ഒരു പ്രതിക്ക് ജാമ്യം നൽകുമ്പോൾ, കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് കോടതിക്ക് യുക്തവും ഫലദ്രവുമായ വ്യവസ്ഥകൾ ചുമത്താൻ കഴിയുമെന്നതിൽ സംശയമില്ല. എന്നിരുന്നാലും, പ്രതിയെ അപ്രസക്തമായ ഒരു വ്യവസ്ഥയ്ക്കും വിധേയമാക്കാൻ കഴിയില്ല."

(ഊന്നിപ്പറയുന്നു)

7. സി.ആർ.പി.സിയുടെ വകുപ്പ് 437(3) ലെ "നീതിയുടെ താൽപര്യം" എന്ന വാക്കുകൾക്ക് വിശാലമായ അർത്ഥം നൽകാനാവില്ല. മേൽപ്പറഞ്ഞ വിധിന്യായങ്ങളിൽ ഈ കോടതി ഉപയോഗിച്ച ഭാഷ കടമെടുത്ത്, ജാമ്യ വ്യവസ്ഥകൾ സാങ്കൽപ്പികമോ സ്വേച്ഛാപരമോ വിചിത്രമോ ആക്കാൻ കഴിയില്ലെന്ന്, നമുക്ക് പറയാൻ കഴിയും. ജാമ്യ വ്യവസ്ഥകൾ ചുമത്തുന്നതിന്റെ ലക്ഷ്യം ഒരുവിധത്തിലും പ്രതി അന്വേഷണത്തിൽ ഇടപെടുകയോ തടസ്സപ്പെടുത്തുകയോ ചെയ്യില്ല, അന്വേഷണത്തിന് ലഭ്യമായിരിക്കും, തെളിവുകളിൽ കൈകടത്തുകയോ തെളിവുകൾ നശിപ്പിക്കുകയോ ചെയ്യില്ല, യാതൊരു കുറ്റവും ചെയ്യില്ല, വിചാരണ കോടതി മുമ്പാകെ കൃത്യമായി ഹാജരാകും, വിചാരണ വേഗത്തിൽ തീർപ്പാക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കില്ല എന്നിവയാണ്. അന്തിമ റിപ്പോർട്ടോ കുറ്റപത്രമോ സമർപ്പിക്കുന്നതിന് മുമ്പ് ജാമ്യം നൽകുമ്പോൾ പ്രതികൾ അന്വേഷണവുമായി സഹകരിക്കണമെന്ന നിബന്ധന കോടതികൾ വെച്ചിട്ടുണ്ട്. അന്വേഷണവുമായി സഹകരിക്കുക എന്നതിനർത്ഥം പ്രതി കുറ്റം സമ്മതിക്കണം എന്നല്ല. ജാമ്യം അനുവദിക്കുന്ന ഉത്തരവിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ വകുപ്പ് 437(3)ന്റെ പരിധിക്കുള്ളിലായിരിക്കണം. ജാമ്യ വ്യവസ്ഥകൾ അവ ചുമത്തുന്നതിന്റെ ഉദ്ദേശവുമായി പൊരുത്തപ്പെടേണ്ടതാണ്. ജാമ്യ വ്യവസ്ഥകൾ ചുമത്തുമ്പോൾ, കോടതി ജാമ്യത്തിൽ മോചിപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രതിയുടെ ഭരണഘടനാപരമായ അവകാശങ്ങൾ ആവശ്യമായ ഏറ്റവും കുറഞ്ഞ പരിധിയിൽ മാത്രമേ വെട്ടിക്കുറയ്ക്കാൻ കഴിയൂ. അധികാരികതയുള്ള കോടതി ശിക്ഷിച്ചതും ജയിൽ ശിക്ഷ അനുഭവിക്കുന്നതുമായ പ്രതിക്ക് പോലും ഭരണഘടനയുടെ 21-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ഒരു അവകാശവും നിഷേധിക്കപ്പെടുന്നില്ല. **സ്റ്റേറ്റ് ഓഫ് എ.പി. v. ചല്ലാ രാമകൃഷ്ണ റെഡ്ഡി** കേസിൽ, ഈ കോടതി ഇനിപ്പറയുന്ന രീതിയിൽ വിധിച്ചുകൊണ്ട് സ്ഥാപിത നിലപാട് (settled position) ആവർത്തിച്ചു:

"22. ജീവിക്കാനുള്ള അവകാശം അടിസ്ഥാന മനുഷ്യാവകാശങ്ങളിൽ ഒന്നാണ്. ഭരണഘടനയുടെ 21-ാം അനുച്ഛേദം ഇത് ഓരോ വ്യക്തിക്കും ഉറപ്പുനൽകുന്നു. ആ അവകാശം ലംഘിക്കാൻ രാഷ്ട്രത്തിന് പോലും അധികാരമില്ല. ഒരു തടവുകാരൻ കുറ്റവാളിയോ, വിചാരണത്തടവുകാരനോ തടവുകാരനോ ആകട്ടെ, അങ്ങനെയായിരിക്കുമ്പോഴും അവൻ ഒരു മനുഷ്യനല്ലാതാകുന്നില്ല. ജയിലിൽ കഴിയുമ്പോഴും, ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശം ഉൾപ്പെടെയുള്ള എല്ലാ മൗലികാവകാശങ്ങളും അദ്ദേഹം തുടർന്നും അനുഭവിക്കുന്നു. നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾക്കനുസൃതമായി കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെടുകയും അവരുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുകയും ചെയ്യുമ്പോഴും

തടവുകാരുടെ ഭരണഘടനാപരമായ അവകാശങ്ങളിൽ ശേഷിക്കുന്നത് അവർ തുടർന്നും അനുഭവിക്കും.''

(ഊന്നിപ്പറയുന്നു)

7.1. പ്രതിയുടെ അപരാധം (guilt) ഇതുവരെ സ്ഥാപിക്കപ്പെടാത്ത ഒരു കേസാണ് ഞങ്ങൾ കൈകാര്യം ചെയ്യുന്നത്. അവൻ കുറ്റക്കാരനാണെന്ന് കണ്ടെത്താത്തിടത്തോളം, നിരപരാധിത്വത്തിന്റെ അനുമാനം ബാധകമാണ്. അനുച്ഛേദം 21 ഉറപ്പാക്കുന്ന അയാളുടെ ഒരു അവകാശവും നിഷേധിക്കാനാവില്ല. ജാമ്യ വ്യവസ്ഥകൾ ചുമത്തുമ്പോൾ കോടതികൾ സംയമനം പാലിക്കണം. അതിനാൽ, ജാമ്യം അനുവദിക്കുമ്പോൾ, നിയമം അനുശാസിക്കുന്ന ജാമ്യ വ്യവസ്ഥകൾ ചുമത്തുന്നതിന് ആവശ്യമായ പരിധി വരെ മാത്രമേ കോടതികൾക്ക് പ്രതിയുടെ സ്വാതന്ത്ര്യം നിയന്ത്രിക്കുവാൻ കഴിയൂ. ജാമ്യം അനുവദിക്കുന്ന ഉത്തരവിനെ തന്നെ പരാജയപ്പെടുത്തുന്ന തരത്തിൽ ജാമ്യ വ്യവസ്ഥകൾ കഠിനമായിരിക്കരുത്. ഉദാഹരണത്തിന്, പോലീസ് സ്റ്റേഷനിൽ / കോടതിയിൽ മുറയ്ക്ക് ഹാജരാകുകയോ അല്ലെങ്കിൽ മുൻകൂർ അനുമതിയില്ലാതെ വിദേശയാത്ര നടത്താതിരിക്കുകയോ ചെയ്യുന്നതിനുള്ള ഒരു വ്യവസ്ഥ കോടതിക്ക് ചുമത്താവുന്നതാണ്. സാഹചര്യങ്ങൾ ആവശ്യപ്പെടുന്നിടത്ത് പ്രോസിക്യൂഷൻ സാക്ഷികളെയോ ഇരകളെയോ സംരക്ഷിക്കുന്നതിനായി പ്രതിയെ ഒരു പ്രത്യേക പ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്ന ഒരു വ്യവസ്ഥ കോടതിക്ക് ചുമത്താവുന്നതാണ്. എന്നാൽ ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്കുള്ള അവന്റെ നീക്കത്തെക്കുറിച്ച് പോലീസിനെ നിരന്തരം അറിയിക്കാൻ പ്രതിയുടെമേൽ ഒരു നിബന്ധനയും കോടതിക്ക് ചുമത്താനാവില്ല. ജാമ്യത്തിലിറങ്ങിയ പ്രതികളുടെ നീക്കങ്ങൾ നിരന്തരം നിരീക്ഷിക്കുക എന്നതായിരിക്കരുത് ജാമ്യ വ്യവസ്ഥയുടെ ലക്ഷ്യം. അനുച്ഛേദം 21 ഉറപ്പുനൽകുന്ന പ്രതിയുടെ സ്വകാര്യതയുടെ അവകാശം ലംഘിക്കുന്നതിനാൽ, സ്വേച്ഛാപരമായ വ്യവസ്ഥകൾ ചുമത്തി, ജാമ്യത്തിലിറങ്ങിയ പ്രതിയുടെ സ്വകാര്യ ജീവിതത്തിലേക്ക് തുടർച്ചയായി എത്തിനോക്കാൻ അന്വേഷണ ഏജൻസിയെ അനുവദിക്കാനാവില്ല. സാങ്കേതിക വിദ്യ ഉപയോഗിച്ചോ മറ്റ് വിധത്തിലോ ജാമ്യത്തിലിറങ്ങുന്ന പ്രതിയുടെ ഓരോ നീക്കങ്ങളും നിരന്തരം നിരീക്ഷിക്കുകയാണെങ്കിൽ, അത് പ്രതിയുടെ സ്വകാര്യതയുടെ അവകാശം ഉൾപ്പെടെയുള്ള അനുച്ഛേദം 21 ഉറപ്പുനൽകുന്ന അവകാശങ്ങളെ ലംഘിക്കും. കാരണം കഠിനമായ ജാമ്യ വ്യവസ്ഥകൾ ചുമത്തി പ്രതിയെ നിരന്തരം നിരീക്ഷിക്കുന്നത് ജാമ്യത്തിൽ പുറത്തിറങ്ങിയ ശേഷവും പ്രതിയെ ഏതെങ്കിലും തരത്തിലുള്ള തടവിൽ പാർപ്പിക്കുന്നതിന് തുല്യമാകും. അത്തരമൊരു വ്യവസ്ഥ ജാമ്യ വ്യവസ്ഥയാകാൻ പാടില്ല.

8. സി.ആർ.പി.സി-യുടെ വകുപ്പ് 441-ന്റെ ഉപവകുപ്പ് (2) കണക്കിലെടുത്ത്, ജാമ്യം അനുവദിക്കുമ്പോഴെല്ലാം കോടതി ചുമത്തിയ വ്യവസ്ഥകൾ പ്രതിയുടെ ജാമ്യ ബോണ്ടിൽ ഉൾപ്പെടുത്തും. അതിനാൽ ജാമ്യം അനുവദിക്കുമ്പോൾ ചുമത്തിയ വ്യവസ്ഥകൾ പാലിക്കാൻ പ്രതി ബാധ്യസ്ഥനാണ്. ജാമ്യത്തിലിറങ്ങിയ ശേഷം, ജാമ്യ വ്യവസ്ഥകൾ ലംഘിക്കുകയോ എതെങ്കിലും കുറ്റകൃത്യം ചെയ്യുകയോ ചെയ്താൽ, ജാമ്യം റദ്ദാക്കാൻ കോടതികൾക്ക് എല്ലായ്പ്പോഴും അധികാരമുണ്ട്.

9. ജാമ്യം അനുവദിക്കുമ്പോൾ പ്രതിക്ക് പാലിക്കാനാവാത്ത ഒരു വ്യവസ്ഥയും ചുമത്താൻ പാടില്ല. അങ്ങനെയൊരു വ്യവസ്ഥ ചുമത്തിയാൽ, ജാമ്യത്തിന് മറ്റ് രീതിയിൽ അർഹതയുള്ളവനാണെങ്കിലും, അത് പ്രതിയുടെ ജാമ്യം നഷ്ടപ്പെടുത്തുന്നതാണ്.

**ഗൂഗിൾ മാപ്പിൽ പിൻ ഡ്രോപ്പ് ചെയ്യുന്നതിനുള്ള വ്യവസ്ഥ**

10. ഗൂഗിൾ മാപ്പിൽ ഒരു പിൻ ഇടുന്നതിനുള്ള വ്യവസ്ഥയുടെ പ്രശ്നമാണ് ആദ്യമായി ഞങ്ങൾ കൈകാര്യം ചെയ്യുന്നത്. ഗൂഗിൾ മാപ്പിൽ ഒരു പിൻ ഇടുന്നതിന് അപ്പീൽവാദിയുടെമേൽ ചുമത്തിയിരിക്കുന്ന വ്യവസ്ഥ, പ്രതിയുടെ നീക്കങ്ങൾ തത്സമയം നിരീക്ഷിക്കാൻ ഒന്നാം

എതിർകക്ഷിയായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയെ (എൻസിബി) പ്രാപ്തമാക്കുമെന്ന പ്രതീതി നൽകുന്നു. ഇത് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21 ഉറപ്പു നൽകുന്ന സ്വകാര്യതയുടെ അവകാശത്തിന്റെ ലംഘനമാകുന്നതാണ്. "ഗൂഗിൾ മാപ്പിൽ PIN ഇടുന്നതിന്റെ" സാങ്കേതിക വശങ്ങൾ മനസ്സിലാക്കാൻ, യു.എസ്.എ.യിൽ ഓഫീസ് ഉള്ള ഗൂഗിൾ എൽ.എൽ.സി.ക്ക് ഞങ്ങൾ ഒരു നോട്ടീസ് നൽകി. അതനുസരിച്ച്, ഗൂഗിൾ എൽ.എൽ.സിയെ പ്രതിനിധീകരിച്ച് ശ്രീ. ആർ. സുരേഷ് ബാബു സത്യവാങ്മൂലം സമർപ്പിച്ചു. അദ്ദേഹത്തിന്റെ സത്യവാങ്മൂല ത്തിന്റെ 5 മുതൽ 10 വരെയുള്ള ഖണ്ഡികകൾ ഇങ്ങനെ പറയുന്നു:

"5.പ്രാദേശിക സ്ഥലങ്ങൾ കണ്ടെത്താനും ആ സ്ഥലങ്ങളിൽ ചെന്നെത്താനും ഉപ യോക്താക്കളെ സഹായിക്കുന്ന ഒരു വെബ് ആപ്പ് അധിഷ്ഠിത സേവനമാണ് ഗൂഗിൾ മാപ് സ്. ഇത് തൽസമയ ട്രാഫിക് സാഹചര്യങ്ങളും കാൽനടയായും, കാർ, ബൈക്ക്, വിമാനം, പൊതുഗതാഗതം എന്നിവയിലൂടെയും യാത്ര ചെയ്യുന്നതിനുള്ള റൂട്ട് ആസൂത്രണവും വാഗ്ദാനം ചെയ്യുന്നു. മൊബൈലിൽ ലഭ്യമായ ഗൂഗിൾ മാപ്സ് ആപ്ലിക്കേഷൻ വഴിയോ www.google.com/maps എന്ന ലിങ്ക് ഉപയോഗിച്ച് വെബ് ബ്രൗസർ വഴിയോ ഗൂഗിൾ മാപ്സ് ആക് സസ് ചെയ്യാൻ കഴിയും.

6. ഗൂഗിൾ മാപ്സ് ഉപയോക്താക്കൾക്ക് നൽകുന്ന പ്രത്യേകതകളിൽ ഒന്ന്, മാപ്പിൽ അവർ തിരഞ്ഞെടുക്കുന്ന സ്ഥലത്ത് 'പിൻ' ഇടാൻ കഴിയുന്നതാണ്. ഒരു പിൻ ഡ്രോപ്പ് ചെയ്യുന്നതിലൂടെ,ഉപയോക്താവിന്റെ ലൊക്കേ ഷൻ ഡാറ്റ ആവശ്യമില്ലാതെ തന്നെ, മാപ്പിൽ ഒരു ലൊക്കേഷൻ അടയാളപ്പെടുത്താനോ തിരിച്ചറിയാനോ ഉപയോക്താവിനെ അനുവ ദിക്കുന്നു. ഉപയോക്താക്കൾക്ക് മൊബൈൽ ആപ്ലിക്കേഷനിലോ വെബ് ബ്രൗസറിലോ പിൻ ഇടാവുന്നതാണ്. പിൻ ഡ്രോപ്പ് ചെയ്യുന്നതിന്, ഉപയോക്താവ് ഒന്നുകിൽ:

a. മൊബൈൽ ആപ്ലിക്കേഷനിലെ മാപ്പിൽ പിൻ ഇടേണ്ട സ്ഥലത്ത് അമർത്തിപ്പിടിക്കണം; അല്ലെങ്കിൽ

b. വെബ് ബ്രൗസറിലെ മാപ്പിൽ ആവശ്യമായ ലൊക്കേഷനിൽ ക്ലിക്ക് ചെയ്യണം.

7. പിൻ ഇടുമ്പോൾ, പിൻ ഇടുന്ന ഉപയോക്താ വിന് മാപ്പിലെ ലൊക്കേഷന്റെ കൃത്യമായ കോർഡിനേറ്റുകൾ തിരിച്ചറിയാൻ കഴിയും. ഗൂഗിൾ മാപ്സ് ആപ്പ് വഴിയോ വെബ് ബ്രൗസറിലൂടെയോ, പിൻ ഇടുന്ന ഉപയോക്താവിന് ലൊക്കേഷനിലേക്കുള്ള മാർഗം അറിയാനോ, ലൊക്കേഷനെ ലേബൽ ഉപയോഗിച്ച് അടയാളപ്പെടുത്താനോ, ലൊക്കേ ഷനിൽ ബിസിനസ്സ് വിലാസം ചേർക്കാനോ, മറ്റൊരു ഉപയോക്താവുമായി ലൊക്കേഷൻ പങ്കിടുകയോ ചെയ്യാവുന്നതാണ്.

8. ഗൂഗിൾ മാപ്സിൽ ഉപയോക്താവ് തിര ഞ്ഞെടുത്തിട്ടുള്ള പ്രത്യേക ലൊക്കേഷനെ പിൻ തിരിച്ചറിയുകയും അടയാളപ്പെടു ത്തുകയും ചെയ്യുന്നു. പിൻ പങ്കിടുന്ന സമയത്ത് ഉപയോക്താവ്/ഉപയോക്താവിന്റെ വിവര, ആശയവിനിമയ ഉപകരണം ഇരിക്കുന്ന ലൊക്കേഷനിൽ പിൻ ഡ്രോപ്പ് ചെയ്യണം എന്നില്ല. പിൻ ഡ്രോപ്പ് ചെയ്തിട്ടുള്ളതും പങ്കിട്ടിട്ടുള്ളതും, പങ്കിട്ടിട്ടുള്ള ഉപയോക്താ വിന്റെ തത്സമയ ലൊക്കേഷൻ ആയിരിക്ക ണമെന്നില്ല.

9. ഗൂഗിൾ മാപ്സ് പിൻ പോലെയുള്ള വിവരങ്ങൾ മറ്റുകക്ഷികളുമായി പങ്കിടാൻ ഉപയോക്താക്കളെ അനുവദിക്കുന്നു. ഇത് ഗൂഗിളിന്റെ സ്വകാര്യതാ നയത്തിൽ വിശദീകരിച്ചിട്ടുള്ളതും, അത് https:policies.google.com/privacy?hI=enUS എന്ന ലിങ്കിൽ ലഭ്യവുമാണ്. അത് ഇനിപ്പറയുന്ന രീതിയിൽ പ്രസ്താവിക്കുന്നു: "ഞങ്ങളുടെ പല സേവനങ്ങളും നിങ്ങളെ മറ്റ് ആളുകളുമായി വിവരങ്ങൾ പങ്കിടാൻ അനുവദിക്കുന്നതോടൊപ്പം എങ്ങനെ പങ്കിടുന്നു എന്നതിൽ നിങ്ങൾക്ക് നിയന്ത്ര ണമുണ്ട് [ഊന്നൽ നൽകിയിരിക്കുന്നു]". ഒരു ഗൂഗിൾ അക്കൗണ്ട് സൃഷ്ടിക്കുമ്പോൾ തന്നെ ഉപയോക്താക്കൾ സ്വകാര്യതാനയത്തെ അംഗീകരിക്കുന്നുണ്ട്. ഒരു ഉപയോക്താവ് പിൻ

പങ്കിടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, 'പങ്കിടുക' എന്ന ബട്ടണിൽ ക്ലിക്കുചെയ്തുകൊണ്ട് അവർക്ക് പങ്കിടാൻ കഴിയും. ഇത് ഗൂഗിൾ മാപ് സിലേക്കുള്ള ഒരു ലിങ്ക് സൃഷ്ടിക്കുകയും അത് സന്ദേശമയയ്ക്കുന്ന പ്ലാറ്റ്ഫോമു കളിലൂടെയോ മറ്റ് ഓൺലൈൻ ആശയവിനി മയ മാർഗങ്ങളിലൂടെയോ ഉപയോക്താവിന് മറ്റുള്ളവരുമായി പങ്കിടാൻ കഴിയുന്നതുമാണ്. ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ, മാപ്പിൽ പിൻ ഡ്രോപ്പ് ചെയ്ത ലൊക്കേഷനിലേക്ക് (ലിങ്കി ലേക്ക് ആക്സസ് ഉള്ള) ഉപയോക്താക്കളെ നയിക്കും.

10. പിൻ ഫീച്ചർ പോലുള്ള വിവരങ്ങൾ പങ്കിടുന്നതിൽ ഉപയോക്താവിന് പൂർണ നിയന്ത്രണമുള്ളതിനാൽ ഒരു പിൻ സൃഷ്ടി ക്കുന്നതും അത്തരമൊരു പിൻ മറ്റൊരു ഉപ യോക്താവുമായി പങ്കിടുന്നതുമായ ഗൂഗിൾ മാപ്സ് പിൻ ഫീച്ചർ ഉപയോക്താവിന്റെ സ്വകാര്യതയെ ബാധിക്കില്ല. ലിങ്കിലേക്ക് ആക് സസ് ഉള്ള ഉപയോക്താവിന് ഗൂഗിൾ മാപ്സിൽ പിൻ ചെയ്തതും പങ്കിട്ടതുമായ നിശ്ചലമായ (static) ലൊക്കേഷൻ മാത്രമേ ആക്സസ് ചെയ്യാനാകൂ. പിൻ ചെയ്ത ലൊക്കേഷൻ ഉപയോക്താവിന്റെയോ അയാളുടെ വിവര ആശയവിനിമയ ഉപകരണത്തിന്റെയോ തത്സമയ ട്രാക്കിംഗ് നടത്തുന്നില്ല. ഒരു നിശ്ചിത സമയത്ത് ഒരു ഉപയോക്താവിന്റെ ലൊക്കേഷനുമായി പിൻ പൊരുത്തപ്പെടുന്നു ണ്ടെങ്കിൽപ്പോലും, ഇത് (എ) ഉപ യോക്താവ് പിൻ ചെയ്ത നിശ്ചലമായ ലൊക്കേഷനായിരിക്കും; കൂടാതെ (ബി) പങ്കിടൽ ബട്ടണിൽ ക്ലിക്കുചെയ്ത ഒരു ഉപയോക്താവ് മറ്റുള്ളവരുമായി തന്റെ സമ്മതത്തോടെ പിൻ പങ്കിടുമ്പോൾ മാത്രമേ അവർക്ക് അക്സസ്സ് ചെയ്യാനാകൂ.''

(ഊന്നൽ നൽകുന്നു)

10.1. ഗൂഗിൾ എൽ.എൽ.സി അതിന്റെ സത്യവാങ് മൂലത്തിന്റെ 10-ാം ഖണ്ഡികയിൽ, മറ്റ് ഉപ യോക്താക്കളുമായി പിൻ പങ്കിടുന്നതിൽ ഉപ യോക്താവിന് പൂർണ്ണ നിയന്ത്രണമുണ്ടെന്ന് അറിയിച്ചു. കൂടാതെ, ഉപയോക്താവിന് പൂർണ്ണ നിയന്ത്രണം ഉള്ളതിനാൽ ഇത് ഉപ യോക്താവിന്റെ സ്വകാര്യതയെ ബാധിക്കുന്നില്ല. പിൻ ലൊക്കേഷൻ ഉപയോക്താവിന്റെയോ ഉപയോക്താവിന്റെ ഉപകരണത്തിന്റെയോ തത്സമയ ട്രാക്കിംഗ് നടത്തുന്നില്ലെന്നതാണ് ഏറ്റവും പ്രാധാന്യമുള്ള കാര്യം. ഗൂഗിൾ മാപ്പിൽ കുറ്റാരോപിതൻ ഒരു പിൻ ഇടണമെന്ന വ്യവസ്ഥ 1-ാം എതിർകക്ഷിക്ക് പ്രയോജന മില്ലാത്തതിനാൽ ഇത് പൂർണ്ണമായും അനാവശ്യമാണ്.

10.2. ജാമ്യത്തിലിറങ്ങിയ പ്രതിയുടെ ഓരോ നീക്കവും ഏതെങ്കിലും സാങ്കേതിക വിദ്യ ഉപയോഗിച്ച് നിരീക്ഷിക്കാൻ പോലീസിനെ യൊ/അന്വേഷണ ഏജൻസിയെയൊ പ്രാപ്ത രാക്കുന്ന ജാമ്യ വ്യവസ്ഥകൾ ചുമത്തുന്നത് അനുച്ഛേദം 21 ഉറപ്പുനൽകുന്ന സ്വകാര്യത യ്ക്കുള്ള അവകാശത്തെ നിസ്സംശയമായും ലംഘിക്കും. പിൻ ഇടുന്നതിന്റെ സാങ്കേതിക ഉദ്ദേശവും ജാമ്യ വ്യവസ്ഥയായി അതിന്റെ പ്രസക്തിയും പരിഗണിക്കാതെയാണ്, ഈ കേസിൽ, ഗൂഗിൾ മാപ്പിൽ പിൻ ഇടുന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് ജാമ്യ വ്യവസ്ഥയാക്കാൻ കഴിയില്ല. ഈ വ്യവസ്ഥ നീക്കം ചെയ്യപ്പെടേണ്ടതിനാൽ അപ്രകാരം ഉത്തരവാകുന്നു. ചില കേസു കളിൽ, ഈ കോടതി സമാനമായ വ്യവസ്ഥകൾ ചുമത്തി കാണും, എന്നാൽ അത്തരം കേസുകളിൽ, ഈ വ്യവസ്ഥ കൊണ്ടുള്ള ഉദ്ദേശവും അതിന്റെ നിയമസാധുതയും ഈ കോടതി പരിഗണിച്ചിട്ടില്ലായിരുന്നു.

**എംബസ്സിയുടെ സാക്ഷ്യപത്രം വേണമെന്നുള്ള വ്യവസ്ഥ**

11. ഇനി, ഹൈക്കോടതി ആശ്രയിച്ച സുപ്രീം കോടതി നിയമസഹായ സമിതി കേസിലെ വിധിയിലേക്ക് വരാം. പ്രസ്തുത കേസിലെ വിധിന്യായത്തിന്റെ 15-ാം ഖണ്ഡികയുടെ ആദ്യഭാഗത്ത് ടി ഹർജിയിലെ നിവൃത്തികൾ പ്രതിപാദിച്ചിട്ടുണ്ട്. ഖണ്ഡിക 15-ന്റെ പ്രസക്തമായ ഭാഗം ഞങ്ങൾ ഉദ്ധരിക്കുന്നു:

''15. എന്നാൽ ആക്ടിൻ കീഴിൽ വിദേശികൾ ഉൾ പ്പെട്ട കേസുകൾ തീർപ്പാക്കുന്നതിൽ കാല

താമസം ഉണ്ടാകുന്നതാണ് ഭരണഘടനയുടെ 32-ാം അനുച്ഛേദം പ്രകാരം ഈ ഹർജി ഫയൽ ചെയ്യാൻ സുപ്രീം കോടതി നിയമസഹായ സമിതിയെ പ്രേരിപ്പിച്ച പ്രധാന കാരണം. ഈ ആക്റ്റ് പ്രകാരം രണ്ട് വർഷത്തിലേറെയായി വിചാരണ തടവുകാരായി ജയിലുകളിൽ കഴിയുന്ന വിദേശികളെ തുടർന്നും തടങ്കലിൽ വയ്ക്കുന്നത് അസാധുവാക്കുകയോ അല്ലെങ്കിൽ അവരെ ജാമ്യത്തിൽ വിട്ടയക്കുകയോ ചെയ്യുന്നതിനും, മറ്റ് കേസുകളേക്കാൾ ഈ കേസുകൾക്ക് മുൻഗണന നൽകുന്നതിനും വേണ്ടി അഭിഭാഷകൻ വാദിച്ചു. ഈ ഹർജി എടുത്തപ്പോൾ കോടതി അഭിഭാഷകനോട് സമാന സാഹചര്യത്തിൽ വിചാരണയ്ക്ക് വിധേയരാകുന്ന രാജ്യത്തെ പൗരന്മാരും വിദേശികളും തമ്മിൽ വിചിത്രമായ വേർതിരിവ് ഭരണഘടന പ്രകാരം അനുവദനീയമല്ലെന്ന് ചൂണ്ടിക്കാണിച്ചു. വിദേശികളുടെ കേസുകൾക്ക് മുൻഗണന നൽകി അവരെ ക്യൂ മറികടക്കാൻ അനുവദിക്കുന്നത്, ദീർഘകാലമായി തീർപ്പാക്കാതെ കിടക്കുന്ന ഇന്ത്യൻ പൗരന്മാരുടെ കേസുകൾ തീർപ്പാക്കുന്നതിൽ പിന്നെയും കാലതാമസമുണ്ടാക്കാൻ ഇടയാക്കും. അങ്ങനെ വേർതിരിച്ചാൽ വിദേശികൾക്കുവേണ്ടി ഇന്ത്യൻ പൗരന്മാരുടെ കേസുകൾ തീർപ്പാക്കുന്നതിൽ കൂടുതൽ കാലതാമസം നേരിടേണ്ടിവരുമെന്ന് അഭിഭാഷകൻ ഉടനടി മനസ്സിലാക്കി. അത് നിയമാനുസൃതമായ ഒരു നടപടിക്രമമായിരിക്കില്ല. അതിനാൽ ഹർജിയുടെ തലക്കെട്ടും നിവൃത്തികളും ഭേദഗതി ചെയ്യാൻ അദ്ദേഹം അനുമതി തേടി. അവരുടെ തുടർന്നുള്ള തടങ്കൽ നിയമവിരുദ്ധവും അസാധുവുമാണെന്ന് പ്രഖ്യാപിച്ചുകൊണ്ടും, പ്രസ്തുത വിഷയത്തിൽ ഈ കോടതിയുടെ തീരുമാനം എടുക്കുന്നതുവരെ അവരെ ജാമ്യത്തിൽ വിട്ടയച്ചുകൊണ്ടും, അവർക്കെതിരെ ചുമത്തിയ കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതിനാൽ ഏതെങ്കിലും നിയമപ്രകാരമുള്ള കുറ്റത്തിനോ കുറ്റങ്ങൾക്കോ രണ്ട് വർഷത്തിൽ കൂടുതലായി ജയിലിൽ കഴിയുന്ന എല്ലാ വിചാരണത്തടവുകാരെയും ഉടൻ ജയിലിൽ നിന്ന് മോചിപ്പിക്കണമെന്ന് നിലവിൽ ഹർജിക്കാരൻ ആവശ്യപ്പെടുന്നു........''

(ഊന്നി പറയുന്നു)

ഖണ്ഡിക 15-ൽ പുറപ്പെടുവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ ഇപ്രകാരമാണ് :

''അതിനാൽ, ഞങ്ങൾ ഇനിപ്പറയുന്ന രീതിയിൽ നിർദ്ദേശിക്കുന്നു:

(i) നിയമപ്രകാരം അഞ്ച് വർഷമോ അതിൽ കുറവോ തടവും പിഴയും ശിക്ഷാർഹമായ കുറ്റം/കുറ്റങ്ങൾ ചുമത്തിയിട്ടുള്ള വിചാരണത്തടവുകാരനെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റത്തിന്(ഒന്നിലധികം കുറ്റങ്ങൾ ചുമത്തിയാൽ, ഏറ്റവും വലിയ ശിക്ഷ ലഭിക്കാവുന്ന കുറ്റത്തിന്) ലഭിക്കാവുന്ന ശിക്ഷയുടെ പകുതിയിൽ കുറയാത്ത കാലയളവ് ജയിലിൽ കഴിഞ്ഞിട്ടുണ്ടെങ്കിൽ, ജാമ്യത്തിൽ വിട്ടയക്കണം. ചുമത്തിയിട്ടുള്ള കുറ്റം പരമാവധി പിഴ നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ, ജാമ്യത്തുക പ്രസ്തുത തുകയുടെ 50% വും, സമാനമായ തുകയ്ക്ക് രണ്ട് ആൾ ജാമ്യവും ഉണ്ടായിരിക്കണം. അങ്ങനെയുള്ള കുറ്റത്തിന് പരമാവധി പിഴത്തുക നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ, പ്രത്യേക ജഡ്ജിക്ക് ബോധ്യപ്പെടുന്ന തുകയും കൂടാതെ തുല്യമായ തുകയ്ക്ക് രണ്ട് ആൾ ജാമ്യവും ഉണ്ടായിരിക്കണം.

(ii) നിയമപ്രകാരം അഞ്ച് വർഷത്തിൽ കൂടുതൽ തടവും, പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റം (കുറ്റങ്ങൾ) ചുമത്തിയിട്ടുള്ള വിചാരണത്തടവുകാരനെ മുകളിൽ ഖണ്ഡം (1) -ൽ പറഞ്ഞിട്ടുള്ള വ്യവസ്ഥയിൽ വിട്ടയക്കണം, കൂടാതെ 50,000 രൂപയിൽ കുറയാത്ത തുകയ്ക്കും രണ്ട് ആൾ ജാമ്യവും ഉണ്ടായിരിക്കണം.

(iii) നിയമപ്രകാരം കുറഞ്ഞത് പത്ത് വർഷം തടവും ഒരു ലക്ഷം രൂപ പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റം (കുറ്റങ്ങൾ) ചുമത്തിയിട്ടുള്ള വിചാരണത്തടവുകാരൻ, അഞ്ച് വർഷത്തിൽ കുറയാതെ വിചാരണത്തടവുകാരനായി ജയിലിൽ കഴിഞ്ഞിട്ടുണ്ടെങ്കിൽ, അയാളെ ഒരു ലക്ഷം രൂപയുടെ ജാമ്യവും അതേ തുകയ്ക്ക് രണ്ട് ആൾജാമ്യവും നൽകിയാൽ ജാമ്യത്തിൽ വിട്ടയക്കണം.

(iv) ആക്റ്റിന്റെ 31, 31എ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചുമത്തപ്പെട്ട വിചാരണത്തടവുകാരന് ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജാമ്യത്തിന് അർഹതയില്ല.

മേൽപ്പറഞ്ഞ (i), (ii), (iii) ഖണ്ഡങ്ങളിലെ നിർദ്ദേശങ്ങൾ ഇനിപ്പറയുന്ന പൊതു വ്യവസ്ഥകൾക്ക് വിധേയമായിരിക്കും:

(i) ജാമ്യം കിട്ടുവാൻ അർഹതയുള്ള വിചാരണ ത്തടവുകാരൻ തന്റെ പാസ്പോർട്ട് പ്രത്യേക കോടതി ജഡ്ജി മുമ്പാകെ സമർപ്പിക്കണം, കൂടാതെ അയാൾക്ക് പാസ് പോർട്ട് ഇല്ലെങ്കിൽ, പ്രത്യേക ജഡ്ജി നിർദ്ദേശിക്കുന്ന ഫാറത്തിൽ അത് സംബന്ധിച്ച സത്യവാങ്മൂലം സമർപ്പിക്കണം. രണ്ടാമത്തെ സാഹചര്യത്തിൽ, സത്യവാങ്മൂലത്തിൽ നൽകിയിട്ടുള്ള പ്രസ്താവനയുടെ കൃത്യതയെ ക്കുറിച്ച് സംശയിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ, പ്രത്യേക ജഡ്ജി ടി പ്രസ്താവന പരിശോധിക്കാൻ പാസ്പോർട്ട് ഓഫീസർക്ക് എഴുതണം. പാസ്പോർട്ട് ഓഫീസർ അയാളുടെ രേഖ പരിശോധിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ മറുപടി അയയ്ക്കുകയും ചെയ്യണം. പ്രസ്തുത സമയത്തിനുള്ളിൽ പാസ്പോർട്ട് ഓഫീസിൽ നിന്ന് മറുപടി ലഭിക്കാതെവന്നാൽ, വിചാരണ തടവുകാരന്റെ പ്രസ്താവനയനുസരിച്ച് നടപടിയെടുക്കാൻ പ്രത്യേക ജഡ്ജിക്ക് അധികാരമുണ്ട്;

(ii) പ്രത്യേക ജഡ്ജിയിൽ നിന്ന് മുൻകൂറായി അനുമതി ലഭിക്കാത്തപക്ഷം, ജാമ്യത്തിൽ വിട്ടയക്കപ്പെടുന്ന വിചാരണത്തടവുകാരൻ, ഖണ്ഡം (i) പ്രകാരമുള്ള കേസിൽ മാസത്തിൽ ഒരിക്കലെങ്കിലും, ഖണ്ഡം (ii) പ്രകാരമുള്ള കേസിൽ രണ്ടാഴ്ചയിലൊരിക്കലും, ഖണ്ഡം (iii) പ്രകാരമുള്ള കേസിൽ ആഴ്ചയിൽ ഒരിക്കലും അവനെ പ്രോസിക്യൂട്ട് ചെയ്ത പോലീസ് സ്റ്റേഷനിൽ ഹാജരാകണം.

(iii) രേഖാമൂലം എഴുതുന്ന കാരണങ്ങളാൽ, പ്രത്യേക ജഡ്ജിയുടെ അഭിപ്രായത്തിൽ, തെളിവുകൾ നശിപ്പിക്കാനോ പ്രോസിക്യൂഷൻ സാക്ഷികളെ സ്വാധീനിക്കാനോ സാധ്യതയുള്ള കുറ്റാരോപിതരായ വ്യക്തികൾക്ക് (ii), (iii) ഖണ്ഡങ്ങളിലെ നിർദ്ദേശത്തിന്റെ പ്രയോജനം ലഭിക്കില്ല;

(iv) വിദേശികളായ വിചാരണത്തടവുകാരുടെ കാര്യത്തിൽ, പ്രത്യേക ജഡ്ജി, അവരുടെ പാസ്പോർട്ട് കണ്ടുകെട്ടുന്നതിന് പുറമെ, അവർ രാജ്യം വിടില്ലെന്നും ആവശ്യപ്പെടുമ്പോൾ പ്രത്യേക കോടതിയിൽ ഹാജരാകുമെന്നും ഉറപ്പുനൽകുന്ന ബന്ധപ്പെട്ട രാജ്യത്തെ എംബസ്സി/ഹൈക്കമ്മീഷനിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാൻ നിർബന്ധിക്കണം.

(v) പ്രത്യേക ജഡ്ജിയുടെ അനുമതിയില്ലാതെ വിചാരണത്തടവുകാരൻ പ്രത്യേക കോടതി യുടെ അധികാരപരിധിയിൽ വരുന്ന പ്രദേശം വിട്ടുപോകരുത്;

(vi) ജാമ്യത്തുകയ്ക്ക് തുല്യമായ പണം ഈട് നൽകി വിചാരണത്തടവുകാരന് ജാമ്യം നൽകാം;

(vii) മേൽപ്പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഏതെങ്കിലും ലംഘിക്കപ്പെടുകയോ അല്ലെങ്കിൽ മറ്റേതെ ങ്കിലും രീതിയിൽ ജാമ്യം റദ്ദാക്കാനുള്ള സാഹ ചര്യം ഉണ്ടാക്കുകയോ ചെയ്താൽ, ജാമ്യം റദ്ദാക്കാൻ പ്രത്യേക ജഡ്ജിക്ക് അധികാരമുണ്ട്; കുടാതെ

(viii) ഈ ഉത്തരവിന് അനുസൃതമായി വിചാരണ ത്തടവുകാരെ വിട്ടയച്ചതിന് ശേഷം, ജയി ലിൽ കഴിയുന്ന വിചാരണത്തടവുകാരുടെ കേസുകൾക്ക് മുൻഗണന നൽകുകയും പ്രത്യേക കോടതി കോഡിന്റെ വകുപ്പ് 309-ൽ നൽകിയിരിക്കുന്ന പ്രകാരം ആ കേസുകളു മായി മുന്നോട്ട് പോകുകയും ചെയ്യണം.''

(ഊന്നി പറയുന്നു)

എന്നിരുന്നാലും, 16-ാം ഖണ്ഡിക പ്രസക്ത മാണ്, അത് ഇപ്രകാരമാണ്:

" മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ കുറ്റാരോപിതരായി ജയിലിൽ കഴിയുന്നവരുടെ വിചാരണ വൈകുന്നതുമായ കേസുകൾ സംബന്ധിച്ച ഒറ്റത്തവണ നിർദ്ദേശങ്ങൾ എന്ന നിലയിൽ പ്രാവർത്തികമാക്കാൻ ആണ്

ഞങ്ങൾ ഉദ്ദേശിക്കുന്നത്. അവ ആക്റ്റിലെ 37-ാം വകുപ്പ് പ്രകാരം ജാമ്യം അനുവദിക്കാനുള്ള പ്രത്യേക കോടതിയുടെ അധികാരത്തിൽ ഇടപെടാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി കണക്കിലെടുത്ത് ആ അധികാരം വിനിയോഗിക്കാൻ പ്രത്യേക കോടതിക്ക് സ്വാതന്ത്ര്യമുണ്ട്. പ്രതികൾ ജാമ്യം ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തുകയും ജാമ്യം റദ്ദാക്കാനുള്ള കാരണങ്ങൾ നിലനിൽക്കുകയും ചെയ്താൽ, നിർദ്ദേശങ്ങൾ എന്തുതന്നെയായാലും, പ്രത്യേക കോടതിക്ക് ജാമ്യം റദ്ദാക്കാൻ അധികാരമുണ്ട്. അവസാനമായി, ഈ ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെങ്കിലും പ്രയാസം നേരിട്ടാൽ അപേക്ഷ സമർപ്പിക്കാനുള്ള സ്വാതന്ത്ര്യം ഞങ്ങൾ നൽകുന്നു.''

(ഊന്നി പറയുന്നു)

11.1.ഖണ്ഡിക 15-ൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ, വിധി പുറപ്പെടുവിച്ച ദിവസത്തിൽ ജയിലിൽ കഴിഞ്ഞിരുന്ന പ്രതികളുടെ തീർപ്പു കൽപ്പിക്കാത്ത കേസുകൾക്ക് മാത്രം ബാധകമായ ഒറ്റത്തവണ നിർദ്ദേശങ്ങളാണ്. ഈ വ്യവസ്ഥകൾ പ്രതിയെ ജാമ്യത്തിൽ വിടുമ്പോൾ ഒറ്റത്തവണ നടപടിയെന്ന നിലയിൽ ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമം ഉണ്ടാകുന്നു എന്ന പരാതിയുമായി പ്രത്യേക കോടതിയിൽ ജാമ്യാപേക്ഷ നൽകിയാൽ, ഖണ്ഡിക 15-ലെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ജാമ്യം അനുവദിക്കാൻ പ്രത്യേക കോടതിക്ക് അധികാരം ഉണ്ടെന്ന് ഖണ്ഡിക 16 -ൽ നിന്നും വ്യക്തമാകുന്നു. അതിനാൽ, ഏറ്റവും കുറഞ്ഞ ശിക്ഷയുടെ പകുതിയിൽ കൂടുതൽ കാലയളവ് തടവ് അനുഭവിച്ച വിദേശ പൗരനായ NDPS കേസിലെ പ്രതിക്ക് ജാമ്യം അനുവദിക്കുന്ന എല്ലാ കേസുകളിലും, എംബസ്സി/ഹൈക്കമ്മീഷൻ 'ഉറപ്പ് നൽകുന്ന സാക്ഷ്യപത്രം' ലഭ്യമാക്കണമെന്ന വ്യവസ്ഥ ആവശ്യമില്ല. അത് ഓരോ കേസിന്റെയും വസ്തുതകളെ ആശ്രയിച്ചിരിക്കും.

12. അത്തരം ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയാലും, പ്രതികൾ നൽകിയ അപേക്ഷയിൽ, ബന്ധപ്പെട്ട എംബസ്സി/ഹൈക്കമ്മീഷൻ നിരസിക്കുകയോ അല്ലെങ്കിൽ മതിയായ സമയത്തിനുള്ളിൽ (ഏഴ് ദിവസത്തിനുള്ളിൽ എന്ന് കരുതുക) സർട്ടിഫിക്കറ്റ് നൽകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ, ആ വ്യവസ്ഥ ഒഴിവാക്കുന്നതിനുള്ള അധികാരം കോടതിക്ക് ഉണ്ട്. എംബസ്സി / ഹൈക്കമ്മീഷൻ ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്നത് ജാമ്യം അനുവദിച്ച പ്രതിയുടെ നിയന്ത്രണത്തിൽ വരുന്നതല്ല. അതിനാൽ, മുകളിൽ വിശദീകരിച്ചതുപോലെ മതിയായ സമയത്തിനുള്ളിൽ എംബസ്സി/ഹൈക്കമ്മീഷൻ അത്തരമൊരു സർട്ടിഫിക്കറ്റ് നൽകാത്തപ്പോൾ, ജാമ്യത്തിന് അർഹതയുള്ള പ്രതിക്ക്, പാലിക്കാൻ അസാധ്യമായ വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന കാരണം പറഞ്ഞ് ജാമ്യം നിഷേധിക്കാനാവില്ല. അതിനാൽ, കോടതിക്ക് ആ വ്യവസ്ഥ ഒഴിവാക്കേണ്ടിവരും. പ്രതിയുടെ മോശമായ പെരുമാറ്റത്തെ അടിസ്ഥാനപ്പെടുത്തി എംബസ്സി/ഹൈക്കമ്മീഷൻ സാക്ഷ്യപത്രം നിരസിക്കാനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയാൽ വ്യവസ്ഥ ഒഴിവാക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുമ്പോൾ കോടതിക്ക് രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങൾ പരിഗണിക്കാവുന്നതാണ്. എന്നിരുന്നാലും, അത്തരമൊരു സർട്ടിഫിക്കറ്റ് നൽകാൻ എംബസ്സിയെ/ഹൈക്കമ്മീഷനെ നിർബന്ധിക്കാൻ പ്രതിക്ക് അവകാശമില്ലെന്നത് കോടതികൾ ഓർക്കേണ്ടതാണ്. പ്രതികൂലമായി രേഖപ്പെടുത്തുന്നതിന് നിരവധി കാരണങ്ങളുണ്ടെങ്കിലും, അത് ഇതിനകം അനുവദിച്ചിട്ടുള്ള ജാമ്യം നിഷേധിക്കുന്നതിന് ഇടയാകില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ, അത്തരമൊരു സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥയ്ക്ക് പകരം, ഓരോ കേസിന്റെയും വസ്തുതകളെ ആശ്രയിച്ച്, പാസ്പോർട്ട് സറണ്ടർ ചെയ്യുന്നതിനും ലോക്കൽ പോലീസ് സ്റ്റേഷനിൽ/ട്രയൽ കോടതിയിൽ പതിവായി റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള വ്യവസ്ഥ ചെയ്യാവുന്നതാണ്.

13. കേസിന്റെ വസ്തുതകളിലേക്ക് വരുകയാണെങ്കിൽ, എൻഡിപിഎസ് ആക്റ്റിലെ വകുപ്പ് 67 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള മൊഴികളുടെ അടിസ്ഥാനത്തിലാണ് അപ്പീൽവാദിയെ പ്രതിയാക്കിയിരിക്കുന്നതെന്നും, **തോഫൻ സിംഗ് v. തമിഴ്നാട് സംസ്ഥാനം** എന്ന കേസിലെ ഈ കോടതിയുടെ വിധി പ്രകാരം അത്തരം മൊഴികൾ പൂർണ്ണമായും സ്വീകാര്യമല്ലെന്നും ചൂണ്ടിക്കാട്ടിയാണ് ആദ്യം ജാമ്യം അനുവദിച്ചിരുന്നത്. അതിനാൽ മെറിറ്റിന്റെ അടിസ്ഥാനത്തിലാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. രണ്ടാമതായി, സുപ്രീം കോടതി നിയമസഹായ സമിതി കേസിലെ വിധിന്യായത്തിന്റെ 15-ാം ഖണ്ഡികയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കൂടിയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ജാമ്യം അനുവദിച്ചിട്ടുണ്ടായിരുന്നത്, തോഫൻ സിങ് കേസിലെ ഈ കോടതിയുടെ വിധിയെ ആശ്രയിച്ചതിനാൽ സുപ്രീം കോടതി നിയമസഹായ സമിതി കേസിലെ വിധിയുടെ 15-ാം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കഠിനമായ വ്യവസ്ഥകൾ ചുമത്തേണ്ട ഒരു കാരണവും ഹൈക്കോടതിക്ക് ഇല്ലായിരുന്നു.

14. അതിനാൽ, മേൽ ചർച്ച ചെയ്തിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത്, സുപ്രീം കോടതി നിയമസഹായ സമിതി കേസിലെ വിധിന്യായത്തിന്റെ 15-ാം ഖണ്ഡികയിലെ വ്യവസ്ഥ (iv)-ാം പുനഃപരിശോധിക്കാൻ കേസ് വിശാല ബെഞ്ചിന് വിടേണ്ടതില്ലെന്ന് കാണുന്നു.

15. മുകളിൽ സൂചിപ്പിച്ച രണ്ട് വിഷയങ്ങളുമായി ബന്ധപ്പെട്ട കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, അപ്പീൽവാദിക്ക് ജാമ്യം അനുവദിക്കുന്ന ഉത്തരവിലെ രണ്ട് വ്യവസ്ഥകൾ, അതായത് എംബസ്സി/ഹൈക്കമ്മീഷനിൽ നിന്ന് സർട്ടിഫിക്കറ്റ് നേടുക, ഗൂഗിൾ മാപ്പ്സ്-ൽ ഒരു പിൻ ഡ്രോപ്പ് ചെയ്യുക എന്നിവ റദ്ദാക്കുന്നു.

16. അപ്പീൽവാദി ഇതുവരെ പാലിച്ചിട്ടുള്ള വ്യവസ്ഥകൾ പരിഗണിച്ച് അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനായി കേസ് 2024 ജൂലൈ 15-ന് ലിസ്റ്റ് ചെയ്യുന്നു.

# സുപ്രീം കോടതി മുമ്പാകെ

സിവിൽ ഒറിജിനൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് ഹിമ കോഹ്‌ലി**

&

**ബഹു. ജസ്റ്റിസ് അഹ്സനുദ്ദീൻ അമാനുള്ള**

റിട്ട് ഹർജി (സിവിൽ) നം. 645/ 2022

**ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും മറ്റൊരാളും - ഹർജിക്കാർ**

v.

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും - എതിർകക്ഷികൾ**

( 07.05.2024- ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

... 1945-ലെ ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ചട്ടങ്ങളിലെ 170-ാം ചട്ടത്തിന് നിയമപ്രാബല്യമുള്ളിടത്തോളം, അതിന്റെ പ്രവർത്തനം 2023 ആഗസ്റ്റ് 29-ലെ കത്തിൽ പുറപ്പെടുവിച്ച ഭരണനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, നിർത്തിവയ്ക്കാൻ കഴിയില്ല.

## ഉത്തരവ്

**ഇടക്കാല അപേക്ഷ നമ്പർ 110011/2024**

1. ഈ വിഷയം 2024 ഏപ്രിൽ 30-ന് ഈ കോടതിയിൽ ലിസ്റ്റ് ചെയ്യുന്നതിന്റെ തലേന്നാളായ 2024 ഏപ്രിൽ 29-ന് വിവിധ പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ച ആഭിമുഖത്തിൽ ആദ്യ ഹർജിക്കാരനായ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പ്രസിഡന്റ് നടത്തിയ കുറ്റകരമായ പ്രസ്താവനകളിന്മേൽ ജുഡീഷ്യൽ നോട്ടീസ് എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അഞ്ചാം എതിർകക്ഷിയാണ് ഈ അപേക്ഷ നൽകിയിട്ടുള്ളത്.

2. 5 മുതൽ 7 വരെയുള്ള എതിർകക്ഷികളുടെ അഭിഭാഷകൻ അവസാനമായി വാദം കേട്ട തീയതിലും മേൽപ്പറഞ്ഞ അഭിമുഖത്തിനെ പരാമർശിച്ചതും പത്രങ്ങളിൽ അച്ചടിച്ചുവന്ന അഭിമുഖത്തിന്റെ ഒരു പകർപ്പ് മുതിർന്ന അഭിഭാഷകൻ ശ്രീ. പി. എസ്. പട്വാലിയയ്ക്ക് യഥാവിധി നൽകിയതും അദ്ദേഹം പ്രതികരിക്കാൻ സമയം തേടിയിരുന്നതും ശ്രദ്ധേയമാണ്. എന്നാലും ഇതുവരെ മറുപടിയൊന്നും നൽകിയിട്ടില്ല.

3. നോട്ടീസ് പുറപ്പെടുവിക്കുക.

4. ഐ.എം.എ. പ്രസിഡന്റിന് വേണ്ടി തന്റെ ബ്രീഫിംഗ് കൗൺസൽ (briefing counsel) നോട്ടീസ് സ്വീകരിക്കുന്നതായി മുതിർന്ന അഭിഭാഷകൻ ശ്രീ.പി.എസ്. പട്വാലിയ പറഞ്ഞു. നിലവിലെ നടപടികളിൽ അദ്ദേഹത്തെ മറ്റൊരു എതിർകക്ഷിയായി കക്ഷിചേർക്കേണ്ടതാണ്. ഭേദഗതി വരുത്തിയ കക്ഷികളുടെ മെമ്മോ, അടുത്ത വാദം കേൾക്കുന്ന തീയതിക്ക് മുമ്പായി ഒന്നാം ഹർജിക്കാരനായ

ഐ.എം.എയുടെ അഭിഭാഷകൻ ഫയൽ ചെയ്യണം. അടുത്ത വാദം കേൾക്കുന്ന തീയതിക്ക് മുമ്പ്, അതായത് 2024 മെയ് 14-ന് മുമ്പ്, മറുപടി ഫയൽ ചെയ്യേണ്ടതാണ്.

## റിട്ട് ഹർജി (സിവിൽ) നം. 645/ 2022

1. വാദം അവസാനമായി കേട്ട തീയതിയിൽ, അതായത് 2024 ഏപ്രിൽ 30-ന്, പുറപ്പെടുവിച്ച ഉത്തരവുകൾക്ക് അനുസൃതമായി, ഈ കോടതിക്ക് നൽകിയ ഉറപ്പുകൾ ലംഘിച്ചതിലൂടെയും വഞ്ചനാപരമായ പരസ്യങ്ങൾ നൽകുന്നത് തുടരുന്നതിലൂടെയും, 2024 ഏപ്രിൽ 23-ന് പാസാക്കിയ കോടതി ഉത്തരവുകൾ ലംഘിച്ചതിന് നിരുപാധികം ക്ഷമാപണം നടത്തുന്ന 5 മുതൽ 7 വരെയുള്ള എതിർകക്ഷികളുടെ പരസ്യ ക്ഷമാപണം പ്രസിദ്ധീകരിച്ച ഓരോ പത്രത്തിന്റെയും പ്രസക്തമായ അസ്സൽ പേജുകൾ ഫയൽ ചെയ്തിട്ടുണ്ടെന്നാണ് 5 മുതൽ 7 വരെയുള്ള എതിർകക്ഷികൾക്ക്/ നിർദ്ദേശിക്കപ്പെട്ട കോടതിയലക്ഷ്യം നേരിടുന്ന വ്യക്തികൾക്ക് വേണ്ടി വാദിച്ചത്. പ്രസ്തുത രേഖകളുടെ ഒരു കെട്ട് രജിസ്ട്രി സ്വീകരിച്ചതായി സമർപ്പിച്ചിട്ടുണ്ട്. ഇതിനകം ഫയൽ ചെയ്ത പത്രങ്ങളുടെ ഫോട്ടോകോപ്പികൾ രേഖകളുടെ രണ്ടാമത്തെ കെട്ടായി ഇന്ന് തന്നെ ഫയൽ ചെയ്യാൻ ഉദ്ദേശിക്കുന്നു.

2. ഫോട്ടോകോപ്പികൾ എത്രയും വേഗം ഫയൽ ചെയ്യേണ്ടതും രജിസ്ട്രി അവയെ രേഖകളിൽ ചേർക്കേണ്ടതുമാണ്.

3. അഭിഭാഷകൻ പ്രതിനിധീകരിക്കുന്ന ദേശീയ മെഡിക്കൽ കമ്മീഷന് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നിരുന്നാലും, 2024 ഏപ്രിൽ 23-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ 9-ാം ഖണ്ഡികയിൽ ഈ കോടതി നടത്തിയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ സത്യവാങ്മൂലം സമർപ്പിക്കാനുള്ള നടപടികളൊന്നും എൻ.എം.സി. സ്വീകരിച്ചിട്ടില്ല. അടുത്ത വാദം കേൾക്കുന്ന തീയതിക്ക് മുമ്പ്, അതായത് 2024 മെയ് 14-ന് മുമ്പ്, എൻ.എം.സി. സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടതാണ്.

4. വാദം അവസാനമായി കേട്ട തീയതിയിൽ, നിർമ്മാതാക്കളുടെയും പ്രൊമോട്ടർമാരുടെയും, പരസ്യക്കാരുടെയും ഭാഗത്തുനിന്ന് കുറഞ്ഞ ഉത്തരവാദിത്തത്തോടെയോ/ ഉത്തരവാദിത്ത രഹിതമായോ പ്രസിദ്ധീകരിക്കപ്പെടുന്ന/ പ്രദർശിപ്പിക്കപ്പെടുന്ന തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളുടെ എണ്ണം കണക്കിലെടുത്തുകൊണ്ട്, 1954-ലെ ഡ്രഗ് ആൻഡ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വെർടൈസ്മെന്റ്സ്) ആക്റ്റും/ചട്ടങ്ങളും 1940-ലെ ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ആക്റ്റ്, 1986-ലെ ഉപഭോക്തൃ സംരക്ഷണ ആക്റ്റ് എന്നീ നിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ദുരുപയോഗം തടയുന്നതിന് അവർ സ്വീകരിച്ച നടപടികൾ പരിശോധിക്കാൻ, ഉപഭോക്തൃകാര്യ മന്ത്രാലയം, ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം, വാർത്താ വിനിമയ പ്രക്ഷേപണ മന്ത്രാലയം, ഇലക്ട്രോണിക്സ് വിവര സാങ്കേതികവിദ്യാ മന്ത്രാലയം എന്നിവരെ നിലവിലെ നടപടികളിൽ കക്ഷികളായി ചേർക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. 1954-ലെ ഡി.എം.ആർ. ആക്റ്റ് നടപ്പാക്കുന്നത് സംസ്ഥാന സർക്കാരുകളുടെ/ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ലൈസൻസിംഗ് അതോറിറ്റികളുടെ കൈകളിലാണെന്ന് യൂണിയൻ ഓഫ് ഇന്ത്യ എടുത്ത നിലപാടിന്റെ വെളിച്ചത്തിൽ, അവരെയെല്ലാം നിലവിലെ നടപടികളിൽ കക്ഷി ചേർക്കാൻ നിർദ്ദേശിച്ചു.

5. കേന്ദ്ര ആയുഷ് മന്ത്രാലയത്തിനും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനും വേണ്ടി ഇതിനകം ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ, ശ്രീ. കെ. എം. നടരാജ് ആയുഷ് മന്ത്രാലയം നേരത്തെ സമർപ്പിച്ച സത്യവാങ്മൂലങ്ങൾ കൂടാതെ, ഒരു അധിക സത്യവാങ്മൂലം സമർപ്പിച്ചതായി അറിയിച്ചു. ഉപഭോക്തൃ കാര്യ മന്ത്രാലയവും വാർത്ത വിനിമയ പ്രക്ഷേപണ മന്ത്രാലയവും പ്രത്യേകം സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള വിഷയത്തിൽ (ഉപഭോക്തൃ കാര്യ മന്ത്രാലയത്തിന് കീഴിൽ വരുന്ന) ഭക്ഷ്യ-പൊതുവിതരണ വകുപ്പിനും ഇലക്ട്രോണിക്സ് വിവര സാങ്കേതികവിദ്യാ മന്ത്രാലയത്തിനും കാര്യമായ പങ്ക് വഹിക്കാനില്ലെന്ന് അദ്ദേഹം സമർപ്പിച്ചു. ആയുഷ് മന്ത്രാലയം, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ഉപഭോക്തൃകാര്യ മന്ത്രാലയം, വാർത്താവിനിമയ പ്രക്ഷേപണ മന്ത്രാലയം എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട മന്ത്രാലയങ്ങൾ.

6. ഈ കോടതി അനുവദിച്ചതുപ്രകാരം, എല്ലാ സംസ്ഥാന സർക്കാരുകളുടെയും/ കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും സ്റ്റാൻഡിംഗ് കൗൺസിലിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് ഹർജിക്കാരൻ -ഐ.എം.എ-യുടെ അഭിഭാഷകൻ സമർപ്പിച്ചു. ഇനിപ്പറയുന്ന സംസ്ഥാന സർക്കാരുകൾ/ കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവയ്ക്ക് മാത്രമേ നോട്ടീസ് നേരിട്ട് നൽകിയിട്ടുള്ളൂ:

(i) ഹിമാചൽ പ്രദേശ്;

(ii) ജാർഖണ്ഡ്;

(iii) കേരളം;

(iv) ഡൽഹിയിലെ എൻ.സി.ടി.;

(v) ഒഡീഷ;

(vi) പുതുച്ചേരി;

(vii) രാജസ്ഥാൻ;

(viii) തമിഴ്നാട്;

(ix) തെലങ്കാന;

(x) ഉത്തരാഖണ്ഡ്; കൂടാതെ

(xi) പശ്ചിമ ബംഗാൾ

ഡൽഹി എൻ.സി.റ്റി.യുടെയും, കേന്ദ്രഭരണ പ്രദേശമായ ലഡാക്കിന്റെയും, ഗുജറാത്ത്, നാഗാലാൻഡ്, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെയും അഭിഭാഷകർ ഹാജരായിട്ടുണ്ട്.

7. ഉത്തരാഖണ്ഡ് സംസ്ഥാനത്തിന്റെ അഭിഭാഷകൻ സംസ്ഥാന ലൈസൻസിംഗ് അതോറിറ്റി ഇതിനകം ഒരു സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും കൂടാതെ ഒരു അധിക സത്യവാങ്മൂലം കൂടി സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിച്ചു.

8. മുകളിൽ സൂചിപ്പിച്ചവ ഒഴികെയുള്ള എല്ലാ സംസ്ഥാന സർക്കാരുകളുടെയും/കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും അഭിഭാഷകരോട് 1954-ലെ ഡി.എം.ആർ., ചട്ടങ്ങൾ, 1940-ലെ ഡി.സി. ആക്റ്റ്, 1986-ലെ സി.പി. ആക്റ്റ് എന്നിവയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രസ്/ഇലക്ട്രോണിക് മാധ്യമങ്ങളിൽ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ഓരോ സംസ്ഥാനങ്ങളിലെയും/ കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ലൈസൻസിംഗ് അതോറിറ്റികളുടെ സ്വതന്ത്ര സത്യവാങ്മൂലം ഫയൽ ചെയ്യാൻ നിർദ്ദേശിക്കുന്നു. 2018 മുതലുള്ള കാലയളവിൽ സ്വീകരിച്ച നടപടികളിൽ കേന്ദ്രീകരിച്ചായിരിക്കണം സത്യവാങ്മൂലം സമർപ്പിക്കേണ്ടത്.

9. വാദം അവസാനമായി കേട്ട തീയതിയിൽ, പ്രധാനപ്പെട്ട വിഷയത്തിലേക്ക് കടക്കുമ്പോൾ, ആയുർവേദ-സിദ്ധ-യുനാനി ഔഷധ സാങ്കേതിക ഉപദേശക ബോർഡ് 1945-ലെ ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ചട്ടങ്ങളിലെ 170-ാം ചട്ടം 1945-ലെ ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ചട്ടങ്ങളിൽ നിന്ന് നീക്കം ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ശിപാർശയിൽ നടപടി എടുക്കും വരെ, പ്രസ്തുത ചട്ടത്തിന് കീഴിലുള്ള ഒരു നടപടിയും ആരംഭിക്കരുതെന്നും എല്ലാ അധികാരികളോടും നിർദ്ദേശം നൽകിയെന്നും അറിയിച്ച് എല്ലാ സംസ്ഥാന സർക്കാരുകൾക്കും / കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും ആയുഷ് മന്ത്രാലയത്തിലെ ഡ്രഗ് കൺട്രോളർമാർക്കും ആയുഷ് മന്ത്രാലയം അയച്ച 2023 ഓഗസ്റ്റ് 29-ലെ കത്ത് വിശദീകരിക്കാൻ ഇന്ത്യൻ യൂണിയനെ വിളിച്ചപ്പോൾ ഡൽഹി, ബോംബെ, കേരള ഹൈക്കോടതികൾ ഉൾപ്പെടെ വിവിധ ഹൈക്കോടതികളിൽ തീർപ്പുകൽപ്പിക്കാത്ത വിവിധ നടപടികളിൽ ചട്ടം 170 ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ വിശദീകരിച്ചു. ഡബ്ല്യു. പി.(സി)നം. 321/2019-ലെ വിഷയവുമായി ബന്ധപ്പെട്ട ഒരു കൂട്ടം ഹർജികളിൽ ഡൽഹി ഹൈക്കോടതി പാസാക്കിയ 2023 മെയ് 1-ലെ ഉത്തരവിനെ തുടർന്ന്, എ.എസ്.യു.ഡി.റ്റി.എ.ബി. നൽകിയ ശിപാർശകൾക്ക് അനുസൃതമായി യൂണിയൻ ഓഫ് ഇന്ത്യ എടുക്കുന്ന ഏതൊരു തീരുമാനവും അത് അയച്ച തീയതി മുതൽ നാലാഴ്ചത്തേക്ക് നടപ്പാക്കരുതെന്നും പ്രസ്തുത ഇടക്കാല ക്രമീകരണം തുടരേണ്ടതാണെന്നും ഉള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

10. അതിനുശേഷം, ചട്ടം 170 ഒഴിവാക്കുന്നതിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ എ.എസ്. യു.ഡി.റ്റി.എ.ബി. ശിപാർശ ചെയ്തതായി സമർപ്പിച്ചു. പ്രസ്തുത ശിപാർശ നിയമ നീതിന്യായ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. കരട് വിജ്ഞാപനത്തിന്മേൽ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിച്ചില്ലെങ്കിൽ മൂന്ന് മാസത്തിനകവും, ധാരാളം ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിച്ചാൽ ആറ് മാസത്തിനകവും, അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കണമെന്ന് മന്ത്രാലയം ശിപാർശ ചെയ്തു.

11. മേൽപ്പറഞ്ഞ കാര്യം സംഭവിച്ചിട്ടുള്ളത് 2023 ജൂലൈ മാസത്തിലാണ്. എന്നാൽ, ആയുഷ് മന്ത്രാലയം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ എല്ലാ താൽപ്പര്യമുള്ള കക്ഷികളിൽ നിന്നും കരട് വിജ്ഞാപനത്തിലെ ശിപാർശകളോ നിർദ്ദേശങ്ങളോ സംബന്ധിച്ച ആക്ഷേപങ്ങൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചത് 2024 ഫെബ്രുവരി 2-ന് മാത്രമായിരുന്നു. 30 ദിവസത്തെ കാലാവധി കഴിഞ്ഞിട്ട് ദീർഘനാളായെങ്കിലും ആയുഷ് മന്ത്രാലയം തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കരട് വിജ്ഞാപനത്തിന്മേൽ എത്ര ആക്ഷേപങ്ങൾ/ നിർദ്ദേശങ്ങൾ ലഭിച്ചുവെന്ന് ഞങ്ങളെ അറിയിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ആയിരുന്നു എ.എസ്.ജി. സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വേഗത്തിലാക്കാൻ ആയുഷ് മന്ത്രാലയത്തിന് നിർദേശം നൽകുന്നു.

12. ഞങ്ങളുടെ വീക്ഷണത്തിൽ, 1945-ലെ ഔഷധങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ചട്ടങ്ങളിലെ 170-ാം ചട്ടത്തിന് നിയമ

പ്രാബല്യമുള്ളിടത്തോളം, അതിന്റെ പ്രവർത്തനം 2023 ആഗസ്ത് 29-ലെ കത്തിൽ പുറപ്പെടുവിച്ച ഭരണനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, നിർത്തിവയ്ക്കാൻ കഴിയില്ല.

13. 2023 ഓഗസ്റ്റ് 29-ലെ കത്ത് മന്ത്രാലയം ഉടൻ തന്നെ പിൻവലിക്കുമെന്ന്, നിർദ്ദേശം ലഭിച്ച പ്രകാരം, അഡീഷണൽ സോളിസിറ്റർ ജനറൽ ശ്രീ. നടരാജ് അറിയിച്ചു. ആവശ്യമുള്ളത് ഉടൻതന്നെ ചെയ്യേണ്ടതാണ്.

14. അടുത്തതായി വാർത്ത വിനിമയ പ്രക്ഷേപണ മന്ത്രാലയം സമർപ്പിച്ച സത്യവാങ്മൂലത്തിലേക്ക് കടക്കുമ്പോൾ, അത് 1995-ലെ കേബിൾ ടെലിവിഷൻ നെറ്റ് വർക്ക്സ് (ക്രമപ്പെടുത്തൽ) ആക്റ്റ് പ്രകാരം ടി. വി. ചാനലുകൾക്കായി നിഷ്കർഷിച്ചിട്ടുള്ള ഒരു കൂട്ടം നിയന്ത്രണ സംവിധാനങ്ങളെ സൂചിപ്പിക്കുന്നു. പ്രക്ഷേപകർ (broadcasters) അല്ലെങ്കിൽ അവരുടെ അസോസിയേഷൻ രൂപീകരിക്കുന്ന പ്രക്ഷേപകരുടെ സ്വയ നിയന്ത്രണ സംഘങ്ങൾ (Self regulatory bodies) ഉണ്ടെന്നും, അവർക്ക് മേൽനോട്ടം, ഉറപ്പ് എന്നിവ നൽകുന്നതും, പ്രോഗ്രാം കോഡും പരസ്യ കോഡും പ്രക്ഷേപകർ പാലിക്കുന്നതും, പ്രക്ഷേപകർക്ക് മുൻപറഞ്ഞ കോഡുകളുടെ വിവിധ വശങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകുന്നതും, പ്രക്ഷേപകർ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാത്ത പരാതികൾ തീർപ്പാക്കുന്നതും, അപ്പീലുകൾ കേൾക്കുന്നതും, സമയാസമയങ്ങളിൽ പ്രക്ഷേപകർക്ക് മാർഗ്ഗനിർദ്ദേശങ്ങളോ ഉപദേശങ്ങളോ നൽകുന്നതും ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ നിർവഹിക്കാനുണ്ടെന്നും അറിയിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത നിയന്ത്രണ സംഘം നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശമോ ഉപദേശമോ പാലിക്കുന്നതിൽ പ്രക്ഷേപകർ വീഴ്ചവരുത്തുകയാണെങ്കിൽ, സ്വയം നിയന്ത്രണ സംഘം 15 ദിവസത്തിനുള്ളിൽ മേൽനോട്ട സംവിധാനത്തിലേക്ക് വിഷയം റഫർ ചെയ്യുമെന്നും സമർപ്പിച്ചു.

15. മേൽനോട്ട സംവിധാനത്തെ സംബന്ധിച്ച വിശദാംശങ്ങളും സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാർ രൂപീകരിക്കേണ്ട അന്തർവകുപ്പുതല സമിതിയെക്കുറിച്ചും ആവലാതികളോ പരാതികളോ കേൾക്കുന്നതിനും, വീഴ്ചവരുത്തുന്ന പ്രക്ഷേപകനെ ഉപദേശിക്കുന്നതിനും, മുന്നറിയിപ്പ് നൽകുന്നതിനും, ശാസിക്കുന്നതിനും, താക്കീത് നൽകുന്നതിനും, ശകാരിക്കുന്നതിനും ഒരു മുന്നറിയിപ്പ് കാർഡോ, നിരാകരണമോ കൂടാതെ ഉള്ളടക്കം ഇല്ലാതാക്കുന്നതിനോ പരിഷ്ക്കരിക്കുന്നതിനോ ഉൾപ്പെടെ ഒരു പ്രക്ഷേപകനിൽ നിന്ന് ക്ഷമാപണം ആവശ്യപെടുന്നതിനും വേണ്ടിയുള്ള അവരുടേതായ നടപടിക്രമങ്ങൾ ഉണ്ടാക്കേണ്ടതുമാണെന്നും പരാമർശം നടത്തിയിട്ടുണ്ട്. ഒരു നിശ്ചിത കാലയളവിലേക്ക് ചാനലോ പ്രോഗ്രാമോ പ്രക്ഷേപണം നിർത്തിവയ്ക്കുക (off-air) എന്നതാണ് അവസാന മാർഗ്ഗം. 2021-ലെ കേബിൾ ടെലിവിഷൻ നെറ്റ് വർക്ക്സ് (ഭേദഗതി) ചട്ടങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ചും സത്യവാങ്മൂലം പരാമർശിക്കുന്നുണ്ട്.

16. അച്ചടി മാധ്യമവുമായി ബന്ധപ്പെട്ട നിയന്ത്രണ സംവിധാനത്തെക്കുറിച്ചും 2018 മുതൽ വാർത്ത വിനിമയ പ്രക്ഷേപണ മന്ത്രാലയം സ്വീകരിച്ച എല്ലാനടപടികളും സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുണ്ട്. ടി. വി. ചാനലുകൾക്ക് എതിരായി 2018 നും 03/05/2024നും ഇടയിൽ ലഭിച്ചിട്ടുള്ള പരാതികളിന്മേൽ എടുത്തിട്ടുള്ള നടപടികളുടെ കണക്കെടുപ്പ് കാണിക്കുന്നത് ഈ കാലയളവിൽ ആകെ 1645 പരാതികൾ ലഭിച്ചിട്ടുണ്ടായിരുന്നു എന്നാണ്. അതിൽ 53 എണ്ണം മാത്രമാണ് പ്രക്ഷേപകർക്ക് അയച്ച് കൊടുത്തിട്ടുള്ളത്. 769 എണ്ണം അഡ്വർട്ടൈസിംഗ് സ്റ്റാൻഡേർഡ് കൗൺസിൽ ഓഫ് ഇന്ത്യക്കും, 235 എണ്ണം ബന്ധപ്പെട്ട വകുപ്പുകൾക്കും കേന്ദ്ര സർക്കാർ രൂപീകരിക്കേണ്ട അന്തർവകുപ്പുതല സമിതിയെക്കുറിച്ച് നിയന്ത്രണ അധികാരികൾക്കും, 22 എണ്ണം പ്രസ്സ്/കൗൺസിൽ ഓഫ് ഇന്ത്യക്കും അയച്ചുകൊടുത്തിട്ടുള്ളതായി കാണിക്കുന്നു. 566 പരാതികളിന്മേൽ മാത്രമാണ് പ്രതികരണമുണ്ടായിട്ടുള്ളത്. ടി. വി. ചാനലുകൾക്ക് എതിരെ ലഭിച്ച പരാതികൾ ആത്യന്തികമായി പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച ഒരു വിവരവും മന്ത്രാലയത്തിന് ലഭ്യമല്ലെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ അറിയിച്ചു.

17. 2018 മുതൽ പരസ്യ കോഡ് ലംഘിച്ചതിന് പ്രക്ഷേപകർക്കെതിരെ സ്വീകരിച്ച നടപടികളുടെ സംഗ്രഹം ഒരു മോശമായ അവസ്ഥയാണ് കാണിക്കുന്നത്. പരസ്യ കോഡ് ലംഘിച്ചതിന് 60 കേസുകളിൽ മാത്രമാണ് പ്രക്ഷേപകർക്കെതിരെ നടപടി എടുത്തിരിക്കുന്നത്. ആയുഷ് മന്ത്രാലയവുമായി ചേർന്ന് സ്വീകരിച്ചിട്ടുള്ള നടപടി സത്യവാങ്മൂലത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അശ്ലീലതയുടെ അടിസ്ഥാനത്തിൽ മന്ത്രാലയം സ്വമേധയാ എടുത്തിട്ടുള്ള നടപടികളും അതിൽ പരാമർശിക്കുന്നുണ്ട്. എഫ്. എം. റേഡിയോയിൽ തെറ്റിധാരണാജനകമായ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തതുമായി ബന്ധപ്പെട്ട് നടപടിയെടുത്തിട്ടുള്ളത് 3 സംഭവങ്ങളിൽ മാത്രമാണ്. തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളുമായി ബന്ധപ്പെട്ട് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യക്ക് 2018 മുതൽ 77 പരാതികൾ ലഭിച്ചതായി പറയുന്നു. ആ 77 കേസുകളിൽ, 39 എണ്ണം

ന്യൂനതയുള്ളതിനാൽ നടപടി അവസാനിപ്പിച്ചിട്ടുണ്ടെന്നും, 15 എണ്ണം ഭാവിയിൽ ഇത്തരം പരസ്യങ്ങൾ പ്രസിദ്ധീകരിക്കില്ലെന്ന് കാണിച്ച് എതിർകക്ഷികൾ നൽകിയ ഉറപ്പിന്മേൽ തീർപ്പാക്കിയിട്ടുണ്ടെന്നും, 17 കേസുകളിൽ നടപടി തുടരുന്നുവെന്നും പറഞ്ഞിരിക്കുന്നു.

18. 1986-ലെ സി. പി. ആക്റ്റിന്റെ ഒരു മുഴുവൻ അദ്ധ്യായം "കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റിക്കായി"(അദ്ധ്യായം 3) സമർപ്പിക്കുമ്പോൾ, പ്രസ്തുത വ്യവസ്ഥകൾ കൂടുതൽ ശക്തമായും തീവ്രതയോടെയും പ്രയോജനപ്പെടുത്തേണ്ടതായിരുന്നു എന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഉപഭോക്താക്കളുടെ അവകാശ ലംഘനം, അനഭലഷണീയമായ വ്യാപാര പ്രവൃത്തികൾ, പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യങ്ങൾക്ക് ഹാനികരമായ തെറ്റായ അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും, ഒരു വിഭാഗമെന്ന നിലയിൽ ഉപഭോക്താക്കളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഒരു കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി കേന്ദ്ര സർക്കാർ സ്ഥാപിക്കണമെന്ന ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാരിനോട് വ്യവസ്ഥ ചെയ്യുന്നതാണ് പ്രസ്തുത അധ്യായം.

19. കേന്ദ്ര സർക്കാർ ഒരു ഉപഭോക്തൃ സംരക്ഷണ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും അത് പ്രവർത്തനക്ഷമമാണെന്നും, 18-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതുപോലെ അതിന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും സാമാന്യം വിശാലവും എല്ലാം ഉൾക്കൊള്ളുന്നതുമാണെന്ന് അഡീഷണൽ സോളി സിറ്റർ ജനറൽ കോടതിയെ അറിയിച്ചു.

20. ഉപഭോക്തൃ കാര്യ മന്ത്രാലയം അതിന്റെ സത്യവാങ്മൂലത്തിൽ "തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ തടയുന്നതിനും തെറ്റിധരിപ്പിക്കുന്ന പരസ്യങ്ങളായി സാക്ഷ്യപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, 2022'' വിവരിച്ചുകൊണ്ടുള്ള 09/06/2022-ലെ വിജ്ഞാപനം ഉള്ളടക്കം ചെയ്തിട്ടുണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. അത് പ്രച്ഛന്ന പരസ്യങ്ങൾ സൗജന്യമായി ലഭിക്കുമെന്ന് അവകാശപ്പെടുന്ന പരസ്യങ്ങൾ, കുട്ടികളെ ലക്ഷ്യം വച്ചുകൊണ്ടുള്ള പരസ്യങ്ങൾ, നിയമംമൂലം നിരോധിക്കപ്പെട്ടിട്ടുള്ള പരസ്യങ്ങൾ എന്നിവയുടെ നിരോധനം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് ഉള്ളതാണ്. 2022-ലെ മാർഗ്ഗനിർദ്ദേശങ്ങൾ മറ്റുള്ളതിനോടൊപ്പം "ബെയിറ്റ് പരസ്യങ്ങൾ", "എൻഡോർസെർ", "പ്രച്ഛന്ന" പരസ്യം" ചെയ്യൽ എന്നീ പദ പ്രയോഗങ്ങൾ പ്രത്യേകമായി നിർവ്വചിച്ചിട്ടുണ്ട്. ഭക്ഷ്യപദാർത്ഥങ്ങളും ആരോഗ്യദായകമായ ഉൽപ്പന്നങ്ങളും ഉൾപ്പെടെയുള്ളത് സംബന്ധിച്ച് തെറ്റായതും തെറ്റിധരിപ്പിക്കുന്നതുമായ പരസ്യങ്ങളിൽ കേന്ദ്ര അതോറിറ്റി സ്വീകരിച്ച നടപടികളുടെ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് അനുബന്ധം R4 ൽ പരാമർശിച്ചിട്ടുണ്ട്. അതിൽ തെറ്റിധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ 2020 ജൂലൈ മുതൽ 2024 ഏപ്രിൽ വരെ ആകെ 163 നോട്ടീസുകൾ കേന്ദ്ര അതോറിറ്റി നൽകിയതായി കാണുന്നു. പ്രസ്തുത 163 നോട്ടീസുകളിൽ 58 എണ്ണവുമായി ബന്ധപ്പെട്ട നടപടികൾ അവസാനിപ്പിക്കുകയും ശേഷിക്കുന്ന 105 എണ്ണത്തിൽ നടപടി തുടർന്നു വരികയുമാണെന്ന് പറഞ്ഞിട്ടുണ്ട്. കൂടാതെ തെറ്റായതോ തെറ്റിധരിപ്പിക്കുന്നതോ ആയ പരസ്യങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോഴെല്ലാം സ്വമേധയാ നടപടി എടുക്കുവാൻ അധികാരപ്പെട്ട അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഏതു രീതിയുള്ള നടപടികളാണ് എടുത്തിട്ടുള്ളത് എന്നതിനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ ഒന്നും അതിലില്ല. വ്യാജമായതോ തെറ്റിധരിപ്പിക്കുന്നതോ ആയ പരസ്യങ്ങൾ, പ്രത്യേകിച്ച് ഭക്ഷ്യ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെടുകയോ അല്ലെങ്കിൽ അറിയുകയോ ചെയ്യുമ്പോൾ കേന്ദ്ര അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുന്ന ഒരു അധിക സത്യവാങ്മൂലം ഫയൽ ചെയ്യാൻ ഉപഭോക്തൃ കാര്യ മന്ത്രാലയത്തിനു നിർദ്ദേശം നൽകുന്നു.

21. തെറ്റായതും തെറ്റിദ്ധരിപ്പിക്കുന്നതുമായ പരസ്യങ്ങൾ നൽകുന്നതിന് പരസ്യക്കാർ അല്ലെങ്കിൽ പരസ്യ ഏജൻസികൾ, ഒരുപോലെ ഉത്തരവാദികളാണെന്ന് ഉറച്ച അഭിപ്രായമാണ് ഞങ്ങൾക്ക്. പൊതു സമ്മതിയുള്ളവർ (public figures), ഇൻഫ്ളുവൻസേഴ്സ് (influencers), സെലിബ്രിറ്റികൾ (celebrities) എന്നിവർ പതിവായി നൽകുന്ന പിൻതുണ ഒരു ഉൽപ്പന്നത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ പ്രധാനമായ പങ്ക് വഹിക്കുന്നു. കുട്ടികളെ അഭിസംബോധന ചെയ്യുന്ന/ലക്ഷ്യമിടുന്ന അല്ലെങ്കിൽ വിവിധ ആവശ്യങ്ങൾക്കായി കുട്ടികളെ ഉപയോഗിക്കുന്ന പരസ്യങ്ങളുമായി ബന്ധപ്പെട്ട 2022-ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ എട്ടാമത്തെ മാർഗ്ഗനിർദ്ദേശത്തിലും അറിവില്ലായ്മയോ പരിചയക്കുറവോ കാരണം ഉപഭോക്താവിന്റെ വിശ്വാസം ദുരുപയോഗം ചെയ്യപ്പെടുകയോ ചൂഷണം ചെയ്യുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ നിർമ്മാതാക്കൾ, സേവന ദാതാക്കൾ, പരസ്യക്കാർ, പരസ്യ ഏജൻസികൾ എന്നിവരുടെ കടമകൾ നിർവചിക്കുന്ന 12-ാം മാർഗ്ഗനിർദ്ദേശത്തിൽ പ്രതിഫലിച്ചിരിക്കുന്നതുപോലെ, ഏതെങ്കിലും ഉൽപ്പന്നത്തെ പിൻതുണക്കുമ്പോൾ ഉത്തരവാദിത്തബോധത്തോടെ പ്രവർത്തിക്കുകയും അതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയും ചെയ്യേണ്ടത് അവർക്ക് അത്യന്താപേക്ഷിതമാണ്. പരസ്യ

ങ്ങളെ പിൻതുണക്കുന്നതിന് വേണ്ടത്ര ജാഗ്രത പുലർത്താനും, കൂടാതെ ഒരു ഉൽപ്പന്നത്തെ പിൻതുണക്കുന്ന വ്യക്തിക്ക് പിൻതുണ ചെയ്യാൻ ഉദ്ദേശിക്കുന്ന ഉൽപ്പന്നത്തെയോ സേവനത്തെയോ കുറിച്ച് മതിയായ അറിവോ അനുഭവമോ ഉണ്ടായിരിക്കുകയും അത് വഞ്ചനാപരമല്ലെന്ന് ഉറപ്പാക്കുകയും വേണമെന്ന് 13-ാം മാർഗ്ഗനിർദ്ദേശം ആവശ്യപ്പെടുന്നു.

22. നിയമാനുസൃതമായ വ്യവസ്ഥകൾ അല്ലെങ്കിൽ ചട്ടങ്ങൾ, റഗുലേഷനുകൾ, മാർഗ്ഗനിർദ്ദശങ്ങൾ എന്നിവയുൾപ്പെടെ മുൻപറഞ്ഞ വ്യവസ്ഥകൾ എല്ലാം നല്ല ഉദ്ദേശത്തോടുകൂടിയുള്ളതാണ്. അത് ഉപഭോക്താവിന് സേവനം നല്കുന്നതിനും, വില്പനക്കായി തന്നിട്ടുള്ള പ്രത്യേകിച്ചും ഭക്ഷ്യ ആരോഗ്യമേഖലയിലെ ഉൽപ്പന്നങ്ങളുടെ സ്വഭാവം സംബന്ധിച്ച് അവരെ ബോധവാന്മാരാക്കിയെടുക്കുവാൻ ഉറപ്പാക്കുന്നതിനുമാണ്.പരാതിനൽകാൻ ഉപഭോക്താവിനെ പ്രോത്സാഹിപ്പിക്കുന്നതിനും പരാതിയുടെ അന്തിമഫലത്തെക്കുറിച്ച് ഉപഭോക്താക്കളെ വിവരരഹിതരാക്കുന്നവിധത്തിൽ വെറുതെ അടയാളപ്പെടുത്തുകയോ ബന്ധപ്പെട്ട അതോറിറ്റിക്ക് കൈമാറുകയോ ചെയ്യുന്നതിന് പകരമായി അതിന്മേൽ യുക്തമായ തീരുമാനത്തിലെത്താൻ സഹായിക്കുന്ന ഒരു സംവിധാനം മേൽപ്പറഞ്ഞ മന്ത്രാലയങ്ങൾ ഉണ്ടാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു.

23. മേൽപ്പറഞ്ഞവ കണക്കിലെടുത്തും, 2022-ലെ മാർഗ്ഗനിർദ്ദേശങ്ങളിലെ നിബന്ധനകൾ, അക്ഷരാർ ത്ഥത്തിൽ പാലിക്കാൻ പരസ്യക്കാർക്ക് ബാധ്യത ഉണ്ടെന്ന് ഉറപ്പുവരുത്തുവാൻ നിയമത്തിൽ ശക്തമായ ഒരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും, നിർമ്മാതാക്കൾ, സേവന ദാതാക്കൾ, പരസ്യക്കാർ, പരസ്യ ഏജൻസികൾ എന്നിവർ വിൽപ്പനയ്ക്ക് വെച്ചിട്ടുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ച് അറിഞ്ഞിരിക്കുവാനുള്ള ഉപഭോക്താവിന്റെ അവകാശത്തിൽ ഉൾക്കൊള്ളുന്ന ആരോഗ്യത്തിനുള്ള മൗലികാവകാശം നടപ്പിലാക്കുന്നതിന് ഇന്ത്യൻ ഭരണഘടനയുടെ 32-ാം അനുച്ഛേദപ്രകാരം ഈ കോടതിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. ഈ ശൂന്യത നികത്തുന്നതിന്, ഇനി മുതൽ, ഒരു പരസ്യം അച്ചടിക്കുകയോ സംപ്രേക്ഷണം ചെയ്യുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതിനുമുമ്പ്, 1994-ലെ കേബിൾ ടെലിവിഷൻ നെറ്റ് വർക്ക്സ് ചട്ടങ്ങളുടെ 7-ാംചട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ പരസ്യക്കാരനോ പരസ്യ ഏജൻസിയോ, ഒരു സ്വയം-പ്രഖ്യപനം സമർപ്പിക്കണം എന്ന് നിർദ്ദേശിക്കുന്നു. 7-ാംചട്ടം ഉദ്ധരിക്കുകയും കോടതി അത് പരിശോധിക്കുകയും ചെയ്തു.

24. വാർത്താവിനിമയ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്രോഡ്കാസ്റ്റ് സേവാ പോർട്ടലിൽ പരസ്യക്കാരൻ/പരസ്യ ഏജൻസി സ്വയം-പ്രഖ്യാപനം അപ്ലോഡ് ചെയ്യണം. പ്രസ്സ്/പ്രിന്റ് മീഡിയ/ഇന്റർനെറ്റ് എന്നിവയിലെ പരസ്യങ്ങളുടെ കാര്യത്തിൽ, ഇന്ന് മുതൽ നാലാഴ്ചയ്ക്കുള്ളിൽ അതിനു മാത്രമായി ഒരു പോർട്ടൽ സൃഷ്ടിക്കാൻ മന്ത്രാലയത്തിന് നിർദ്ദേശം നൽകുന്നു. പോർട്ടൽ സജ്ജമാക്കിയാലുടൻ, പ്രസ്സ്/പ്രിന്റ് മീഡിയ/ഇന്റർനെറ്റ് എന്നിവയിൽ എന്തെങ്കിലും പരസ്യം നൽകുന്നതിന് മുമ്പ് പരസ്യക്കാർ ഒരു സ്വയം-പ്രഖ്യപനം അപ്ലോഡ് ചെയ്യണം. സ്വയം-പ്രഖ്യപനം അപ്ലോഡ് ചെയ്തതിന്റെ തെളിവ് പരസ്യക്കാർ ബന്ധപ്പെട്ട ബ്രോഡ്കാസ്റ്റർ/പ്രിന്റർ/പ്രസാധകൻ/ടിവി ചാനൽ/ഇലക്ട്രോണിക് മീഡിയ എന്നിവയ്ക്ക് രേഖകളായി ലഭ്യമാക്കണം. മുകളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പ്രഖ്യപനം അപ്ലോഡ് ചെയ്യാതെ ബന്ധപ്പെട്ട ചാനലുകളിലും കൂടാതെ/ അല്ലെങ്കിൽ പ്രിന്റ് മീഡിയയിലും /ഇന്റർനെറ്റിലും പരസ്യങ്ങൾ അനുവദിക്കുന്നതല്ല. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 141 പ്രകാരം ഈ കോടതി പ്രഖ്യാപിച്ച നിയമമായി കണക്കാക്കണം.

25. 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ കണക്കിലെടുത്ത്, ആവശ്യപ്പെടുന്ന സ്വഭാവമോ പദാർത്ഥമോ ഗുണനിലവാരമോ ഇല്ലാത്ത ഭക്ഷണം വിൽക്കുന്നതിനുള്ള ശിക്ഷ (വകുപ്പ് 50), നിലവാരമില്ലാത്ത ഭക്ഷണത്തിനുള്ള ശിക്ഷ (വകുപ്പ് 51), തെറ്റായി ബ്രാൻഡ് ചെയ്ത ഭക്ഷണത്തിനുള്ള ശിക്ഷ (വകുപ്പ് 52), തെറ്റിദ്ധരിപ്പിക്കുന്ന പരസ്യത്തിനുള്ള ശിക്ഷ (വകുപ്പ് 53), കൂടാതെ ആവശ്യമില്ലാത്ത പദാർത്ഥങ്ങൾ ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നതിനുള്ള ശിക്ഷ (വകുപ്പ് 54) എന്നിവയുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ലഭിച്ച പരാതികളും അത്തരം പരാതികളിൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിവരം നൽകുന്ന സത്യവാങ്മൂലം സമർപ്പിക്കാൻ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തോട് നിർദ്ദേശിക്കുന്നത് ഉചിതമാണെന്ന് കരുതുന്നു.

26. ഇത്തരം തെറ്റിദ്ധരിപ്പിക്കുന്നതായിട്ടുള്ള പരസ്യങ്ങൾ ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ, പരാതി ലഭിക്കാൻ കാത്തുനിൽക്കാതെ സ്വമേധയാ നടപടിയെടുക്കാൻ എഫ്എസ്എസ്എഐക്ക് അധികാരമുണ്ടെന്ന് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ, 2006-ലെ എഫ്എസ്എസ് ആക്റ്റ് പ്രകാരം 2018 മുതൽ ലഭിച്ച പരാതികൾക്ക് പുറമെ, എഫ്എസ്എസ്എഐ സ്വമേധയാ എടുത്ത നടപടിയുടെ സ്വഭാവവും, തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളെ കൈകാര്യം ചെയ്യുന്നതിന് അത് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിയും മുകളിൽ ഫയൽ ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ സൂചിപ്പിക്കണം.

27. 09-07-2024-ലേക്ക് ആദ്യത്തെ കേസായി ലിസ്റ്റ് ചെയ്യുക.




# ഹൈക്കോടതി വിധിന്യായങ്ങൾ

# കേരള ഹൈക്കോടതി മുമ്പാകെ

## ബഹു. ജസ്റ്റിസ് ഡോ. എ. കെ. ജയശങ്കരൻ നമ്പ്യാർ

## &

## ബഹു. ജസ്റ്റിസ് ശ്യാംകുമാർ വി. എം.

ഒ.റ്റി. അപ്പീൽ നം. 2/2019

**ജലാലുദ്ദീൻ** - അപ്പീൽവാദി

v.

**സംസ്ഥാന നികുതി കമ്മീഷണർ** - എതിർകക്ഷി

( 20.05.2024 - ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിയമത്തിൽ വിഭാവനം ചെയ്തതുപോലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെട്ടിട്ടില്ലെങ്കിൽ, അറ്റ നികുതി ബാദ്ധ്യത കണക്കാക്കുമ്പോൾ അത് അനുവദിക്കാനാകില്ല. ഫോറം 8- ലുള്ള ബിൽ പ്രകാരം റിട്ടേണുകൾ ഫയൽ ചെയ്താൽ മാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാൻ കഴിയൂ. കൂടാതെ ബിസിനസ് വേളയിൽ കൃത്യമായി സൂക്ഷിച്ചുവരുന്ന നിയമപ്രകാരമുള്ള രജിസ്റ്ററുകളിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള അർഹത പ്രതിഫലിക്കണം.

**വിധിന്യായം**

**ജസ്റ്റിസ് ശ്യാംകുമാർ വി. എം.**

30.10.2018-ൽ എതിർകക്ഷിയായ സംസ്ഥാന നികുതി കമ്മീഷണർ പുറപ്പെടുവിച്ച 'അനുബന്ധം - സി' ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് അപ്പീൽവാദിയായ അസസ്സി യാണ് ഈ അപ്പീൽ ഫയൽ ചെയ്യുന്നത്. ഇനിപ്പറയുന്ന നിയമപരമായ ചോദ്യങ്ങൾ പരിഗണനയ്ക്കായി ഉന്നയിക്കപ്പെടുന്നു.

"(എ) 2017-ലെ ധനകാര്യ ആക്ട് പ്രകാരം കെ. വി. എ. റ്റി. ആക്ടിന്റെ 55-ാം വകുപ്പിൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് 'അനുബന്ധം ബി' ഉത്തരവിന്മേൽ 60-ാം വകുപ്പ് പ്രകാരം അപ്പീലുള്ളപ്പോഴും റിവിഷൻ ഒരു അപ്പീലായി കരുതപ്പെടുമ്പോഴും 01.04.2017-ന് ശേഷം കമ്മീഷണർക്ക് കെ. വി. എ. റ്റി. ആക്ടിന്റെ 58-ാം വകുപ്പ് പ്രകാരമുള്ള അധികാരം വിനിയോഗിക്കുവാനും ഈ കേസിലെ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനും നിയമപരമായ അധികാരം ഉണ്ടോ?

(ബി) നിയമമനുസരിച്ചും കേസിന്റെ സാഹചര്യമനുസരിച്ചും അപ്പീൽവാദി നികുതി വെട്ടിപ്പിന് ശ്രമിച്ചത് മൂല്യവർദ്ധനവിന് മാത്രമാണെന്ന ഒന്നാം റിവിഷണൽ അതോറിറ്റിയുടെ കണ്ടെത്തൽ തെറ്റാണെന്ന കമ്മീഷണറുടെ കണ്ടെത്തൽ ന്യായീകരിക്കാവുന്നതാണോ?

(സി) നിയമമനുസരിച്ചും കേസിന്റെ സാഹചര്യമനുസരിച്ചും കമ്മീഷണർ, ഒന്നാം റിവിഷണൽ അതോറിറ്റിയുടെ ഉത്തരവ് റദ്ദാക്കുകയും ഇന്റലിജൻസ് ഓഫീസറുടെ പെനാൽറ്റി ഓർഡർ പുന:സ്ഥാപിക്കുകയും ചെയ്യുന്നത് ന്യായീകരിക്കാവുന്നതാണോ?

(ഡി) വസ്തുതകളുടെ അടിസ്ഥാനത്തിലും കേസിന്റെ സാഹചര്യങ്ങളിലും, കമ്മീഷണർ തീരുമാനിച്ച തോതിലുള്ള പിഴ ഈടാക്കേണ്ടതുണ്ടോ?"

2. ഈ അപ്പീലിന്റെ പരിഗണനയ്ക്ക് വന്ന പ്രസക്തമായ വസ്തുതകൾ ഇനിപ്പറയുന്നവയാണ്:

പരാതിക്കാരൻ ഒരു അംഗീകൃത തടി വ്യാപാരിയാണ്. 07.05.2013-ാം തീയതിയിലെ 10-ാം നമ്പർ ബിൽ പ്രകാരം ഇറക്കുമതി ചെയ്ത തേക്ക്, രജിസ്റ്റർ ചെയ്ത മറ്റൊരു ഡീലർക്ക് 9,04,050/- രൂപയ്ക്ക് അയാൾ വിൽപ്പന നടത്തി. 2013-14 അസ്സെസ്സ്മെന്റ് വർഷത്തിൽ, അപ്പീൽവാദി സമർപ്പിച്ച റിട്ടേണുകളിൽ പ്രസ്തുത വിൽപ്പന പ്രതിഫലിച്ചിട്ടില്ല. വാങ്ങിയ ആൾ സമർപ്പിച്ച രേഖകളിൽ നിന്നും ഇക്കാര്യം റവന്യൂവിന്റെ ശ്രദ്ധയിൽപ്പെടുകയും, അതിനെതുടർന്ന് 2003-ലെ കേരള മൂല്യ വർധിത നികുതി ആക്ടിലെ വകുപ്പ് 67(1) പ്രകാരം അപ്പീൽവാദിക്ക് ഒരു നോട്ടീസ് നൽകുകയും ആ അപാകത സംബന്ധിച്ച് അദ്ദേഹത്തോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. മൂടിവയ്ക്കപ്പെട്ട വിറ്റുവരവും അതിലൂടെ അപ്പീൽവാദി വെട്ടിക്കാൻ ശ്രമിച്ചിട്ടുള്ള നികുതിയും പ്രസ്തുത നോട്ടീസിൽ ഇനിപ്പറയുന്ന രീതിയിൽ പ്രസ്താവിച്ചിട്ടുണ്ട്:

| | |
|---|---|
| മൂടിവയ്ക്കപ്പെട്ട പ്രാദേശികമായ വിറ്റുവരവ് | : 9,04,050/-രൂപ |
| 20% നിരക്കിൽ മൊത്തത്തിലുള്ള ലാഭം ചേർക്കുക | : 1,80,810/- രൂപ |
| മൂടിവയ്ക്കപ്പെട്ട വിറ്റുവരവ് കണക്കാക്കിയത് | :10,84,860/- രൂപ |
| 14.5% നിരക്കിൽ കിട്ടേണ്ട നികുതി | : 1,57,305/- രൂപ |

പ്രസ്തുത നോട്ടീസിൽ, 2003 -ലെ കെ. വി. എ. റ്റി. ആക്ടിലെ 67-ാം വകുപ്പ് പ്രകാരം അപ്പീൽവാദിയുടെ മേൽ 3,14,610/- രൂപ പിഴ ചുമത്താൻ നിർദ്ദേശിച്ചു, അതായത് അയാൾ വെട്ടിക്കാൻ ശ്രമിച്ച നികുതിയുടെ ഇരട്ടിത്തുക.

3. നോട്ടീസ് ലഭിച്ചതിനുശേഷം അപ്പീൽവാദിയായ അസ്സെസ്സി സമർപ്പിച്ച മറുപടിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ തന്റെ പർച്ചേസ് ലിസ്റ്റിൽ അപ്‌ലോഡ് ചെയ്യുന്നതിൽ തന്റെ ഭാഗത്തുനിന്നു വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് സമ്മതിച്ചു. പ്രസ്തുത വീഴ്ച മനപൂർവ്വമോ ബോധപൂർവ്വമോ അല്ലെന്നും തന്റെ ജീവനക്കാരന്റെ ഭാഗത്തുനിന്നുണ്ടായ നോട്ടപ്പിശക് കൊണ്ടുണ്ടായ വീഴ്ച മാത്രമാണെന്ന വാദം ഉന്നയിച്ചുകൊണ്ട് പിഴ ഒഴിവാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. മറുപടിയിൽ, അപ്പീൽവാദിയായ അസെസ്സി എടുത്ത പ്രധാന ആക്ഷേപം, 20 ശതമാനം നിരക്കിൽ നോട്ടീസിൽ മൊത്ത ലാഭം കണക്കാക്കിയതിനെക്കുറിച്ചായിരുന്നു. ഇത് ഏകപക്ഷീയവും നിയമവിരുദ്ധവുമാണെന്ന് അദ്ദേഹം വിശേഷിപ്പിക്കുകയും, അത് താൻ പ്രഖ്യാപിച്ച 12.15 ശതമാനമായിരിക്കണമെന്ന് അദ്ദേഹം വാദിക്കുകയും ചെയ്തു. എങ്ങനെയായാലും ഇൻപുട്ട് ടാക്സ് ക്ളെയിമിന്റെ ആനുകൂല്യം തനിക്ക് നൽകേണ്ടതായിരുന്നുവെന്നും, അത് കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള വാങ്ങൽ ആയിരുന്നെങ്കിൽ തനിക്കു ലഭിക്കുമായിരുന്നുവെന്നും അദ്ദേഹം വാദിച്ചു.

4. മൊത്തലാഭം 12.15 ശതമാനമായി നിജപ്പെടുത്തണമെന്ന അപ്പീൽ വാദിയുടെ വാദം ഇന്റലിജൻസ് ഓഫീസർ അംഗീകരിക്കുകയും 31.10.2015-ൽ'അനുബന്ധം - എ' ഉത്തരവ് നൽകുകയും ചെയ്തു. എന്നിരുന്നാലും പ്രസ്തുത ഉത്തരവിൽ, മൂടിവയ്ക്കാൻ ശ്രമിച്ചിട്ടുള്ള നികുതിയായി കണക്കാക്കിയ 1,47,014/- രൂപ മൊത്തവിൽപ്പന

വിറ്റു വരവായ 10,13,892/- രൂപ യിന്മേൽ ആണ്, അല്ലാതെ മൂല്യ വർദ്ധ നവ് ആയ 1,09,842/- രൂപയിന്മേൽ മാത്രമായി രുന്നില്ല. അങ്ങനെ കണക്കാക്കി അനുബന്ധം എ ഉത്തരവിലൂടെ ഇന്റലിജൻസ് ഓഫീസർ വിറ്റുവരവിന്മേലുള്ള ഇരട്ടി നികുതിയായ 2,94,029/- രൂപ പിഴ നൽകിയത് ശരിവച്ചു.

5. 2003-ലെ കെ. വി. എ ടി ആക്ടിലെ 57-ാം വകുപ്പ് പ്രകാരം ഒരു റിവിഷൻ അപേക്ഷ ഫയൽ ചെയ്തുകൊണ്ട് ഇന്റലിജൻസ് ഓഫീസറുടെ അനുബന്ധം എ ഉത്തരവ് അപ്പീൽവാദിയായ അസ്സെസ്സി ചോദ്യം ചെയ്തു. റിവിഷണൽ അതോറിറ്റി അപ്പീൽവാദിയായ അസെസ്സിക്ക് കേൾക്കാനുള്ള അവസരം നൽകിയശേഷം, 30.06.2016-ലെ അനുബന്ധം ബി ഉത്തരവ് പ്രകാരം, പിഴ 2,94,029/- രൂപ യിൽ നിന്ന് 15,927/- രൂപയായി കുറച്ചു. അപ്പീൽ വാദിയുടെ പക്കലുള്ള മൂല്യ വർദ്ധന തുകയായ 1,09,842/- രൂപ അടിസ്ഥാനമാക്കി, വെട്ടിക്കപ്പെട്ട യഥാർത്ഥ തുകയായ 15,927/- രൂപയിന്മേൽ മാത്രമേ പിഴ ചുമത്താൻ കഴിയൂ എന്നതായിരുന്നു അങ്ങനെ കുറവുവരുത്തിയതിനുള്ള റിവിഷണൽ അതോറിറ്റിയുടെ ന്യായവാദം.

6. 2003-ലെ കെ. വി. എ. റ്റി. ആക്ടിന്റെ 58-ാം വകുപ്പ് പ്രകാരമുള്ള രണ്ടാം റിവിഷനിൽ ഒന്നാം റിവിഷണൽ അതോറിറ്റിയുടെ അനുബന്ധം -ബി ഉത്തരവ് എതിർകക്ഷി യായ സംസ്ഥാന നികുതി കമ്മീഷണർ സ്വമേധയാ പരിഗണിച്ചു. 30.10.2018-ലെ അനുബന്ധം-സി ഉത്തരവ് വിശദമായ പരിഗണനക്ക് ശേഷം എതിർകക്ഷി (സംസ്ഥാന നികുതി കമ്മീഷണർ) ഒന്നാം റിവിഷണൽ അതോറിറ്റി പാസ്സാക്കിയ അനുബന്ധം- ബി ഉത്തരവ് റദ്ദാക്കുകയും ഇന്റലിജൻസ് ഓഫീസർ പാസ്സാക്കിയ അനുബന്ധം- എ ഉത്തരവ് പുന:സ്ഥാപിക്കുകയും ചെയ്തു. സ്വമേധയായുള്ള റിവിഷണൽ അധികാരം വിനിയോഗിച്ച് എതിർകക്ഷി അങ്ങനെ പാസ്സാക്കിയിട്ടുള്ള അനുബന്ധം സി ഉത്തരവ് മേൽ പരാമർശിച്ചിട്ടുള്ള നിയമ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ അപ്പീലിൽ ചോദ്യം ചെയ്തിട്ടുള്ളത്.

7. അപ്പീൽവാദിയായ അസ്സെസിക്കുവേണ്ടി ഹാജരായ അഭിഭാഷകനായ ശ്രീ. എസ്. സുരേഷ് ബാബുവിനെയും റവന്യൂവിന് വേണ്ടി ഹാജരായ ഗവ. പ്ളീഡറെയും ഞങ്ങൾ കേട്ടു.

8. മൂല്യവർദ്ധനവിന്മേൽ മാത്രമേ നികുതി ഒഴിവാക്കാനോ അല്ലെങ്കിൽ നികുതി ഒഴിവാക്കി കിട്ടുവാൻ ആവശ്യപ്പെടാൻ കഴിയൂ എന്നതായിരുന്നു അപ്പീൽ വാദിയുടെ അഭിഭാഷകൻ ഉന്നയിച്ച പ്രധാന വാദം. അതിനാൽ, 67-ാം വകുപ്പിൻ കീഴിൽ ചുമത്താവുന്ന പിഴ ഇതിന് ആനുപാതി കമായി മാത്രമായിരിക്കേണ്ടതാണ്. അതി നാൽ, അപ്പീൽവാദിയുടെ അഭിഭാഷകന്റെ അഭിപ്രായത്തിൽ, അനുബന്ധം -ബി ഉത്തരവിലെ ഒന്നാം റിവിഷണൽ അതോറിറ്റിയുടെ നിഗമനം നിയമപരമായി നിലനിൽക്കുന്നതാണ്. അനുബന്ധം- ബി യെ തടസ്സപ്പെടുത്തുന്ന അനുബന്ധം- സി ഉത്തരവിൽ അധികാരപരിധി സംബന്ധിച്ച് ഗുരു തരമായ പിഴവ് സംഭവിച്ചിട്ടുണ്ടെന്ന് വാദിച്ചു. അതിനുള്ള കാരണം 2003-ലെ കെ. വി. എ. റ്റി. ആക്ടിൽ കാലാകാലങ്ങളിൽ ധനകാര്യ ആക്റ്റുകൾ മുഖേന കൊണ്ടുവന്നിട്ടുള്ള വിവിധ ഭേദഗതികളെ തുടർന്ന് എതിർ കക്ഷിയായ സംസ്ഥാന നികുതി കമ്മീഷ ണർക്ക് 58-ാം വകുപ്പിൻ കീഴിൽ സ്വമേ ധയായുള്ള റിവിഷണൽ അധികാരം ഇല്ലാ തായി. ഒന്നാം റിവിഷനിൽ അതോറിറ്റി പാസ്സാക്കിയ അനുബന്ധം ബി ഉത്തരവി ന്മേൽ, റിവിഷണൽ എതിർകക്ഷിക്ക് ഇട പെടാൻ കഴിയില്ലെന്ന അപ്പീൽവാദിയുടെ അഭിഭാഷകൻ വാദിക്കുകയും അനുബന്ധം- ബി-ക്ക് എതിരായി റവന്യൂവിന് ലഭ്യമായിട്ടുള്ള ശരിയായ പ്രതിവിധി ക്ഷമതയുള്ള അധികാരസ്ഥാനത്തിന് മുൻ പാകെ അപ്പീൽ ഫയൽ ചെയ്യുക എന്നുള്ളതായിരുന്നു.

9. നേരെ മറിച്ച്, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, എന്തെങ്കിലും ഉണ്ടെങ്കിൽ, പ്രതിമാസ

റിട്ടേണുകളെ അടിസ്ഥാനമാക്കിയുള്ള ബന്ധപ്പെട്ട മാനദണ്ഡങ്ങൾ അനുസരിച്ചും അതിന് അനുസൃതമായും മാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാനാവൂ എന്നും, നിർദ്ദിഷ്ട രജിസ്റ്ററുകൾ വഴിയും സാധാരണ ബിസിനസ്സ് സമയത്ത് സൂക്ഷിക്കുന്ന അക്കൗണ്ട് ബുക്കുകൾ വഴിയും കൃത്യമായി കണക്കാക്കിയ ഇൻവോയ്സുകളാലും പിന്തുണയ്ക്കപ്പെട്ടും വേണം ഇൻപുട്ട് ടാക ്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാവൂ എന്നത് സുസ്ഥാപിത നിയമമാണെന്നാണ് റവന്യൂവിന് വേണ്ടി ഹാജരായ അഭിഭാഷകൻ സമർപ്പിച്ചത്. മേൽപറഞ്ഞ പ്രകാരം ഇൻ പുട്ട് ടാക്സ് ക്രെഡിറ്റ് ഡീലർ അവകാശ പ്പെട്ടിട്ടില്ലെങ്കിൽ പ്രതിമാസ റിട്ടേണുകളിലൂടെ വാങ്ങൽ സമ്മതിച്ചുകൊണ്ട് അറ്റ ടാക്സ് ബാദ്ധ്യത കണക്കാക്കുമ്പോൾ അസെസ്സിംഗ് അതോറിറ്റിക്ക് അത് പരിഗണിക്കാൻ കഴിയില്ല. അനുബന്ധം സി ഉത്തരവ് ചൂണ്ടിക്കാട്ടി, 2003-ലെ കെ. വി. എ. ടി. ആക്റ്റിലും അതിന്റെ കീഴിലുള്ള ചട്ടങ്ങൾ പ്രകാരവും ഒരു ഡീലർ പർച്ചേസുകൾ മറച്ചുവയ്ക്കുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ക്ലെയിം ചെയ്യാൻ ഒരു വ്യവസ്ഥയും ഇല്ലെന്ന് റവന്യൂവിന് വേണ്ടി ഹാജരായ അഭിഭാഷകൻ സമർപ്പിക്കുന്നു. മേൽപ്പറഞ്ഞ വാദത്തിന്റെ അടസ്ഥാനത്തിൽ ഒഴിവാക്കാൻ ശ്രമിക്കുന്ന നികുതി കണക്കാക്കുമ്പോൾ ഫയൽ ചെയ്ത റിട്ടേണുകളിൽ സമ്മതിക്കാത്ത വാങ്ങലുകൾക്ക് ഇൻപുട്ട് ടാക്സ് അനുവദിച്ച് ഒന്നാം റിവിഷണൽ അതോറിറ്റി പുറപ്പെടുവിച്ച ഉത്തരവ് ശരിയായ നിയമമല്ലെന്നും അനുബന്ധം 'സി' അസാധുവാക്കിയ നടപടി നിയമസാധുത ഉള്ളതാണെന്ന് റവന്യൂവിന് വേണ്ടി ഹാജരായ അഭിഭാഷകൻ സമർപ്പിച്ചു.

10. വാദപ്രതിവാദങ്ങൾ ഞങ്ങൾ പരിഗണിച്ചു. രണ്ടാം വിൽപനക്കാരൻ ആയതിനാൽ അപ്പീൽവാദിയായ അസെസ്സി ഒഴിവാക്കിയതായി ആരോപിക്കപ്പെടുന്ന നികുതി മൂല്യവർദ്ധനവിൽ മാത്രമാണെന്ന ഒന്നാം റിവിഷണൽ അതോറിറ്റിയുടെ 'അനുബന്ധം ബി' ഉത്തരവിലെ നിഗമനം ഗൂഢവും ന്യായരഹിതവുമാണെന്ന് ഞങ്ങൾ കാണുന്നു. ഒന്നാം റിവിഷണൽ അതോറിറ്റിയുടെ പ്രസ്തുത ന്യായവാദത്തിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ വാദിയായ അസെസ്സിയുടെ നികുതി ബാദ്ധ്യതയായി വരുന്നത് 15,927/-രൂപ മാത്രമാണ്. ഇന്റലിജൻസ് ഓഫീസർ വാങ്ങൽ സംബന്ധിച്ച ഒരു വീഴ്ച മാത്രമേ കണ്ടെത്തിയിട്ടുള്ളൂവെന്നും യാതൊരു രീതിയിലുള്ള മൂടിവയ്പും സ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതിനാലും പരമാവധി പിഴ ചുമത്താനുള്ള കാരണമോ ന്യായമോ ഇല്ലാതിരുന്നതിനാലും, മൂല്യവർദ്ധനവിന്മേൽ ഒഴിവാക്കപ്പെട്ടിട്ടുള്ള നികുതിയുടെ യഥാർത്ഥ തുകയിൽ മാത്രമായി പിഴ പരിമിതപ്പെടുത്തേണ്ടതാണെന്ന് ഒന്നാം റിവിഷണൽ അതോറിറ്റിയും നിഗമനത്തിൽ എത്തിയിട്ടുണ്ട്. 'അനുബന്ധം ബി' -യിൽ ഒന്നാം റിവിഷണൽ അതോറിറ്റി എത്തിച്ചേർന്ന പ്രസ്തുത ന്യായവാദവും നിഗമനവും, സ്ഥാപിക്കപ്പെട്ടിട്ടുള്ള നിയമ തത്വങ്ങൾക്ക് വിരുദ്ധവും തെറ്റായതുമാണെന്ന് ഞങ്ങൾ കണ്ടെത്തുന്നു. നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിയമത്തിൽ വിഭാവനം ചെയ്തതുപോലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെട്ടിട്ടില്ലെങ്കിൽ, അറ്റ നികുതി ബാദ്ധ്യത കണക്കാക്കുമ്പോൾ അത് അനുവദിക്കാനാകില്ല. ഫോറം 8-ലുള്ള ബിൽ പ്രകാരം റിട്ടേണുകൾ ഫയൽ ചെയ്താൽ മാത്രമേ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവകാശപ്പെടാൻ കഴിയൂ. കൂടാതെ ബിസിനസ് വേളയിൽ കൃത്യമായി സൂക്ഷിച്ചുവരുന്ന നിയമപ്രകാരമുള്ള രജിസ്റ്ററുകളിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള അർഹത പ്രതിഫലിക്കണം. ഒന്നാം റിവിഷണൽ അതോറിറ്റി അനുബന്ധം 'ബി' യിൽ, തെറ്റായ ന്യായവാദത്തിലൂടെ, പർച്ചേസ് വിറ്റുവരവ് നിയമവിരുദ്ധമായി മൂടിവച്ച അപ്പീൽ വാദിയായ അസെസ്സിയെ സഹായിച്ചു. ഒന്നാം റിവിഷണൽ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച അനുബന്ധം 'സി' - യിലൂടെ രണ്ടാം റിവിഷണൽ അതോറിറ്റി ഉചിതമായി തിരുത്തിയിട്ടുണ്ട്.

11. സ്വന്തം തെറ്റിൽ നിന്നും ആർക്കും മുതലെടുക്കുവാൻ കഴിയില്ല'' എന്നത്

" Nullus Commodum Capere Potest De Injuria Sua Propria"എന്ന സൂക്തം ഉദ്ഘോഷിക്കുന്ന പ്രധാന നിയമതത്വമാണ്. ഒരു കാര്യം ചെയ്യുന്നത് തടസ്സപ്പെടുത്തുന്നവന്, അതു മൂലം ചെയ്യാൻപറ്റാതായ കാര്യത്തിൽ നിന്നും സ്വയം പ്രയോജനം ആർജ്ജിക്കുവാൻ കഴിയുകയില്ല എന്ന ശരിയായ തത്വത്തെ അത് വെളിവാക്കുന്നു. സുപ്രീംകോടതി അടുത്തിടെ, **മുനിസിപ്പൽ കമ്മിറ്റി കത്രയും മറ്റുള്ളവരും v. അശ്വനി കുമാറിൽ** (2024 SCC ഓൺലൈൻ SC 840) ഈ സൂക്തം വിശദമായി പരിശോധിച്ചിരുന്നു. സുപ്രീംകോടതി അതിൽ ഇങ്ങനെ അഭിപ്രായപ്പെട്ടിരുന്നു.

"സ്വന്തം തെറ്റ് അനാവശ്യവും അന്യായവുമായി മുതലെടുക്കാൻ, നിയമത്തിന്റെ അനുകൂലമായ വ്യാഖ്യാനം നേടുന്നതിന് ആരെയും അനുവദിക്കാനാവില്ല എന്നത് സംശയത്തിന് അതീതമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഒരു തെറ്റു ചെയ്യുന്നയാളെ സ്വന്തം തെറ്റിൽ നിന്ന് ലാഭമുണ്ടാക്കാൻ അനുവദിക്കരുത്".

ഈ (അപ്പീൽ) ലെ അപ്പീൽ വാദിയായ അസ്സെസ്സിയുടെ പെരുമാറ്റം മേൽപ്പറഞ്ഞ നിർദ്ദേശം പൂർണ്ണമായും ഉൾക്കൊള്ളുന്നു.

12. പ്രസക്തമായ സമയത്ത് എതിർകക്ഷിയായ സംസ്ഥാനനികുതി കമ്മീഷണർക്ക് റിവിഷണൽ അധികാരം വിനിയോഗിക്കുന്നതിനും അനുബന്ധം-സി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും അധികാരം ഇല്ലെന്ന അപ്പീൽ വാദിയായ അസ്സെസ്സിയുടെ വാദത്തിലേയ്ക്ക് വരുമ്പോൾ, 2003-ലെ കെ. വി. എ. റ്റി. ആക്ടിലെ 58-ാം വകുപ്പ് പ്രകാരമുള്ള നോട്ടീസിനെ തുടർന്ന് എതിർകക്ഷി (കമ്മീഷണർ) അപ്പീൽവാദിയെ കേട്ടപ്പോൾ എതിർ കക്ഷിയുടെ അധികാരപരിധിയും ക്ഷമതയും സംബന്ധിച്ച് അങ്ങനെയുള്ള യാതൊരുവാദവും അപ്പീൽവാദിയായ അസ്സെസ്സി ഉന്നയിച്ചിട്ടില്ലെന്ന് കാണുന്നു. കൂടാതെ ഒന്നാം റിവിഷണൽ അതോറിറ്റി പാസ്സാക്കിയ ഉത്തരവിനെതിരായ നിയമപരമായ പ്രതിവിധി, ആക്റ്റിന്റെ 59-ാം വകുപ്പ് പ്രകാരം കമ്മീഷണർ മുമ്പാകെയുള്ള രണ്ടാമത്തെറിവിഷനാണെന്നഅപ്പീൽവാദിയായ അസ്സെസ്സിയുടെ വാദം, 58-ാം വകുപ്പിന്റെ പ്രത്യേക നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പരിഗണിക്കാനാവില്ല. എന്നാൽ അത് റവന്യൂവിന് ദോഷകരമാണെങ്കിൽ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഒഴികെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരിയോ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവോ ആക്റ്റിൻ കീഴിൽ എടുത്തിട്ടുള്ള നടപടികളോ വിളിപ്പിക്കാനും പരിശോധിക്കാനും കമ്മീഷണർക്ക് ആക്റ്റ് സ്വമേധയായുള്ള അധികാരം പ്രത്യേകമായി 58-ാം വകുപ്പിൽ നൽകുന്നു. നിലവിലെ വസ്തുതകളിലും സാഹചര്യങ്ങളിലും, ഒന്നാം റിവിഷണൽ അതോറിറ്റിയുടെ അനുബന്ധം ബി ഉത്തരവിലെ യുക്തി രാഹിത്യവും നിയമവിരുദ്ധതയും കണക്കിലെടുത്ത്, കെ. വി. എ. ടി. ആക്റ്റിലെ 58-ാം വകുപ്പ് പ്രകാരം കമ്മീഷണർ തന്റെ അധികാരം സാധുതയോടെ വിനിയോഗിച്ചതായി ഞങ്ങൾ ശ്രദ്ധിക്കുന്നു. അല്ലാത്തപക്ഷം, അത് റവന്യൂവിന്റെ താത്പര്യത്തെ ദോഷകരമായി ബാധിക്കുമായിരുന്നു. മാത്രമല്ല, മുകളിൽ പറഞ്ഞിട്ടുള്ളപോലെ അപ്പീൽ വേളയിൽ അധികാരപരിധി സംബന്ധിച്ച് ഒരു വാദം ആദ്യമായി അപ്പീൽവാദിയായ അസെസ്സിക്ക് ഉന്നയിക്കാൻ പറ്റില്ല.

മേൽപ്പറഞ്ഞവയുടെ അടിസ്ഥാനത്തിൽ, എതിർകക്ഷി പുറപ്പെടുവിച്ച അനുബന്ധസി ഉത്തരവിൽ ഇടപെടാൻ ഞങ്ങൾ ഒരു കാരണവും കാണുന്നില്ല. ഉന്നയിക്കപ്പെട്ട നിയമപരമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകി റവന്യൂവിന് അനുകൂലമായും അസെസ്സിക്ക് എതിരായും OT അപ്പീൽ അങ്ങനെ തള്ളുന്നു.

# കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് അമിത് റാവൽ**
**&**
**ബഹു.ജസ്റ്റിസ് ഈശ്വരൻ എസ്**
ഒ . പി (സി.എ.ടി.) നം. 83 / 2024

**യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും – ഹർജിക്കാർ**
**v.**
**സണ്ണി ജോസഫ് – എതിർകക്ഷി**

2024 മെയ് 23-ന് വിധി പ്രസ്താവിച്ചത്

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

ഔദ്യോഗിക ജീവിതത്തിന്റെ അവസാന കാലത്ത് സർവീസ് രേഖകളിലെ ജനനത്തീയതി തിരുത്താനുള്ള ജീവനക്കാരന്റെ അഭ്യർത്ഥന കോടതികൾ/ട്രൈബ്യൂണലുകൾ സ്വീകരിക്കരുത് എന്നതാണ്. എന്നിരുന്നാലും, ഈ ചട്ടത്തിന് ഒഴിവാക്കലുകൾ ഇല്ലാതില്ല. ഒരു ജീവനക്കാരന്റെ ജനനത്തീയതി അയാളുടെ സർവ്വീസ് രേഖയിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തെളിയിക്കാനുള്ള സ്പഷ്ടമായതും കുറ്റമറ്റതുമായ തെളിവുകളും ഉള്ളപക്ഷവും, പ്രസ്തുത രേഖ തിരുത്താനുള്ള അനുമതി നിഷേധിക്കുന്നത് നീതി നിഷേധത്തിന് തുല്യമായിരിക്കുന്ന പക്ഷവും, കോടതികൾ അത്തരം തിരുത്തലുകൾ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തത്ത്വങ്ങൾ വസ്തുതകൾക്ക് ബാധകമാക്കുമ്പോൾ, 5 വർഷത്തിന് ശേഷം ജനനത്തീയതി തിരുത്തുന്നതിന് അപേക്ഷിക്കുന്നതിന് നിയമപരമായ തടസ്സം ഉണ്ടെന്ന് വ്യക്തമാകും.

## വിധിന്യായം

## ജസ്റ്റിസ് ഈശ്വരൻ എസ്

സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ എറണാകുളം ബഞ്ച് മുമ്പാകെ ഉണ്ടായിരുന്ന ഒ.എ.നം. 469/2022-ലെ എതിർകക്ഷികൾ നിലവിലെ ഒറിജിനൽ ഹർജിയുമായി ഈ കോടതി മുമ്പാകെ ഹാജരായിട്ടുള്ളതാണ്. അനുബന്ധങ്ങൾ-A14, A15, A17, A19, A21, A24, A25, A28, A31 ഉത്തരവുകളെ ചോദ്യം ചെയ്താണ് ഇതിലെ എതിർകക്ഷി ഒ.എ സമർപ്പിച്ചത്. സർവീസ് രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള ജനനത്തീയതി തിരുത്താൻ താൻ നൽകിയ അപേക്ഷ ഇതിലെ ഹർജിക്കാർ നിരസിച്ചുയെന്നതായിരുന്നു എതിർകക്ഷി/അപേക്ഷകൻ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് മുമ്പാകെ ഉന്നയിച്ച പരാതി.

2. അപേക്ഷകൻ 7-11-1989-ൽ എഞ്ചിനീയറിങ് അസിസ്റ്റന്റായി സർവീസിൽ പ്രവേശിച്ചു എന്നാണ് ഒ.എ യിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ കാണിക്കുന്നത്. ടിയാന്റെ നിയമന സമയത്ത്, എസ്എസ്എൽസി ബുക്കിലെ എൻട്രികൾ പ്രകാരം സർവീസ് രേഖകളിൽ

രേഖപ്പെടുത്തിയിരുന്ന ജനന തീയതി 01.06.1964 ആയിരുന്നു. അപേക്ഷകന്റെ യഥാർത്ഥ ജനനത്തീയതി 02.07.1964 ആണെന്ന് അയാൾ പിന്നീട് അവകാശപ്പെട്ടു. കൂടാതെ, 10.04.2007 -ൽ അയാൾ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എടുത്തപ്പോൾ മാത്രമാണ് പ്രസ്തുത വസ്തുത അയാളുടെ ശ്രദ്ധയിൽ വന്നത് എന്നും വാദിക്കുന്നു. അതിനുശേഷം എസ്എസ്എൽസി രേഖകളിലെ ജനനത്തീയതി ഉടനെ തന്നെ തിരുത്തുന്നതിനായി അദ്ദേഹം സംസ്ഥാന സർക്കാരിനെ സമീപിക്കുകയും, അത് 27.06.2007-ന് സ്വീകരിച്ചിട്ടുള്ളതുമാണ്. പിന്നീട്, 13.01.2012-ലെ ഉത്തരവ് പ്രകാരം തന്റെ എസ്എസ്എൽസി ബുക്കിലെ രേഖപ്പെടുത്തലുകൾ തിരുത്തിയിട്ടുണ്ടായിരുന്നു എന്നും, എസ്എസ്എൽസി ബുക്കിലെ തിരുത്തലിനെത്തുടർന്നു അപേക്ഷകൻ 16.07.2013-ൽ വഴുതക്കാട് ആകാശവാണി ഡയറക്ടർക്ക് മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുള്ളതും, അത് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് മുമ്പാകെ അനുബന്ധം-എ13 ആയി ഹാജരാക്കിയിട്ടുള്ളതുമാണ് എന്ന് അപേക്ഷകൻ അവകാശപ്പെടുന്നു. അതിനുശേഷം നിവേദനത്തിനു 5.8.2013-ൽ മറുപടി ന ൽകിയിട്ടുള്ളതായി അനുബന്ധം-A14-ൽ നിന്ന് വെളിവാകുന്നു. അനുബന്ധം-എ 14 നിവേദനം കൈമാറിയിരുന്നുവെങ്കിലും, അപേക്ഷകൻ സർവീസ് രേഖകളിലെ ജനനത്തീയതി തിരുത്തുവാനായി ആവശ്യപ്പെട്ടിട്ടുള്ളത് സർവീസിൽ പ്രവേശിച്ച തീയതി മുതൽ അഞ്ച് വർഷത്തിന് ശേഷമായതിനാൽ, അത് 19-05-1993തീയതിയിലെ 19017/2/92-Estt(A) DoP&T നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്തതാണെന്ന അഭിപ്രായം അധികാരികൾ പ്രഥമദൃഷ്ട്യാ സ്വീകരിച്ചിരുന്നു. എന്നിരുന്നാലും നിവേദനം ഒന്നു കൂടി പരിഗണനയ്ക്കായി കൈമാറി യിരുന്നു.

വിവിധ വകുപ്പുകൾ തമ്മിലുള്ള തുടർച്ചയായ ആശയവിനിമയങ്ങൾക്ക് ശേഷം അന്തിമമായി ന്യൂഡൽഹിയിൽ സ്ഥിതിചെയ്യുന്ന ഓൾ ഇന്ത്യ റേഡിയോയിലെ (ഇന്ത്യയുടെ പബ്ലിക് സർവ്വീസ് ബ്രോഡ്കാസ്റ്റർ ഡയറക്ടറേറ്റിലെ) ഡെപ്യൂട്ടി ഡയറക്ടർ (ഭരണം) 04-02-2015-ൽ തിരുവനന്തപുരം ആകാശവാണി ഡയ റക്ടർക്ക് അയച്ച അനുബന്ധം എ-24-ൽ, സർവ്വീസ് രേഖകളിലെ ജനനത്തീയതി തിരുത്തുന്നതിനു വേണ്ടിയുള്ള ഇതിലെ എതിർകക്ഷി/അപേക്ഷകന്റെ അപേക്ഷ നിരസിച്ചതായി അറിയിക്കുകയും, ക്ഷമതയുള്ള അധികാരിയുടെ ആ തീരുമാനം എതിർകക്ഷി/അപേക്ഷകനെ അറിയിക്കാവുന്നതാണെന്നും അറിയിച്ചിരുന്നു. സർവീസ് രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതിയും ഇപ്പോൾ മാറ്റം ആവശ്യപ്പെട്ടിട്ടുള്ള രേഖയിലെ ജനനത്തീയതിയും വ്യത്യസ്തമാണെന്ന് കണ്ടതിനാൽ, 09.03.2015-ൽ ആധാർ കാർഡ് മാറ്റിക്കിട്ടുന്നതിനു വേണ്ടി, എതിർകക്ഷി/അപേക്ഷകൻ സമർപ്പിച്ച അപേക്ഷയും നിരസിച്ചിട്ടുണ്ടായിരുന്നു.

3. മേൽപ്പറഞ്ഞ നടപടിയെ തുടർന്ന് 06.05.2015 -ലെ ഉത്തരവ് മുഖേന എതിർകക്ഷി/അപേക്ഷകൻ ബയോമെട്രിക് ഹാജർ സംവിധാനത്തിൽ സ്വയം രജിസ്റ്റർ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിനാൽ, ഉടൻ തന്നെ ബയോമെട്രിക് ഹാജർ സംവിധാനത്തിൽ സ്വയം രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിക്കുകയുണ്ടായി. സർവ്വീസ് രേഖകളിലെ ജനനത്തീയതി തിരുത്താനുള്ള ടിയാന്റെ അപേക്ഷ ഇപ്പോഴും തീർപ്പാക്കപ്പെട്ടിട്ടില്ലെന്നും, തിരുത്തിയ ജനനത്തീയതിയെ അടിസ്ഥാനമാക്കി ആധാർ കാർഡിലെയും മറ്റ് അനുബന്ധ രേഖകളിലെയും ജനനത്തീയതി തിരുത്തിയിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവിന് മറുപടിയായി 22.05.2015 ലെ അനുബന്ധം-A27 പ്രകാരം അപേക്ഷകൻ എതിർകക്ഷിക്ക് മറുപടി ന ൽകി. സർവീസ് രേഖകളിൽ ജനനത്തീയതി ഒരിക്കൽ രേഖപ്പെടുത്തിക്കഴിഞ്ഞാൽ, ജനനത്തീയതി തിരുത്തപ്പെട്ട രേഖകൾ യാതൊന്നും സ്വീകരിക്കാൻ കഴിയില്ലെന്ന് തുടർനടപടികൾക്ക് ശേഷം 06.01.2020 ലെ അനുബന്ധം-A28 പ്രകാരം ഉത്തരവിട്ടു. എന്നിരുന്നാലും, നിലവിലുള്ള ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടോ എന്നറിയാൻ, വിഷയം ഡയറക്ടർ ജനറലുടെ പരിഗണനയ്ക്ക് വയ്ക്കുകയായിരുന്നു. ഇതിനിടയിൽ, അപേക്ഷകൻ പൊതുജനങ്ങൾക്ക് പരാതിപ രിഹാരത്തിനായി നൽകിയിട്ടുള്ള സംവിധാനം കൂടി ഉപയോഗപ്പെടുത്തിയിട്ടുള്ളതും. അത് നിരസിച്ചിട്ടുള്ളതാണെന്ന് 04.08.2022 ലെ അനുബന്ധം-A31-ൽ നിന്നും വ്യക്തമാണ്.

4. അനുബന്ധം-A31 ഉത്തരവ് പാസാക്കിയതിനെ തുടർന്ന്, അപേക്ഷകൻ നിലവിലെ ഒറിജിനൽ അപേക്ഷയുമായി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും, ടി അപേക്ഷയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഉത്തരവ് പാസാക്കിയിട്ടുള്ളതുമാണ്.

5. ഒറിജിനൽ അപേക്ഷയിലെ എതിർകക്ഷികൾ / ഇതിലെ ഹർജിക്കാർ ട്രിബുണൽ മുൻപാകെ ഹാജരായി അപേക്ഷകന്റെ അവകാശവാദത്തെ എതിർക്കുകയും ചെയ്തു. ജനനത്തീയതി തിരുത്താനുള്ള ഇതിലെ എതിർകക്ഷി/ അപേക്ഷകന്റെ വൈകിയ അവകാശവാദത്തിനെ തിരെ ഇതിലെ ഹരജിക്കാർ/എതിർകക്ഷികൾ ആക്ഷേപങ്ങൾ ഉന്നയിച്ചു. ജനനത്തീയതി തിരുത്തുവാനുള്ള അപേക്ഷ അപേക്ഷകൻ സമർപ്പിച്ചത് 23.5 വർഷത്തെ റെഗുലർ സർവീസ് പൂർത്തിയാക്കിയതിന് ശേഷം മാത്രമാണെന്നും, അതിനാൽ ഇത് വളരെ വൈകിപ്പോയെന്നും വാദിച്ചു.

6. സർവീസ് രേഖകളിലെ ജനനത്തീയതി തിരുത്തൽ അപേക്ഷകന്റെ സർവീസ് കാലയളവിൽ 32 ദിവസത്തെ വ്യത്യാസമേ സൃഷ്ടിക്കുകയുള്ളൂ എന്നും അത് അപേക്ഷകന്റെ വിരമിക്കൽ തീയതി 31.5.2024 നിന്നും 31.7.2024-ലേക്ക് മാറുമെന്നുമുള്ള നിഗമനത്തിൽ സെൻട്രൽ അഡ്മിനിസ് ട്രേറ്റീവ് ട്രിബ്യൂണലിന്റെ എറണാകുളം ബെഞ്ച്, വാദങ്ങളുടെ അടിസ്ഥാനത്തിൽ, എത്തിച്ചേർന്നു. ഇത് കൂടാതെ അധിക ബാധ്യതയൊന്നും എതിർകക്ഷികൾക്ക് (നിലവിലെ ഹർജിക്കാർക്ക്) വഹിക്കേണ്ടി വരില്ല എന്ന് പ്രസ്താവിച്ചുകൊണ്ട് 24.07.2023 ലെ Ext.P6 ഉത്തരവ് പ്രകാരം ഒ.എ. അനുവദിക്കുകയായിരുന്നു. മേൽപ്പറഞ്ഞ ഉത്തരവിൽ അസന്തുഷ്ടരായ ഇന്ത്യൻ യൂണിയനും മറ്റുള്ളവരും ഇന്ത്യൻ ഭരണഘടന യുടെ അനുഛേദം 227 പ്രകാരമുള്ള മേൽനോട്ട അധികാരം ഉപയോഗിച്ച് ഈ കോടതിയെ സമീപിക്കുകയായിരുന്നു.

7. ഹർജിക്കാർക്ക്/എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകനായ ശ്രീ.ആർ.വി. ശ്രീജിത്തിനെയും, എതിർകക്ഷി /അപേക്ഷക നുവേണ്ടി ഹാജരായ അഭിഭാഷ കനായ ശ്രീ.എം.പി.കൃഷ്ണൻ നായരെയും ഞങ്ങൾ കേട്ടു.

8. സർവീസ് രേഖകളിൽ ജനനത്തീയതി തിരുത്തുന്നതിനുവേണ്ടിയുള്ള വൈകിയ അവകാശവാദം പരിഗണിച്ചതിൽ ട്രിബ്യൂണലിന് ഗുരുതരമായ പിഴവ് സംഭവിച്ചുവെന്ന് ഹർജിക്കാർക്ക് / എതിർകക്ഷികൾക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ വാദിച്ചു. നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച്, അപേക്ഷകൻ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ അവകാശവാദം ഉന്നയിക്കേണ്ടതായിരുന്നു. ഒ.എ ഫയൽ ചെയ്യുന്നതിനുള്ള വ്യവഹാര കാരണം 2015-ൽ ഉത്ഭവിച്ചതായതിനാലും, അത് ഒരു വൈകി ഉന്നയിച്ച അവകാശവാദം ആയതിനാലും, ട്രിബ്യൂണലിന് മുമ്പാകെയുള്ള അവകാശവാദം നിലനിൽക്കുന്നതല്ലാത്തതിനാലും നിലവിലെ ഒ.എ ട്രിബ്യൂണലിന് പരിഗണിക്കാൻ കഴിയുമായിരുന്നില്ല എന്ന് സമർപ്പിച്ചു. സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ ജനനത്തീയതി തിരുത്താനുള്ള അപേക്ഷ നൽകണമെന്ന് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന ചട്ടങ്ങളിലെ 56-ാം ചട്ടത്തെയും അദ്ദേഹം ആശ്രയിച്ചു. യൂണിയൻ ഓഫ് ഇന്ത്യ v. ഹർനാം സിംഗ് [(1993) 2 SCC 162] എന്ന കേസിലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തെയും ആശ്രയിച്ചു. കൂടാതെ മധ്യപ്രദേശ് സംസ്ഥാനം v. പ്രേംലാൽ ശ്രീവാസ് [(2011) 9 SCC 664] എന്ന കേസിലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തെയും അദ്ദേഹം ആശ്രയിച്ചു. അതിനാൽ, ഒ.എ അനുവദിച്ച സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് റദ്ദാക്കാൻ അദ്ദേഹം അപേക്ഷിച്ചു.

9. മറിച്ച്,5.8.2013-ൽ അധികാരികളെ സമീപിച്ചതിൽ തന്റെ കക്ഷിക്ക് തെറ്റ് പറ്റിയിട്ടില്ലെന്നും എതിർകക്ഷി / അപേക്ഷകനു വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ.എം.പി.കൃഷ്ണൻ നായർ വികാരതീക്ഷ്ണമായി വാദിച്ചു. 13.1.2012-ൽ എസ്.എസ്.എൽ.സി ബുക്കിൽ ജനനത്തീയതി തിരുത്തിയതിന് ശേഷം മാത്രമേ സർവീസ് രേഖകൾ ശരിയാക്കാൻ അധികാരികളെ സമീപിക്കാൻ കഴിയുമായിരുന്നുള്ളൂ എന്നും അദ്ദേഹം വാദിച്ചു. അപേക്ഷകന്റെ എസ്. എസ്.എൽ.സി ബുക്ക് തിരുത്തുന്നതിനായി സംസ്ഥാന സർക്കാർ അനുമതി നൽകിയ 27.6.2007-ലെ അനുബന്ധം-എ3 ഉത്തരവിലേക്ക് അദ്ദേഹം ഈ കോടതിയുടെ ശ്രദ്ധ ക്ഷണിച്ചു. 27.6.2007-നും 13.01.2012-നും ഇടയിലുള്ള

കാലതാമസം കാരണമാണ് സർവീസ് രേഖകളിൽ ജനനത്തീയതി തിരുത്തുന്നതിനായി അധികാരികളെ സമീപിക്കുന്നതിൽ നിന്നും അപേക്ഷകൻ അപ്രാപ്യമായത്. ഇത് കൂടാതെ ശ്രീ.എം.പി. കൃഷ്ണൻ നായർ എതിർകക്ഷിക്കു വേണ്ടി സമർപ്പിച്ചിട്ടുള്ള എതിർസത്യവാങ്മൂലത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുകയും, നിലവിലെ ഒറിജിനൽ ഹർജി ഫയൽ ചെയ്യാൻ ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫയൽ ചെയ്ത നിലവിലെ ഒർജിനൽ ഹർജി നിലനിൽക്കില്ല എന്ന് വാദിക്കുകയും ചെയ്തു. നിശ്ചിത സമയത്തിനുള്ളിൽ അധികാരികളെ സമീപിക്കാത്തതിൽ തന്റെ കക്ഷിയുടെ ഭാഗത്തുനിന്ന് യഥാർത്ഥമായ ഒരു തെറ്റും ഇല്ലെന്നും അദ്ദേഹം വാദിച്ചു. എതിർകക്ഷി/അപേക്ഷകന്റെ അഭിഭാഷകന്റെ വാദം അനുസരിച്ച് 2007 മുതൽ 2012 വരെയുണ്ടായ കാലതാമസം, ചട്ടപ്രകാരമുള്ള കാലയളവ് കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതായിരുന്നു. പെൻഷൻ അവകാശവാദത്തിന്മേൽ നടപടി സ്വീകരിക്കുന്നതിനായി തിരുത്തിയ ആധാർ കാർഡിന്റെയും പാൻ കാർഡിന്റെയും പകർപ്പുകൾ ഇപ്പോൾ അപേക്ഷകൻ സമർപ്പിക്കേണ്ടതുണ്ടെന്നും അദ്ദേഹം സമർപ്പിച്ചു. അതിനാൽ, ഇളവുകൾ നൽകാനാകുന്ന സാഹചര്യങ്ങൾ (Mitigating circumstances) പരിഗണിക്കാനും സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് നിലനിർത്താനും അഭിഭാഷകൻ ഈ കോടതിയോട് അഭ്യർത്ഥിച്ചു.

10. അഭിഭാഷകർ ഉന്നയിച്ച വാദപ്രതിവാദങ്ങൾ ഞങ്ങൾ പരിഗണിച്ചു.

11. ട്രിബ്യൂണൽ മുമ്പാകെ എതിർകക്ഷി/അപേക്ഷകൻ ഉന്നയിച്ചിട്ടുള്ള അവകാശവാദത്തിന്റെ ഗുണദോഷങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് 1985-ലെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആക്റ്റിന്റെ 21-ാം വകുപ്പ് പ്രകാരം പ്രത്യേക തടസം ഉണ്ടായിരുന്നിട്ട് കൂടിയും വളരെയധികം വൈകിയ ഒ.എ ട്രിബ്യൂണൽ പരിഗണിച്ച കാര്യം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു.

1985-ലെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആക്റ്റിന്റെ 21-ാം വകുപ്പ് പ്രകാരം ട്രിബ്യൂണലിന് പ്രത്യേക തടസ്സം ഉണ്ടായിരുന്നിട്ടും, ട്രിബ്യൂണലിന് മുമ്പാകെ അപേക്ഷകൻ ഉന്നയിച്ച ക്ലെയിമിന്റെ മെറിറ്റുകളിലേക്ക് കടക്കുന്നതിന് മുമ്പ്, വളരെ വൈകിപ്പോയ അപേക്ഷയാണെങ്കിലും ഒറിജിനൽ അപേക്ഷ തിരഞ്ഞെടുത്തത് ശ്രദ്ധിക്കാൻ ഞങ്ങൾ നിർബന്ധിതരാണ്. സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആക്റ്റിന്റെ 21-ാം വകുപ്പ് ഉദ്ധരിക്കുകയും ചെയ്തു.

12. 21-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് തുടങ്ങുന്നത് ഒരു നോൺ-ഒബ്സ്റ്റാന്റെ ഖണ്ഡത്തോടുകൂടിയാണ്. അതിൻപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എതിർകക്ഷി/അപേക്ഷകൻ ട്രിബ്യൂണൽ മുമ്പാകെ ബോധ്യപ്പെടുത്തേണ്ടതാണെന്ന് ശ്രദ്ധിക്കേണ്ടതാണ്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷി ഫയൽ ചെയ്തിട്ടുള്ളതും എക്സിബിറ്റ് പി1 ആയി ഹാജരാക്കിയിട്ടുള്ളതുമായ ഒ.എ ഞങ്ങൾ പരിശോധിച്ചതിൽ ട്രിബ്യൂണലിനെ സമീപിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന് യാതൊരു വിശദീകരണവും നൽകിയിട്ടില്ല. നേരെമറിച്ച് അപേക്ഷ കാലഹരണ കാലാവധിക്കുള്ളിലാണെന്ന് ഉറപ്പിച്ച് പറഞ്ഞിരിക്കുന്നു. എങ്കിൽ കൂടിയും അപേക്ഷകൻ കാലഹരണ കാലാവധി കണക്കാക്കുന്നതിന്, അനുബന്ധം എ31 ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതലാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

13. എതിർകക്ഷി/അപേക്ഷകന്റെ സമീപനം ശരിയായില്ലെന്ന് ഞങ്ങൾ കരുതുന്നു. 21-ാം വകുപ്പിലെ വ്യവസ്ഥക്ക് വിരുദ്ധമായി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആക്റ്റിന്റെ 19-ാം വകുപ്പ് പ്രകാരം അപേക്ഷ പരിഗണിച്ചതിൽ ട്രൈബ്യൂണലിന് വ്യക്തമായ പിഴവ് സംഭവിച്ചു. 04.02.2015-ന് സർവീസ് രേഖകളിൽ എതിർകക്ഷി/അപേക്ഷകന്റെ ജനനത്തീയതി തിരുത്താനുള്ള അഭ്യർത്ഥന നിരസിച്ചപ്പോഴാണ് വ്യവഹാര കാരണം ഉത്ഭവിച്ചത്. 04.02.2015-ലെ അനുബന്ധം-A24 ഉത്തരവ് പ്രകാരം ഇതിനകം നിരസിച്ച കാരണവുമായി അനുബന്ധം-A31 പുറപ്പെടുവിക്കുന്നതിന് കാരണമായ നടപടികൾക്ക് യാതൊരു ബന്ധവും

ഇല്ലായിരുന്നു. അനുബന്ധം-A31 പ്രകാരം നിരസിക്കപ്പെട്ട, അനുബന്ധം-A30-ൻ കീഴിൽ കാണിച്ചിരിക്കുന്ന കാരണം, അനുബന്ധം-A24-ൽ അടങ്ങിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെന്ന വസ്തുത മനസ്സിലാക്കുന്നതിൽ ട്രിബ്യൂണൽ ദയനീയമായി പരാജയപ്പെട്ടു. ബൈയോമെട്രിക് ഹാജറിൽ സ്വയം രജിസ്റ്റർ ചെയ്യുന്നതിലേക്കായി ജനനത്തീയതി തിരുത്തിയിട്ടുള്ള ആധാർ കാർഡ് സ്വീകരിക്കുവാൻവേണ്ടി മാത്രമാണ് എതിർകക്ഷി/അപേക്ഷകൻ അനുബന്ധം എ 30-ൽ അഭ്യർത്ഥിച്ചിട്ടുള്ളത്. സർവീസ് രേഖകളിലെ ജനനത്തീയതി തിരുത്താനുള്ള അവകാശവാദവുമായി ഇതിന് യാതൊരു ബന്ധവുമില്ല. അതിനാൽ, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ എറണാകുളം ബെഞ്ച് മുമ്പാകെ സമർപ്പിച്ച അപേക്ഷ തീർത്തും കാലഹരണപ്പെട്ടിട്ടുള്ളതും 21-ാം വകുപ്പിന് വിരുദ്ധവുമാണെന്നും ട്രൈബ്യൂണലിന് പ്രസ്തുത അപേക്ഷ പരിഗണിക്കാൻ കഴിയുമായിരുന്നില്ല എന്നും പറയുവാൻ ഞങ്ങൾക്ക് യാതൊരു മടിയുമില്ല.

14. അങ്ങനെയായാലും, അപേക്ഷ സമയത്തിനുള്ളിൽ ആയിരുന്നുവെന്ന് ഞങ്ങൾ അനുമാനിച്ചാലും, അപേക്ഷകനുവേണ്ടി ഹാജരായ അഭിഭാഷകന്റെ വാദങ്ങൾ സ്വീകരിക്കുവാൻ ഞങ്ങൾക്ക് കഴിയുന്നതല്ല. അപേക്ഷകൻ 07.11.1989-ലാണ് സേവനത്തിൽ പ്രവേശിച്ചുവെന്നത് ശ്രദ്ധിക്കേണ്ടതാണ്. സർവീസിൽ പ്രവേശിക്കുമ്പോൾ, അദ്ദേഹത്തിന്റെ ജനനത്തീയതി 01.06.1964 എന്നാണ് രേഖപ്പെടുത്തിയിരുന്നത്.എസ്.എസ്.എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്താനുള്ള അപേക്ഷയിന്മേൽ 27.06.2007 -ന് ഉത്തരവാവുകയും അത് 13.01.2012-ന് തിരുത്തിയിട്ടുള്ളതുമാണ്. 2007 നും 2012 നും ഇടയിൽ ഉണ്ടായിട്ടുള്ള കാലതാമസത്തെക്കുറിച്ച് യാതൊരു വിശദീകരണവുമില്ല. പ്രസ്തുത കാലതാമസം ഒഴിവാക്കപ്പെടാമായിരുന്നുവെന്ന് അനുമാനിച്ചാലും, സർവീസ് രേഖകളിലെ ജനനത്തീയതി തിരുത്താനുള്ള അപേക്ഷകന്റെ അവകാശവാദം അധികാരികൾക്ക് പരിഗണിക്കാൻ കഴിയുമായിരുന്നില്ല. അനുബന്ധം-A3 ഉത്തരവിന് ശേഷം തിരുത്തിയ SSLC ബുക്ക് വേഗത്തിൽ ലഭിക്കുന്നതിന് എതിർകക്ഷി/അപേകക്ഷകൻ സ്വീകരിക്കേണ്ടതായിരുന്ന എല്ലാ നടപടികളും എടുത്തിരുന്നതായി കാണുന്നില്ല.

15. സർവ്വീസ് രേഖകളിലെ ജനനത്തീയതി തിരുത്തുന്നത് അവകാശമായി ഉന്നയിക്കുവാൻ കഴിയില്ല എന്നത് സുസ്ഥാപിത നിയമമാണ്. ജനനത്തീയതി തിരുത്തുന്നതിന് വൈകി ഉന്നയിക്കുന്ന അവകാശവാദം കോടതികൾക്ക് പരിഗണിക്കാൻ കഴിയില്ലെന്ന് സുപ്രീം കോടതിയും ഹൈക്കോടതികളും നിരവധി തവണ പ്രസ്താപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പബ്ളിക് സെർവന്റിനെ മാത്രം കണക്കിലെടുത്ത് ജനനത്തീയതി തിരുത്തുന്നതിന് വേണ്ടിയുള്ള അപേക്ഷയിൽ കോടതികളോ ട്രൈബ്യൂണലുകളോ ഹൈക്കോടതികളോ ഇടപെടരുതെന്ന് സുപ്രിം കോടതി യു.പി. സംസ്ഥാനം v. ശിവ് നരേൻ ഉപാധ്യായ [2005 (6) എസ്.സി.സി 49], എന്ന കേസിൽ അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട പബ്ളിക് സെർവന്റിന്റെ ജനനത്തീയതി തിരുത്തുന്നതിനായുള്ള ഏതെങ്കിലും നിർദ്ദേശം ഒരു ശൃംഖല പോലെയുള്ള പ്രതികരണമുണ്ടാക്കുമെന്നും തുടർന്നു, അദ്ദേഹത്തിന് താഴെ വർഷങ്ങളായി കാത്തിരിക്കുന്നവരുടെ സ്ഥാനക്കയറ്റങ്ങളെ ഈ പ്രക്രിയയെ ബാധിക്കും എന്നും പറഞ്ഞിട്ടുണ്ട്. അല്ലെങ്കിലും അത് തീർച്ചയായും ഖജനാവിന് ഭാരമാകും.

16. രവീന്ദ്രൻ v. സ്റ്റേറ്റ് ഓഫ് കേരളയും മറ്റുള്ളവരും [ILR 2000 (2) Kerala 55] എന്ന കേസിൽ ഒരു സർക്കാർ ഉദ്യോഗസ്ഥന് നിശ്ചിത കാലയളവിനു ശേഷം ജനനത്തീയതി തിരുത്താൻ അപേക്ഷിക്കാൻ കഴിയില്ലെന്ന് ഈ കോടതി പ്രസ്താപിച്ചിട്ടുണ്ട്. ചട്ടങ്ങളിൽ ജനനത്തീയതി തിരുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകളുടെ അഭാവത്തിൽ, സാങ്കേതിക കാരണങ്ങളാലോ (latches) കാലഹരണപ്പെട്ട അവകാശവദങ്ങളാലോ (stale claims) നിവൃത്തി നിരസിക്കുക എന്ന പൊതുതത്ത്വം സാധാരണയായി കോടതികളും ട്രിബ്യൂണലുകളും പ്രയോഗിക്കുന്നതാണ്. എന്നിരുന്നാലും, സർവീസ് ചട്ടങ്ങളിൽ സമയപരിധി നിശ്ചയിക്കുവാൻ സർക്കാരിന് അധികാരം ഉണ്ട്, അതിനുശേഷം സർക്കാർ ഉദ്യോഗസ്ഥന്റെ ജനനത്തീയതി തിരുത്തുവാനുള്ള യാതൊരു അപേക്ഷയും സ്വീകരിക്കാൻ കഴിയില്ല.

17. 1981-ലെ (മഹാരാഷ്ട്ര) സിവിൽ സർവീസസ് (പൊതു വ്യവസ്ഥകൾ) ചട്ടങ്ങൾ അടിസ്ഥാന

പ്പെടുത്തി നിശ്ചിത കാലയളവായ അഞ്ച് വർഷത്തിന് ശേഷം ജനനത്തീയതി തിരുത്തൽ നടത്താനാകുമോ എന്ന ചോദ്യം മഹാരാഷ്ട്ര സംസ്ഥാനവും മറ്റൊരാളും v. ഗോരഖ്നാഥ് സീതാറാം കാംബ്ലെയും മറ്റുള്ളവരും [(2010) 14 SCC 423] എന്ന കേസിൽ സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വന്നു. അത്തരം ചട്ടങ്ങളുടെ അന്തസത്തയും ഉദ്ദേശവും സുപ്രീം കോടതിയുടെ വിവിധ വിധികളിൽ പ്രതിഫലിച്ചിട്ടുണ്ട് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ സർവീസിൽ പ്രവേശിച്ച് 28 വർഷത്തിന് ശേഷം നൽകിയ അപേക്ഷ കോടതികൾക്കോ ട്രൈബ്യൂണലുകൾക്കോ പരിഗണിക്കാനാകില്ല എന്ന് കൂടി പറഞ്ഞിട്ടുണ്ട്.

18. പഞ്ചാബ്, ഹരിയാന ഹൈക്കോടതി vs മേഘ് രാജ് ഗാർഗ് [(2010) 6 SCC 482] എന്ന കേസിൽ, ജീവനക്കാരന്റെ സർവ്വീസ് രേഖകളിൽ ഒരിക്കൽ ജനനത്തീയതി രേഖപ്പെടുത്തിക്കഴിഞ്ഞാൽ, അത് അന്തിമമാകുമെന്ന് അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. ആ കേസിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ, പ്രസക്തമായ ചട്ടങ്ങൾ പ്രകാരം നൽകിയിരിക്കുന്ന 2 വർഷത്തെ സമയപരിധി പരിഗണിച്ച്, 2 വർഷത്തിന് ശേഷം ജനനത്തീയതി തിരുത്തുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കാനാവില്ലെന്ന് പരമോന്നത കോടതി വ്യക്തമാക്കി.

19. ഇതുമായി ബന്ധപ്പെട്ട കുറച്ചധികം വിധിന്യായങ്ങൾ ഉദ്ധരിക്കുന്നതിനായി, സുപ്രീം കോടതിയുടെ ഗുജറാത്ത് സംസ്ഥാനവും മറ്റുള്ളവരും v. വാലി മൊഹമ്മദ് ദോസാഭായ് സിന്ധി [2006(6) SCC 537], മധ്യപ്രദേശ് സംസ്ഥാനം v. പ്രേംലാൽ ശ്രീവാസ് [(2011) 9 SCC 664] കൂടാതെ ഭാരത് കോക്കിംഗ് കോൾ ലിമിറ്റഡും മറ്റുള്ളവരും V. ഛോട്ടാ ബിർസൽ ഉറാൻവ് [(2014) 12 SCC 570] കേസുകളിലെ വിധിന്യായങ്ങളിൽ നമുക്ക് ചൂണ്ടികാണിക്കാവുന്നതാണ്. ഈ വിധിന്യായങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന കാര്യം ഔദ്യോഗിക ജീവിതത്തിന്റെ അവസാന കാലത്ത് സർവീസ് രേഖകളിലെ ജനനത്തീയതി തിരുത്താനുള്ള ജീവനക്കാരന്റെ അഭ്യർത്ഥന കോടതികൾ/ട്രൈബ്യൂണലുകൾ സ്വീകരിക്കരുത് എന്നതാണ്. എന്നിരുന്നാലും, ഈ ചട്ടത്തിന് ഒഴിവാക്കലുകൾ ഇല്ലാതില്ല. ഒരു ജീവനക്കാരന്റെ ജനനത്തീയതി അയാളുടെ സർവ്വീസ് രേഖയിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് തെളിയിക്കാനുള്ള സ്പഷ്ടമായതും കുറ്റമറ്റതുമായ തെളിവുകളും ഉള്ളപക്ഷവും, പ്രസ്തുത രേഖ തിരുത്താനുള്ള അനുമതി നിഷേധിക്കുന്നത് നീതി നിഷേധത്തിന് തുല്യമായിരിക്കുന്ന പക്ഷവും, കോടതികൾ അത്തരം തിരുത്തലുകൾ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തത്ത്വങ്ങൾ നിലവിലെ വസ്തുതകൾക്ക് ബാധകമാക്കുമ്പോൾ, 5 വർഷത്തിന് ശേഷം ജനനത്തീയതി തിരുത്തുന്നതിന് അപേക്ഷിക്കുന്നതിന് നിയമപരമായ തടസ്സം ഉണ്ടെന്ന് വ്യക്തമാകും. അങ്ങനെയുള്ള തടസ്സം നിർദേശിക്കുന്നതിലെ തൊഴിലുടമയുടെ വിവേകം അലംഘനീയമായതിനാൽ, കോടതിമുഖേനയുള്ള ജുഡീഷ്യൽ അവലോകനത്തിൽപ്പെടാത്തതാണ്. ഇവിടെ ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടായിരുന്നത് 2013-ലും അത് നിരസിച്ചു കൊണ്ടുള്ള തീരുമാനം എടുത്തിട്ടുള്ളത് 2015-ലുമാണ്. എന്നാൽ, ഒറിജിനൽ അപേക്ഷ സമർപ്പിച്ചത് 2022-ൽ മാത്രമായതിനാലും അപേക്ഷകൻ 2024-ൽ വിരമിക്കാനിരുന്നതിനാലും തന്റെ ഔദ്യോഗിക ജീവിതത്തിന്റെ അവസാനകാലത്താണ് അദ്ദേഹം ട്രിബ്യൂണലിനെ സമീപിച്ചതെന്ന് വ്യക്തമാകും. അതിനാൽ, ജനനത്തീയതി തിരുത്താനുള്ള അപേക്ഷ പരിഗണിക്കുന്നത് അനുവദിച്ചാലും അത് വകുപ്പിന് ഒരു കോട്ടവും ഉണ്ടാക്കില്ല എന്ന് അഭിപ്രായപ്പെട്ടത് ട്രിബ്യൂണലിന്റെ അധീനതയിൽ വരുന്നതല്ല, അങ്ങനെ തീരുമാനിച്ചതിലൂടെ, ഹൈക്കോടതികളും അതുപോലെ സുപ്രീം കോടതിയും നൽകിയിട്ടുള്ള സുസ്ഥാപിത തത്ത്വങ്ങളെ ട്രിബ്യൂണൽ പൂർണ്ണമായും അവഗണിച്ചു.

മേൽപ്പറഞ്ഞ ചർച്ചയുടെ ഫലം, ഹർജിക്കാർക്ക് വിജയിക്കാൻ അർഹതയുണ്ടെന്ന അനിവാര്യമായ നിഗമനത്തിലേക്ക് നയിക്കുന്നു. അതനുസരിച്ച്, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ എറണാകുളം ബെഞ്ചിന്റെ ഫയലുകളിലെ ഒ.എ.നമ്പർ.469/2022-ൽ 24.7.2023-ലെ Ext.P6 ഉത്തരവ് അതിനാൽ അസാധുവാക്കുന്നു. തൽഫലമായി, ഇതിലെ എതിർകക്ഷി സമർപ്പിച്ച ഒർജിനൽ അപേക്ഷ നിരസിക്കുന്നു. ചെലവ് സംബന്ധിച്ച് ഉത്തരവുകൾ ഒന്നുമില്ല.

## കേരള ഹൈക്കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്**

ക്രിമിനൽ എം.സി. നം. 5127 / 2024

**സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് - ഹർജിക്കാരൻ/ പരാതിക്കാരൻ**

v.

**എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും മറ്റുള്ളവരും**

എതിർകക്ഷികൾ / യഥാർത്ഥ പരാതിക്കാരനും പ്രതിയും

( 09.07.2024- ന് വിധി പ്രസ്താവിച്ചത്)

**ഉത്തരവിലെ പ്രസക്തഭാഗങ്ങൾ**

സി.ആർ.പി.സി.യുടെ 482-ാം വകുപ്പിന് കീഴിലുള്ള അധികാരത്തിന്റെ വ്യാപ്തി ചോദ്യം ചെയ്യപ്പെട്ട ഉത്തരവിന്റെ സവിശേഷതയോ സ്വഭാവമോ പരിമിതപ്പെടുത്തുന്നില്ല. സി. ആർ.പി.സി.യുടെ കീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവിന് പ്രഭാവം നൽകുവാനോ നീതിയുടെ ലക്ഷ്യം സാധിക്കുന്നതിനോ ആവശ്യമാണെങ്കിൽ, സി.ആർ.പി.സി.യുടെ 482-ാം വകുപ്പിന് കീഴിലുള്ള അധികാരം വിനിയോഗിച്ച് ഒരു ഭരണപരമായ ഉത്തരവ് പോലും റദ്ദാക്കാവുന്നതാണ്. കൂടാതെ, ഒരു പ്രത്യേക നടപടിക്രമം നിർബന്ധമായും നിഷ്കർഷിച്ചിട്ടില്ലെങ്കിൽ, അധികാരമുള്ളിടത്തോളം കാലം, ഹർജി ഫയൽ ചെയ്യുന്ന നാമകരണത്തിന് പ്രസക്തിയില്ല.

**ഉത്തരവ്**

**ജസ്റ്റിസ് ബെച്ചു കുര്യൻ തോമസ്**

2002-ലെ കള്ളപ്പണം വെളുപ്പിക്കൽ നിരോധന ആക്റ്റ് പ്രകാരം [Prevention of Money Laundering Act, 2002] എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ചുരുക്കത്തിൽ 'ഇ. ഡി') ആരംഭിച്ച നടപടികൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് ക്രിമിനൽ നടപടി നിയമസംഹിതയുടെ (ചുരുക്കത്തിൽ "സി.ആർ.പി.സി.") 482-ാം വകുപ്പ് പ്രകാരം യഥാർത്ഥ പരാതിക്കാരനായ ഹർജിക്കാരൻ ഈ കോടതിയെ സമീപിച്ചത്.

2. 2 മുതൽ 4 വരെയുള്ള എതിർകക്ഷികൾക്കും മറ്റുള്ളവർക്കുമെതിരെ 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയുടെ 420, 471 വകുപ്പുകൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ ആരോപിക്കുന്ന തൃശൂർ ക്രൈം ബ്രാഞ്ചിന്റെ 38/2019 നമ്പർ എഫ്.ഐ.ആർ-ലെ യഥാർത്ഥ പരാതിക്കാരനാണ് ഹർജിക്കാരനായ ഷെഡ്യൂൾഡ് ബാങ്ക്. മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾ 2002- ലെ കള്ളപ്പണം വെളുപ്പിക്കൽ തടയൽ ആക്റ്റിലെ (ചുരുക്കത്തിൽ പി. എം. എൽ ആക്റ്റ്) പട്ടികയിൽപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളാണ്. എഫ്.ഐ.ആർ-നെ തുടർന്ന് കുറ്റകൃത്യം ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നതിനിടെ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഇടപെടുകയും KCZO/05/2019 നമ്പർ ഇ.സി.ഐ. ആർ. രജിസ്റ്റർ ചെയ്തതിന് ശേഷം അന്വേഷണം ആരംഭിക്കുകയും ചെയ്തു. അതിനിടെ, ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കുകയും കേസ് ഒരു സിവിൽ വിഷയമായി വിവരിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത

റിപ്പോർട്ട് തൃശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് 05.01.2024-ന് 73/2023 നമ്പർ ആർ.സി. ആയി അംഗീകരിച്ചു. പ്രതികൾ കുറ്റകൃത്യം ഒന്നും ചെയ്യാത്തതിനാൽ ഘടക കുറ്റകൃത്യത്തിനെ (Predicate offence) സംബന്ധിച്ച അന്വേഷണം അവസാനിച്ചു.

3. ഹർജിക്കാരന് ഒറ്റിയായിട്ട് നൽകിയ വസ്തുവകകൾ, പി. എം. എൽ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ജപ്തിയിൽ തുടരുന്നതിനാൽ നിവൃത്തികൾക്കായി കേസ് കൊടുക്കാനുള്ള മതിയായ അവകാശം അവർക്ക് ഉണ്ടെന്ന് അവകാശപ്പെടുന്നു. മജിസ്ട്രേറ്റ് അന്തിമ റിപ്പോർട്ട് അംഗീകരിച്ചതിന്റെ വെളിച്ചത്തിൽ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് നടപടികൾ തുടരാനാവില്ലെന്നും, അതിനാൽ, ഘടക കുറ്റകൃത്യത്തിൽ യഥാർത്ഥ പരാതിക്കാരനാണെങ്കിലും, ടി നടപടികൾ റദ്ദാക്കാൻ ഹർജിക്കാരൻ ആവശ്യപ്പെടുന്നു.

4. ഹർജിക്കാരന്റെ അഭിഭാഷകയായ അഡ്വ. ജി ചിത്രയുടെ നിർദ്ദേശപ്രകാരം ഹാജരായ മുതിർന്ന അഭിഭാഷകനായ ശ്രീ. ജോസഫ് കൊടിയന്തറെയും, ഒന്നാം എതിർകക്ഷിയുടെ സ്റ്റാൻഡിംഗ് കൗൺസലായ ശ്രീ. ജയൻശങ്കർ വി നായരെയും ഞാൻ കേട്ടു. ഉന്നയിക്കപ്പെട്ട വാദങ്ങളുടെ സ്വഭാവവും പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്ന ഉത്തരവും പരിഗണിച്ച്, 2 മുതൽ 4 വരെയുള്ള എതിർകക്ഷികൾക്ക് നോട്ടീസ് ഒഴിവാക്കുന്നു.

5. "ഒരു വ്യക്തിയെ, ഒടുവിൽ പട്ടികയിൽപ്പെട്ട കുറ്റകൃത്യത്തിൽ നിന്ന് ഡിസ്ചാർജ് ചെയ്താലോ, പട്ടികയിൽപ്പെട്ട കുറ്റകൃത്യത്തിൽ നിന്ന് കുറ്റവിമുക്തനാക്കുകയോ, അല്ലെങ്കിൽ അയാൾക്കെതിരായ ക്രിമിനൽ കേസ് അധികാരിതയുള്ള കോടതി റദ്ദാക്കിയാലോ, അയാൾക്കെതിരെയോ അവൻ മുഖേന പട്ടികയിൽപ്പെട്ട കുറ്റകൃത്യവുമായി ബന്ധപ്പെട്ടിട്ടുള്ള സ്വത്ത് അവകാശപ്പെടുന്ന ആർക്കെങ്കിലും എതിരെയോ കള്ളപ്പണം വെളുപ്പിക്കൽ കുറ്റം നിലനിൽക്കില്ല" എന്ന് **വിജയ് മദൻലാൽ ചൗധരിയും മറ്റുള്ളവരും v. യൂണിയൻ ഓഫ് ഇന്ത്യയും മറ്റുള്ളവരും** (2022 SCC Online SC 929) എന്ന കേസിൽ നിരീക്ഷിച്ചിരുന്നു. അതിനാൽ, ഘടക കുറ്റകൃത്യത്തിന്റെ അന്വേഷണം റഫർ ചാർജ്ജ് മുഖേന അവസാനിച്ചിട്ടുണ്ടെങ്കിൽ, പി. എം. എൽ. ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റവും നിലനിൽക്കില്ല.

6. 3 മുതൽ 5 വരെയുള്ള എതിർകക്ഷികൾക്കെതിരെ രജിസ്റ്റർ ചെയ്ത കുറ്റകൃത്യം "സിവിൽ സ്വഭാവമുള്ളതായി" പരാമർശിക്കുന്ന അന്തിമ റിപ്പോർട്ടിൽ അവസാനിച്ചു. 05-01-2024-ന് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് അനുബന്ധം A5 പ്രകാരമുള്ള അന്തിമ റിപ്പോർട്ട് സ്വീകരിച്ചു എന്നതിലും തർക്കമില്ല. മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഘടക കുറ്റകൃത്യം ഇനി നിലനിൽക്കുന്നതല്ല. ഘടക കുറ്റകൃത്യം നിലനിൽക്കാത്തതിനാൽ, ഘടക കുറ്റകൃത്യത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന കുറ്റകൃത്യവുമായി ബന്ധപ്പെട്ട വരുമാനത്തെ സംബന്ധിച്ച അന്വേഷണം ഇ.ഡി.ക്ക് തുടരാനാവില്ല. ഇതിനെ തുടർന്ന്, ഇ.ഡി. ഉടൻ തന്നെ കേസ് അവസാനിപ്പിക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്യാത്തതിനാൽ, ഈ കോടതിയെ സമീപിച്ചതിൽ ഹർജിക്കാരനെ നീതീകരിക്കാവുന്നതാണ്.

7. സി. ആർ. പി. സി. യുടെ 482-ാം വകുപ്പ് പ്രകാരമുള്ള ഒരു നടപടിയിൽ ഒരു ഇ.സി.ഐ. ആർ.-നെ ചോദ്യം ചെയ്യാനാവില്ലെന്ന ഇ.ഡിയുടെ വാദം, ഒറ്റനോട്ടത്തിൽ ആകർഷകമായി തോന്നുന്നുവെങ്കിലും, ആഴത്തിലുള്ള പരിശോധനയിൽ അത് നിയമപരമായി അംഗീകരിക്കാനാവില്ല. മുൻപറഞ്ഞ വാദത്തെ പിന്തുണച്ചുകൊണ്ട് **എൻ. ധനരാജ് കൊച്ചാറും മറ്റുള്ളവരും v. ഡയറക്ടർ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും മറ്റുള്ളവരും** [2022 SCC Online (Mad) 8794, **ജിതേന്ദ്ര നാഥ് പട്നായിക് v. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഭുവനേശ്വർ** [ക്രിമിനൽ എം.സി.നമ്പർ 2891/2023] (2023 SCC Online Ori 7026), **പവൻ ഇൻസ v. ഡയ**

**റക്യർ, ഡയറക്ടറേറ്റ് ഓഫ് എൻഫോഴ്സ്മെന്റ്** [2024 SCC Online P&H 5461] എന്നിവയിലെ തീരുമാനങ്ങൾ ഉദ്ധരിച്ചെങ്കിലും, ഇനി വിവരിച്ച കാരണത്താൽ പ്രസ്തുത വാദത്തോട് ഞാൻ ആദരപൂർവ്വം വിയോജിക്കുന്നു.

8. സി. ആർ. പി. സി. യുടെ 482-ാം വകുപ്പ് ഹൈക്കോടതിയുടെ സഹജമായ അധികാരത്തെ സംരക്ഷിക്കുന്നു. സി. ആർ. പി.സി-യിൻ കീഴിലുള്ള ഏതെങ്കിലും ഉത്തരവിന് പ്രഭാവം നൽകുവാനോ, അല്ലെങ്കിൽ ഏതെങ്കിലും കോടതി പ്രക്രിയ ദുരുപയോഗപ്പെടുത്തുന്നത് തടയുവാനോ, അല്ലെങ്കിൽ മറ്റുവിധത്തിൽ നീതിയുടെ ലക്ഷ്യങ്ങൾ സാധിക്കുന്നതിനോ ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരം പ്രസ്തുത വ്യവസ്ഥ ഈ കോടതിക്ക് നൽകുന്നു. ഈ കോടതിയിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അഗാധമായ വ്യാപ്തിയും അർത്ഥവും മനസ്സിലാക്കാൻ സി. ആർ. പി. സി. യുടെ 482-ാം വകുപ്പ് വായിച്ചാൽ മതിയാകും. സി. ആർ.പി.സി.യുടെ 482-ാം വകുപ്പ് പ്രകാരമുള്ള ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ച് സി. ആർ.പി.സി.യുടെ വ്യവസ്ഥകളിൻ കീഴിൽ പാസ്സാക്കിയിട്ടുള്ള ഏത് ഉത്തരവിനും അതിന്റെ പൂർണ്ണമായ പ്രഭാവം നൽകാവുന്നതാണ്. സി. ആർ.പി.സി.യുടെ 482-ാം വകുപ്പിന് കീഴിലുള്ള അധികാരത്തിന്റെ വ്യാപ്തി ചോദ്യംചെയ്യപ്പെട്ട ഉത്തരവിന്റെ സവിശേഷതയോ സ്വഭാവമോ പരിമിതപ്പെടുത്തുന്നില്ല. സി.ആർ.പി.സി.യുടെ കീഴിൽ പുറപ്പെടുവിച്ച ഒരു ഉത്തരവിന് പ്രഭാവം നൽകുവാനോ നീതിയുടെ ലക്ഷ്യം സാധിക്കുന്നതിനോ ആവശ്യമാണെങ്കിൽ, സി. ആർ.പി.സി.യുടെ 482-ാം വകുപ്പിന് കീഴിലുള്ള അധികാരം വിനിയോഗിച്ച് ഒരു ഭരണപരമായ ഉത്തരവ് പോലും റദ്ദാക്കാവുന്നതാണ്. കൂടാതെ, ഒരു പ്രത്യേക നടപടിക്രമം നിർബന്ധമായും നിഷ്കർഷിച്ചിട്ടില്ലെങ്കിൽ, അധികാരമുള്ളിടത്തോളം കാലം, ഹർജി ഫയൽ ചെയ്യുന്ന നാമകരണത്തിന് പ്രസക്തിയില്ല. **M/s പെപ്സി ഫുഡ്സ് ലിമിറ്റഡും മറ്റൊരാളും v. സ്പെഷ്യൽ ജുഡീഷ്യൽ മജിസ്ട്രേറ്റും മറ്റുള്ളവരും** [(1998) 5 SCC 749] എന്ന കേസിൽ സുപ്രീം കോടതി നിരീക്ഷിച്ചതുപോലെ, ഭരണഘടനയുടെ 226, 227 അനുച്ഛേദങ്ങൾ പ്രകാരവും സി.ആർ.പി.സി.യുടെ 482-ാം വകുപ്പിന് കീഴിലും ഹൈക്കോടതിക്ക് നൽകിയിട്ടുള്ള അധികാരത്തിന് പരിധികളില്ല. കൂടുതൽ അധികാരമുള്ളിടത്ത് അത്തരം അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ കൂടുതൽ ശ്രദ്ധയും ജാഗ്രതയും പാലിക്കണം എന്നതാണ് ഏക നിയന്ത്രണം.

9. നടപടിക്രമങ്ങൾ റദ്ദാക്കാൻ സഹജമായ അധികാരം വിനിയോഗിക്കാൻ കഴിയുന്നതും വിനിയോഗിക്കേണ്ടതുമായ ചില കേസുകൾ **ആർ പി കപൂർ v. സ്റ്റേറ്റ് ഓഫ് പഞ്ചാബ്** [AIR 1960 SC 866] എന്ന കേസിൽ സുപ്രീം കോടതി സംഗ്രഹിച്ചു : (i) കേസ്, ഫയൽ ചെയ്യുന്നതിനോ നടപടി തുടരുന്നതിനോ എതിരെ നിയമപരമായ തടസ്സമുണ്ടെന്ന് പ്രകടമായി തോന്നുന്നിടത്ത്; (ii) പ്രഥമവിവര റിപ്പോർട്ടിലെയോ പരാതിയിലെയോ ആരോപണങ്ങൾ മുഖവിലയ്ക്ക് മുഴുവനായി സ്വീകരിച്ചാലും ആരോപിക്കപ്പെടുന്ന കുറ്റം വരാത്തിടത്ത് ; കൂടാതെ (iii) ആരോപണങ്ങൾ കുറ്റമായി വരുന്നിടത്ത്, നിയമപരമായ തെളിവുകളൊന്നുമില്ലാത്തപ്പോഴോ തെളിവുകൾ കുറ്റം തെളിയിക്കുന്നതിൽ വ്യക്തമോ പ്രത്യക്ഷമോ ആയി പരാജയപ്പെടുകയോ ചെയ്യുമ്പോൾ. മേൽപ്പറഞ്ഞ കേസുകളിൽ, സി. ആർ.പി.സി.യുടെ 482-ാം വകുപ്പിന് കീഴിലുള്ള സഹജമായ അധികാരം നടപടിക്രമങ്ങൾ റദ്ദാക്കാൻ വിനിയോഗിക്കാവുന്നതാണ്.

10. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് രജിസ്റ്റർ ചെയ്ത ഇ.സി.ഐ.ആർ. ആഭ്യന്തരവും ഭരണപരവുമായ രേഖയാണെങ്കിലും, ഘടക കുറ്റകൃത്യം ഇല്ലാതെ ഇഡിയുടെ അന്വേഷണം അസാധ്യമായതിനാൽ, ഘടക കുറ്റകൃത്യം റദ്ദാക്കപ്പെടുകയോ പ്രതിയെ കുറ്റവിമുക്തനാക്കുകയോ ഡിസ്ചാർജ് ചെയ്യുകയോ ചെയ്തതിന് ശേഷം ഉടൻ

തന്നെ ഇ.ഡി. സ്വമേധയാ ഇ.സി.ഐ.ആർ. തീർപ്പാക്കേണ്ടതാണ്. ഇ.സി.ഐ.ആർ. തീർപ്പാക്കാൻ ഇ.ഡി. വിസമ്മതിക്കുമ്പോൾ, ഇന്ത്യൻ ഭരണഘടനയുടെ 226-ാം അനുച്ഛേദം പ്രകാരമോ സി.ആർ.പി.സി.യുടെ 482-ാം വകുപ്പ് പ്രകാരമോ ഈ കോടതിയെ സമീപിക്കുവാൻ സങ്കടകക്ഷിക്ക് തീർച്ചയായും അവകാശമുണ്ട്.

11. ഘടക കുറ്റകൃത്യം സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ഏതെങ്കിലും ക്രിമിനൽ കുറ്റം നടന്നതായി വെളിപ്പെടുത്തുന്നില്ല. അന്തിമ റിപ്പോർട്ട് 73/2023 നമ്പർ ആർ.സി. ആയി സ്വീകരിച്ച് തൃശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ 05-01-2024-ലെ ഉത്തരവ് സി.ആർ.പി.സി പ്രകാരം പുറപ്പെടുവിച്ച ഉത്തരവാണ്. ഇത്തരമൊരു ഉത്തരവിന് പൂർണ്ണമായ പ്രഭാവം നൽകുന്നതിന്, ഇ.സി.ഐ.ആർ. പോലുള്ള ഒരു ഭരണപരമായ രേഖ ഉൾപ്പെടെയുള്ള ഏതൊരു നടപടിക്രമം, അത് നിയമപരമായ അധികാരമില്ലാതെ നിലവിലിരിക്കുമ്പോൾ, റദ്ദാക്കാൻ ഈ കോടതിക്ക് അതിന്റെ സഹജമായ അധികാരങ്ങൾ വിനിയോഗിക്കാവുന്നതാണ്.

12. ഘടക കുറ്റകൃത്യത്തിൽ നിന്ന് പ്രതിയെ കുറ്റവിമുക്തനാക്കിയിട്ടുള്ളതിനാൽ ഇ.സി.ഐ.ആർ. റദ്ദാക്കിയ 391-392/2018 നമ്പർ ക്രിമിനൽ അപ്പീലുകളിലെ സുപ്രീം കോടതിയുടെ വിധി, മേൽപ്പറഞ്ഞ വീക്ഷണത്തിനെ ശക്തിപ്പെടുത്തുന്നു. കൂടാതെ, ഈ കോടതിയിലെ പണ്ഡിതനായ സിംഗിൾ ജഡ്ജി [ജസ്റ്റിസ് രാജാ വിജയരാഘവൻ വി)] **നന്ദകുമാർ വി.പി. v. ഡെപ്യൂട്ടി ഡയറക്ടർ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്** [2023 (6) കെഎച്ച്സി 1] എന്ന കേസിലെ ഇ.സി.ഐ.ആർ. റദ്ദാക്കിയിരുന്നു.

അതനുസരിച്ച്, ഒന്നാം എതിർകക്ഷി രജിസ്റ്റർ ചെയ്ത ECIR/KCZO/05/2019-ഉം അതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ഇതിനാൽ റദ്ദാക്കുന്നു.

മുകളിൽ പറഞ്ഞപ്രകാരം ക്രിമിനൽ എം.സി. അനുവദിച്ചിരിക്കുന്നു.



# സുപ്രീംകോടതി വിധി

## സംക്ഷിപ്തം

# സുപ്രീം കോടതി മുമ്പാകെ

**ബഹു. ജസ്റ്റിസ് ബി. വി. നാഗരത്ന**

&

**ബഹു. ജസ്റ്റിസ് അഗസ്റ്റീൻ ജോർജ്ജ് മസിഹ്**

ഒറിജിനൽ അധികാര പരിധി

ട്രാൻസ്ഫർ ഹർജി (സി.) നം. 2043/2023

**ഡോളി റാണി**

V.

**മനീഷ് കുമാർ ചഞ്ചൽ**

19.04.2024-ന് വിധി പ്രസ്താവിച്ചത്

**ഉത്തരവിന്റെ പ്രസക്തഭാഗങ്ങൾ**

1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് പ്രകാരം, ഒരു പുരുഷനും സ്ത്രീക്കും ഭാര്യാഭർത്താക്കന്മാരാകാനുള്ള പദവി നേടാൻ കഴിയും എന്നതിൽ സംശയമില്ല. 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് ഹിന്ദുക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ജാതി, മതം, വംശം എന്നിവയ്ക്ക് അതീതമായി ഏതൊരു പുരുഷനും സ്ത്രീക്കും ഭാര്യാഭർത്താക്കന്മാരാകാനുള്ള പദവി നേടാൻ കഴിയും , എന്നാൽ 1955-ലെ ഹിന്ദു വിവാഹ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പിൻ പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുക മാത്രമല്ല , ദമ്പതികൾ ആക്ടിലെ 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം ചടങ്ങ് അനുസരിച്ച് വിവാഹം നടത്തുകയും വേണം. ആക്റ്റിലെ 7-ാം വകുപ്പ് അനുസരിച്ചുള്ള അത്തരമൊരു വിവാഹ ചടങ്ങ് നടത്തിയിട്ടില്ലെങ്കിൽ, ഇതു സംബന്ധിച്ച് ഏതെങ്കിലും സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റിന് നിയമപരമായ ഒരു സാധുതയുമില്ല. കൂടാതെ, ആക്റ്റിലെ 8-ാം വകുപ്പ് പ്രകാരമോ സംസ്ഥാന സർക്കാർ നിർമ്മിച്ച ചട്ടങ്ങൾ പ്രകാരമോ നടന്നിട്ടില്ലാത്ത ഒരു വിവാഹത്തിന്റെ രജിസ്ട്രേഷൻ ഒരു ഹിന്ദു വിവാഹം നടന്നതിന് തെളിവായിരിക്കില്ലെന്ന് മാത്രവുമല്ല ദമ്പതികൾക്ക് ഭാര്യാഭർത്താക്കന്മാരുടെ പദവി നൽകാനും കഴിയില്ല .

## ഉത്തരവ്

1908 ലെ സിവിൽ നടപടി നിയമ സംഹിതയുടെ 25-ാം വകുപ്പ് പ്രകാരം, ഹർജിക്കാരിയായ ഭാര്യ താഴെപ്പറയുന്ന ഉത്തരവുകൾ ആവശ്യപ്പെട്ടുകൊണ്ടാണ് ഈ ട്രാൻസ്ഫർ ഹർജി ഫയൽ ചെയ്തിട്ടുള്ളത് .

എ. "ബീഹാറിലെ മുസാഫർപൂരിലെ കുടുംബ കോടതിയിലെ പ്രിൻസിപ്പൽ ജഡ്ജിയുടെ മുമ്പാകെ ഉണ്ടായിരുന്ന 1955-ലെ ഹിന്ദു വിവാഹ നിയമത്തിലെ 13(l)(ia) വകുപ്പ് പ്രകാരമുള്ള വിവാഹമോചന ഹർജി, ജാർഖണ്ഡിലെ റാഞ്ചിയിലെ കുടുംബ കോടതി പ്രിൻസിപ്പൽ ജഡ്ജിയുടെ കോടതിയിലേക്ക് മാറ്റുക; കൂടാതെ

ബി. കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും പരിഗണിച്ച് ബഹുമാനപ്പെട്ട കോടതി ന്യായവും ഉചിതവുമാണെന്ന് കരുതുന്ന മറ്റ് ഉത്തരവുകളും/അല്ലെങ്കിൽ നിർദ്ദേശങ്ങളും പാസാക്കുക."

**കേസിന്റെ വസ്തുതകൾ ചുരുക്കത്തിൽ**

ഹർജിക്കാരിയും എതിർകക്ഷിയും പരിശീലനം ലഭിച്ച കൊമേഴ്സ്യൽ പൈലറ്റുമാരാണ് കക്ഷികളുടെ വിവാഹം 07.03.2021-ന് നടത്താൻ നിശ്ചയിച്ചിരുന്നു. ഹർജിക്കാരിയും എതിർകക്ഷിയും 07.07.2021-ന് തങ്ങളുടെ വിവാഹം നടന്നതായി അവകാശപ്പെടുകയും വാദിക്ക് ജൻകല്യാൺ സമിതിയിൽ (രജിസ്ട്രേഡ്) നിന്ന് അവർ ഒരു ''വിവാഹ സർട്ടിഫിക്കറ്റ്'' നേടുകയും ചെയ്തു . തുടർന്ന് ഈ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 2017 ലെ ഉത്തർപ്രദേശ് വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം അവർക്ക് ഒരു ''വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും'' ലഭിച്ചു. കക്ഷികളുടെ കുടുംബങ്ങൾ ആചാര അനുഷ്ഠാനങ്ങൾ അനുസരിച്ചുള്ള വിവാഹ ചടങ്ങുകൾ 25.10.2022-നു നടത്താൻ നിശ്ചയിച്ചു .

ഈ കാലയളവിൽ ഹർജിക്കാരിയും എതിർകക്ഷിയും വെവ്വേറെ താമസിച്ചിരുന്നുവെങ്കിലും അവർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുകയും എതിർകക്ഷിയുടെ കുടുംബം സ്ത്രീധനം ആവശ്യപ്പെട്ടിരുന്നുവെന്ന് ഹർജിക്കാരി ആരോപിച്ചു. 17.11.2022-ന്, എതിർകക്ഷിക്കും കുടുംബാംഗങ്ങൾക്കുമെതിരെ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമം 498A , 420 , 506 , 509 , 34 എന്നീ വകുപ്പുകൾ പ്രകാരവും 1961-ലെ സ്ത്രീധന നിരോധന നിയമത്തിലെ 3, 4 വകുപ്പുകൾ പ്രകാരവും ഹർജിക്കാരി എഫ്.ഐ.ആർ ഫയൽ ചെയ്തു. ഇതിനെ തുടർന്ന് 13-03-2023-ന് എതിർകക്ഷി ഹിന്ദു വിവാഹ ആക്റ്റിലെ 13(1) (ia) വകുപ്പ് പ്രകാരം ബീഹാറിലെ മുസാഫിർപൂർ കുടുംബകോടതി മുമ്പാകെ ഒരു വിവാഹമോചന ഹർജി ഫയൽ ചെയ്തു.

തുടർന്ന് ഹർജിക്കാരിയായ ഭാര്യ നിലവിൽ ജാർഖണ്ഡിലെ റാഞ്ചിയിൽ മാതാപിതാക്കളോടൊപ്പം താമസിക്കുന്നതിനാൽ, ടി ഹർജി, ജാർഖണ്ഡിലെ റാഞ്ചിയിലെ കുടുംബകോടതിയിലെ പ്രിൻസിപ്പൽ ജഡ്ജിയുടെ കോടതിയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ടാണ് നിലവിലെ ട്രാൻസ്ഫർ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

എന്നാൽ ഈ ട്രാൻസ്ഫർ ഹർജി പരിഗണയിലിരിക്കുന്ന സമയത്ത്, കക്ഷികൾ തമ്മിൽ വിഷയം ചർച്ച ചെയ്യുകയും ഇന്ത്യൻ ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരം താഴെപ്പറയുന്ന പ്രധാന ആവശ്യങ്ങൾ ഉന്നയിച്ച് സംയുക്ത അപേക്ഷ സമർപ്പിക്കാൻ സമ്മതിച്ചിട്ടുണ്ടെന്നും കക്ഷികളുടെ അഭിഭാഷകർ അറിയിച്ചു:-

(i) ഇന്ത്യൻ ഭരണഘടനയുടെ 142-ാം അനുച്ഛേദ പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, കക്ഷികൾ തമ്മിൽ 07.07.2021-ൽ നടന്ന വിവാഹം നിയമത്തിന്റെ ദൃഷ്ടിയിൽ സാധുതയുള്ളതല്ലെന്ന് പ്രഖ്യാപിക്കുന്ന ഒരു ഉത്തരവ് അനുവദിക്കുക.

(ii) കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും ഈ കോടതിക്ക് ഉചിതവും ആവശ്യവുമാണെന്ന് തോന്നുന്ന മറ്റേതെങ്കിലും ഉത്തരവ്/നിർദ്ദേശം പുറപ്പെടുവിക്കുക.

ഹിന്ദു വിവാഹ ആക്റ്റിലെ 7-ാം വകുപ്പ് അനുശാസിക്കുന്ന വിവാഹ ചടങ്ങ് നടന്നിട്ടില്ലായെങ്കിലും കക്ഷികൾ തമ്മിലുള്ള വിവാഹം വിവാഹ രജിസ്ട്രാറുടെ മുന്നിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതിനാൽ വിവാഹ മോചനം അല്ലാതെ എതിർ കക്ഷിക്ക് വേറെ മാർഗ്ഗങ്ങളൊന്നുമില്ല എന്ന് എതിർ കക്ഷിയുടെ അഭിഭാഷകൻ വാദിച്ചു. 142-ാം അനുച്ഛേദപ്രകാരം കക്ഷികൾ സംയുക്തമായി സമർപ്പിച്ച അപേക്ഷ അവരുടെ സ്വന്തം ഇഷ്ടപ്രകാരം ആണെന്നും അതിന് മറ്റൊരു തരത്തിലുള്ള സമ്മർദ്ദമോ ഭീഷണിയോ ഉണ്ടായിട്ടില്ലെന്നും അപേക്ഷയിൽ പറഞ്ഞിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും കക്ഷികൾ പാലിക്കുമെന്നും അറിയിച്ചു. അതിനാൽ കക്ഷികൾ സംയുക്തമായി സമർപ്പിച്ച അപേക്ഷ കോടതി രേഖയായി പരിഗണിച്ച് ആവശ്യപ്പെട്ടിട്ടുള്ള ഉത്തരവുകൾ അനുവദിക്കണമെന്ന് അപേക്ഷിച്ചു.

ഇന്ത്യൻഭരണഘടനയുടെ142-ാംഅനുച്ഛേദപ്രകാരം സമർപ്പിച്ച സംയുക്ത അപേക്ഷയോടൊപ്പം ഈ കേസിൽ ഹാജരാക്കിയ വിവാഹ സർട്ടിഫിക്കറ്റ് പരിശോധിച്ചപ്പോൾ, കക്ഷികൾ തമ്മിലുള്ള 'വിവാഹം' ഹിന്ദു വിവാഹ ആചാരങ്ങൾ അനുസരിച്ചാണ് നടത്തിയതെന്ന് പറയുന്നു. നടത്തിയ ആചാരങ്ങൾ ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരമുള്ള ആവശ്യകതകൾ പാലിച്ചിട്ടുണ്ടോ എന്നതിനെ കുറിച്ച് യാതൊരു

സൂചനയും ഇല്ലാത്ത സാഹചര്യത്തിൽ വാദിക് ജൻകല്യാൺ സമിതി (രജിസ്റ്റേർഡ്) നൽകുന്ന സർട്ടിഫിക്കറ്റ്, ആക്റ്റിലെ 7-ാം വകുപ്പ് അനുസരിച്ച് ഒരു ഹിന്ദു വിവാഹം നടന്നതിനുള്ള തെളിവായി പരിഗണിക്കാനാവില്ല. 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 7-ാം വകുപ്പ് ഹിന്ദു വിവാഹത്തിലെ ചടങ്ങുകളെക്കുറിച്ച് പറയുന്നു. ചടങ്ങനുസരിച്ച് നടത്തിക്കൊടുക്കുക എന്നത് 7-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിൽ പറയുന്നു. ഒരു ഹിന്ദു വിവാഹത്തിനുള്ള ചടങ്ങുകൾ:-

(1) ഒരു ഹിന്ദു വിവാഹം അതിൽ ഏതെങ്കിലും കക്ഷിയുടെ ആചാരങ്ങൾക്കും ചടങ്ങുകൾക്കും അനുസൃതമായി നടത്താം. (2) അത്തരം ആചാരങ്ങളിലും ചടങ്ങുകളിലും സപ്തപദി ഉൾപ്പെടുന്നു (അതായത്, വരനും വധുവും സംയുക്തമായി വിശുദ്ധ അഗ്നിക്ക് മുന്നിൽ ഏഴ് ചുവടുകൾ വയ്ക്കുന്നത്), ഏഴാം ചുവട് വയ്ക്കുമ്പോൾ, വിവാഹം പൂർണ്ണവും ബന്ധിതവുമായി തീരുന്നു. ഹിന്ദു ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് ഒരു ചടങ്ങും നടത്തപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ അത്തരമൊരു സർട്ടിഫിക്കറ്റ് നൽകാൻ പാടില്ലാത്തതായിരുന്നു . ഈ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വിവാഹ രജിസ്ട്രേഷൻ ഓഫീസർ 2017 ലെ ഉത്തർപ്രദേശ് വിവാഹ രജിസ്ട്രേഷൻ ചട്ടപ്രകാരം വിവാഹ സർട്ടിഫിക്കറ്റ് നൽകിയത്. കക്ഷികൾ 07.07.2021-ന് ഓഫീസിൽ ഹാജരായതായും ഗാസിയാബാദിലെ വാദിക് ജൻകല്യാൺ സമിതിയിൽ ആ തീയതിയിൽ അവരുടെ വിവാഹം നടന്നതായി പ്രഖ്യാപിച്ചതായും പ്രസ്താവിച്ചിരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ 8-ാം വകുപ്പ് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്തു. 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് പ്രകാരം, ഒരു പുരുഷനും സ്ത്രീക്കും ഭാര്യാഭർത്താക്കന്മാരാകാനുള്ള പദവി നേടാൻ കഴിയും എന്നതിൽ സംശയമില്ല. 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്ട് ഹിന്ദുക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ജാതി, മതം, വംശം എന്നിവയ്ക്ക് അതീതമായി ഏതൊരു പുരുഷനും സ്ത്രീക്കും ഭാര്യാഭർത്താക്കന്മാരാകാനുള്ള പദവി നേടാൻ കഴിയും , എന്നാൽ 1955-ലെ ഹിന്ദു വിവാഹ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പിൻ പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുക മാത്രമല്ല , ദമ്പതികൾ ആക്ടിലെ 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം ചടങ്ങ് അനുസരിച്ച് വിവാഹം നടത്തുകയും വേണം. ആക്ടിലെ 7-ാം വകുപ്പ് അനുസരിച്ചുള്ള അത്തരമൊരു വിവാഹം നടത്തിയിട്ടില്ലെങ്കിൽ, ഇതു സംബന്ധിച്ച് ഏതെങ്കിലും സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റിന് നിയമപരമായ ഒരു സാധുതയുമില്ല. കൂടാതെ, ആക്റ്റിലെ 8-ാം വകുപ്പ് പ്രകാരമോ സംസ്ഥാന സർക്കാർ നിർമ്മിച്ച ചട്ടങ്ങൾ പ്രകാരമോ നടന്നിട്ടില്ലാത്ത ഒരു വിവാഹത്തിന്റെ രജിസ്ട്രേഷൻ ഒരു ഹിന്ദു വിവാഹം നടന്നതിന് തെളിവായിരിക്കില്ലെന്ന് മാത്രവുമല്ല ദമ്പതികൾക്ക് ഭാര്യാഭർത്താക്കന്മാരുടെ പദവി നൽകാനും കഴിയില്ല .

എന്നാൽ മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾ ഇവിടെ കക്ഷികൾ പാലിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, ആക്റ്റിലെ 7-ാം വകുപ്പിലെ വ്യവസ്ഥകൾ കണക്കിലെടുത്ത്, കക്ഷികൾ തമ്മിലുള്ള 07.07.2021-ലെ 'വിവാഹം' ഒരു 'ഹിന്ദു വിവാഹം' അല്ലെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു. തൽഫലമായി, 07.07.2021-ലെ വാദിക് ജൻകല്യാൺ സമിതി നൽകിയ സർട്ടിഫിക്കറ്റ് അസാധുവായി പ്രഖ്യാപിക്കുന്നു. മുകളിൽ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത്, 2017 ലെ ഉത്തർപ്രദേശ് രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം, 07.07.2021 ന് നൽകിയ സർട്ടിഫിക്കറ്റും അസാധുവായി പ്രഖ്യാപിക്കുന്നു.

മേൽപ്പറഞ്ഞ പ്രഖ്യാപനം കണക്കിലെടുത്ത്,ഹർജിക്കാരിയും എതിർകക്ഷിയും ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് വിവാഹിതരായിട്ടില്ലെന്നും അതിനാൽ അവർക്ക് ഒരിക്കലും ഭാര്യാഭർത്താക്കന്മാരുടെ പദവി ലഭിച്ചിട്ടില്ലെന്നും പ്രഖ്യാപിക്കുന്നു. തൽഫലമായി, കക്ഷികൾ പരസ്പരം ഫയൽ ചെയ്ത മൂന്ന് കേസുകൾ റദ്ദാക്കപ്പെടുന്നു, അതിനെ തുടർന്ന്, ട്രാൻസ്ഫർ ഹർജി തീർപ്പാക്കിയിരിക്കുന്നു. തീർപ്പാക്കാത്ത അപേക്ഷകൾ ഉണ്ടെങ്കിൽ അവ തീർപ്പാക്കപ്പെടുന്നു.

# സുപ്രീം കോടതി മുമ്പാകെ

ക്രിമിനൽ അപ്പീൽ അധികാരപരിധി

**ബഹു. ജസ്റ്റിസ് വിക്രം നാഥ്**

&

**ബഹു. ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര**

ക്രിമിനൽ അപ്പീൽ
നം.__/2024

(എസ്. എൽ. പി. [ക്രിമിനൽ] നം. 8849-8850/2023-ൽ നിന്നുത്ഭവിച്ചത്)

**ശ്രീ ഗുരുദത്ത ഷുഗേഴ്സ് മാർക്കറ്റിങ് പ്രൈവറ്റ് ലിമിറ്റഡ്**

v.

**പൃഥ്വിരാജ് സായാജിറാവു ദേശ്മുഖും മറ്റുള്ളവരും**

(24.7.2024 -ന് വിധി പ്രസ്താവിച്ചത്)

**വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ**

കമ്പനി ഒപ്പിടാൻ ചുമതലപ്പെടുത്തിയ അധികാരസ്ഥാനങ്ങളിലുള്ളവർ കമ്പനിക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ടെങ്കിലും കമ്പനിയുടെ നിയമപരമായ വ്യക്തിത്വം ഏറ്റെടുക്കുന്നില്ല. കോർപ്പറേറ്റ് നിയമത്തിന്റെ അടിസ്ഥാനമായ ഈ തത്വം, ഒപ്പിടാൻ ചുമതലപ്പെടുത്തിയ അധികാരസ്ഥാനങ്ങളിലുള്ളവർക്ക് അവരുടെ പ്രവൃത്തികളിലൂടെ കമ്പനിയെ ബാധ്യതപ്പെടുത്താൻ കഴിയുമെങ്കിലും അവർ അവരുടെ നിയമപരമായ പദവി കമ്പനിയുടേതുമായി കൂട്ടിച്ചേർക്കപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുന്നു. 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലെ 143A വകുപ്പ് പ്രകാരം 'ഡ്രോയർ' എന്നത് പ്രത്യേകമായി ചെക്ക് നൽകുന്ന ആളെയാണ് പരാമർശിക്കുന്നത് എന്ന ഹൈക്കോടതിയുടെ വ്യാഖ്യാനത്തെ ഈ വ്യത്യാസം പിന്തുണയ്ക്കുന്നു. മറിച്ച് കമ്പനിക്കുവേണ്ടി ഒപ്പിടാൻ ചുമതലപ്പെടുത്തിയിട്ടുള്ളവരെ അല്ല.

## വിധിന്യായം

കമ്പനിയുടെ ഡയറക്ടർമാരായ എതിർകക്ഷികൾ അവരുടെ പേരിൽ ഒപ്പിട്ടു നൽകിയ ചെക്ക് മടങ്ങിയതിനെ തുടർന്ന് അവരോട് 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 143-A വകുപ്പ് പ്രകാരം ഇടക്കാലടിസ്ഥാനത്തൽ പണം നൽകുവാൻ നിർദ്ദേശിച്ച ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവ് അസാധുവാക്കിയ 08-03-2023, 29-03-2023 തീയതികളിൽ ബോംബെ ഹൈക്കോടതി പാസ്സാക്കിയ വിധിന്യായങ്ങളെയും ഉത്തരവുകളെയും ചോദ്യം ചെയ്തു കൊണ്ട് ആണ് നിലവിലെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

അപ്പീൽവാദിയായ കമ്പനി 2016 സെപ്റ്റംബറിനും 2017 ജൂണിനുമിടയിൽ കെയ്ൻ അഗ്രോ എനർജി (ഇന്ത്യ) ലിമിറ്റഡ് എന്ന കമ്പനിയുമായി പഞ്ചസാര വാങ്ങലുമായി ബന്ധപ്പെട്ട് നിരവധി കരാറുകളിലും സെയിൽ ഓഡറുകളിലും ഏർപ്പെട്ടിരുന്നു. കരാറുകളും സെയിൽ ഓഡറുകളും പ്രകാരം പഞ്ചസാര കെയ്ൻ കമ്പിനി നൽകുന്നതിലേക്കായി അപ്പീൽവാദി 63,46,00,000/- (അറുപത്തി മൂന്ന് കോടി നാൽപ്പത്തി ആറ് ലക്ഷം രൂപ മാത്രം) മുൻകൂറായി കെയ്ൻ കമ്പനിക്ക് നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഓർഡർ ചെയ്ത അളവിൽ പഞ്ചസാര ന ൽകുന്നതിൽ കമ്പനി വീഴ്ച വരുത്തിയതിനെ തുടർന്നും സമ്മതിച്ചിട്ടുള്ള മറ്റു നിബന്ധന കൾ പാലിക്കാത്തതിനാലും അപ്പീൽവാദിക്ക് തിരികെ നൽകേണ്ടതായിട്ടുള്ള മുൻകൂർ തുക തിരികെ നൽകാൻ കെയ്ൻ കമ്പനി സമ്മതിക്കുകയും അതിനെ തുടർന്ന് ഭാഗികമായി ബാധ്യത തീർക്കുന്നതിലേയ്ക്കായി 45,00,00,000/- രൂപയുടെയും 6,64,41300/- രൂപയുടെയും (ആകെ 51,64,41,300/-) രൂപയുടെയും രണ്ട് ചെക്കുകൾ 30-03-2020 തീയതിയിൽ എതിർകക്ഷികൾ ഒപ്പിട്ട് നൽകിയിരുന്നു.

ഈ രണ്ട് ചെക്കുകൾ ബാങ്കിന് സമർപ്പിച്ചെങ്കിലും ഫണ്ടുകളുടെ അപര്യാപ്തത മൂലം ചെക്കുകൾ മടങ്ങി. അതിനെ തുടർന്ന് കുടിശ്ശിക അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾക്ക് 18-06-2020-ന് നോട്ടീസ് അയയ്ക്കുകയും 30-06-2020-ന് എതിർകക്ഷികൾ നോട്ടീസ് കൈപ്പറ്റുകയും ചെയ്തു.

കുടിശ്ശിക അടയ്ക്കാത്തതിനെ തുടർന്ന് അപ്പീൽവാദി കോലാപ്പൂരിലെ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ഒരു പരാതി നൽകി. അത് സമ്മറി ക്രിമിനൽ കേസ് 2967/2020 നമ്പരായി രജിസ്റ്റർ ചെയ്യുകയും തുടർന്ന് 11-08-2020-ന് കോലാപ്പൂരിലെ ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഒന്ന് മുതൽ മൂന്ന് വരെയുള്ള എതിർകക്ഷികൾക്കെതിരെ നടപടി ആരംഭിക്കുകയും ചെയ്തു. ഇതിനിടയിൽ മുംബൈയിലെ നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന്റെ ഉത്തരവനുസരിച്ച് കെയ്ൻ കമ്പനിയെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസല്യൂഷൻ പ്രക്രിയയിലുൾപ്പെടുത്തി.

2016-ലെ ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്റ്റ്സി കോഡിന്റെ 14-ാം വകുപ്പ് പ്രകാരം 20-05-2021-ൽ കെയ്ൻ കമ്പനിക്കെതിരെ മൊറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവായതിനെ തുടർന്ന് കെയ്ൻ കമ്പനിയും 1 മുതൽ 3 വരെയുള്ള എതിർകക്ഷികളും ചേർന്ന് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ക്രിമിനൽ നടപടി നിയമ സംഹിതയുടെ 258-ാം വകുപ്പ് പ്രകാരം അപേക്ഷ സമർപ്പിച്ചു.

ജുഡീഷ്യൽ മജിസ്ട്രേറ്റ് മേൽപ്പറഞ്ഞ അപേക്ഷ ഭാഗികമായി അനുവദിക്കുകയും ഐ.ബി.സിയുടെ 14-ാം വകുപ്പിന്റെ വെളിച്ചത്തിൽ മൊറട്ടോറിയം ഉത്തരവ് പ്രാബല്യത്തിൽ വരുന്നതുവരെ കെയിൻ കമ്പനിക്ക് എതിരെയുള്ള പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കരുത് എന്ന് വിധിക്കുകയായിരുന്നു. എന്നാൽ 1 മുതൽ 3 വരെയുള്ള എതിർകക്ഷികളായ വ്യക്തികൾക്കെതിരെ ഉള്ള നടപടികൾ തുടരാമെന്നും ഉത്തരവായി.

2016-ലെ ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്റ്റ്സി കോഡിന്റെ 14-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച്, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 138-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങളുടെ നടപടിക്രമങ്ങൾ മൊറട്ടോറിയം ഉത്തരവ് പ്രകാരം കോർപ്പറേറ്റ് കടക്കാർക്ക് മാത്രമേ ബാധകമാകുകയുള്ളൂ എന്നും അല്ലാതെ കുറ്റം ആരോപിക്കപ്പെട്ട കമ്പനിയുടെ പ്രതിനിധികളായി പ്രതി ചേർക്കപ്പെട്ട വ്യക്തികൾക്കെതിരെയുള്ള നടപടികൾക്ക് ബാധകമല്ലായെന്നും ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നിരീക്ഷിച്ചു.

തുടർന്ന് അപ്പീൽവാദി, ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ക്രിമിനൽ നടപടികൾ തീർപ്പാകാതെ കിടക്കുന്ന സമയത്ത് 1 മുതൽ 3 വരെയുള്ള

എതിർകക്ഷികളിൽ നിന്ന് ഇടക്കാല നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 143-A വകുപ്പ് പ്രകാരം അപേക്ഷ സമർപ്പിക്കുകയും 27-04-2022-ലെ ഉത്തരവിലൂടെ ഓരോ എതിർകക്ഷികളും മൊത്തം ചെക്ക് തുകയുടെ 4 ശതമാനം ഇടക്കാല നഷ്ടപരിഹാരമായി 60 ദിവസത്തിനുള്ളിൽ അപ്പീൽവാദിക്ക് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു. കൂടാതെ, അപ്പീൽവാദി ക്രിമിനൽ നടപടി നിയമ സംഹിതയുടെ 421-ാം വകുപ്പും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 143-A (5)വകുപ്പും കൂട്ടിച്ചേർത്ത് 27-04-2022-ലെ ഉത്തരവ് നടപ്പാക്കി കിട്ടുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചു. കൂടാതെ 1 മുതൽ 3 വരെയുള്ള എതിർകക്ഷികൾക്കെതിരെ ജുഡീഷ്യൽ മജിസ്ട്രേറ്റ് പാസ്സാക്കിയ ഇടക്കാല നഷ്ടപരിഹാര ഉത്തരവിനെ ചോദ്യം ചെയ്ത് 2022 -ലെ 967-ാം നമ്പർ ക്രിമിനൽ ആപ്ലിക്കേഷൻ ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചു. 23-09-2022 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ ഉത്തരവിന്റെ പ്രവർത്തനം നിർത്തിവയ്ക്കാനും ഉത്തരവായി.

മേൽപ്പറഞ്ഞ അപേക്ഷ ബഹു.ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്ന സമയത്ത് ഇതേപ്രശ്നം കൈകാര്യം ചെയ്യുന്ന ഒരു കൂട്ടം റിട്ട് ഹർജികളിലും ക്രിമിനൽ ആപ്ലിക്കേഷനുകളിലും, കമ്പനി ചുമതലപ്പെടുത്തിയ പ്രകാരം ചെക്കിൽ ഒപ്പിട്ട വ്യക്തി 'ഡ്രോയർ' ആണോ എന്നും കമ്പനിയെ ഒഴിവാക്കിക്കൊണ്ട് 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 143-A വകുപ്പ് പ്രകാരം ഇടക്കാല നഷ്ടപരിഹാരം നൽകാൻ അങ്ങനെ ഒപ്പിട്ട വ്യക്തിക്ക് നിർദ്ദേശം നൽകാമോ എന്നുമുള്ള നിയമ പ്രശ്നം കോടതി പരിഗണിക്കുകയും ബഹു. ഹൈക്കോടതിയുടെ 08-03-2023-ലെ അന്തിമവിധിയും ഉത്തരവും പ്രകാരം കമ്പനിക്കു വേണ്ടി ചെക്കിൽ ഒപ്പിട്ട വ്യക്തി 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 143-A വകുപ്പ് പ്രകാരം 'ഡ്രോയർ' അല്ലെന്നും അതിനാൽ ഇടക്കാല നഷ്ടപരിഹാരം നൽകാൻ അയാളോട് നിർദ്ദേശിക്കാൻ കഴിയില്ല എന്നും ഹൈക്കോടതി പ്രഖ്യാപിച്ചു.

മേൽപ്പറഞ്ഞ വിധിയുടെയും 2022-ലെ 886 നമ്പർ ക്രിമിനൽ അപേക്ഷയിലെ കോർഡിനേറ്റ് ബെഞ്ചിന്റെ ഉത്തരവിന്റെയും വെളിച്ചത്തിൽ ബഹു. ഹൈക്കോടതി 29-03-2023-ലെ ഉത്തരവിലൂടെ എതിർകക്ഷികൾ സമർപ്പിച്ച അപേക്ഷ അനുവദിക്കുകയും 27-04-2022-ന് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പാസ്സാക്കിയ ഇടക്കാല നഷ്ടപരിഹാര ഉത്തരവ് റദ്ദ് ചെയ്യുകയുമുണ്ടായി.

ചെക്ക് ഒപ്പിട്ട് നൽകുവാനായി കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനത്തുള്ള വ്യക്തി 'ഡ്രോയർ' ആകുമോ എന്നും കമ്പനിയെ മാറ്റി നിർത്തിക്കൊണ്ട് അങ്ങനെ ചെക്ക് ഒപ്പിട്ട് നൽകിയ വ്യക്തിയോട് 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിന്റെ 143-A വകുപ്പ് പ്രകാരം ഇടക്കാല നഷ്ടപരിഹാരം നൽകുവാൻ നിർദ്ദേശിക്കാൻ കഴിയുമോ എന്നുമുള്ള വലിയ നിയമചോദ്യത്തിനുള്ള കോടതിയുടെ കണ്ടെത്തലിന്റെ നിയമസാധുതയെയും കൃത്യതയെയും ചോദ്യം ചെയ്തു കൊണ്ടാണ് നിലവിലെ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. ഈ കേസിൽ ഹൈക്കോടതി പരിഗണിച്ച നിയമ വിഷയങ്ങളും അപ്പീൽവാദിയുടെയും എതിർകക്ഷിയുടെയും അഭിഭാഷകർ ഉന്നയിച്ച പ്രസക്ത വാദങ്ങളും അതിൽ പരാമർശിച്ചിട്ടുള്ള വിധിന്യായങ്ങളും വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരമുള്ള നിഗമനങ്ങളിലെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ നിരസിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി എത്തിച്ചേർന്ന നിഗമനങ്ങൾ താഴെ പറയും പ്രകാരമാണ്.

1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം ചെക്ക് നൽകുന്നത് ആരാണോ അയാളാണ് 'ഡ്രോയർ' എന്ന ബഹു. ഹൈക്കോടതിയുടെ

വ്യാഖ്യാനം ശരിയാണ്. 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലെ 138-ാം വകുപ്പ് പ്രകാരമുള്ള കടമകളും ബാധ്യതകളും മനസിലാക്കുന്നതിന് ഈ വ്യാഖ്യാനം അടിസ്ഥാനമാക്കേണ്ടതുണ്ട്. ഇത് വ്യക്തമാക്കുന്നത് ചെക്ക് സമർപ്പിക്കുന്ന സമയത്ത് അവരുടെ അക്കൗണ്ടിൽ മതിയായ ഫണ്ട് ഉണ്ടെന്ന് 'ഡ്രോയർ' ഉറപ്പാക്കണമെന്നാണ്. 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലെ 143A വകുപ്പ് പ്രകാരം ഡയറക്ടർമാർക്കും മറ്റുള്ളവർക്കും ബാധ്യതയുണ്ട് എന്നുള്ള അപ്പീൽവാദിയുടെ വാദം നിയമത്തിന്റെ ഭാഷയെയും ഉദ്ദേശ്യത്തെയും തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടുള്ളതാണ്. മതിയായ ഫണ്ട് ഉറപ്പാക്കേണ്ടത് ഡ്രോയറുടെ ഉത്തരവാദിത്വമായതിനാൽ പ്രാഥമികമായ ബാധ്യത ഡ്രോയർക്കാണെന്നുള്ള ഹൈക്കോടതിയുടെ കണ്ടെത്തൽ ശരിയാണ്.

നിയമത്തിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്യാത്തിടത്തോളം മറ്റുള്ളവരുടെ പ്രവൃത്തികൾക്ക് വ്യക്തികളിന്മേൽ പ്രത്യേകമായി ക്രിമിനൽ ബാധ്യത ആരോപിക്കാൻ കഴിയില്ലായെന്നത് ക്രിമിനൽ നിയമത്തിലെ പരോക്ഷ ബാധ്യത സംബന്ധിച്ച പൊതുനിയമം അടിവരയിട്ടു പറയുന്നു. ഇടക്കാല നഷ്ടപരിഹാരത്തിന് ഡയറക്ടർമാരെയും മറ്റ് വ്യക്തികളെയും വ്യക്തിപരമായി ബാധ്യസ്ഥരാക്കുന്നതിന് 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലെ 143A വകുപ്പിലേയ്ക്ക് ഈ തത്വം വ്യാപിപ്പിക്കാനുള്ള അപ്പീൽവാദികളുടെ ശ്രമം അടിസ്ഥാനമില്ലാത്തതാകുന്നു. 141-ാം വകുപ്പ് പ്രകാരമുള്ള ബാധ്യതയുണ്ടാകുന്നത് കമ്പനിക്കുള്ളിലെ വ്യക്തികളുടെ പെരുമാറ്റത്തിൽ നിന്നോ വീഴ്ചയിൽ നിന്നോ ആണ് എന്നത് ഹൈക്കോടതി ഊന്നിപ്പറഞ്ഞു.

കമ്പനി ഒപ്പിടാൻ ചുമതലപ്പെടുത്തിയ അധികാരസ്ഥാനങ്ങളിലുള്ളവർ കമ്പനിക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ടെങ്കിലും കമ്പനിയുടെ നിയമപരമായ വ്യക്തിത്വം ഏറ്റെടുക്കുന്നില്ല. കോർപ്പറേറ്റ് നിയമത്തിന്റെ അടിസ്ഥാനമായ ഈ തത്വം, ഒപ്പിടാൻ ചുമതലപ്പെടുത്തിയ അധികാരസ്ഥാനങ്ങളിലുള്ളവർക്ക് അവരുടെ പ്രവൃത്തികളിലൂടെ കമ്പനിയെ ബാധ്യതപ്പെടുത്താൻ കഴിയുമെങ്കിലും അവർ അവരുടെ നിയമപരമായ പദവി കമ്പനിയുടേതുമായി കൂട്ടിച്ചേർക്കപ്പെടുന്നില്ലായെന്ന് ഉറപ്പാക്കുന്നു. 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റിലെ 143A വകുപ്പ് പ്രകാരം ചെക്ക് നൽകുന്ന ആളെയാണ് ഡ്രോയറായി പരാമർശിക്കുന്നത്. മറിച്ച് കമ്പനിക്കുവേണ്ടി ഒപ്പിടാൻ ചുമതലപ്പെടുത്തിയ വ്യക്തിയെ അല്ല എന്ന ഹൈക്കോടതിയുടെ വ്യാഖ്യാനത്തെ ഈ വ്യത്യാസം പിന്തുണ യ്ക്കുന്നു.

അനീറ്റ [**അനീറ്റ ഹദ v. ഗോഡ്ഫാദർ ട്രാവെൽസ് ആൻഡ് ടൂർസ്** Pvt Ltd (2012) 5 SCC 661)] വിധിയെ അപ്പീൽവാദികൾ ആശ്രയിച്ചിട്ടുള്ളത് ഈ കേസിന്റെ സന്ദർഭത്തിന് യോജിക്കാത്തതും അസ്ഥാനത്തുള്ളതുമാണ്. 141-ാം വകുപ്പ് പ്രകാരം ഒരു കമ്പനിയെ ഉൾപ്പെടുത്തി ഒരു പ്രോസിക്യൂഷൻ നടത്തുന്നതിന്റെ ആവശ്യകത ഈ കേസ് അടിവരയിട്ട് പറയുന്നുണ്ടെങ്കിലും 143 A വകുപ്പ് പ്രകാരം ഒപ്പിടാൻ ചുമതലപ്പെടുത്തിയ അധികാരസ്ഥാനങ്ങളിലേയ്ക്ക് ഈ ബാധ്യത വ്യാപിപ്പിക്കുന്നതിനെ പിന്തുണയ്ക്കുന്നില്ല. 143 A വകുപ്പിന്റെ ആവശ്യകതകളിലേയ്ക്ക് ഡയറക്ടർമാരോ ഒപ്പിടാൻ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങളോ 'ഡ്രോയർ' ന്റെ പരിധിയിൽ വരുമെന്ന് വിധിന്യായത്തിൽ എവിടെയും പരാമർശിക്കുന്നില്ല.

1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റ് പ്രകാരം വ്യത്യസ്തമായ ചുമതലകളുള്ള, കമ്പനി ഒപ്പിടാൻ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാനങ്ങളുടെയും ഡ്രോയർമാരുടെയും ഉത്തരവാദിത്വങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള വ്യാഖ്യാനമാണ് അപ്പീൽവാദികൾ നൽകിയത്.

അപ്പീൽവാദികൾ അവരുടെ വാദം സ്ഥാപിക്കുന്നതിനായി വിധിയിലെ ഒരു ഖണ്ഡികയെ മാത്രമാണ് ആശ്രയിച്ചിട്ടുള്ളത്. അത് പ്രസതുത വിധിന്യായത്തിന്റെ തീരുമാനത്തിനടിസ്ഥാനമായ കാരണങ്ങളിൽ ഉൾപ്പെടുന്നില്ല. അതനുസരിച്ച് അപ്പീലുകൾ തള്ളുന്നു.


SUPREME COURT OF INDIA
ഹൈക്കോടതി വിധി
സംക്ഷിപ്തം

## കേരള ഹൈക്കോടതി മുമ്പാകെ

### ബഹു. ജസ്റ്റിസ് എ മുഹമ്മദ് മുസ്താഖ്

&

### ബഹു. ജസ്റ്റിസ് ശോഭ അന്നമ്മ ഈപ്പൻ

പുനഃപരിശോധനാ ഹർജി നം.119/2023
(762/2011 നം. L.A. അപ്പീലിലെ വിധിന്യായത്തിനും ഉത്തരവിനും എതിരായി സമർപ്പിച്ചത്)

**ഡെപ്യൂട്ടി ഇൻസ്പെക്ടർ, കോസ്റ്റ് ഗാർഡ്**
v.
**ജാസ്മിൻ**
(03-03-2023 -ന് വിധി പ്രസ്താവിച്ചത്)

### വിധിന്യായത്തിലെ പ്രസക്ത ഭാഗങ്ങൾ

സർക്കാർ ഏറ്റെടുത്ത ഭൂമിക്ക് ഭൂവുടമകൾ തന്നെ സൃഷ്ടിച്ച ആധാരത്തിന്റെ (created documents) വില പരിഗണിച്ച് ഭീമമായ നഷ്ടപരിഹാര തുക അനുവദിച്ച LAR കോടതിയുടെയും അപ്പീൽ കോടതിയുടെയും ഉത്തരവുകൾ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് അസാധാരണ ഉത്തരവിലൂടെ അസാധുവാക്കി. ഭൂമി ഏറ്റെടുക്കൽ നടപടികളിൽ വഞ്ചിക്കപ്പെട്ടവരുടെ അജ്ഞതയിൽ നിന്ന് ഒരാൾക്ക് നേട്ടമുണ്ടാക്കാനാകുമോ? "സൃഷ്ടിച്ച രേഖകൾ" അടിസ്ഥാനമാക്കി വർദ്ധിപ്പിച്ച നഷ്ടപരിഹാരം ക്ലെയിം ചെയ്യുന്നതിനായി ഭൂമി എറ്റെടുക്കൽ റഫറൻസ് കോടതിയിൽ (എൽ. എ. ആർ. ) നടത്തിയ വഞ്ചനയാണ് ഈ ഭൂമി ഏറ്റെടുക്കൽ കാര്യങ്ങൾ വെളിപ്പെടുത്തുന്നത് എന്ന് കോടതി നിരീക്ഷിച്ചു.

ഉയർന്ന നഷ്ടപരിഹാരം അവകാശപ്പെടുന്നതിന് ആധാരമായി കക്ഷികൾ എൽ. എ. ആർ. കോടതിയിൽ ഹാജരാക്കിയ രേഖകൾ ഒരു സിവിൽ കേസിൽ എതിർകക്ഷിക്കുമേൽ അവകാശമോ അല്ലെങ്കിൽ ബാധ്യതയോ സ്ഥാപിച്ച് കിട്ടുന്നതിനുവേണ്ടി ഹാജരാക്കുന്ന രേഖകളുമായി തുലനം ചെയ്യുവാൻ കഴിയില്ലെന്നും ഉയർന്ന നഷ്ടപരിഹാരം അവകാശപ്പെടുന്നതിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ള പ്രമാണങ്ങൾ (created documents) പ്രധാനമായും കോടതിയെ തെറ്റിധരിപ്പിക്കാൻ ഉദ്ദേശിച്ചികൊണ്ടുള്ളതാണെന്ന് കോടതി നിരീക്ഷിച്ചു.

### വിധിന്യായം

**കേസിന് ആസ്പദമായ വസ്തുതകൾ:-**

എറണാകുളം ജില്ലയിലെ ചൊവ്വര വില്ലേജിൽ പ്രതിരോധ മന്ത്രാലയത്തിനും എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്കും വേണ്ടി 1894-ലെ ഭൂമി ഏറ്റെടുക്കൽ ആക്റ്റ് പ്രകാരം 31/08/2009-ലെ വിജ്ഞാപനപ്രകാരം ഏറ്റെടുക്കപ്പെട്ട 383.87 ആർ ഭൂമിക്ക് ഉയർന്ന നഷ്ടപരിഹാര തുക അനുവദിച്ചുകൊണ്ട് നോർത്ത് പറവൂർ സബ്കോടതി (എൽ. എ. ആർ.)

കോടതി നൽകിയിട്ടുള്ള ഉത്തരവുകളി ന്മേലുള്ള അപ്പീലിൽ (എൽ. എ. എ.) ടി ഭൂമിക്കുള്ള നഷ്ടപരിഹാരം വീണ്ടും വർദ്ധിപ്പിച്ചു നല്കിയ ഹൈക്കോടതി ഉത്തരവുകൾ പുനപ രി ശോധിക്കുന്നതിനായി ഫയൽ ചെയ്ത പുനഃപരിശോധന ഹർജികൾ (RP) തള്ളിയ ഉത്തരവ് പുനഃപരിശോധിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരും കോസ്റ്റ്ഗാർഡും ഫയൽ ചെയ്ത റിവ്യു ഹർജി നമ്പർ 119/2023, റിവ്യു ഹർജി നമ്പർ 886/2021, റിവ്യു ഹർജി നമ്പർ 1058/2022 എന്നിവ അനുവദിച്ചുകൊണ്ടാണ് ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് 03/03/2023-ൽ വിധി പുറപ്പെടുവിച്ചിട്ടുള്ളത്.

**കോടതിയുടെ പ്രധാന കണ്ടെത്തലുകൾ താഴെ പറയും പ്രകാരമാണ്-**

(1) 07/07/2007-ൽ ഷാസ് ഹോംസ് പ്രൈവറ്റ് ലിമിറ്റഡ്-ന് വേണ്ടി ശ്രീനി പരമേശ്വരൻ ചൊവ്വര വില്ലേജിലെ 382 .160 സെന്റും 1. 829 സെന്റും ഭൂമി ശ്രീമതി നബീസ എന്നയാളിൽ നിന്നും മറ്റു ചിലരിൽ നിന്നും 2 പ്രത്യേക വിലയാധാരം വഴി വാങ്ങിയിരുന്നു. ടി ഭൂമിക്ക് വില ഒരു ആറിന് യഥാക്രമം 64,658 രൂപയും 67,568 രൂപ യുമാണ ആധാരത്തിൽ കാണിച്ചിരുന്നത്. ടി ആധാരങ്ങൾ കോടതി ഉത്തരവിൽ L1, L2 എന്നിവയായി രേഖപ്പെടുത്തിയിട്ടുണ്ട്.

(2) 05/09/2007-ൽ ഷാസ് ഹോംസ് പ്രൈവറ്റ് ലിമിറ്റഡ്-ന്റെ മാനേജിംഗ് ഡയറക്ടർ കൂടി ആയ ശ്രീനി പരമേശ്വരൻ, 07/07/2007-ൽ വിലയാധാര പ്രകാരം വാങ്ങിയ ഭൂമിയിൽ നിന്നും 7 സെന്റ് 1 ആറിന് 6,16,198/- രൂപ നിരക്കിൽ ശ്രീ. എസ്. സതീഷ് മേനോൻ എന്നയാൾക്ക് വിൽക്കുന്നു. ഈ വിലയാധാരം L3 രേഖയായി കോടതി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(3) 03/10/2007-ൽ ഷാസ് ഹോംസ് പ്രൈവറ്റ് ലിമിറ്റഡ് ഉം മറ്റ് 4 പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഭൂമി ഏറ്റെടുക്കൽ നടപ ടികൾക്കെതിരെ 29363/2007 നം. റിട്ട് ഹർജി ഫയൽ ചെയ്തിരുന്നു.

(4) ശ്രീ എസ്. സതീഷ് മേനോൻ 05/09/2007-ൽ L3 പ്രമാണം പ്രകാരം വാങ്ങിയ ഭൂമി ഒരു ആറിന് 6,19,718 രൂപക്ക് 29/04/2009-ൽ തന്നെ മറ്റൊരു വിലയാധാരം വഴി ശ്രീനി പരമേശ്വരന്റെ പിതാവായ ശ്രീ. എം. ജി. പരമേശ്വരൻ പേർക്ക് തിരികെ നൽകിയിരുന്നു. ഈ വിലയാധാരം L4 രേഖയായി കോടതി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉയർന്ന നഷ്ടപരിഹാരതുക കിട്ടുന്നതിലേക്കായി L3 പ്രമാണം കക്ഷികൾ കോടതിയിൽ ഹാജരാ ക്കിയിരുന്നുവെങ്കിലും, പിന്നീട് L4 പ്രമാണം വഴി നടത്തിയ ഭൂമി കൈമാറ്റം ആരും കോടതിയുടെ ശ്രദ്ധയിൽ കൊണ്ട് വന്നിട്ടില്ലായിരുന്നു.

(5) 31/08/2009-ൽ ടി ഭൂമി ഏറ്റെടുക്കുന്നതി ലേക്കായി ഭൂമി ഏറ്റെടുക്കൽ ആക്റ്റിന്റെ 4(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു.

(6) മേൽ പരാമർശിച്ചിട്ടുള്ള വസ്തുതകളിൽ നിന്നും ടി ഭൂമി ഏറ്റെടുക്കലിനെകുറിച്ച് ശ്രീനി പരമേശ്വരന് മുൻ അറിവ് ഉണ്ടായിരുന്നു എന്നത് ടിയാൻ 03/10/2007-ൽ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത 29363/2007 നം. റിട്ട് ഹർജിയിൽ നിന്ന് വെളിപ്പെടുത്തുന്നു എന്നും, അത് മുന്നിൽ കണ്ടുകൊണ്ടാണ് ശ്രീ. ശ്രീനി പരമേശ്വരൻ 07/07/2007 ൽ L1, L2 പ്രമാണങ്ങൾ പ്രകാരം ശ്രീമതി നബീസയിൽ നിന്നും മറ്റ് ചിലരിൽ നിന്നും ഭൂമി വാങ്ങിയതെന്നും അതിൽ നിന്ന് 7 സെന്റ് ഭൂമി രണ്ടു മാസത്തിനുശേഷം വില പെരുപ്പിച്ച് കാണിച്ച് L3 പ്രമാണ പ്രകാരം ശ്രീ എസ്. സതീഷ് മേനോന് കൈമാറ്റം നടത്തിയത് എന്നും കോടതി നിരീക്ഷിച്ചു. കൂടാതെ ശ്രീ എസ്. സതീഷ് മേനോൻ 29/04/2009 ൽ തന്നെ ടി ഭൂമി L4 പ്രമാണപ്രകാരം ശ്രീ ശ്രീനി പരമേശ്വരന്റെ പിതാവായ ശ്രീ എം. ജി. പരമേശ്വരന് തിരികെ നൽകിയിട്ടുണ്ടായിരുന്നു എന്നും ബഹു. ഹൈക്കോടതി കണ്ടെത്തി. ഭൂമി ഏറ്റെടുക്കൽ നടപടികൾ മുന്നിൽ കണ്ടുകൊണ്ട് ശ്രീ. ശ്രീനി പരമേശ്വരൻ നടത്തിയ ഇടപാടുകളും അതിലേക്കായി ഉണ്ടാക്കിയിട്ടുള്ള പ്രമാണങ്ങളും,

നടത്തിയ ഇടപാടുകൾ അസൽ ഇടപാടുകൾ ആണ് എന്ന് തോന്നിപ്പിക്കുന്നതിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്ന് കോടതി നിരീക്ഷിച്ചു.

(7) 07/07/2007-ൽ ഒരു ആറിന് ഏകദേശം 67000 രൂപ മാത്രം മതിപ്പ് വില ഉണ്ടായിരുന്ന ഭൂമിക്ക് രണ്ട് മാസത്തിനുള്ളിൽ (6,16,918 രൂപ) ഉണ്ട് എന്ന് കോടതിയെ ബോധ്യപ്പെടുത്തുവാൻ സഹായിക്കുന്ന L3 വിലയാധാരം കക്ഷികൾ തന്നെ ഉണ്ടാക്കി എടുത്തിട്ടുള്ളതാണെന്ന് കോടതി നിരീക്ഷിച്ചു.

(8) കേസിലെ കക്ഷികളിൽ ഒരാളിൽ നിന്നും ഏറ്റെടുത്ത ഭൂമിക്ക് ലാന്റ് അക്വിസിഷൻ ഓഫീസർ ഒരു ആറിന് 2,59,746 രൂപ നഷ്ട പരിഹാരമായി അനുവദിച്ചിരുന്നു. എന്നാൽ അതിൽ തൃപ്തിപ്പെടാത്ത കക്ഷികൾ പറവൂർ സബ്കോടതിൽ L. A. R. No.60/2010 ഫയൽ ചെയ്യുകയും കോടതി L3 പ്രമാണത്തിന്റെ വില അടിസ്ഥാനമാക്കി ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരതുക ഒരു ആറിന് 5,13,700 രൂപ ആക്കി ഉയർത്തി നൽകി. ടി തുക കൊണ്ടും തൃപ്തിപ്പെടാത്ത കക്ഷികൾ ബഹു ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ഹൈക്കോടതി നഷ്ടപരിഹാരം L3 പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ആറിന് 8,30,000 രൂപയായി വീണ്ടും ഉയർത്തി നൽകുകയും ചെയ്തിരുന്നു. ടി വിധിക്ക് എതിരായി എതിർകക്ഷികൾ പുനഃ പരിശോധന ഹർജി ഫയൽ ചെയ്തു എങ്കിലും ബഹു. ഹൈക്കോടതി 23/09/2015-ൽ അത് തള്ളുകയുണ്ടായി. തുടർന്ന് സംസ്ഥാന സർക്കാരും കോസ്റ്റ്ഗാർഡും വീണ്ടും ഫയൽ ചെയ്ത റിവ്യു ഹർജികൾ വീണ്ടും വിശദമായി പരിഗണിച്ചാണ് ഡിവിഷൻ ബഞ്ച് സുപ്രധാനമായ ഈ വിധി പുറപ്പെടുവിച്ചത്. ഭൂവുടമകൾതന്നെ ഭൂമി വില പെരുപ്പിച്ച് കാണിച്ച് കൈമാറ്റം നടത്തി പ്രമാണം ഉണ്ടാക്കി അത്തരം പ്രമാണങ്ങൾ കോടതിയിൽ ഹാജരാക്കി കോടതിയെ കബളിപ്പിച്ചു കൊണ്ടാണ് ഏറ്റെടുക്കപ്പെട്ട ഭൂമിക്ക് ഭീമമായ നഷ്ടപരിഹാരതുക എൽ. എ. ആർ കോടതിക്കും അപ്പീൽ കോടതിക്കും അനുവദിക്കാനിടയായതെന്ന് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് കണ്ടെത്തി.




# സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ

## സുപ്രധാനവിധികൾ ഒറ്റനോട്ടത്തിൽ

### കേരള സംസ്ഥാനം v. സോജൻ

2024 : KER : 51407

സർക്കാർ സർവീസിൽ നിന്ന് വിരമിച്ച എതിർകക്ഷിയടക്കം 4 സർക്കാർ ജീവനക്കാർക്കെതിരെ അഴിമതി കേസ് രജിസ്റ്റർ ചെയ്തതിനെ തുടർന്ന് എതിർകക്ഷിക്ക് അർഹതപ്പെട്ട താൽക്കാലിക പെൻഷനും ഡിസിആർജിയും കേരള സർവീസ് റൂൾസിലെ മൂന്നാം ഭാഗത്തിലെ ചട്ടം 3 എ പ്രകാരം തടഞ്ഞുവച്ചിരുന്നു. എന്നാൽ അവർ 4 പേരും ചേർന്ന് അഴിമതിക്കേസ് രജിസ്റ്റർ ചെയ്തതിനെതിരെ സമർപ്പിച്ച ക്രിമിനൽ എം.സി.യിൽ (Crl.M.C.) ബഹുമാനപ്പെട്ട ഹൈക്കോടതി എഫ്.ഐ.ആർ റദ്ദാക്കിയിരുന്നു. തുടർന്ന്, വകുപ്പ് തടഞ്ഞുവച്ച പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി എതിർകക്ഷി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിവേദനം നൽകുകയും, പെൻഷൻ ആനുകൂല്യങ്ങളും ഗ്രാറ്റുവിറ്റിയും നൽകാൻ അതിന്മേൽ കമ്മീഷണർ ഉത്തരവിടുകയും ചെയ്തു. ഇതേ തുടർന്ന്, ഗ്രാറ്റുവിറ്റി തുകയിന്മേൽ പ്രതിവർഷം 12% എന്ന നിരക്കിൽ പലിശ നൽകണമെന്ന് അഭ്യർത്ഥിച്ച് എതിർകക്ഷി മറ്റൊരു നിവേദനം നൽകുകയും, കമ്മീഷണർ അതിനെ നിരസിക്കുകയും ചെയ്തു. നിരസിച്ച ഉത്തരവിനെതിരെ എതിർകക്ഷി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും, ഡി.സി.ആർ.ജി. തുകയിന്മേൽ 7% നിരക്കിൽ പലിശ അനുവദിച്ചുകൊണ്ട് ട്രിബ്യൂണൽ ഉത്തരവാകുകയും ചെയ്തു. ഈ ഉത്തരവ് ചോദ്യം ചെയ്തു കൊണ്ടാണ് സംസ്ഥാന സർക്കാർ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

ഗ്രാറ്റുവിറ്റി തടഞ്ഞുവച്ചതിനെ കെ.എസ്.ആറി-ന്റെ ഭാഗം III-ലെ ചട്ടം 3 എ (എ) അടിസ്ഥാനമാക്കി ന്യായീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും, എന്നാൽ കെ.എസ്.ആർ ചട്ടം 3 പ്രകാരം ഏതെങ്കിലും വകുപ്പുതല അല്ലെങ്കിൽ ജുഡീഷ്യൽ നടപടികൾ നടക്കുന്നിടത്തോ തുടരുന്നിടത്തോ മാത്രമേ അത് പ്രയോഗിക്കാനാവു എന്ന് പ്രസ്തുത വ്യവസ്ഥയുടെ ഭാഷ വ്യക്തമാക്കുന്നുവെന്നും ഹൈക്കോടതി നിരീക്ഷിച്ചു. എതിർകക്ഷിയുടെ കാര്യത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചത് എന്നും, അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്ന ഘട്ടത്തിലെത്തിയിരുന്നില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. അതിനാൽ, എതിർകക്ഷിക്കെതിരെയുള്ള ജുഡീഷ്യൽ നടപടികൾ തീർപ്പുകൽപ്പിച്ചിട്ടില്ലെന്ന് പ്രസ്താവിച്ചതിൽ സർക്കാരിന് തെറ്റുപറ്റിയെന്ന് കെ.എസ്.ആർ. ഭാഗം III-ലെ ചട്ടം 3-ന് കീഴിലുള്ള വിശദീകരണം (ബി) ആശ്രയിച്ചുകൊണ്ടുള്ള ട്രിബ്യൂണലിന്റെ നിഗമനം തികച്ചും ന്യായീകരിക്കാനാവുന്നതാണെന്ന് കോടതി കണ്ടെത്തി.

ഹൈക്കോടതി ക്രിമിനൽ എം.സി. (Crl.M.C.) പരിഗണിച്ചപ്പോൾ, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് കുറ്റകരമായ ദുർനടപ്പ് കണ്ടെത്തിയിട്ടില്ലെന്ന് സ്റ്റേറ്റ് അറ്റോർണി സമ്മതിച്ചതായും ഹൈക്കോടതി ചൂണ്ടിക്കാട്ടി. അതിനാൽ എതിർകക്ഷിക്കെതിരെ നടപടിയെടുക്കുന്നത് തികച്ചും അടിസ്ഥാനരഹിതമാണെന്ന് സർക്കാർ വളരെ മുമ്പേ മനസ്സിലാക്കിയിരുന്നു.

കെ.എസ്.ആർ. ചട്ടങ്ങളിലെ വ്യവസ്ഥകളൊന്നും എതിർകക്ഷി ഉന്നയിച്ച അവകാശവാദത്തെ പിന്തുണയ്ക്കാത്തതിനാൽ, എതിർകക്ഷിക്ക് പലിശ അവകാശപ്പെടാൻ നിയമപരമായി അർഹതയില്ലെന്ന സർക്കാരിന്റെ വാദവും ഹൈക്കോടതി തള്ളി. പെൻഷനും, ഗ്രാറ്റുവിറ്റിയും സർക്കാർ ജീവനക്കാർ വിരമിക്കുമ്പോൾ സർക്കാർ നൽകുന്ന ഔദാര്യമല്ല, മറിച്ച്, അവർക്ക് അർഹതയുള്ള വിലപ്പെട്ട അവകാശങ്ങളും സ്വത്തുക്കളും ആണ് എന്ന് നിരവധി മുൻവിധിന്യായങ്ങളെ ഉദ്ധരിച്ചുകൊണ്ട് കോടതി നിരീക്ഷിച്ചു. അതിനാൽ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും കുറ്റകരമായ കാലതാമസമുണ്ടായാൽ, ജീവനക്കാർക്ക് യഥാർത്ഥ പണം

നൽകുന്നതുവരെ, നിലവിലെ മാർക്കറ്റ് നിരക്കിൽ പലിശയ്ക്ക് അർഹതയുണ്ടെന്ന് കോടതി നിരീക്ഷിച്ചു. ഭരണഘടനയുടെ 14, 19, 21 എന്നീ അനുച്ഛേദങ്ങൾ പ്രകാരം ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരന് പലിശ അവകാശപ്പെടാൻ കഴിയുമെന്ന് കോടതി ചൂണ്ടിക്കാട്ടി. ഭരണഘടനയുടെ അനുച്ഛേദം 300 പ്രകാരം വിരമിക്കൽ ആനുകൂല്യങ്ങളും പരിരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും കോടതി ഓർമ്മിപ്പിച്ചു.

എതിർകക്ഷി 12% നിരക്കിൽ പലിശയ്ക്ക് അവകാശവാദം ഉന്നയിച്ചെങ്കിലും, ട്രിബ്യൂണൽ അതിന്റെ വിവേചനാധികാരത്തിൽ 7% എന്ന നിരക്കിൽ മാത്രമേ പലിശ അനുവദിച്ചിട്ടുള്ളൂ എന്നും അത് ന്യായവും മിതവുമാണെന്നും കോടതി കണ്ടെത്തി. മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ ഒ.പി. (കെ.എ.ടി.) ഹൈക്കോടതി തള്ളി.

## സക്കീർ ഹുസൈൻ
## v
## ലാന്റ് റവന്യൂ കമ്മീഷണർ

2024: KER: 49944

പട്ടയമായി കിട്ടിയ ഭൂമിയിൽ നിന്ന് ഹർജിക്കാരനെ ഒഴിവാക്കാൻ തഹസിൽദാരും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് ഭൂസംരക്ഷണ നിയമപ്ര കാരമുള്ള നടപടികൾ ആരംഭിച്ചിരുന്നു. നടപടികളുമായി മുന്നോട്ട് പോകുന്നതിന് മുൻപ് ഹരജിക്കാരന്റെ വാദം കേൾക്കാൻ ഒരു അവസരം നൽകണമെന്ന് കേരള ഹൈക്കോടതി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന്, തഹസിൽദാർ ഹർജിക്കാരനെ കേൾക്കുകയും അദ്ദേഹം ഉന്നയിച്ച വാദം തള്ളുകയും തുടർന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും അതും തള്ളുകയും ചെയ്തു. ഇതിനെതിരെ ഹർജിക്കാരൻ ജില്ലാ കളക്ടറെ സമീപിച്ചു. ഹർജിക്കാരൻ പറയുന്നതനുസരിച്ച്, അപ്പീലിൽ ജില്ലാ കളക്ടർ ഒരു ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും അത് ഹർജിക്കാരന് നൽകിയിരുന്നില്ല. പ്രസ്തുത ഭൂമിയിൽ നിന്ന് ഹർജിക്കാരനെ ബലമായി കുടിയൊഴിപ്പിക്കാൻ ശ്രമിച്ചപ്പോൾ, ഒരു സിവിൽ കേസ് ഫയൽ ചെയ്യുകയും അതിൽ ഉത്തരവ് ലഭിക്കുകയും ചെയ്തു. തുടർന്ന് ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ ഹർജിക്കാരൻ ജില്ലാ കളക്ടറുടെ ഉത്തരവ് ടിയാന് നൽകിയിരുന്നില്ല എന്ന് ആരോപിച്ചുകൊണ്ട് റിവിഷൻ ഫയൽ ചെയ്തു. എന്നാൽ 30 ദിവസത്തിന് ശേഷമാണ് റിവിഷൻ നൽകിയതെന്നും അത് കാലഹരണപെട്ടുവെന്നും ചൂണ്ടിക്കാട്ടി ലാൻന്റ് റവന്യൂ കമ്മീഷണർ റിവിഷൻ ഹർജി തള്ളി. ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിനെക്കുറിച്ച് അറിഞ്ഞ ശേഷം ഹർജിക്കാരൻ സിവിൽ കേസ് ഫയൽ ചെയ്തതിനാൽ ടി ഉത്തരവിനെക്കുറിച്ച് ഹർജിക്കാരന് അറിയാമെന്നും ലാൻന്റ് റവന്യൂ കമ്മീഷണർ നിരീക്ഷിച്ചു.

ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിരുന്നില്ല എന്ന് വ്യക്തമായ ഒരു വാദം ഉണ്ട്. ഒന്നാം എതിർ കക്ഷി ഒരു സത്യവാങ്മൂലം സമർപ്പിച്ചെങ്കിലും, ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടില്ലായിരുന്നു എന്ന വാദം നിഷേധിച്ചിട്ടില്ല. ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് ലഭിച്ചിട്ടില്ലെന്ന റിട്ട് ഹർജിയിലെ വാദത്തെ എതിർകക്ഷികൾ നിഷേധിക്കാത്തതിനാൽ ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടില്ലെന്ന് അനുമാനിക്കേണ്ടതാണ്. അതിനാൽ ചോദ്യം ചെയ്ത ഉത്തരവ് റദ്ദാക്കാൻ ഹൈക്കോടതി വിധിച്ചു.

സ്റ്റാറ്റ്യൂട്ടറി അപ്പീലുകളും റിവിഷനുകളും മെറിറ്റിന്റെ അടിസ്ഥാനത്തിൽ കഴിയുന്നിടത്തോളം പരിഗണിക്കേണ്ടത് അധികാരികളുടെ കടമയാണ്. കക്ഷികളുടെ ഭാഗത്തുനിന്ന് അകാരണമായ കാലതാമസം ഉണ്ടാ യേക്കാം. കക്ഷികളിൽ നിന്നുള്ള ചെറിയ വീഴ്ചകൾ ക്ഷമിക്കണം, കാരണം സ്റ്റാറ്റ്യൂട്ടറി അധികാരികളുടെ ആത്യന്തിക ലക്ഷ്യം കക്ഷികൾക്ക് നീതി നൽകുക എന്നതായിരിക്കണം. കാലതാമസത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഹർജി തള്ളുന്നതിലൂടെ ഒരു ഉദ്ദേശ്യവും നിറവേറ്റപ്പെടില്ല, കാരണം സാധാരണഗതിയിൽ ഒരു കക്ഷിയും ആ

ഘട്ടത്തിൽ തന്റെ കേസ് അവസാനിപ്പിക്കില്ല എന്നതിനാൽ ആ വിഷയം കൂടുതൽ വലിച്ചിഴയ്ക്കുകയേ ചെയ്യുകയുള്ളൂ. മെറിറ്റിൽ ഒരു ഓർഡർ പാസ്സാക്കിയാൽ , ആ ഘട്ടത്തിലെങ്കിലും വ്യവഹാരം അവസാനിപ്പിക്കാൻ കഴിയും. അതിനാൽ കാലതാമസം മാപ്പാക്കൽ അപേക്ഷകൾ (Dealy Condonation Petitions) പരിഗണിക്കുമ്പോൾ, സ്റ്റാറ്റ്യൂട്ടറി അധികാരികൾ പ്രായോഗിക സമീപനം സ്വീകരിക്കണം.

## ഗീത v. പ്രദീപ്

## 2024 KER 53560

തിരുവനന്തപുരം കുടുംബ കോടതിയുടെ 14.07.2023 തീയതിയിലെ O.P.No.1385/2016-ലെ വിധിയെ ചോദ്യം ചെയ്തു കൊണ്ടാണ് ഭാര്യ പ്രസ്തുത മാറ്റ്. അപ്പീൽ (മാട്രിമോണിയൽ അപ്പീൽ) ഫയൽ ചെയ്തിരിക്കുന്നത്. ക്രൂരതയുടെ പേരിൽ വിവാഹമോചനം ആവശ്യപ്പെട്ടുകൊണ്ടായിരുന്നു ഹർജി. വിവാഹ ജീവിതത്തിലെ ക്രൂരത തെളിയിക്കുന്നതിൽ അപ്പീൽവാദി പരാജയപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജി തള്ളിയത്.

രേഖകൾ പരിശോധിച്ചപ്പോൾ ഇരുവരും തമ്മിലുള്ള വിവാഹം 29.01.1997-ന് ചടങ്ങുകൾ പ്രകാരം നടന്നതായി കണ്ടെത്തി. ആ വിവാഹത്തിൽ രണ്ടു കുട്ടികൾ ജനിക്കുകയും ചെയ്തു. വിവാഹ സമയത്ത്, എതിർകക്ഷി തമിഴ്നാട്ടിലെ വിജയലക്ഷ്മി കാഷ്യൂസ് എന്ന സ്ഥാപനത്തിൽ ജീവനക്കാരനായിരുന്നു. എതിർകക്ഷി ഒരു ദുർവ്യയക്കാരനാണെന്നും തന്നെയും രണ്ട് കുട്ടികളെയും ഒരിക്കലും സംരക്ഷിച്ചിട്ടില്ലെന്നും ഭാര്യ വാദിച്ചു. ഭാര്യ ബി.ടെക്. ബിരുദം നേടി കെ.എസ്.ഇ.ബി.-ൽ ജോലി നേടിയതിന് ശേഷമാണ് കക്ഷികൾക്കിടയിൽ ഗുരുതരമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായത്. ഭർത്താവിന് അടിസ്ഥാന യോഗ്യതകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അദ്ദേഹത്തിന്റെ ജോലിയിലെ പദവി ഭാര്യയുടേതിനേക്കാൾ താഴ്ന്നതായിരുന്നു എന്നത് എതിർകക്ഷിക്ക് ഒരു അപകർഷതാബോധം വളർത്തിയെടുക്കാൻ കാരണമായി.

ഇതിനു ശേഷം ഭാര്യയ്ക്ക് 'ചൊവ്വാ ദോഷം' ഉണ്ടെന്ന് ആരോപിച്ച് അയാൾ ശാരീരികമായും മാനസികമായും പീഡിപ്പിക്കാൻ തുടങ്ങി, അതായത് അവൾക്ക് ജ്യോതിഷപരമായ പ്രശ്നങ്ങളുണ്ടെന്നും അവളെ വിവാഹം കഴിച്ചതിലൂടെ അയാൾക്ക് ഭാഗ്യക്കേട് സംഭവിച്ചുവെന്നും ആരോപിച്ചു. അതിനെ തുടർന്ന് ബന്ധം നിലനിർത്താൻ ബുദ്ധിമുട്ടായപ്പോൾ, ക്രൂരത കാരണം, അവൾ തിരുവനന്തപുരത്തെ കുടുംബ കോടതിയെ സമീപിക്കുകയും വിവാഹമോചന ഹർജി ഫയൽ ചെയ്യുകയും ചെയ്തു. എതിർകക്ഷി കുടുംബ കോടതിയിൽ ഹാജരായി മുഴുവൻ ആരോപണങ്ങളും നിഷേധിച്ചു. ഭാര്യയോടോ കുട്ടികളോടോ താൻ ക്രൂരമായി പെരുമാറിയിട്ടില്ലെന്നും, തനിക്ക് സ്വർണ്ണാഭരണങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം വാദിച്ചു. വർഷങ്ങളായി വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്നത് തനിക്കെതിരെ വ്യാജ കേസ് ഉണ്ടാക്കാൻ വേണ്ടി മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. എതിർഭാഗം ജീവനാംശ തുകയായി 6000 രൂപ നൽകാമെന്ന് സമ്മതിച്ചിരുന്നു. എന്നിരുന്നാലും, തുക നിക്ഷേപിക്കാൻ പ്രാപ്തമാക്കുന്നതിന് അക്കൗണ്ട് നമ്പർ നൽകുന്നതിൽ ഹർജിക്കാരി പരാജയപ്പെട്ടു. വിവാഹസമയത്തും ഇപ്പോഴും താൻ തമിഴ്നാട്ടിൽ ജോലി ചെയ്തുവരുന്നുവെന്നും ഹർജി തള്ളിക്കളയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എതിർകക്ഷിക്ക് എതിരായി ഉന്നയിച്ചിരിക്കുന്ന ക്രൂരത തെളിയിക്കുന്നതിനായി ഹാജരാക്കിയ തെളിവുകൾ പരിശോധിച്ചതിനുശേഷം അപ്പീൽ വാദിയുടെയും കുട്ടിയുടെയും ആരോപണങ്ങൾ വിശ്വസിക്കാൻ കഴിയില്ലെന്നും അപ്പീൽവാദി സമർപ്പിച്ച തെളിവുകളൊന്നും എതിർകക്ഷിക്കെതിരെയുള്ള ക്രൂരത തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുടുംബ കോടതി കേസ് തള്ളിക്കളയുകയും ചെയ്തു.

**കെ. ശ്രീനിവാസ് റാവു V ഡി.എ .ദീപ,ജോർദാൻ ഡൈങ്ദെഹ് V എസ് .എസ്. ചോപ്ര, ബീന എം. എസ് V ഷിനോ .ജി. ബാബു** എന്നീ കേസുകളിലെ വിധിന്യായങ്ങളെ അവലംബിച്ചു കൊണ്ട് ഈ കേസിൽ കോടതി കണ്ടെത്തിയത് അഭിപ്രായ വ്യത്യാസങ്ങൾ കാരണം ഇരുകക്ഷികൾക്കും

അർത്ഥവത്തായ ദാമ്പത്യ ജീവിതം നയിക്കാൻ കഴിയുന്നില്ല എന്നതാണ്. ഒരു കക്ഷി വേർപിരിയൽ തേടുന്നു, മറ്റേ കക്ഷി അതിന് തയ്യാറല്ല. ഈ സാഹചര്യം വേർപിരിയൽ നിഷേധിക്കപ്പെട്ട കക്ഷിക്ക് മാനസിക വേദന സൃഷ്ടിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ വിവാഹം തുടരാൻ നിർബന്ധിക്കുന്നത് വിവാഹത്തിന്റെ ഉദ്ദേശ്യത്തെ തന്നെ ദുർബ ലപ്പെടുത്തുന്നു, പരസ്പര അവകാശങ്ങളുടെ ബാധ്യതയെ മാനിക്കുക പരസ്പര ബഹുമാനം, സ്നേഹം, ധാരണ എന്നിവയെ അടിസ്ഥാന മാക്കിയുള്ള ഒരു ഐക്യമായിരിക്കണം വിവാഹ ബന്ധം. ദുരിതത്തിന് കാരണമായ ഒരു ബന്ധത്തിൽ നിന്ന് ഒരു കക്ഷി മോചനം തേടുമ്പോൾ, ഈ അഭ്യർത്ഥന നിരസിക്കുന്നത് കഷ്ടപ്പാടുകൾ നിലനിർത്താൻ മാത്രമേ കാരണമാകൂ, കൂടാതെ ദാമ്പത്യ ബന്ധത്തിന്റെ സത്തയ്ക്ക് തന്നെ വിരുദ്ധവുമാണ്. വിവാഹ ത്തിന്റെ പരിഹരിക്കാനാവാത്ത തകർച്ച അംഗീകരിക്കാൻ വിസമ്മതിക്കുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യു കയും, വൈകാരിക വേദനയുണ്ടാക്കുകയും ഇങ്ങനെ പോയാൽ ഇരുകക്ഷികൾക്കും അവരുടെ ജീവിതം മുന്നോട്ട് കൊണ്ടു പോകുന്നത് ദുസഹമാകുകയും ചെയ്യും.

അതിനാൽ, കുടുംബ കോടതി പുറപ്പെടുവിച്ച 14.7.2023-ലെ വിധി റദ്ദാക്കിയിരിക്കുന്നു. കൂടാതെ അപ്പീൽവാദിയും എതിർ കക്ഷിയും തമ്മിലുള്ള 29/01/1997-ന് നടന്ന വിവാഹം അസാധു ആക്കുകയും ചെയ്തു

## ജോസഫ് കവിയൂർ

## v.

## എൻ. എസ്. കെ. ഉമേഷ്

2024 (5) KHC 174

റിട്ട് ഹർജി നമ്പർ 5306-ൽ 12-02-24-ന് പുറപ്പെടുവിച്ച വിധിയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്ന് ആരോപിച്ചാണ് കോടതിയലക്ഷ്യത്തിന് കേസ് ഫയൽ ചെയ്തിരിക്കുന്നത്. കേരള ഹൈക്കോടതിക്ക് തന്നെ എതിരായിട്ടുള്ളതും അതിൻകീഴിൽ വരുന്ന കോടതികൾക്ക് എതിരായിട്ടുള്ളതുമായ കോടതിയലക്ഷ്യ നടപടികൾ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് ഇന്ത്യൻ ഭരണഘടനയുടെ 215, 225 എന്നീ അനുച്ഛേദങ്ങളിലും, 1971-ലെ കോടതി യലക്ഷ്യം സംബന്ധിച്ച ആക്റ്റിന്റെ 23-ാം വകുപ്പിന് നൽകിയിട്ടുള്ള അധികാരം വിനിയോഗിച്ചാണ് കേരള ഹൈക്കോടതി കോടതിയലക്ഷ്യം സംബന്ധിച്ച 1988-ലെ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

കോടതിയലക്ഷ്യം സംബന്ധിച്ച ഹൈക്കോടതി ചട്ടങ്ങളുടെ ചട്ടം 3-ൽ കോടതിയലക്ഷ്യത്തിന് നടപടിയെടുക്കേണ്ട എല്ലാ ഹർജികളും 7-ാം ചട്ടത്തിന് വിധേയമായി ഹൈക്കോടതിയുടെ രജിസ്ട്രിയിൽ സ്വീകരിക്കുകയും കോടതി യലക്ഷ്യ കേസായി രജിസ്റ്റർ ചെയ്യുകയും വേണം. കോടതിയലക്ഷ്യ ഹർജിയിൽ ഹർജിക്കാരന്റെ പേര്, പ്രായം, തൊഴിൽ, പൂർണ്ണവിലാസം, എതിർകക്ഷിയുടെ പേര്, തൊഴിൽ, പൂർണ്ണവിലാസം, കോടതി യലക്ഷ്യത്തിന് നിദാനമായ പ്രസക്തമായ എല്ലാ വസ്തുതകളും ക്രമമായി അക്കമിട്ട് ഖണ്ഡികകളാക്കി അതിനാധാരമായ രേഖ കൾ അല്ലെങ്കിൽ അതിന്റെ യഥാർത്ഥ സർട്ടിഫൈഡ്/ഫോട്ടോസ്റ്റാറ്റ് സാക്ഷ്യ പ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം സമർപ്പിക്കണമെന്ന് ചട്ടം 5 വ്യവസ്ഥ ചെയ്യുന്നു.

അതിനാൽ കോടതിയലക്ഷ്യ ഹർജിക്ക് നിദാനമായിട്ടുള്ള പ്രസക്തമായ എല്ലാ വസ്തുതകളും കാരണങ്ങളും ഹർജിയിൽ അടങ്ങിയിരിക്കണമെന്ന് ചട്ടം വ്യവസ്ഥ ചെയ്യുന്നു. **ഒരു കാര്യം ഒരു പ്രത്യേക രീതിയിൽ ചെയ്യണമെന്ന് ഏതെങ്കിലും ചട്ടം വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ, അത് ആ രീതിയിലാണ് ചെയ്യേണ്ടത്, മറ്റ് രീതിയിലല്ല എന്നത് സുസ്ഥാപിതമായ നിയമതത്വമാണ്.** കോടതിയലക്ഷ്യ കേസ് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന രീതിയിൽ മാത്രമേ സമർപ്പിക്കാൻ കഴിയൂ, കൂടാതെ ഹർജിയുടെ ഉള്ളടക്കങ്ങൾ കോടതികളുടെ (കേരള ഹൈക്കോടതി) യുടെ കോടതിയലക്ഷ്യം സംബന്ധിച്ച ചട്ടം 5-ന് അനുസൃതമായി രിക്കണം. കോടതിയലക്ഷ്യ ചട്ടം 5എ-യിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്ന രജിസ്ട്രിയുടെ കണ്ടെത്തലുകൾ നിലനിൽക്കുന്നതാണ്. അതിനാൽ പ്രസ്തുത തെറ്റ് പരിഹരിച്ചതിനുശേഷം

ഹർജിക്കാരന് കോടതിയലക്ഷ്യ കേസ് സമർപ്പിക്കാവുന്നതാണ്.

## ഗംഗാധരൻ V. ശ്രീദേവി അമ്മ

2024 : KER : 33151

അന്യായക്കാരിയുടെ പിതൃത്വം തെളിയിക്കുന്നതിലേക്കും അതുവഴി പിതാവാണെന്ന് അവൾ അവകാശപ്പെടുന്ന പരേതനായ കുട്ടികൃഷ്ണൻ നായരുടെ സ്വത്തുവകകളിന്മേലുള്ള അവകാശം സ്ഥാപിക്കുന്നതിനും വേണ്ടി ആദ്യ വ്യവഹാരത്തിലെ എതിർകക്ഷികളുടെ D. N. A ടെസ്റ്റ് നടത്തണമെന്ന അന്യായക്കാരിയുടെ ആവശ്യം അംഗീകരിച്ച വിചാരണ കോടതിയുടെ 30.11.2023-ലെ ഉത്തരവിനെ ചോദ്യം ചെയ്തു കൊണ്ടാണ് ബഹു. ഹൈക്കോടതി മുൻപാകെ ഈ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

അന്യായക്കാരി അവശ്യപ്പെട്ടതനുസരിച്ചു സ്വത്തുഭാഗംവെക്കൽ സംബന്ധിച്ച ഒരു ഹർജിയിൽ അന്യായക്കാരിയുടെ പിതൃത്വത്തിനു തെളിവായും അതുവഴി പിതാവാണെന്ന് അവകാശപ്പെടുന്ന വ്യക്തിയുടെ സ്വത്തുവകകളിൽ അവകാശം സിദ്ധിക്കുന്നതിനുമായി അയാൾ ജീവിച്ചിരിപ്പില്ലാത്ത സാഹചര്യത്തിൽ അയാളുടെ മക്കളുടെ DNA ടെസ്റ്റ് അനുവദിക്കാമോ എന്നും ഉള്ളതാണ് ഈ ഹർജിയിലെ പ്രധാന ചോദ്യം.

ഇത് സംബന്ധിച്ച ബഹു. സുപ്രീം കോടതിയുടെ വിവിധ വിധിന്യായങ്ങളെ **(ഗൗതം കുണ്ടു v. പശ്ചിമബംഗാൾ സംസ്ഥാനവും മറ്റൊരാളും [1993 (3) SCC 418], ബബാനി പ്രസാദ് ജെന v. ഒറീസ സംസ്ഥാന വനിതാ കമ്മിഷന്റെ കൺവീനർ സെക്രട്ടറിയും, മറ്റുള്ളവരും [2010(8) SCC 633], ദിപൻവിറ്റ റോയ് v. റോണോബ്രോട്ടോ റോയ്** [2015 (1) SCC 365]) അവലംബിച്ചുകൊണ്ടും കക്ഷികളുടെ വാദങ്ങളും തെളിവുകളും പരിഗണിച്ചുകൊണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതി നടത്തിയ വിശകലനത്തിന്റെ വെളിച്ചത്തിൽ, DNA ടെസ്റ്റ് അനുവദിച്ചുകൊച്ചുണ്ടുള്ള വിചാരണ കോടതി ഉത്തരവ് നിലനിൽക്കുന്നതല്ല എന്ന് കോടതി നിരീക്ഷിച്ചു, കൂടാതെ, സത്യം കണ്ടെത്താനുള്ള അന്വേഷണത്തിൽ, DNA പരിശോധന നടത്താൻ കോടതിക്ക് തീർച്ചയായും നിർദ്ദേശിക്കാൻ കഴിയും. എന്നിരുന്നാലും, കക്ഷികളുടെ താൽപ്പര്യങ്ങൾ സന്തുലിതമാക്കുകയും ഇക്കാര്യത്തിൽ ന്യായമായ തീരുമാനത്തിന്, DNA പരിശോധന ആവശ്യമാണോ എന്ന് ഉചിതമായ പരിഗണന നൽകുകയും ചെയ്ത ശേഷം മാത്രമേ കോടതി അതിന്റെ വിവേചനാധികാരം പ്രയോഗിക്കേണ്ടതുള്ളൂ എന്നും കോടതി അഭിപ്രായപ്പെട്ടു.

ഒരാൾക്ക് തന്റെ കേസിനെ പിന്തുണയ്ക്കുന്ന തെളിവുകൾ കണ്ടെത്താനുള്ള അവന്റെ/അവളുടെ മാർഗമായി മാത്രം DNA പരിശോധന ആവശ്യപ്പെടാൻ/നടത്താൻ കഴിയില്ലെന്നും കോടതി വിധിച്ചു.

## മുഹമ്മദ് അബ്ദുൾ സമാദ്

## v.

## തെലങ്കാന സംസ്ഥാനം

[2024 (4) KLT SN 33 (C. No.23) SC]

ഈ കേസിൽ, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 125-ാം വകുപ്പ് പ്രകാരം ഭർത്താവിനെതിരെ ജീവനാംശം ലഭിക്കുന്നതിനുവേണ്ടി മുസ്ലീം മതക്കാരിയായ ഉപേക്ഷിക്കപ്പെട്ട സ്ത്രീ തെലങ്കാനയിലെ ഒരു കുടുംബ കോടതിയെ സമീപിച്ചിരുന്നു. കുടുംബ കോടതി അവൾക്ക് 20,000 രൂപ പ്രതിമാസ ജീവനാംശമായി അനുവദിച്ചിരുന്നു. തുടർന്ന്, അവളുടെ ഭർത്താവ് വിവാഹമോചനം നേടുകയും, കുടുംബ കോടതിയുടെ വിധിയെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും ചെയ്തു. അവളുടെ അവകാശങ്ങൾ 1986-ലെ മുസ്ലീം സ്ത്രീകൾ വിവാഹമോചനത്തിന്മേൽ അവകാശങ്ങൾ സംരക്ഷിക്കൽ ആക്റ്റ് പ്രകാരം നിയന്ത്രിക്കപ്പെടുമെന്ന് ചൂണ്ടിക്കാട്ടി 125-ാം വകുപ്പ് പ്രകാരം ജീവനാംശം അവകാശ

പ്പെടാനുള്ള അവളുടെ അവകാശത്തെ എതിർത്തു. ഭർത്താവിന്റെ വാദങ്ങൾ തള്ളിയ ഹൈക്കോടതി ജീവനാംശതുക പ്രതിമാസം 10,000 രൂപയായി കുറച്ചു. ഇതിനെ തുടർന്ന് ഹൈക്കോടതി വിധിക്കെതിരെ ഭർത്താവ് സുപ്രീം കോടതിയെ സമീപിച്ചു.

ക്രിമിനൽ നടപടി നിയമസംഹിതയുടെ 125-ാം വകുപ്പ് മുസ്ലീം സ്ത്രീകൾ ഉൾപ്പെടെ എല്ലാ വിവാഹിതരായ സ്ത്രീകൾക്കും വിവാഹമോചിതരായ എല്ലാ അമുസ്ലിം സ്ത്രീകൾക്കും ബാധകമാണെന്ന് സുപ്രീം കോടതി വിധിച്ചു.


**വിവാഹമോചിതരായ മുസ്ലീം സ്ത്രീകളെ സംബന്ധിച്ചിടത്തോളം, സുപ്രീം കോടതി ഇപ്രകാരം വിധിച്ചു :**

i) 1954-ലെ പ്രത്യേക വിവാഹ ആക്റ്റ് പ്രകാരം വിവാഹിതരും വിവാഹമോചനം നേടിയവരുമായ എല്ലാ മുസ്ലീം സ്ത്രീകൾക്കും ക്രിമിനൽ നടപടി നിയമസംഹിതയുടെ 125-ാം വകുപ്പ് ബാധകമാണ്.

ii) മുസ്ലീം നിയമപ്രകാരം വിവാഹിതരായ വിവാഹമോചനം നേടിയ മുസ്ലീം സ്ത്രീകളുമാണെങ്കിൽ സി.ആർ.പി.സി.യുടെ 125-ാം വകുപ്പും 1986-ലെ ആക്റ്റിലെ വ്യവസ്ഥകളും ബാധകമാണ്. വിവാഹമോചിതരായ മുസ്ലീം സ്ത്രീകൾക്ക് ഈ രണ്ട് നിയമങ്ങളിൽ ഒന്നിന് കീഴിലോ അവ രണ്ടും പ്രകാരമോ പ്രതിവിധി തേടാനുള്ള വ്യവസ്ഥ ഉണ്ട്. കാരണം, 1986- ലെ ആക്റ്റ് സി.ആർ.പി.സി.യുടെ 125-ാം വകുപ്പിനെ പരിമിതപ്പെടുത്തുന്നില്ല, മറിച്ച് പ്രസ്തുത വ്യവസ്ഥയ്ക്ക് പുറമേയാണ്.

iii) വിവാഹമോചിതയായ ഒരു മുസ്ലീം സ്ത്രീ സി.ആർ.പി.സി.യുടെ 125-ാം വകുപ്പിനെയും ആശ്രയിക്കുന്നുവെങ്കിൽ, 1986-ലെ ആക്റ്റിന് കീഴിലുള്ള നിർവചനം അനുസരിച്ച് ടി ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പാസാക്കിയ ഏതൊരുഉത്തരവും സി.ആർ.പി.സി.യുടെ 127(3)(b) വകുപ്പിൻ കീഴിൽ പരിഗണിക്കേണ്ടതാണ്. ഇതിനർത്ഥം, വ്യക്തിനിയമപ്രകാരം മുസ്ലീം ഭാര്യക്ക് എന്തെങ്കിലും ജീവനാംശം നൽകിയിട്ടുണ്ടെങ്കിൽ, സി.ആർ.പി.സി.യുടെ വകുപ്പ് 127(3)(ബി)-ൻ കീഴിൽ ജീവനാംശ ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് മജിസ്ട്രേറ്റ് അത് കണക്കിലെടുക്കേണ്ടതാണ്.

വ്യക്തിനിയമമോ മതപരമായ പ്രത്യേക നിയമമോ ആയി വിശേഷിപ്പിക്കാവുന്ന 1986-ലെ ആക്റ്റിലൂടെ സി.ആർ.പി.സി.യിലെ മതേതരമായ വ്യവസ്ഥയ്ക്ക് കീഴിലുള്ള സമാന്തര പ്രതിവിധിയെ തടയാൻ കഴിയില്ല. വിവാഹമോചിതയായ മുസ്ലിം സ്ത്രീയെ 125-ാം വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയാൽ, അത് മതത്തിന്റെയോ ലിംഗത്തിന്റെയോ അടിസ്ഥാനത്തിൽ മാത്രം ഏതൊരു പൗരനോടും വിവേചനം കാണിക്കുന്നത് വിലക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ 15(1)-ാം അനുച്ഛേദത്തിന്റെ ലംഘനമാകുന്നതാണ്.



# ലേഖനങ്ങൾ





# 2024-ലെ കേരള റവന്യൂ റിക്കവറി (ഭേദഗതി) ആക്റ്റിന്റെ പ്രസക്തി

ഒരു അവലോകനം



**ബി. പ്രതാപചന്ദ്രൻ**
അഡീഷണൽ നിയമസെക്രട്ടറി.

ജപ്തി - കേൾക്കുവാൻ അത്ര സുഖമുള്ള ഒരു വാക്കല്ല, പ്രത്യേകിച്ച് ജപ്തിക്ക് വിധേയനാകുന്ന ആൾക്ക്. അടുത്ത കാലത്തായി നമ്മുടെ സമൂഹത്തിൽ പത്ര -ദൃശ്യ - സാമൂഹ്യ മാധ്യമങ്ങളിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒന്നാണല്ലോ കേരളം ജപ്തി നിരോധന നിയമം പാസ്സാക്കിയെന്നുള്ളത്. എന്താണ് അതിന്റെ അടിസ്ഥാനമെന്ന് നോക്കാം. 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിൽ (മലയാളത്തിൽ കേരള നികുതി വസൂലാക്കൽ ആക്റ്റ്) 2024-ൽ വരുത്തിയ ഭേദഗതികളാണ് ഇതിന് കാരണം. ജപ്തി ചെയ്യപ്പെടുന്നത് ഒരാളിലോ അദ്ദേഹത്തിന്റെ കുടുംബത്തിലോ സൃഷ്ടിക്കപ്പെടുന്ന സാമൂഹിക -സാമ്പത്തിക ആഘാതം ഒട്ടും ചെറുതല്ല. ഗൃഹനാഥൻമാരും കുടുംബങ്ങൾ ഒന്നാകെയും ആത്മഹത്യയിലേക്ക് പോകുന്ന വാർത്തകൾ നാം പലപ്പോഴും കേൾക്കാറുണ്ട്. പൈതൃകമായി കിട്ടിയതോ അല്ലെങ്കിൽ സ്വന്തമായി അധ്വാനിച്ചു നേടിയതോ ആയതും ഇന്നലെ വരെ സ്വന്തമെന്ന് കരുതിയതുമായ ഏക കിടപ്പാടം വിട്ട് കുടുംബവുമായി ശൂന്യതയിലേക്ക് ഇറങ്ങുന്നതിന്റെ വേദനയും ആഘാതവും വിവരിക്കാവുന്നതല്ല. ആത്മഹത്യ ഭീഷണി മുഴക്കിക്കൊണ്ട് നിൽക്കുന്നവരുടെ ഇടയിൽ നിന്നുകൊണ്ട് ജപ്തി നടത്തുന്നവർക്കും അതൊരു സുഖകരമായ സംഗതിയല്ല. വായ്പയെടുത്തവർ വീഴ്ച വരുത്തുമ്പോൾ അത് ഈടാക്കുവാൻ ധനകാര്യ സ്ഥാപനങ്ങൾ പല മാർഗ്ഗങ്ങളും സ്വീകരിച്ചു വരുന്നുണ്ട്. വായ്പ തിരികെ ഈടാക്കേണ്ടത് ആവശ്യവുമാണ്. അല്ലാത്ത പക്ഷം ധനകാര്യസ്ഥാപനങ്ങളുടെ



നിലനിൽപ്പ് അപകടത്തിലാകും. 'ബാങ്കിംഗ്' പൂർണ്ണമായും യൂണിയൻ ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്ന വിഷയമായതിനാൽ സംസ്ഥാനങ്ങൾക്ക് ഇതിൽ ഇടപെടുന്നതിന് ഒട്ടേറെ പരിമിതികൾ ഉണ്ട്. നിലവിലെ ഈ പ്രതികൂല സാഹചര്യങ്ങളിലാണ് സംസ്ഥാന സർക്കാർ അതിനു കഴിയുന്ന വിധത്തിൽ ജനക്ഷേമം മുൻനിർത്തി കേരള റവന്യൂ റിക്കവറി ആക്റ്റിൽ വരുത്തിയ മാറ്റങ്ങൾ ശ്രദ്ധിക്കപ്പെടുന്നത്. കാലാനുസൃതമല്ലാത്തതും കടുത്ത വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതുമായ നിയമങ്ങൾ പൊതുവെ ഡ്രക്കോണിയൻ നിയമങ്ങൾ എന്നാണ് വിശേഷിക്കപ്പെടുന്നത്. അതിനും മാനുഷിക മുഖം നൽകാൻ കഴിഞ്ഞു എന്നതാണ് ഈ നിയമഭേദഗതിയുടെ പ്രസക്തി. നിയമസഭയിൽ ബിൽ പാസ്സാക്കുന്ന വേളയിൽ പ്രതിപക്ഷംഗങ്ങൾ വിയോജനക്കുറിപ്പ് നൽകിയപ്പോഴും ബില്ലിലെ വ്യവസ്ഥകളെ സ്വാഗതം ചെയ്തിരുന്നുവെന്നതും ഇതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

**നിലവിലെ നിയമത്തിൽ പ്രധാനമായും വരുത്തിയ മാറ്റങ്ങൾ ഇവയാണ്.**

1) കുടിശ്ശിക തുകകളുടെ പലിശ 12 ശതമാനത്തിൽ നിന്നും 9 ശതമാനമായി കുറച്ചു (വകുപ്പ് 6).

2) ജപ്തി, കുടിശ്ശിക തുക ഈടാക്കാനുള്ള വസ്തുവിന് ആനുപാതികമായി മാത്രം പരിമിതപ്പെടുത്തി (വകുപ്പ് 36)

3) വസ്തു ജപ്തി ചെയ്യപ്പെട്ടാലും കുടിശ്ശിക വരുത്തിയ ആളിന് കളക്ടറുടെ അനുമതിയോടെ വസ്തു വിറ്റ് ബാധ്യത തീർത്ത ശേഷം ബാക്കിയെടുക്കുവാനുള്ള അവസരം (വകുപ്പ് 44(4)).

4) വസ്തു ബോട്ട് -ഇൻ- ലാന്റ് ആയാൽ പോലും അഞ്ചു വർഷം വരെ ബാധ്യത തീർത്ത് തിരിച്ചെടുക്കുവാനുള്ള അവസരം.(വകുപ്പ് 50 A)

5) റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേയും ഗഡുക്കളും അനുവദിക്കാനുള്ള സർക്കാരിന്റെ പ്രത്യേക അധികാരം (വകുപ്പ് 83A)

6) റവന്യൂ റിക്കവറി നടപടികൾക്ക് മൊറോട്ടോറിയം അനുവദിക്കാനുള്ള സർക്കാരിന്റെ അധികാരം (വകുപ്പ് 83B)

ഒരു വായ്പയുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ അവർ പറയുന്ന നിബന്ധനകളെല്ലാം വായ്പയെടുക്കുന്നയാൾ സ്വീകരിക്കുകയാണ് ചെയ്തു വരുന്നത്. പലപ്പോഴും വായ്പ തുകയുടെ പതിൻമടങ്ങ് ഈടായി ആവശ്യപ്പെടാറുണ്ട്. ഈ ഭേദഗതി വഴി വായ്പ കുടിശ്ശിക ആകുമ്പോൾ അത് ഈടാക്കാനാവശ്യമായ അത്രയും ഭാഗം ജപ്തി ചെയ്തു കൊണ്ട് ഈടായി നൽകിയിട്ടുള്ള വസ്തു വകകളുടെ ബാക്കി തിരികെ നൽകാൻ കഴിയുന്നതാണ്. ഒന്നിലേറെ വസ്തുവകകൾ ഈടായി നൽകിയവർക്ക് മറ്റുള്ളവ ഒഴിവാക്കുന്നതിന് ഈ വ്യവസ്ഥ സഹായകരമാകുന്നതാണ്. കൂടാതെ ജപ്തി ചെയ്യപ്പെട്ടാൽ കുടിശ്ശികക്കാരന്റെ അവകാശം അപ്പാടെ നിഷേധിക്കുന്ന നിലവിലെ വ്യവസ്ഥയിൽ നിന്നു മാറി, കളക്ടറുടെ അനുമതിയോടെ കുടിശ്ശികക്കാരന് തന്നെ വസ്തു വാങ്ങുന്നതിനും ആളെ കണ്ടെത്തി അയാൾക്ക് വിൽപ്പന നടത്തുന്നതിനും, സർക്കാരിനുള്ള കുടിശ്ശിക ഒടുക്കിയ ശേഷം ബാക്കിയെടുക്കാവുന്നതുമാണ്. ഇതുവഴി എന്നെങ്കിലും ഒരു കാലത്ത് കുടിശ്ശിക കുമിഞ്ഞു കൂടിയ ശേഷം സർക്കാർ ലേലം ചെയ്തു കിട്ടുന്നതിനേക്കാൾ മെച്ചപ്പെട്ട ആനുകൂല്യം കുടിശ്ശികക്കാരന് കിട്ടുന്നതു കൂടാതെ വൈകാരിക അടുപ്പമുള്ള കുടുംബ സ്വത്തു പോലുള്ള വസ്തുവകകൾ അന്യാധീനപ്പെടാതെ ബന്ധുക്കൾക്ക് വാങ്ങുന്നതിന് അവസരം ഒരുക്കുന്നതിനും കഴിയും.

നിലവിലെ നിയമത്തിൽ ബോട്ട് - ഇൻ-ലാന്റായ വസ്തു തിരികെ ഈടാക്കുന്നതിന് പരിമിതികളുണ്ടായിരുന്നു. അതൊഴിവാക്കി അഞ്ചു വർഷം വരെ തിരികെ നൽകാൻ വ്യവസ്ഥ ചെയ്യുക വഴി മുമ്പു സൂചിപ്പിച്ചതു പോലെ ബന്ധുക്കൾക്ക് ആർക്കെങ്കിലും സാഹചര്യം മെച്ചപ്പെടുമ്പോൾ അവ തിരികെ എടുക്കുവാനും കഴിയും.

ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഭേദഗതികൾ ഇനി പറയുന്നവയാണ്. കുടിശ്ശികകൾക്ക് ഗഡുക്കൾ

അനുവദിക്കാനോ സ്റ്റേ അനുവദിക്കുവാനോ മൊറോട്ടോറിയം പ്രഖ്യാപിക്കുവാനോ സർക്കാരിന് അധികാരമില്ലായെന്ന കോടതി വിധികൾ കണക്കിലെടുത്ത് അതിനുള്ള വ്യക്തമായ വ്യവസ്ഥകൾ ഏർപ്പെടുത്തി പലപ്പോഴും കുടിശ്ശികക്കാരന്റെ ആവലാതികൾ കേൾക്കുമ്പോൾ ഗഡുക്കളായി ഒടുക്കുന്നതിനോ അല്ലെങ്കിൽ തത്ക്കാലം സ്റ്റേ അനുവദിക്കുകയോ ചെയ്യണമെന്ന് ഭരണകർത്താക്കൾക്ക് താത്പര്യം ഉണ്ടായാലും നിലവിൽ ഇടപെടാൻ പരിമിതികളുണ്ടായിരുന്നു. അതിനും ഒരു ശാശ്വത പരിഹാരം ഇതുവഴി സാധ്യമാകുകയാണ്.

ഈ ഭേദഗതിയുടെ ആദ്യ ഗുണഭോക്താക്കൾ സമൂഹവും സർക്കാരും ചേർത്തുപിടിക്കേണ്ട, കേരളം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തത്തിന്റെ ജീവിച്ചിരിക്കുന്ന ഇരകളായ വയനാട്ടിലെ ചൂരൽമലയിലെയും മുണ്ടക്കൈയിലെയും നിരാലംബരാണെന്നത് കടുത്ത ദു:ഖങ്ങൾക്കിടയിലും പ്രകാശം പരത്തുന്ന ഒന്നാണ്. 07.10.2024-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.233/2024/റവന്യൂ (SRO No.896/2024) വഴി വയനാട് വൈത്തിരി താലൂക്കിലെ എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും മൊറോട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് അത് നടപ്പിൽ വരുത്തിയതിന്റെ സാഹചര്യം കൂടി വിശദീകരിച്ചുകൊണ്ട് നിയമം അതിന്റെ ലക്ഷ്യത്തോട് അടുത്തു എന്നത് ഒരു ജനകീയ സർക്കാരിന്റെ ഇച്ഛാശക്തിയും അതിന്റെ മാനുഷിക മുഖം വ്യക്തമാക്കുന്നതുമാണ്.

പ്രസ്തുത ഉത്തരവിന്റെ പ്രസക്ത ഭാഗം ഇപ്രകാരമാണ്.

"NOW THEREFORE, in exercise of the powers conferred under section 83B of the Kerala Revenue Recovery Act, 1968 (15 of 1968), the Government of Kerala hereby issue moratorium for the entire revenue recovery proceedings in respect of all loans availed and arrears of the people in the Vythiri Taluk of Wayanad District under the said Act."

ഒരു നിയമത്തിന്റെ ഗുണഫലം ജനങ്ങളിലെത്തിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നത് അത് നടപ്പിൽ വരുത്തുന്നവരാണ്. ഈ നിയമം പ്രാവർത്തികമാക്കുന്ന വേളയിൽ ബന്ധപ്പെട്ടവരെല്ലാം അതിന്റെ ഉദ്ദേശ്യലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുമെന്ന് പ്രത്യാശിക്കാം. ഈ കാലഘട്ടത്തിൽ പ്രസക്തമായതും നമ്മുടെ ഭരണഘടനയെപ്പറ്റി ഭരണഘടനാ നിർമ്മാണ സഭയിൽ ബഹു. ഡോ. ബി.ആർ. അംബേദ്കർ നടത്തിയതുമായ നിരീക്ഷണം ഇവിടെയും പ്രസക്തമാകുകയാണ്. പ്രസ്തുത നിരീക്ഷണത്തോടെ ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ.

"...However good a Constitution may be, it is sure to turn out bad because those who are called to work it, happen to be a bad lot. However bad a Constitution may be, it may turn out to be good if those who are called to work it, happen to be a good lot."






# ഭാഗ്യക്കുറി.....




**മനോജ് എം. പി.**
ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.


"ഒരു രൂപ നോട്ട് കൊടുത്താൽ.... കൊടുത്താൽ ഒരു ലക്ഷം കൂടെപ്പോരും...ഭാരം താങ്ങി നടക്കുന്നോരെ ഭാഗ്യം നിങ്ങളെ തേടി നടപ്പൂ.... വരുവിൻ നിങ്ങൾ വരുവിൻ... മായമില്ല മന്ത്രമില്ല ജാലവുമില്ല...."

അടൂർ ഭാസി പാടിയഭിനയിച്ച പഴയ ഒരു സിനിമാഗാനമാണ് മുകളിൽ കൊടുത്തത്.

ഭാഗ്യം തേടി ലോട്ടറി എടുക്കുന്നവരെ മാത്രമല്ല സമൂഹത്തിൽ അശരണരും ആലംബഹീനരും അവശരുമായ ഒരു വലിയ വിഭാഗത്തിന് ജീവനോപാധി കൂടിയാണ് സംസ്ഥാന സർക്കാർ ഭാഗ്യക്കുറി. സർക്കാരിന്റെ വിവിധ ക്ഷേമ പരിപാടികളിലും ഭാഗ്യക്കുറി നിർണ്ണായക ഇടപെടൽ നടത്തുന്നുണ്ട്.

ലോട്ടറിയുമായോ ലോട്ടറി വകുപ്പുമായോ ജീവിതത്തിൽ എന്നെങ്കിലും ബന്ധപ്പെടേണ്ടി വരുമെന്ന് സ്വപ്നേപി നിരീച്ച ആളല്ല ഞാൻ. പക്ഷേ "ദൈവത്തിൻ മനമാര് കണ്ടൂ" എന്നാണല്ലോ കവി മതം. അങ്ങനെയും ഒരു നിയോഗമുണ്ടായി.

ലോട്ടറി എന്ന ഇംഗ്ലീഷ് പദത്തെ ഭാഗ്യക്കുറി എന്ന് മലയാളീകരിച്ചത് ആരാണെന്നറിയില്ലെങ്കിലും ഇന്ത്യയിൽ ആദ്യമായി സർക്കാർ ലോട്ടറി എന്ന ആശയം കേരളത്തിൽ ആണ് നടപ്പിലാക്കിയത് എന്നും അങ്ങനെ അത് ആരംഭിച്ചപ്പോൾ അതിന് കേരള സംസ്ഥാന ഭാഗ്യക്കുറി

എന്നാണ് പേര് നൽകിയത് എന്നുമുള്ളത് ഏവർക്കും അറിയാമല്ലോ അല്ലേ...

ചൂതാട്ടത്തിലുള്ള കമ്പം മനുഷ്യനുണ്ടായ കാലം മുതൽ നിലനിൽക്കുന്നുവെന്ന് വേണം കരുതാൻ. പുരാണ ഇതിഹാസങ്ങളിലൊക്കെ ചൂതു കളിച്ചു രാജ്യം പോലും എന്തിന് സ്വന്തം ഭാര്യയുടെ മാനം പോലും പോയ കഥകൾ നമുക്ക് കാണാമല്ലോ. അപ്പൊ ഇത് ഒരു ആസക്തി ഉണ്ടാക്കുന്ന സംഗതി ആണ്. ഇങ്ങനെ പൗരന്മാരിൽ ആസക്തി ഉണ്ടാക്കുന്ന വിഷയങ്ങളിൽ നിയമപരമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ ഗുരുതര പ്രത്യാഘ്യാതങ്ങൾ ഉണ്ടാകും എന്ന് പറയേണ്ടതില്ലല്ലോ. അതു കൊണ്ടാണ് ഇന്ത്യയിൽ ആകെ ബാധകമാകുന്ന വിധത്തിൽ ഒരു ലോട്ടറി നിയന്ത്രണ നിയമം 1998 ൽ പാർലമെന്റ് പാസ്സാക്കിയത്. ഈ നിയമത്തിന്റെ ചില പൊതുകാര്യ പ്രസക്തമായ ഉള്ളടക്കം ചർച്ച ചെയ്യാൻ ഉദ്ദേശിച്ചും ലോട്ടറി വകുപ്പ് ഉണ്ടായ ശേഷം ആദ്യമായി അവിടെ നിയോഗിക്കപ്പെട്ട ലോ ഓഫീസർ എന്ന നിലയിൽ അവിടെ നിന്ന് കിട്ടിയ അനുഭവത്തിൽ പൊതുജനങ്ങളോട് പങ്കു വെയ്ക്കാവുന്നവ പങ്കു വെയ്ക്കുന്നതിനുമാണ് ഈ കുറിപ്പ് തയ്യാറാക്കിയത്.

മുൻപ് പറഞ്ഞപോലെ നിയമം രാജ്യവ്യാപകമായിട്ടുള്ളത് ആണെങ്കിലും രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളും ലോട്ടറി നടത്തുന്നില്ല. നടത്തുന്ന സംസ്ഥാനങ്ങളിൽ പലതും സർക്കാർ നേരിട്ട് അച്ചടിച്ചു വിൽക്കുന്ന ലോട്ടറി എന്ന നിലയിൽ നടത്തുന്നുമില്ല. ലോട്ടറി നടത്താത്ത സംസ്ഥാനങ്ങളെ ലോട്ടറി ഫ്രീ സ്റ്റേറ്റുകൾ ആയി ആണ് കണക്കിലെടുക്കുക. ലോട്ടറി നടത്തുന്ന സംസ്ഥാനങ്ങൾക്ക് ലോട്ടറി ഫ്രീ സംസ്ഥാനങ്ങളിൽ ലോട്ടറി വിൽക്കാൻ കഴിയില്ല. ആ സംസ്ഥാനങ്ങൾ സമ്മതിച്ചാൽ നടത്താം കേട്ടോ... പക്ഷേ അവർ ലോട്ടറി നടത്താത്തപ്പോൾ സ്വാഭാവികമായി മറ്റു സംസ്ഥാനങ്ങളുടെ ലോട്ടറി അവിടെ നടത്താൻ അവർ അനുവദിക്കില്ലല്ലോ.

ഇനി ലോട്ടറി നടത്തുന്ന സംസ്ഥാനങ്ങളുടെ കാര്യത്തിലാണെങ്കിൽ അവർ ഏതു തരം ലോട്ടറി നടത്തുന്നുവോ അത് മാത്രമാണ് അനുവദനീയം. ഉദാഹരണത്തിന് കേരളത്തിൽ സംസ്ഥാന സർക്കാർ ഓൺലൈൻ ലോട്ടറി നടത്തുന്നില്ല. അതുകൊണ്ട് കേരളത്തിൽ ഓൺലൈൻ ലോട്ടറി അനുവദനീയമല്ല. അഥവാ കേരളം ഓൺലൈൻ ലോട്ടറി ഫ്രീ സ്റ്റേറ്റ് ആണ്.

1998 ലെ നിയമത്തിന്റെ 5-ാം വകുപ്പിനെ വ്യാഖ്യാനിച്ചു കൊണ്ട് സുപ്രീം കോടതി ഓൾ കേരള ഓൺലൈൻ ലോട്ടറി ഡീലേഴ്സ് അസോസിയേഷൻ v. സ്റ്റേറ്റ് ഓഫ് കേരള [(2016) 2 SCC 161] കേസിൽ പുറപ്പെടുവിച്ച വിധിയാണ് മേല്പറഞ്ഞ സംഗതിയ്ക്ക് ആധാരമായിട്ടുള്ളത്.

ലോട്ടറി നടത്താനുള്ള അധികാരം സംസ്ഥാന സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. അങ്ങനെ സർക്കാർ നടത്തുമ്പോൾ പോലും നിയമത്തിന്റെ 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കർശനമായി പാലിക്കാൻ ബാധ്യസ്ഥമാണ്. ഒറ്റ അക്കത്തിനു സമ്മാനം പാടില്ല, ടിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന വിധത്തിൽ സംസ്ഥാന സർക്കാരിന്റെ എംബ്ലം വ്യക്തമായി ടിക്കറ്റിൽ അച്ചടിച്ചിരിക്കണം, ടിക്കറ്റ് വിറ്റ് കിട്ടുന്ന പണം സർക്കാർ ഖജനാവിൽ ഒടുക്കണം, നറുക്കെടുപ്പ് സംസ്ഥാന സർക്കാർ തന്നെ നടത്തണം, നറുക്കെടുപ്പ് നടത്തുന്നത് സംസ്ഥാനത്തിനുള്ളിൽ തന്നെ വേണം തുടങ്ങിയ കാര്യങ്ങൾ ആണ് പ്രധാനമായും 4-ാം വകുപ്പിൽ പറഞ്ഞിട്ടുള്ളത്.

ഇവ പാലിച്ചില്ലായെങ്കിൽ ലോട്ടറി നടത്തിപ്പിന് ചുമതലയുള്ള ഉദ്യോഗസ്ഥനു ശിക്ഷ ലഭിക്കും വിധം ആണ് നിയമം നിർമ്മിച്ചിട്ടുള്ളത് എന്നത് വളരെ കൗതുകകരമായാണ് എനിക്ക് തോന്നിയത്. ഒരു പക്ഷേ വേറെ ഒരു നിയമത്തിലും ഉദ്യോഗസ്ഥൻ ജയിലിൽ പോകാൻ വ്യവസ്ഥയുള്ള ഒരു നിയമം കണ്ടിട്ടില്ലാത്തതിന്റെ കൗതുകം മാത്രമാണ് കേട്ടോ.

സർക്കാരോ അംഗീകൃത ഏജന്റുമാരോ അല്ലാതെ ഒരു തരത്തിലുമുള്ള മറ്റു ലോട്ടറികൾ നടത്തുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വം ആണ് എന്ന് കേന്ദ്ര ലോട്ടറി ചട്ടങ്ങളിലെ ചട്ടം 3(22) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അത്തരം ലോട്ടറി നടത്തുകയോ വിൽക്കുകയോ നടത്തിപ്പിന് സഹായകരമായി വർത്തിക്കുകയോ എന്തിന് അത്തരം ലോട്ടറി വാങ്ങുകയോ ചെയ്താൽ പോലും അത് നിയമത്തിന്റെ ലംഘനവും നിയമത്തിലെ 7-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ഇത്തരം കുറ്റങ്ങൾ ജാമ്യം ലഭിക്കാത്തതും വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാവുന്നതും മൂന്ന് വർഷം വരെ തടവും പിഴയും ലഭിക്കാവുന്നതുമാണ്. രസകരമായ കാര്യം ശിക്ഷാർഹമായ കുറ്റം അന്വേഷിക്കാൻ ഒരു ഇൻവെസ്റ്റിഗേഷൻ സംവിധാനത്തെക്കുറിച്ചോ ഇൻസ്പെക്ടർമാരെക്കുറിച്ചോ റൂൾ 3(22) ൽ പറയുന്ന സംഗതി ഉറപ്പു വരുത്തുന്നതിന് ഒരു എൻഫോഴ്സ്മെന്റ് ഏജൻസിയെ കുറിച്ചോ ചട്ടത്തിലോ നിയമത്തിലോ എവിടെയും കാണാൻ കഴിയില്ല എന്നതാണ്. എന്നാൽ നിയമത്തിലെയും ചട്ടത്തിലെയും ഈ വിടവ് ബഹു. സുപ്രീം കോടതി മുൻ പരാമർശിച്ച കേസിലെ വിധിയിലൂടെ നീക്കം ചെയ്തിട്ടുണ്ട്. പ്രസ്തുത വിധിയിൽ ഇത്തരം സംഗതികളിൽ അന്വേഷിക്കാനും കേസെടുക്കാനുമുള്ള ചുമതല പോലീസിന് ആണ് എന്ന് താഴെ പറഞ്ഞിട്ടുള്ള പ്രകാരം അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്.

"11............. Section 8 makes the offences under the Act cognizable and non bailable Cognizable offence means an offence for which a police Officer may arrest the accused without warrant. (Section 2 (c) of the Code of Criminal Procedure 1973 (in short the code) in this back ground it is also relevant to quote section 4 of the code which reads as follows:

"4. Trial of offences the Indian Penal Code (45 of 1860) shall be investigated, inquired into, tried and otherwise dealt with according to the provisions herein after contained.

(2) All Offences under any law shall be investigated inquired into, tried and otherwise dealt with according to the same provisions, but subject to any enactment for the time being in force regulating the manner or place of investigating inquiring into trying or otherwise dealing with such offences."

Since no provision is made for investigating the offences under the Act, the provisions under the code will apply to its investigation by virtue of section 4(2) of the code quoted above"

ഇക്കാര്യത്തിലെ അറിവിന്റെ പരിമിതിമൂലം അതല്ലായെങ്കിൽ അനധികൃത ലോട്ടറി നടത്തിപ്പിന് മേൽ കുറ്റാന്വേഷണം നടത്താൻ ലോട്ടറി വകുപ്പിൽ സംവിധാനം ഉണ്ടെന്ന് ധരിച്ചു ലോട്ടറി നിയമലംഘനവുമായി ബന്ധപ്പെട്ട് ധാരാളം പരാതികൾ ലോട്ടറി വകുപ്പിലേക്ക് ആളുകൾ അയച്ചു തരാറുണ്ട്. ഇവയിൽ നേരിട്ട് അന്വേഷണം നടത്താനോ ശിക്ഷ ലഭിക്കും വിധം എന്തെങ്കിലും നടപടി സ്വീകരിക്കാനോ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് പരിമിതിയുണ്ട്. അതിനാൽ ഇത്തരം ഘട്ടങ്ങളിൽ പോലീസിനു പരാതി നൽകിയാൽ കൂടുതൽ വേഗത്തിൽ നടപടി ഉണ്ടാകാൻ അത് സഹായിക്കും എന്ന് അറിയണം.

എന്നാൽ ലോട്ടറി വകുപ്പിന്റെ ഏജന്റുമാർ ഉൾപ്പെട്ട ഏതെങ്കിലും കേസ് ആണെങ്കിൽ അതിന്മേൽ ലോട്ടറി വകുപ്പിന് ആ ഏജൻസി റദ്ദ് ചെയ്യുന്നതടക്കമുള്ള വകുപ്പ് തല നടപടി സ്വീകരിക്കാൻ കഴിയും എന്നും മനസിലാക്കേണ്ടതാണ്.

ലഭിക്കുന്ന പരാതികളിൽ ഏറിയ പങ്കും ഓൺലൈൻ മുഖാന്തിരം ടിക്കറ്റ് വാങ്ങി എന്നും സമ്മാനം കിട്ടിയില്ല എന്നും ഓൺലൈൻ മുഖാന്തിരം

കാണിച്ച ടിക്കറ്റിൽ സമ്മാനം അടിച്ചു അതിൽ മുൻകൂർ നികുതി ഒടുക്കാൻ തുക കൊടുത്തു ഇങ്ങനെയൊക്കെയാണ്. കേരള സംസ്ഥാന സർക്കാർ നടത്തുന്നത് അച്ചടിച്ച പേപ്പർ ലോട്ടറി മാത്രമാണ്. അത് ആ രൂപത്തിൽ നേരിട്ട്, വാങ്ങുന്നയാളുടെ കയ്യിൽ വില്പനക്കാർ നൽകുന്നതിനാണ് ചട്ടത്തിൽ വ്യവസ്ഥ ഉള്ളത്. ആദായ നികുതി നിയമത്തിലെ 194 ബി വകുപ്പിൽ അനുശാസിക്കുംപ്രകാരം ആണ് ലോട്ടറി സമ്മാനത്തുകയ്ക്ക് നികുതി ഈടാക്കുന്നത്. സമ്മാനം ബന്ധപ്പെട്ട സമ്മാന ജേതാവിന് നൽകുമ്പോൾ ആ സമ്മാന തുകയിൽ നിന്ന് നികുതി കിഴിക്കുന്നതിനാണ് നിയമത്തിൽ വ്യവസ്ഥയുള്ളത്. അതുകൊണ്ട് ഏതെങ്കിലും ഓൺലൈൻ തട്ടിപ്പ് സംഘങ്ങൾ ഏതെങ്കിലും വെബ്സൈറ്റ് മുഖേനയോ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൂടിയോ ഒരു ടിക്കറ്റ് കാണിച്ചു അതിനു നികുതി തുക ആവശ്യപ്പെട്ടാൽ അപ്പോൾ തന്നെ മനസിലാക്കണം അത് നിയമപരമായി ഉള്ള ലോട്ടറി അല്ല എന്ന്.

പലരും ഉന്നയിക്കുന്ന ഒരു സംശയം കൂടി തീർത്തു കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം എന്ന് കരുതുന്നു. നറുക്കെടുക്കുന്നതിന് എന്തെങ്കിലും നിയമവ്യവസ്ഥ ഉണ്ടോ.. അതോ ലോട്ടറി വകുപ്പിനോ അതിലെ ഉദ്യോഗസ്ഥർക്കോ മറ്റോ ഇഷ്ടപ്രകാരം നടത്താവുന്ന ഒന്നാണോ നറുക്കെടുപ്പ്?

കേന്ദ്ര ചട്ടത്തിന്റെ 2(1)(d) വകുപ്പിൽ തന്നെ നറുക്കെടുപ്പ് എന്നത് എന്താണ് എങ്ങനെയാണ് നടത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര ചട്ടവും കേരള പേപ്പർ ലോട്ടറി ചട്ടങ്ങളും വ്യവസ്ഥപ്പെടുത്തിയിട്ടുള്ള പ്രകാരം ഒരു ജഡ്ജിങ് പാനൽ ആണ് നറുക്കെടുപ്പ് വിധികർത്താക്കൾ;അല്ലാതെ ലോട്ടറി ഉദ്യോഗസ്ഥർ അല്ല.

ഈ ജഡ്ജിങ് പാനലിൽ സാധാരണയായി ജന പ്രതിനിധികൾ വക്കീലന്മാർ തുടങ്ങി പൊതുജന പ്രാതിനിധ്യ സ്വഭാവത്തിലുള്ളവർ ആണ് ഉൾപ്പെടുന്നത്. പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ള ഒരു പൊതുസ്ഥലത്ത് ടെലിവിഷൻ ചാനലുകൾ, യൂ ട്യൂബ്, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയ ഹാൻഡിലുകൾ ഇവയിലൂടെ ലൈവ് ടെലികാസ്റ്റ് നടത്തിയാണ് നറുക്കെടുപ്പ് സംഘടിപ്പിക്കുന്നത്. ഇത്രയും സുതാര്യമായ ഒരു നറുക്കെടുപ്പ് അവലംബിക്കുന്ന മറ്റൊരു ലോട്ടറി ഇല്ലായെന്ന് നിസ്സംശയം പറയാം. കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ഈ ഗുഡ്‌വിൽ ഉപയോഗപ്പെടുത്തിയാണ് തട്ടിപ്പു സംഘങ്ങൾ കേരള ലോട്ടറിയെ അനുകരിച്ചു പലവിധ തട്ടിപ്പു ചൂഷണങ്ങൾ നടത്തുന്നത്. അപ്പൊ എങ്ങനാ... ലോട്ടറി ഒരെണ്ണം എടുത്തു നോക്കാം അല്ലേ... എടുക്കുമ്പോ മുകളിൽ പറഞ്ഞ മുൻകരുതൽ വേണം കേട്ടോ...



# നിർമ്മിതബുദ്ധിയുടെ (Artificial Intelligence-AI) വളർച്ചയും സൈബർ നിയമങ്ങളും

**ദിപിൻ റോയ് എസ് എൽ**
സെക്ഷൻ ഓഫീസർ, നിയമവകുപ്പ്.

AI എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന Artificial Intelligence അഥവാ നിർമ്മിതബുദ്ധി എന്ന സാങ്കേതികവിദ്യ അതിവേഗം വളരുകയാണ്. വരുംകാലങ്ങളിൽ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങൾ വ്യാപകമായി ലഭ്യമാകും എന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ തന്നെ സ്മാർട്ട് ഫോണുകൾ, വാച്ചുകൾ, ഡ്രോണുകൾ, സെൽഫ് ഡ്രൈവിംഗ് കാറുകൾ, എന്നിവയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. കൂടാതെ മറ്റ് പല മേഖലകളിലും, അതായത് ആരോഗ്യ സംവിധാനങ്ങളിൽ, പ്രത്യേകിച്ച് മെഡിക്കൽ ഡയഗ്നോസിസ്, സർജറി എന്നിവയിലും റോബോട്ടിക്സ് ടെക്നോളജി, വീഡിയോ ഗെയിമുകൾ, ഗതാഗത സംവിധാനം, മിലിട്ടറി, ഇൻഷുറൻസ്, പരസ്യം ചെയ്യൽ എന്നിവയിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. വിഷ്വൽ പെർസെപ്ഷൻ, സ്പീച്ച് റെക്കഗ്നിഷൻ, തീരുമാനമെടുക്കൽ, പ്രശ്നപരിഹാരം, ഭാഷാ വിവർത്തനം എന്നിവ പോലുള്ള മനുഷ്യബുദ്ധി ആവശ്യമുള്ള ജോലികൾ ചെയ്യാൻ കഴിവുള്ള കമ്പ്യൂട്ടർ സിസ്റ്റങ്ങളുടെ വികസനം ഇതിൽ ഉൾപ്പെടുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയിലധിഷ്ഠിതമായ സേവനങ്ങൾ ജുഡീഷ്യൽ സംവിധാനങ്ങളിലേക്കും നിയമമേഖലയിലേക്കും കടന്നു വന്നിരിയ്ക്കുന്നു



എന്ന വാർത്തകൾ ഇതിനോടകം തന്നെ പുറത്തുവന്നിട്ടുണ്ട്. വിവിധ ലോകരാജ്യങ്ങൾ, അവരുടെ ജുഡീഷ്യൽ സംവിധാനത്തിൽ AI സാങ്കേതികവിദ്യയുടെ സഹായം കൂടി ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. കുറ്റവാളികളുടെ ക്രിമിനൽ ചരിത്രം, സാമൂഹിക സാമ്പത്തിക പശ്ചാത്തലം, മാനസിക ആരോഗ്യം എന്നിവ വിശകലനം ചെയ്യുന്നതിന് AI അധിഷ്ഠിത സംവിധാനം ന്യായാധിപന്മാരെ സഹായിക്കുന്നതായി ഇത് സംബന്ധിച്ച് പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. മുൻകാല കേസുകൾ വിശകലനം ചെയ്യാനും ബാധകമായ നിയമങ്ങളും മുൻകാല വിധിന്യായങ്ങളും നിർദ്ദേശിക്കാനും കഴിയുന്ന AI അധിഷ്ഠിത സ്മാർട്ട് കോടതി സംവിധാനം ചില രാജ്യങ്ങളിൽ നിലവിൽ വന്നിട്ടുണ്ട്. സമാനമായ കേസുകളുടെ അടിസ്ഥാനത്തിൽ ശിക്ഷാവിധികൾ നിർദ്ദേശിക്കാനും ഇതിന് കഴിയും. നിയമ സംബന്ധിയായ ഡാറ്റ വിശകലനം, ഡോക്യുമെന്റ് തയ്യാറാക്കൽ, വിവിധ തരത്തിലുള്ള കരാറുകൾ അവലോകനം ചെയ്യൽ , നിയമ ഗവേഷണം, എന്നിവ പോലുള്ള യാന്ത്രികമായ പതിവ് ജോലികൾ കൈകാര്യം ചെയ്യാൻ AI-ക്ക് കഴിയും. എന്നാൽ അഭിഭാഷകരുടെ നേരിട്ടുള്ള പങ്കാളിത്തം അനിവാര്യമായ കോടതി നടപടികൾ, കോടതിയിലുള്ള അഭിഭാഷകരുടെ പ്രാതിനിധ്യം എന്നിവ പോലുള്ള സങ്കീർണ്ണമായ ജോലികൾ കൈകാര്യം ചെയ്യാൻ AI ഇതുവരെ പ്രാപ്തമായിട്ടില്ല. 2021 മുതൽ തന്നെ ഇന്ത്യയിലെ ജുഡീഷ്യൽ സംവിധാനത്തിൽ, വിവരങ്ങൾ പ്രോസസ്സ് ചെയ്യാനും തീരുമാനങ്ങൾക്കായി ജഡ്ജിമാർക്ക് ലഭ്യമാക്കാനും രൂപകൽപ്പന ചെയ്ത AI-അധിഷ്ഠിത സംവിധാനം (AI Based Legal Research Assistance Tool, SUPACE (Supreme Court Portal for Assistance in Court Efficiency) സുപ്രീം കോടതി ഉപയോഗിക്കുന്നു. കൂടാതെ ഇംഗ്ലീഷിൽ നിന്ന് പ്രാദേശിക ഭാഷകളിലേക്കും തിരിച്ചും ലീഗൽ ഡോക്യുമെന്റുകൾ വിവർത്തനം ചെയ്യുന്ന SUVAS (Supreme Court Vidhik Anuvaad Software) സുപ്രീം കോടതി ഉപയോഗിക്കുന്നു. 2023-ൽ ജസ്‌വീന്ദർ സിംഗ് vs സ്റ്റേറ്റ് ഓഫ് പഞ്ചാബ് (CRM-M-22496-2022) കേസിൽ, വലിയ രീതിയിലുള്ള ക്രൂരത ഉൾപ്പെട്ട കേസുകളിൽ ജാമ്യം അനുവദിക്കുന്നത് സംബന്ധിച്ചു എ.ഐ -അധിഷ്ഠിത പ്രോഗ്രാമായ ChatGPT-യിൽ നിന്ന് പ്രിസൈഡിംഗ് ജഡ്ജി വിവരങ്ങൾ തേടുകയും വിധിന്യായത്തിൽ അക്കാര്യം രേഖപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിൽ നിർമ്മിതബുദ്ധിയുടെ സ്വാധീനം വിവിധ മേഖലകളിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിയ്ക്കുന്നു.

**നിർമ്മിത ബുദ്ധിയും സൈബർ നിയമങ്ങളും**

ചിന്തിക്കുകയും വിവേകത്തോടെ പെരുമാറുകയും ചെയ്യുക എന്നത് മനുക്ഷ്യന് മാത്രം പ്രാപ്യമായ ഒരു കഴിവാണ്. എന്നാൽ ഇത്തരം കഴിവുകളൊക്കെ മനുഷ്യ നിർമ്മിതമായ യന്ത്ര സംവിധാനങ്ങൾക്കും ലഭ്യമായാലോ? അത്തരത്തിൽ മനുഷ്യ ബുദ്ധിയും പ്രതികരണവും വിവേകവും വിശകലനശേഷിയുമൊക്കെ ആവശ്യമായ പ്രവൃത്തികൾ കമ്പ്യൂട്ടർ സംവിധാനത്തെക്കൊണ്ട് ചെയ്യിപ്പിക്കുന്ന സാങ്കേതികവിദ്യയാണ് 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' എന്നു ലളിതമായി പറയാം. പഠിക്കാനും ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും കമ്പ്യൂട്ടറുകളെ പ്രാപ്തമാക്കുന്ന സംവിധാനമാണിത്. മനുഷ്യരുടെ ബുദ്ധിയെയും ചിന്താശക്തിയെയും അനുകരിക്കാൻ മനുഷ്യർ തന്നെ യന്ത്രങ്ങളെ പരിശീലിപ്പിക്കുകയാണിവിടെ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) എന്ന സാങ്കേതിക വിദ്യയുടെ ദ്രുതഗതിയിലുള്ള വളർച്ച സൈബർമേഖല ഉൾപ്പെടെയുള്ള സൈബറിടങ്ങളെ മാറ്റിമറിച്ച ഒരു സുപ്രധാന സാങ്കേതികവിദ്യയായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിൽ AI-യുടെ അനിയന്ത്രിതമായ വളർച്ചയും ദുരുപയോഗവും ഉയർത്തുന്ന നിയമ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ നിലവിലുള്ള സൈബർ നിയമങ്ങൾ പര്യാപ്തമാകുമോ എന്ന ആശങ്ക സൈബർ ലോകത്ത് സജീവമാണ്. ഈ പശ്ചാത്തലത്തിൽ

നിർമ്മിത ബുദ്ധിയുടെ വളർച്ച സൈബർ നിയമങ്ങൾക്കൊരു വെല്ലുവിളിയാകുമോ എന്ന് പരിശോധിക്കുകയാണ് ലേഖനത്തിൽ.

ഓരോ വർഷവും ഇന്ത്യയിൽ അമ്പരപ്പിക്കുന്ന സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇന്ത്യയിൽ സൈബർ മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ ആദ്യ നിയമ നിർമ്മാണമാണ് 2000 ജൂൺ 09-ന് നിലവിൽ വന്ന ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് അഥവാ വിവരസാങ്കേതിക നിയമം. ഇലക്ട്രോണിക് വാണിജ്യത്തിനും ഇലക്ട്രോണിക് ഇടപാടുകൾക്കും നിയമപരമായ അനുമതി നൽകുന്നതിനും ഇ-ഗവേണൻസ് പ്രാപ്തമാക്കുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടിയാണ് ഈ നിയമം നടപ്പിലാക്കിയത്. 2008-ൽ ഈ നിയമത്തിൽ സമഗ്രമായ ഭേദഗതികളും കൊണ്ടുവരികയുണ്ടായി. ഈ നിയമം ഇലക്ട്രോണിക് ഒപ്പുകൾ അംഗീകരിക്കുകയും ഇലക്ട്രോണിക് കരാറുകൾക്ക് നിയമപരമായ സാധുത നൽകുകയും ചെയ്യുന്നു, കൂടാതെ അപകീർത്തിപ്പെടുത്തൽ, ഹാക്കിംഗ്, ഡാറ്റ മോഷണം, വൈറസ് വ്യാപനം, ഐഡന്റിറ്റി മോഷണം, അശ്ലീലസാഹിത്യങ്ങൾ, കുട്ടികളുടെ അശ്ലീലം, സൈബർ ഭീകരത എന്നീ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വ്യവസ്ഥകളും ഉൾപ്പെടുന്നു.

ഡിജിറ്റൽ യുഗത്തിൽ വ്യക്തികളുടെ സ്വകാര്യത സംരക്ഷിക്കാൻ ലക്ഷ്യമിട്ടുള്ള മറ്റൊരു സുപ്രധാന നിയമനിർമ്മാണമാണ് 2023 സെപ്റ്റംബർ 1-ന് പ്രാബല്യത്തിൽ വന്ന ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ ആക്ട് (DPDPA). ഇന്ത്യയിലെ വ്യക്തികളുടെ സ്വകാര്യ ഡാറ്റ പ്രോസസ്സ് ചെയ്യുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. ഡാറ്റാധിഷ്ഠിത ലോകത്ത്, വ്യക്തിഗത വിവരങ്ങൾ ഒരു മൂല്യവത്തായ ചരക്കായി (commodity) മാറിയിരിക്കുന്നു. വ്യക്തികൾ അവരുടെ കൂടുതൽ വ്യക്തിഗത വിവരവും വിശദാംശങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്കും ഡിജിറ്റൽ സേവനങ്ങളിലേക്കും ഏൽപ്പിക്കുന്നതിനാൽ, ശക്തമായ ഡാറ്റാ സംരക്ഷണ നടപടികളുടെ ആവശ്യകത എന്നത്തേക്കാളും നിർണായകമായി വളർന്നു. ഈ നിയമത്തിന്റെ പ്രാഥമിക ലക്ഷ്യം ഡിജിറ്റൽ വ്യക്തിഗത ഡാറ്റയുടെ പ്രോസസ്സിംഗ് നിയന്ത്രിക്കുകയും ഡാറ്റ സംരക്ഷിക്കാനുള്ള വ്യക്തികളുടെ അവകാശത്തെ മാനിക്കുകയും ചെയ്യുക എന്നതാണ്. ഡാറ്റ യഥാർത്ഥത്തിൽ ഇന്ത്യയിലാണോ അല്ലെങ്കിൽ മറ്റെവിടെയെങ്കിലുമാണോ ശേഖരിച്ചത് എന്നത് പരിഗണിക്കാതെ തന്നെ ഇന്ത്യയിൽ പ്രോസസ്സ് ചെയ്യുന്ന വ്യക്തിഗത ഡാറ്റ ഈ നിയമം സംരക്ഷിക്കുന്നു. ഇന്ത്യയ്ക്ക് പുറത്ത് ഡാറ്റ പ്രോസസ്സ് ചെയ്താലും, ഇന്ത്യൻ പൗരന്മാരുടെ വ്യക്തിഗത ഡാറ്റ പ്രോസസ്സ് ചെയ്യുന്നതിന് ഈ നിയമം ബാധകമാണ്. ഇന്ത്യയിൽ ഡിജിറ്റൽ വ്യക്തിഗത ഡാറ്റ സംരക്ഷണം നിയന്ത്രിക്കുന്നതിന് സമഗ്രമായ ഒരു നിയമ ചട്ടക്കൂട് സ്ഥാപിക്കാൻ ഈ നിയമം ലക്ഷ്യമിടുന്നു. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് തന്നെയാണ് ഈ നിയമവും നിലവിൽ വന്നിട്ടുള്ളത്. മേൽപ്പറഞ്ഞ നിയമങ്ങൾക്ക് പുറമെ 2023-ൽ പുറപ്പെടുവിച്ച ഭാരതീയ ന്യായ സംഹിതയിലും സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട ധാരാളം വ്യവസ്ഥകൾ ഉൾപ്പെടുന്നു. മാത്രമല്ല 2000-ലെ വിവരസാങ്കേതിക നിയമത്തിൻ കീഴിൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് ചട്ടങ്ങളും റെഗുലേഷനുകളും പുറപ്പെടുവിച്ചിട്ടുമുണ്ട്.

ഇന്ത്യയെ സംബന്ധിച്ചു സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട പരമപ്രധാന നിയമം 2000-ലെ വിവരസാങ്കേതിക നിയമമാണ് എന്നതിൽ സംശയമില്ല. എന്നിരുന്നാലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന നൂതന സാങ്കേതികവിദ്യയുടെ കടന്നുവരവോടു കൂടി ഡിജിറ്റൽ ലോകത്ത് ഉണ്ടായിട്ടുള്ള പുതിയ കാലത്തെ സൈബർ കുറ്റകൃത്യങ്ങളെയും അനുബന്ധ വെല്ലുവിളികളെയും ഫലപ്രദമായി നേരിടാൻ നിലവിലുള്ള സൈബർ നിയമങ്ങൾക്കു കഴിയുന്നുണ്ടോ എന്നത് ഒരു തർക്കവിഷയമായി മാറിയിട്ടുണ്ട്.

**എന്താണ് സൈബർ കുറ്റകൃത്യം?**

വിവര സാങ്കേതികവിദ്യയുടെ 'ഇരുണ്ട വശമാണ്' സൈബർ കുറ്റകൃത്യം. 2000-ലെ വിവര സാങ്കേതിക നിയമത്തിലോ രാജ്യത്തെ ഏതെങ്കിലും നിയമനിർമ്മാണത്തിലോ 'സൈബർ കുറ്റകൃത്യം' എന്ന പദം പരാമർശിച്ചിട്ടില്ല. ഒരു കമ്പ്യൂട്ടറിനെയോ കമ്പ്യൂട്ടർ നെറ്റ്വർക്കിനെയോ നെറ്റ്വർക്കു ചെയ്ത ഉപകരണത്തെയോ ലക്ഷ്യമിടുന്നതോ ഉപയോഗിക്കുന്നതോ ആയ ക്രിമിനൽ പ്രവർത്തനമാണ് സൈബർ കുറ്റകൃത്യം. പണമുണ്ടാക്കാൻ ആഗ്രഹിക്കുന്ന സൈബർ കുറ്റവാളികളോ ഹാക്കർമാരോ ആണ് മിക്ക സൈബർ കുറ്റകൃത്യങ്ങളും ചെയ്യുന്നത്. എന്നിരുന്നാലും, രാഷ്ട്രീയമോ വ്യക്തി പരമോ ആയ കാരണങ്ങളാലും സൈബർ കുറ്റകൃത്യങ്ങൾ സംഭവിക്കാം. വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സൈബർ കുറ്റകൃത്യങ്ങൾ നടത്താം. ചില സൈബർ കുറ്റവാളികൾ സംഘടിതരും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നവരും ഉയർന്ന സാങ്കേതിക വൈദഗ്ധ്യമുള്ളവരുമാണ്. പുതിയ കാലത്തെ സൈബർ കുറ്റകൃത്യങ്ങളെ (ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെയുള്ള ) സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നതിന് മുൻപ് നമുക്ക് അല്പമെങ്കിലും പരിചിതമായ പരമ്പരാഗത സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചു ഏകദേശ ധാരണ ഉണ്ടാകുന്നത് നല്ലതായിരിയ്ക്കും.

ഫിഷിംഗ് ആക്രമണങ്ങൾ (phishing attacks):- സാധാരണയായി കണ്ടുവരുന്ന പ്രധാനപ്പെട്ട സൈബർ അക്രമങ്ങളിൽ ഒന്നാണ് ഫിഷിംഗ് സ്കാമുകൾ. വിശ്വസനീയവും പ്രശസ്തവുമായ ഉറവിടത്തിൽ നിന്ന് വരുന്നതായി തോന്നുന്ന വ്യാജ സന്ദേശങ്ങൾ (മിക്കവാറും ഇമെയിലുകൾ) അയച്ച് ഒരു ഉപയോക്താവിന്റെ ലോഗിൻ വിശദാംശങ്ങൾ, പാസ്‌വേഡുകൾ, ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് വിശദാംശങ്ങൾ, കമ്പനി ഡാറ്റ മുതലായവ പോലുള്ള സെൻസിറ്റീവ് വിവരങ്ങൾ നേടുന്നതിനുള്ള സാങ്കേതികതയാണിത്. മിക്ക ഫിഷിംഗ് സ്കാമുകളും ഇമെയിൽ ഉപയോഗിച്ചാണ് ചെയ്യുന്നത് എങ്കിലും ഫോൺ കോളുകൾ വഴിയും ഇത്തരത്തിലുള്ള സൈബർ ആക്രമണങ്ങൾ വ്യാപകമാണ്. ഫിഷിംഗ് സ്കാമിന് തുല്യമായ മറ്റൊരു സൈബർ കുറ്റകൃത്യമാണ് സ്പൂഫിങ് (spoofing). അറിയപ്പെടുന്നതോ വിശ്വസനീയമായതോ ആയ ഉറവിടത്തിൽ നിന്നാണ് എന്ന വ്യാജേനെ അവിടേയ്ക്കു ഇരയുടെ ശ്രദ്ധ ആകർഷിക്കുന്നതിനായി ഇ-മെയിൽ, ടെക്സ്റ്റ് മെസേജുകൾ, കോളർ ഐഡി, ജിപിഎസ് റിസീവറുകൾ എന്നിവയിലൂടെ ഇരയെ കബളിപ്പിച്ച് വ്യക്തിഗത വിവരങ്ങൾ ചോർത്തി നടത്തുന്ന സൈബർ തട്ടിപ്പാണ് സ്പൂഫിങ്.

സൈബർ ബുള്ളിയിങ്ങ് (Cyber bullying):- 'ബുള്ളി' എന്നാൽ ശല്യക്കാരൻ/ഭയപ്പെടുത്തുന്നവൻ എന്നൊക്കെയാണ് അർത്ഥം. ഇലക്ട്രോണിക് മാധ്യമങ്ങൾ/ സംവിധാനം ഉപയോഗിച്ച്, പ്രത്യേകിച്ചും ഇന്റർനെറ്റിന്റെ സഹായത്തോടെ ബോധപൂർവം നടത്തുന്ന ശല്യംചെയ്യലോ ആക്രമണമോ ആണ് സൈബർ ബുള്ളിയിങ്ങ് (Cyber bullying). ഇതൊരു ഓൺലൈൻ പീഡനമാണ്. ഭീഷണിപ്പെടുത്തിക്കൊണ്ടുള്ള അല്ലെങ്കിൽ ശല്യം ചെയ്ത്കൊണ്ടുള്ള സ്വകാര്യ ഇ-മെയിലുകളയ്ക്കുക, ചിത്രങ്ങൾ അയയ്ക്കുക, അപകീർത്തിപരമായതും മോശമായവുമായ ഭാഷയിൽ സംസാരിക്കുക, അക്കൗണ്ട് ഹാക്ക് ചെയ്യുക, സ്വകാര്യ വിവരങ്ങൾ മോഷ്ടിക്കുക ഇവയെല്ലാം സൈബർ ബുള്ളിയിങ്ങ് പരിധിയിൽ വരുന്നതാണ്. ഒരു കുട്ടിയോടോ കൗമാരക്കാരനോടോ ഇൻറർനെറ്റിലൂടെ അതേ പ്രായപരിധിയിലുള്ള മറ്റൊരു വ്യക്തി മോശമായി പെരുമാറുകയോ, അനാദരവ് കാണിക്കുകയോ, പീഡിപ്പിക്കുകയോ, ഭീഷണിപ്പെടുത്തുകയോ, അപമാനിക്കുകയോ, ലക്ഷ്യമിടുകയോ ചെയ്യുന്നതും സൈബർ ബുള്ളിയിങ്ങ് ആയി കണക്കാക്കുന്നു

**മാൽവെയർ** :- മറ്റൊരു തട്ടിപ്പു സംവിധാനമാണ് മാൽവെയർ. മലീഷ്യസ് സോഫ്റ്റ്‌വെയർ (malicious software) എന്നതിന്റെ ചുരുക്കമാണ് മാൽവെയർ (malware). മാൽവെയറുകൾ കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ, ടാബ്‌ലെറ്റ് തുടങ്ങിയ ഉപകരണകളിൽ അനധികൃതമായി പ്രവേശിച്ച്

അതിലെ വിവരങ്ങൾ നശിപ്പിക്കുകയോ ചോർത്തുകയോ ഉപയോക്താവിന്റെ സ്വകാര്യ വിവരങ്ങൾക്ക് ഭീഷണി സൃഷ്ടിക്കുകയോ ചെയ്യുന്നു.

**സൈബർസ്റ്റാക്കിംഗ്** :- ഒരാളിൽ അസ്വസ്ഥത യുണ്ടാക്കും വിധം ദീർഘകാലത്തേക്ക് ഏതെങ്കിലും പ്രത്യേക വ്യക്തിയെ പതുങ്ങി പിന്തുടരുന്നതിനെയാണ് സ്റ്റാക്കിംഗ് എന്ന് പറയുന്നത്. ഇത്തരം പ്രവൃത്തി ഇന്റർനെറ്റ് അല്ലെങ്കിൽ ഇലക്ട്രോണിക് സംവിധാനത്തിലൂടെ, പ്രത്യേകിച്ചും സോഷ്യൽ മീഡിയവഴി ചെയ്യുമ്പോൾ അതിനെ സൈബ ർസ്റ്റാക്കിംഗ് എന്നറിയപ്പെടുന്നു. എസ്എംഎസ്, ഫോൺ കോളുകൾ, ഇമെയിലുകൾ തുടങ്ങിയ ഇന്റർനെറ്റിലൂടെ ഒരു വ്യക്തിയെ പിന്തുടരാൻ സൈബർ സ്റ്റാക്കർമാർ ഒന്നിലധികം രീതികൾ ഉപയോഗിക്കുന്നു, ഏറ്റവും സാധാരണമായത് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളാണ്. സോഷ്യൽ മീഡിയ വെബ്സൈറ്റുകൾക്കും മൊബൈൽ ആപ്ലിക്കേഷനുകൾക്കും ചിത്രങ്ങൾ, വിലാസം, കോൺടാക്റ്റുകൾ, തുടങ്ങിയ ഒരു ഉപയോക്താവിന്റെ വ്യക്തിഗത വിവരങ്ങളിലേക്ക് കടന്നു ചെല്ലാൻ കഴിയും. ഇരയെ ഭീഷണിപ്പെടുത്തുന്നതിനോ ബ്ലാക്ക് മെയിൽ ചെയ്യുന്നതിനോ ശാരീരികമായി ഉപ ദ്രവിക്കുന്നതിനോ ഈ വിവരങ്ങൾ ദുരുപ യോഗം ചെയ്യാൻ പിന്തുടരുന്നവർക്ക് കഴിയും. സ്ത്രീകളും കൗമാരക്കാരുമാണ് കൂടുതലും സൈബർ സ്റ്റാക്കിന്റെ ഇരകളാകുന്നത്.

മേപ്പറഞ്ഞവ കൂടാതെ സൈബർ ഭീകരത (Cyber Terrorism), സൈബർ ചാരവൃത്തി (Cyber Espionage), ഐഡന്റിറ്റി മോഷണം (identity theft., വ്യക്തിഗത വിവരങ്ങൾ മോഷ്ടിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നത്), കോർപ്പറേറ്റ് ഡാറ്റയുടെ മോഷണവും വിൽപ്പനയും., സൈബർ എക്സ്റ്റോർഷൻ (Cyber Extortion) (ഭീഷണി നേരിടുന്ന ആക്രമണം തടയാൻ പണം ആവശ്യപ്പെടുന്നത്) പകർപ്പവകാശലംഘനം, നിയമവിരുദ്ധമായ ചൂതാട്ടം, അന ധികൃത വസ്തുക്കൾ ഓൺലൈനിൽ വിൽക്കൽ, കുട്ടികളുടെ അശ്ലീലചിത്രങ്ങൾ അഭ്യർത്ഥിക്കുക, നിർമ്മിക്കുക അല്ലെങ്കിൽ കൈവശം വയ്ക്കുക എന്നിവയും പൊതുവായി കണ്ടുവരുന്ന സൈബർ കുറ്റകൃത്യങ്ങളാണ്. പ്രതികാരം മുൻനിർത്തിയുള്ള അശ്ലീല പ്രചരണമാണ് സൈബർ ഇടത്തിൽ സാധാരണ സംഭവിക്കുന്ന കുറ്റകൃത്യങ്ങളിൽ മറ്റൊന്ന്. സ്വകാര്യ ദൃശ്യങ്ങളും ചിത്രങ്ങളും ഉൾപ്പെടുന്നവ പകർത്തുകയും പ്രതികാരബുദ്ധി മുൻനിർത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ് ഇത്. പ്രതികാരം മുൻനിർത്തി അശ്ലീല ദൃശ്യങ്ങൾ പ്രചരിപ്പിച്ചതിന് ശിക്ഷിക്കപ്പെട്ട രാജ്യത്തെ ആദ്യ കേസ് ആയിരുന്നു സ്റ്റേറ്റ് ഓഫ് വെസ്റ്റ് ബംഗാൾ v. അനിമേഷ് ബൊാക്ഷി എന്ന കേസ് [Case No. GR:1587/17, decided on 07/03/2018] പ്രതിയും ഇരയും തമ്മിലുള്ള ബന്ധം നിലനിന്നിരുന്ന സമയത്ത് ശേഖരിച്ച ഇരയുടെ സ്വകാര്യ ദൃശ്യങ്ങൾ പ്രതി പിന്നീട് പുറത്തുവിട്ടു. ബ്ലാക് മെയിലിംഗ് ലക്ഷ്യമിട്ടായിരുന്നു കുറ്റകൃത്യം. പശ്ചിമ ബംഗാൾ പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ വിവര സാങ്കേതിക നിയമത്തിലെ വകുപ്പുകളും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ,വകുപ്പുകളും അനുസരിച്ചാണ് ശിക്ഷ വിധിച്ചത്. അതായത് ഇലക്ട്രോണിക് സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ഇത്തരം കുറ്റകൃത്യങ്ങൾ സ്ത്രീകൾക്കെതിരായ ലൈംഗിക പീഡനം ആയിക്കൂടി പരിഗണിക്കുമെന്നർത്ഥം.

മുകളിൽ വിവരിച്ചിട്ടുള്ള സൈബർ കുറ്റകൃത്യ ങ്ങളെല്ലാം തന്നെ നമുക്ക് പൊതുവായ അറിവുള്ളതും, കുറ്റകൃത്യത്തിന്റെ സ്വഭാവം അനുസരിച്ച് 2000-ലെ വിവര സാങ്കേതിക നിയമം, 2023-ലെ ഭാരതീയ ന്യായസംഹിത (മുൻപ് ഇന്ത്യൻ പീനൽ കോഡ്), പോക്സോ നിയമം എന്നിവ പ്രകാരം ശിക്ഷ ലഭിക്കാവുന്നവയുമാണ്. എന്നാൽ 2000-ൽ വിവരസാങ്കേതിക നിയമം നിലവിൽ വരുമ്പോഴും അതിനു ശേഷവും ഉണ്ടായിരുന്ന പൊതുവായ സൈബർ കുറ്റകൃത്യങ്ങളുടെ സ്വഭാവവും രീതിയും മറ്റൊരു തലത്തിലേക്കെത്തിയിരിയ്ക്കുന്നു. നമ്മൾ നേരിടുന്ന AI സാങ്കേതികവിദ്യയുടെ ഭൂരിഭാഗവും മെഷീൻ ലേണിംഗ് (ML) എന്നറിയപ്പെടുന്ന ഒരു സാങ്കേതികതയെ അടിസ്ഥാനമാക്കിയുള്ളതാണ്. മെഷീൻ ലേണിംഗ് എന്നത് ഒരു കമ്പ്യൂട്ടറിൽ ഡാറ്റ

വിശകലനം ചെയ്തും പാറ്റേണുകൾ തിരിച്ചറിയുന്നതിലൂടെയും കുറഞ്ഞ മനുഷ്യ ഇടപെടലോടെ തീരുമാനങ്ങൾ എടുക്കുന്നതിലൂടെയും ഉപയോഗിക്കുന്ന സ്വയം പഠന സാങ്കേതികവിദ്യയാണ്. AI സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തന്ത്രപരമായ സൈബർ ആക്രമണങ്ങൾ വളരെ സങ്കീർണ്ണവും അസാധാരണവുമാണ്. ഉയർന്നുവരുന്ന ഈ ഭീഷണികൾക്കെതിരെ പരമ്പരാഗത സൈബർ സുരക്ഷാ സംവിധാനം പരാജയപ്പെടുന്നു. അത്തരത്തിൽ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ ഒരു പുതിയ ശ്രേണി സൈബർ ലോകത്ത് രൂപപ്പെട്ടിട്ടുണ്ട്. അവ ഏതൊക്കെയാണെന്നു പരിശോധിക്കാം

ഡീപ് ഫേക്ക് (deep fake ) :- സമകാലിക ഡിജിറ്റൽ ലോകത്ത് ഏറെ ചർച്ചകൾക്കും വിവാദങ്ങൾക്കും വിധേയമായി കൊണ്ടിരിക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് ഡീപ് ഫേക്ക്. ഒരാളുടെ മുഖമോ ചലനങ്ങളോ ശബ്ദമോ മറ്റൊരാളുടെ മുഖവുമായോ ചലനങ്ങളുമായോ ശബ്ദവുമായോ വിശ്വസനീയമായ രീതിയിൽ സമന്വയിപ്പിച്ച്, വീഡിയോ രൂപത്തിലോ ശബ്ദരൂപത്തിലോ, നിർമ്മിത ബുദ്ധിയുടെ സഹായത്താൽ രൂപപ്പെടുത്തുന്ന ഉള്ളടക്കങ്ങളാണ് ഡീപ് ഫേക്ക് എന്നറിയപ്പെടുന്നത്. തുടക്കത്തിൽ അത് സെലിബ്രിറ്റികളെ മാത്രം ലക്ഷ്യമിട്ടിരുന്നെങ്കിൽ ഡീപ് ഫേക്ക് സാങ്കേതികവിദ്യയുടെ ദുരുപയോഗം ഇപ്പോൾ പൊതുജനങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഡീപ് ഫേക്ക് സാങ്കേതികവിദ്യയും ഡിജിറ്റൽ മേഖലയെ കാര്യമായി മാറ്റിമറിക്കുകയും അത് കാഴ്ചയെ വിശ്വസിക്കാൻ കഴിയാത്ത ഒരു പുതിയ യുഗത്തിന് തുടക്കമിടുകയും ചെയ്തു. AI ഉപയോഗിച്ച് സൃഷ്ടിച്ച ഡീപ് ഫേക്കുകൾ ,ഹൈപ്പർ റിയലിസ്റ്റിക് ആയ വ്യാജ ഉള്ളടക്കങ്ങൾ സൃഷ്ടിച്ചുകൊണ്ട്, യഥാർത്ഥമായത് എന്താണെന്ന് തിരിച്ചറിയാനുള്ള നമ്മുടെ കഴിവിനെ വെല്ലുവിളിക്കുന്നു. ഡീപ് ഫേക്ക് വഴി സൃഷ്ടിച്ചെടുക്കുന്ന ഉള്ളടക്കങ്ങൾ എല്ലായ്പ്പോഴും നിയമവിരുദ്ധമെന്നു പറയാനാവില്ല. എന്നാൽ അശ്ലീല ഉള്ളടക്കം ഉൾപ്പെട്ടതോ, മറ്റൊരാളെ വ്യക്തിപരമായോ സാമൂഹികപരമായോ അപമാനിക്കുന്നതോ അപകീർത്തിപ്പെടുത്തുന്നതോ, സമൂഹത്തിൽ പൊതുവായ തെറ്റിദ്ധാരണ പരത്തുന്നതോ, സാമുദായിക സ്പർദ്ധ വളർത്തുന്നതോ, രാജ്യസുരക്ഷയെ ബാധിക്കുന്നതോ ആയ ഡീപ് ഫേക്ക് ഉള്ളടക്കങ്ങൾ നിയമവിരുദ്ധവും ശിക്ഷാർഹവുമായി കണക്കാക്കുന്നു.

**വോയ്സ് ക്ലോണിംഗ്** (AI Voice Cloning).- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴി സൃഷ്ടിച്ച വോയ്സ് ക്ലോണിംഗ് സൈബർ തട്ടിപ്പുകൾ വർദ്ധിച്ചുവരികയാണ്. കേവലം മൂന്നോ നാലോ സെക്കൻഡ് ഓഡിയോ ഇൻപുട്ട് ഉപയോഗിച്ച്, വോയ്സ് ക്ലോണിംഗ് സാങ്കേതികവിദ്യയ്ക്ക് ആരുടെയും ശബ്ദം പുനർനിർമ്മിക്കാൻ കഴിയും. സോഷ്യൽ മീഡിയയിലും മറ്റും നിങ്ങൾ പങ്കുവെക്കുന്ന വ്യക്തിഗത വീഡിയോ ഓഡിയോ സന്ദേശങ്ങളിൽ നിന്നും സൈബർ തട്ടിപ്പുകാർക്ക് നിങ്ങളുടെ ശബ്ദം ക്ലോൺ ചെയ്തെടുക്കാൻ സാധിക്കും. ഇരയ്ക്ക് അറിയാവുന്നതും കുടുംബാംഗങ്ങളെയോ സുഹൃത്തിനെയോ പോലെ വിശ്വസിക്കുന്നതുമായ ഒരാളുടെ ശബ്ദം AI സഹായത്തോടെ ക്ലോൺ ചെയ്ത് ഒരു ഫോൺ കോളിലൂടെ ഇരയെ ബന്ധപ്പെട്ടു സാമ്പത്തിക സഹായം ആവശ്യപ്പെട്ടോ ഭീഷണിപ്പെടുത്തിയോ പണം തട്ടുന്ന രീതിയാണ് വോയ്സ് ക്ലോണിംഗ് തട്ടിപ്പ്. ചുരുക്കിപ്പറഞ്ഞാൽ, തട്ടിപ്പുകാർ സൈബർ കുറ്റകൃത്യങ്ങൾ ചെയ്യാൻ AI- ജനറേറ്റഡ് ക്ലോൺ ശബ്ദമാണ് ഉപയോഗിക്കുന്നത്. ഇത്തരം കേസുകളിൽ കുറ്റവാളിയുടെ ഐഡന്റിറ്റി തിരിച്ചറിയാനും പ്രയാസമാണ്. ഈ തന്ത്രം സൈബർ കുറ്റകൃത്യങ്ങളുടെ വികസിച്ചുകൊണ്ടിരിക്കുന്ന സങ്കീർണ്ണതയെ ഉയർത്തിക്കാട്ടുന്നു.

**വ്യാജ വാർത്തകൾ** (Fake news) :- ഇന്ന് പൊതു സമൂഹം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളൊന്നാണ് വ്യാജ വാർത്തകളുടെ വ്യാപനം. മനഃപൂർവമായ വഞ്ചനയ്ക്കും തെറ്റായ വിവരങ്ങൾക്കുമായി സൃഷ്ടിച്ച വസ്തുതാപരമായി സംശയാസ്പദമായ

ഉള്ളടക്കമാണ് 'വ്യാജ വാർത്ത'. വ്യാജ വാർത്തകൾ സൃഷ്ടിക്കപ്പെടുക എന്നത് ഒരു പുതിയ കാര്യമല്ലെങ്കിലും ഡിജിറ്റൽ ലോകത്ത് സൃഷ്ടിക്കപ്പെടുകയും സാമൂഹിക മാധ്യമങ്ങൾ വഴിയും മറ്റും വ്യാപകമായി പങ്കുവെക്കപ്പെടുകയും ചെയ്യുന്ന വ്യാജ വാർത്തകളും, തെറ്റായ വിവരങ്ങളും പൊതു സമൂഹത്തിനാകെ അവരുടെ സമാധാനപരമായ നിലനിൽപ്പിന് ഭീഷണി ഉയർത്തുന്നു എന്ന കാര്യത്തിൽ തർക്കമില്ല. പൊതു സമൂഹം പരമ്പരാഗത വാർത്ത ഉറവിടങ്ങളിൽ (അച്ചടി മാധ്യമങ്ങൾ, ടെലി വിഷൻ, റേഡിയോ) നിന്നും വ്യതിചലിച്ചു കൊണ്ട് സാമൂഹിക മാധ്യമങ്ങളെ വാർത്ത കൾക്കായി കൂടുതൽ ആശ്രയിച്ചു തുടങ്ങിയപ്പോഴാണ് വ്യാജ വാർത്തകളുടെ പ്രചാരണം കൂടുതൽ വേഗത്തിലായത്. പലപ്പോഴും ജാതീയവും മതപരവും രാഷ്ട്രീയവുമായ വിഷയങ്ങൾ ഉൾപ്പെട്ട വിദ്വേഷ പരാമർശങ്ങൾ, പൊതുസമൂഹ ത്തിന്റെ വൈകാരികതയെ ബാധിക്കുന്ന വിഷയങ്ങൾ, വ്യക്തി കേന്ദ്രീകൃതമായ ആക്ഷേപങ്ങൾ, പ്രസ്താവനകൾ എന്നിവയെ ആധാരമാക്കിയാണ് വ്യാജവാർത്തകൾ പൊതുവായി സൃഷ്ടിക്കപ്പെടുന്നത്. AI സാങ്കേതിക വിദ്യയോടൊപ്പം ഡീപ് ഫേക്ക്, വോയ്സ് ക്ലോണിംഗ് എന്നിവയും വ്യാജ വാർത്തകളുടെ വിശ്വസനീയത ഉറപ്പാക്കുന്നതിന് സൈബർ കുറ്റവാളികൾ ഉപയോഗിക്കുന്നു. വ്യാജ വാർത്തകൾ സൃഷ്ടിക്കുന്നതിലൂടെ സമൂഹത്തെ പൊതുവായി ബാധിക്കുന്ന വിഷയത്തെ സംബന്ധിച്ചു ഏകപക്ഷീയമായ ഭൂരിപക്ഷാഭിപ്രായ രൂപീകരണം വ്യാജമായി ഉണ്ടാക്കിയെടുക്കാനും അത് സമൂഹത്തിൽ പൊതുജനാഭിപ്രായം എന്ന രീതിയിൽ പ്രചരിപ്പിച്ചു തെറ്റിദ്ധാരണ പരത്താനും സൈബർ കുറ്റവാളികൾക്ക് കഴിയുന്നു. ഇത് സമൂഹത്തിന്റെ സമാധാനപരമായ നിലനിൽപ്പിനും പൊതുസുരക്ഷയ്ക്കും വരുംതലമുറക്കും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. AI അധിഷ്ഠിത സൈബർ കുറ്റകൃത്യങ്ങളുടെ പട്ടിക ഇവിടെ അവസാനിക്കുന്നില്ല . അവ ഓരോ ദിവസവും വ്യത്യസ്തമായ സ്വഭാവവും രീതിയും കൈവരിച്ചുകൊണ്ട് നമുക്ക് മുന്നിലെ ത്തിക്കൊണ്ടിരിയ്ക്കുന്നു. ഇവയെ കൈകാര്യം ചെയ്യാൻ പ്രത്യേകമായ നിയമങ്ങളില്ല. നിലവിൽ വിവരസാങ്കേതിക നിയമത്തിലേയും ഭാരതീയ ന്യായ സംഹിതയിലേയും (മുൻപ് ഇന്ത്യൻ പീനൽ കോഡ് ) വ്യവസ്ഥകൾ പ്രകാരമാണ് ഇവയെയും കൈകാര്യം ചെയ്യുന്നത്.

**സൈബർ ലോകത്തു എങ്ങനെ സുരക്ഷിതരാകാം ?**

സൈബർ സുരക്ഷയോ, വിവര സുരക്ഷയോ ഒരിക്കലും സാങ്കേതിക നിയന്ത്രണങ്ങൾ കൊണ്ട് മാത്രം നേടാൻ സാധിക്കില്ല. നാമോരോരുത്തരും സൈബർ സാക്ഷരരാവുക എന്നത് വളരെ പ്രധാനമാണ്. അതി നർത്ഥം സൈബർ നിയമങ്ങളെയും സുരക്ഷാസംവിധാനങ്ങളെയും സംബന്ധിച്ച അറിവ് ഉണ്ടായിരിയ്ക്കുക എന്നത് മാത്രമല്ല , ബുദ്ധിപരമായും വിവേകത്തോ ടെയും ഉത്തരവാദിത്തത്തോടും സൈബർ സ്പേസ് ഉപയോഗിക്കാൻ ശീലിക്കുക എന്നതും കൂടിയാണ്. നിങ്ങൾ ഓൺലൈനിൽ പങ്കിടുന്ന വ്യക്തിഗത വിവരങ്ങളെക്കുറിച്ച് അതീവ ജാഗ്രത പുലർത്തുക എന്നതാണ്. നിങ്ങളെക്കുറിച്ച് ലഭ്യമായ ഡാറ്റയുടെ അളവ് പരിമിതപ്പെടുത്തുക. ഏതെങ്കിലും തരത്തിലുള്ള വാർത്തകൾ/വിവരങ്ങൾ കൈമാറുന്നതിനോ പങ്കിടുന്നതിനോ മുമ്പ്, പങ്കിടുന്ന വിവരങ്ങ ളുടെ ആധികാരികതയോ വസ്തുതകളോ നിങ്ങൾ സ്ഥിരീകരിക്കണം. നിങ്ങൾക്കതിന് കഴിയുന്നില്ലെങ്കിൽ PIB Fact Check, PTI Fact Check, BOOM, Alt News, WebQoof, തുടങ്ങിയ നിരവധി വസ്തുതാ പരിശോധന വെബ് സൈറ്റുകൾ ഉണ്ട്.

**ഹൈടെക് ക്രൈം എൻക്വയറി സെൽ** (HTCEC)

നിങ്ങൾ ഒരു സൈബർ കുറ്റകൃത്യത്തിന് ഇരയായി എന്ന് ബോധ്യപ്പെട്ടാൽ ആദ്യം ചെയ്യേണ്ടത് നിങ്ങളുടെ നഗരത്തിലെ ഒരു സൈബർ ക്രൈം സെല്ലിനെ സമീപിക്കുകയോ അല്ലെങ്കിൽ പ്രാദേശിക പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയോ വേണം, അവർ പരാതി

അടുത്തുള്ള സൈബർ ക്രൈം സെല്ലിലേക്ക് കൈമാറും. കേരള പോലീസിന്റെ ഭാഗമായി ഹൈടെക് ക്രൈം എൻക്വയറി സെൽ (HTCEC) കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങളും മറ്റ് സാങ്കേതികവിദ്യാ കുറ്റകൃത്യങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള ഔദ്യോഗിക സംവിധാന മായാണ് രൂപീകരിച്ചിട്ടുള്ളത്. ഹാക്കിങ്, അശ്ലീല സന്ദേശങ്ങൾ അയയ്ക്കൽ, വികലമായ സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ, അശ്ലീല എസ്എംഎസ്/ഇ-മെയിലുകൾ, സൈബർ മോഷണം, സൈബർ സ്റ്റോക്കിങ് തുടങ്ങിയ സംസ്ഥാനത്ത് വ്യാപകമായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഹൈ-ടെക് സംവിധാനത്തിലുള്ള സെല്ലാണിത്.

**ദേശീയ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ** (https://cybercrime.gov.in/)

സൈബർ ക്രൈം പരാതികൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യാൻ ഇരകൾക്കും പരാതി ക്കാർക്കും സൗകര്യമൊരുക്കുന്നതിനുള്ള ഇന്ത്യൻ സർക്കാരിന്റെ ഒരു സംരംഭമാണ് ഈ പോർട്ടൽ. സ്ത്രീകൾക്കും കുട്ടികൾക്കു മെതിരായ സൈബർ കുറ്റ കൃത്യങ്ങളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ സുരക്ഷിതമായും അജ്ഞാതമായും റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒരു ഉപയോക്തൃ-സൗഹൃദ പ്ലാറ്റ്ഫോം ഇത് പൗരന്മാർക്ക് നൽകുന്നു. ഉപയോക്താക്കൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാനും പ്രസക്തമായ തെളിവുകൾ അപ്‌ലോഡ് ചെയ്യാനും അവരുടെ കേസുകളുടെ പുരോഗതി ട്രാക്കുചെയ്യാനും കഴിയും. ഈ പോർട്ടലിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പരാതികൾ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിയമ നിർവ്വഹണ ഏജൻസികൾ/പോലീസ് കൈകാര്യം ചെയ്യുന്നു. വേഗത്തിലുള്ള നടപടിക്കായി പരാതി നൽകുമ്പോൾ കൃത്യമായ വിശദാംശങ്ങൾ നൽകേണ്ടത് അത്യന്താ പേക്ഷിതമാണ്.

**2000 ലെ വിവരസാങ്കേതിക നിയമത്തിൽ ഭേദഗതി അനിവാര്യമോ ?**

വിവരസാങ്കേതികവിദ്യയിലുള്ള പൊതുസമൂഹ ത്തിന്റെ വിശ്വാസവും ആശ്രയവും വർദ്ധിക്കുന്നതിനനുസരിച്ച്, സൈബർ നിയമങ്ങൾ നിരന്തരം പരിഷ്കരിക്കപ്പെടുക തന്നെ വേണം. 2000-ലെ വിവരസാങ്കേതിക നിയമം നിലവിൽ വരുമ്പോൾ ഇന്ത്യയിലൊന്നും ഇന്നത്തെ പോലെ സമൂഹ മാധ്യമങ്ങളുടെ സ്വാധീനമോ സംഘടിത സൈബർ കുറ്റകൃത്യങ്ങളുടെ വിശാലമായ ശ്രേണിയോ രൂപപ്പെട്ടിരുന്നില്ല. എന്നിരുന്നാലും, കാലാകാലങ്ങളിൽ സൈബർ ലോകത്ത് ഉടലെടുത്ത മാറ്റങ്ങൾക്കനുസരിച്ചു നമ്മുടെ സൈബർ നിയമങ്ങളും മാറ്റം വരുത്തിയിരുന്നു. അതൊന്നും തന്നെ പുതിയ കാലത്തെ AI അധിഷ്ഠിത സൈബർ കുറ്റകൃത്യങ്ങളെയും നിയമലംഘനങ്ങളെയും ഫലപ്രദമായി നേരിടാൻ പര്യാപ്തമാകുന്നില്ല. 2021-ഫെബ്രുവരിയിൽ കേന്ദ്രസർക്കാർ വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട് പുതിയ മാർഗ്ഗനിർദേശങ്ങൾ രൂപീകരിച്ചു. തുടർന്ന് 2021-ലെ ഇൻഫർമേഷൻ ടെക് നോളജി (ഇന്റർമീഡിയറി മാർഗ്ഗനിർദ്ദേശങ്ങളും ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡും) റൂൾസ്, പുറപ്പെടുവിച്ചു . സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളെയും ഡിജിറ്റൽ മീഡിയ, ഒ.ടി.ടി പ്ലാറ്റ്ഫോമുകളെയും നിയന്ത്രിക്കുന്നതിനും അവയിലെ നിയമവിരുദ്ധ അശ്ലീല ഉള്ളടക്കങ്ങളെയും മറ്റും നിയന്ത്രിക്കുക, ഇന്റർമീഡിയറി മാർഗ്ഗനിർദ്ദേശങ്ങളും ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡും വ്യവസ്ഥ ചെയ്യുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. 2023-ൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലെ "വ്യാജവും, തെറ്റായതും, വസ്തുതാവിരുദ്ധവുമായി കണക്കാക്കുന്ന ഏതെങ്കിലും വാർത്തകൾ നീക്കം ചെയ്യാൻ കേന്ദ്രസർക്കാരിന് അധികാരം നൽകുന്ന തരത്തിലും അനധികൃത ഓൺലൈൻ ഗെയിം നിയന്ത്രിക്കുന്നതിനുമായും പ്രസ്തുത ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതി കളും കൊണ്ടുവന്നിരുന്നു. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട ഒരു വാർത്തയോ വിവരമോ ശരിയോ തെറ്റോ എന്ന്

തീരുമാനിക്കുന്നതിന് സർക്കാർ തലത്തിൽ ഒരു വസ്തുതാ പരിശോധന യൂണിറ്റ് (fact checking Unit ) രൂപീകരിക്കുന്നതിന് പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥ കൊണ്ടുവന്നെങ്കിലും ഇതിനെതിരെ വലിയ വിമർശനം ഉയർന്നു വരികയും കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ചെയ്തു. ഇന്ത്യയിലും ലോകമെമ്പാടും സുസ്ഥിരമായ വളർച്ചയ്ക്ക് വഴിയൊരുക്കാനുള്ള അപാരമായ സാധ്യത കളുള്ള ഒരു നവീനവും നൂതനവുമായ സാങ്കേതികവിദ്യയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. എന്നാൽ AI യുടെ ദുരു പയോഗം ഉയർത്തുന്ന അപകടസാധ്യത കളെ മുൻകൂട്ടിക്കണ്ടുകൊണ്ട് AI അധിഷ്ഠിത സൈബർ കുറ്റകൃത്യങ്ങളെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്ന രീതിയിൽ സവിശേഷവും സമഗ്രവുമായ ഒരു നിയമനിർമ്മാണത്തിന് വഴിയൊരുക്കേണ്ടതുണ്ട്. ഇന്ത്യയിൽ AI-യുടെ ഉത്തരവാദിത്ത ഗവേഷണത്തിനും വികസനത്തിനും വിന്യാസത്തിനും പ്രത്യേക നിയമ ചട്ടക്കൂട് രൂപപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. അത് പൗരന്മാരുടെ മൗലികാവകാശങ്ങളെ മാനിക്കുകയും, ശക്തവും ധാർമ്മികവും നിയമപരവുമായ പരിഗണനകളിൽ കെട്ടിപ്പടുക്കുകയും വേണം. AI യുടെ സാങ്കേതിക വികസന ത്തിൽ അനാവശ്യമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ ആനുപാതികമായ അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള നിയന്ത്രണ സമീപനം സ്വീകരിക്കുന്ന നിയമനിർമ്മാണമാണ് ഇന്ത്യയ്ക്ക് വേണ്ടത്. AI യുടെ സഹായത്തോടെയുള്ള സൈബർ കുറ്റകൃത്യങ്ങളുടെ പട്ടിക രൂപപ്പെടുത്തേണ്ടതും അവയ്ക്കു പ്രത്യേകമായ നിർവ്വചനം നൽകേണ്ടതും കുറ്റകൃത്യത്തിന്റെ തീവ്രത അനുസരിച്ചു ശിക്ഷ ഉറപ്പാകേണ്ടതുമാണ്. വിവിധ ലോകരാജ്യങ്ങൾ ഇതിനോടകം തന്നെ AI യ്ക്കായി പ്രത്യേക നിയമ നിർമ്മാണങ്ങൾ രൂപപ്പെടുത്തിക്കഴിഞ്ഞു. ലോകത്തിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിയമം യൂറോപ്യൻ യൂണിയൻ രൂപപ്പെടുത്തുകയും പ്രസ്തുത നിയമം യൂറോപ്യൻ യൂണിയൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആക്റ്റ് (AI ആക്റ്റ്) 2024 ഓഗസ്റ്റ്-നു നിലവിൽ വരികയും ചെയ്തു. വളരെ വൈകാതെ തന്നെ ഇന്ത്യയിലും AI യ്ക്കായി പ്രത്യേക നിയമ നിർമ്മാണമോ നിയമ ഭേദഗതികളോ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

AI സാങ്കേതികവിദ്യകൾ കൂടുതൽ സങ്കീർണ്ണമാകുമ്പോൾ, അവയുടെ സുരക്ഷാ പ്രശ്നങ്ങളും ദുരുപയോഗത്തിനുള്ള സാധ്യതയും വർദ്ധിക്കുന്നു. നിർമ്മിത ബുദ്ധി ഉപയോഗിച്ചുള്ള നൂതന സൈബർ ആക്രമണങ്ങൾ സൈബർ കുറ്റകൃത്യങ്ങളിലെ പുതിയ തലമുറമാറ്റത്തെ പ്രതിനിധീകരിക്കുന്നു. ജാഗ്രതയും തയ്യാ റെടുപ്പും കൊണ്ട്, അപകടസാധ്യതകൾ ലഘൂകരിക്കാനും നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും സംരക്ഷിക്കാനും കഴിയും. സൈബർ സുരക്ഷാ അവബോധമുള്ളവരായി തീരുന്നതിലൂടെയും സുരക്ഷാ മാർഗ്ഗങ്ങൾ സ്ഥാപിക്കുന്നതിലൂടെയും അപ്രതീക്ഷിത ആശയവിനിമയങ്ങളെയും പ്രലോഭനങ്ങളെയും സംശയത്തോടെ നോക്കിക്കാണുന്നതിലൂടെയും മാത്രമേ സൈബർ ആക്രമണകാരികളെ തടയാനും വർദ്ധിച്ചുവരുന്ന ഡിജിറ്റൽ ലോകത്ത് നിങ്ങളുടെ ഇടം സുരക്ഷിതമായി നിലനിർത്താനും കഴിയൂ.


BHARATIYA NAGARIK SURAKSHA SANHITA 2023
BHARATIYA NYAYA SANHITA 2023
BHARATIYA SAKSHYA ADHINIYAM 2023

# വേറിട്ട വിധികൾ

# വേറിട്ട വിധികൾ


*കുറിപ്പ്* — വേറിട്ട വിധികളിൽ ഉൾപ്പെട്ടിരിക്കുന്ന വിധികൾ എല്ലാം അന്തിമവിധികളല്ല. വ്യത്യസ്ഥവും കൗതുകകരവുമായ ചില വിധികൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്.

ടിക്കറ്റിൽ കാണിച്ചിരിക്കുന്ന സമയത്ത് സിനിമ പ്രദർശിപ്പിക്കുന്നതിന് പകരം ദൈർഘ്യമേറിയ പരസ്യങ്ങൾ കാണിച്ചതിന് നഷ്ടപരിഹാരം നൽകണം.

വൈകിട്ട് 4.05-ന് തുടങ്ങുമെന്ന് കാണിച്ചിരുന്ന ഒരു സിനിമയുടെ 3 ടിക്കറ്റുകളാണ് തനിക്കും കുടുംബത്തിനും വേണ്ടി പരാതിക്കാരൻ വാങ്ങിയത്. 2 മണിക്കൂർ 35 മിനിറ്റ് ദൈർഘ്യമുള്ള സിനിമ കഴിഞ്ഞ് 6.30-ന് ജോലിക്ക് പോകാമെന്ന് അദ്ദേഹം കണക്കുകൂട്ടിയിരുന്നു. വൈകുന്നേരം 4 മണിക്ക് തിയറ്ററിലെത്തിയ പരാതിക്കാരനെ അമ്പരപ്പിച്ചുകൊണ്ട്, 4.05 മുതൽ 4.28 വരെ എതിർകക്ഷി വിവിധ പരസ്യങ്ങളും ട്രെയിലറുകളും കാണിക്കുകയും, വൈകുന്നേരം 4.30-ന് മാത്രമായിരുന്നു ചിത്രം പ്രദർശിപ്പിച്ചത്. നിശ്ചിത സമയത്ത് സിനിമ പ്രദർശിപ്പിക്കാതെ ഉപഭോക്താക്കളുടെ വിലപ്പെട്ട സമയം പാഴാക്കിയതിൽ സേവനത്തിന്റെ പോരായ്മയുണ്ടെന്നും (deficiency in service), എതിർകക്ഷികളുടെ പ്രവൃത്തികൾ അന്യായ വ്യാപാര സമ്പ്രദായമാണെന്നും (unfair trade practice) ആരോപിച്ച് അദ്ദേഹം ബാംഗ്ലൂർ ജില്ലാ ഉപഭോക്തൃ കമ്മീഷനെ സമീപിച്ചു.

25 മിനിറ്റിൽ 2 മിനിറ്റ് മാത്രമാണ് പൊതുജന താല്പര്യാർത്ഥമുള്ള പരസ്യങ്ങൾക്ക് (പി.എസ്.എ.) ഉപയോഗിച്ചതെന്ന് ജില്ലാ ഉപഭോക്തൃ കമ്മീഷൻ കണ്ടെത്തി. ഈ പുതിയ യുഗത്തിൽ, സമയം പണമായി കണക്കാക്കപ്പെടുന്നുവെന്നും, ഓരോരുത്തരുടെയും സമയം വിലപ്പെട്ടതാണെന്നും, മറ്റുള്ളവരുടെ സമയവും പണവും പ്രയോജനപ്പെടുത്താൻ ആർക്കും അവകാശമില്ലെന്നും കമ്മീഷൻ ചൂണ്ടിക്കാട്ടി. ടിക്കറ്റിൽ സിനിമയുടെ യഥാർത്ഥ സമയം രേഖപ്പെടുത്താനും, സിനിമ പ്രദർശിപ്പിക്കാൻ നിശ്ചയിച്ച സമയത്ത് പരസ്യം കാണിക്കുന്ന അന്യായ വ്യാപാര സമ്പ്രദായം അവസാനിപ്പിക്കാനും കമ്മീഷൻ എതിർകക്ഷികളോട് നിർദേശിച്ചു. പരാതിക്കാരനുണ്ടായ മാനസിക പീഡനത്തിനും അസൗകര്യത്തിനും 20,000 രൂപയും, വ്യവഹാരച്ചെലവായി 8,000 രൂപയും നൽകാൻ കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിച്ചു. 1,00,000 രൂപ ശിക്ഷാ നഷ്ടപരിഹാരമായി ഉപഭോക്തൃ ക്ഷേമനിധിയിലേക്ക് നൽക്കാനും കമ്മീഷൻ എതിർകക്ഷികളോട് നിർദ്ദേശിച്ചു.

(ബാംഗ്ലൂർ ജില്ലാ ഉപഭോക്തൃ പരിഹാര കമ്മീഷന്റെ 14/2024 നമ്പർ പരാതിയിലെ 15.2.2025-ലെ ഉത്തരവിനെ അടിസ്ഥാനമാക്കി)




## നിയമപദപരിചയം

Droit - നിയമപരമായ അവകാശം

Littoral rights - കടൽക്കരയിലോ നദീതീരത്തോ ഉള്ള വസ്തുവിന്മേലുള്ള അവകാശം.

Malfeasance - നിയമ വിരുദ്ധമായ പ്രവൃത്തി

Ostensible ownership - വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ പ്രകടമാവുന്ന ഉടമാവകാശം

Per minas - ഭീക്ഷണികൊണ്ട്

Quietus - ബാധ്യതയിൽ നിന്നും മോചിപ്പിക്കുക.

Relation back - മുൻകാല പ്രാബല്യം ഉണ്ടാവൽ


Subpoena - കോടതിയിൽ ഹാജരാകുന്നതിനുള്ള ഉത്തരവ്.

Tenuous evidence - ദുർബലമായ തെളിവ്

Unassailable - ചോദ്യം ചെയ്യാനാകാത്ത

Vexatious litigant - ശല്യക്കാരനായ വ്യവഹാരി

Wanton act - മറ്റുള്ളവരുടെ അവകാശത്തെ അവഗണിച്ചു കൊണ്ടുള്ള പ്രവൃത്തി




# നിയമസൂക്തങ്ങൾ
(Legal Maxims)

***De similibus idem est judicandum***

***Of like things, the judgement is to be the same***
സമാന കേസുകളിൽ സമാന വിധിയുണ്ടാവണം.

***Idem est nihil dicere, et insufficienter dicere***
***It is the same thing to say nothing, and to say a thing insufficiently;***
ഒന്നും പറയാതിരിക്കുന്നതും മതിയായത് പറയാതിരിക്കുന്നതും തുല്യമാണ്.

***Quae ab initio non valent, ex post facto convalescere non possunt***
***Things invalid from the beginning cannot be made valid by subsequent act;***
തുടക്കം മുതൽ അസാധുവായത് പിന്നീടുള്ള ഒരു പ്രവൃത്തി മുഖേന സാധുവാക്കപ്പെടുന്നില്ല.

***Res transit cum suo onere***
***The thing passes with its burden;***
വസ്തു അതിന്റെ ബാദ്ധ്യതകളോട് കൂടി കൈമാറ്റപ്പെടുന്നു.

***Cogitationis poenam nemo patitur***
***No one is punished for his thoughts;***
ചിന്ത ശിക്ഷിക്കപ്പെടുന്നതിന് കാരണമാകുകയില്ല.

***Quum de lucro duorum quaeratur, melior est causa possidentis***
***When the question is as to the gain of two persons, the title of the party in possession is the better one;***
രണ്ടുപേരിൽ ആരുടേത് എന്നാണ് ചോദ്യമെങ്കിൽ, ഉത്തരം കൈവശമുള്ള ആൾക്ക് അനുകൂലമായിരിക്കും

***Perspicua vera non sunt probanda***
***Plain truths need not be proved;***
സ്പഷ്ടമായ സത്യങ്ങൾ തെളിയിക്കപ്പെടേണ്ടതില്ല.

***Omne testamentum morte consummatum est***
***Every will is completed by death;***
ഒസ്യത്തിന് മരണത്തോടെ പൂർണ്ണത ലഭിക്കുന്നു.

***Habemus optimum testem confitentem reum***
***We have the best witness in a confessing defendant;***
കുറ്റസമ്മതം നടത്തുന്ന പ്രതിയാണ് ഏറ്റവും നല്ല സാക്ഷി.

***Testis nemo in suo causa esse potest***
***No one can be a witness in his own cause;***
ആർക്കും സ്വന്തം കേസിൽ സാക്ഷിയാവാൻ കഴിയില്ല.




പമ്പിങ് സ്റ്റേഷൻ
പരിചാരിക
പരിത:സ്ഥിതി
പരിഭാഷക
പരിഭാഷകൻ
പരിഷ്കാരം
പരിസ്ഥിതി
പര്യവേക്ഷണം
പർവം
പശ്ചാത്തലം
പശ്ചാത്താപം
പശ്ചിമഘട്ടം
പശ്ചിമദേശം
പശ്ചിമസമുദ്രം
പശ്ചിമാവസ്ഥ
പാർട്ടി
പാർലമെന്റ്
പാൽക്കടൽ
പാശ്ചാത്യം
പാഴ്സൽ
പിൻകോഡ്
പിന്നാക്കം
പിൽക്കാലം
പിൽക്കാലത്ത്
പീഠം
പീഡനം
പീരിയഡ്
പുന:പരിശോധന
പുന:പുന:
പുന:പ്രതിഷ്ഠ
പുനരന്വേഷണം
പുനരവതരണം
പുനരവലോകനം
പുനരുക്തി
പുനരുജ്ജീവനം
പുനരുൽപാദനം
പുനരേകീകരണം
പുനർജന്മം
പുനർജീവിപ്പിക്കുക
പുനർവായന

പുനശ്ചിന്ത
പുന:സംഘടന/പുനസ്സംഘടന
പുന:സൃഷ്ടി
പുന:സ്ഥാപിക്കുക
പുൽകുക
പുൽത്തൊട്ടി
പൂർണ്ണം
പൂർവം
പെണ്മണി
പെൻഷണർ
പെൻഷൻ
പെൻഷൻ കമ്മ്യൂട്ടേഷൻ
പേഴ്സണൽ
പേഴ്സണൽ സ്റ്റാഫ്
പൈലറ്റ്
പൊലീസ്
പ്രഗല്ഭം
പ്രചരണം (സ്വയംവ്യാപിക്കുക)
പ്രചാരണം (മറ്റൊരാളാൽ പ്രചരിക്കൽ/പ്ര
ചരിപ്പിക്കൽ)
പ്രതിച്ഛായ
പ്രതിജ്ഞാബദ്ധം
പ്രതിബദ്ധത
പ്രതിരോധം
പ്രതിഷ്ഠിക്കുക
പ്രത്യാഘാതം
പ്രഥമാർത്ഥം
പ്രദക്ഷിണം
പ്രഭാഷക
പ്രഭാഷകൻ
പ്രയത്നം
പ്രവർത്തനം
പ്രവർത്തിക്കുക
പ്രവൃത്തി
പ്രവൃത്തിദിവസം
പ്രസംഗകൻ (പ്രസംഗിക്കുന്നയാൾ)
പ്രസിഡന്റ്
പ്രസ്താവന
പ്രസ്ഥാനം
പ്രസ്സ്
പ്രാഗല്ഭ്യം
പ്രാഗ്ഭാവം
പ്രായശ്ചിത്തം
പ്രാരബ്ധം
പ്രാർഥന
പ്രിൻസിപ്പൽ
പ്രൂഫ് റീഡർ
പ്രൊജക്ടർ
പ്രൊഫസർ
പ്രൊഫോർമ്മ
പ്രോജക്ട്
പ്രോത്സാഹിപ്പിക്കുക
പ്രോവിഡന്റ് ഫണ്ട്
പ്രോസിക്യൂട്ടർ
പ്രോസിക്യൂഷൻ
പ്രോസ്സസ് പടി
പ്രൗഢി
ഫണ്ട്
ഫയർ ഇൻഷുറൻസ്
ഫയലിങ് ഷീറ്റ്
ഫയൽ
ഫാക്ടറി
ഫിനാൻസ് ഓഫീസർ
ഫീസ്




# നിയമലോകം

**ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.**

ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡിന്റെ പിൻഗാമിയായി ജസ്റ്റിസ് സഞ്ജീവ് ഖന്ന ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ചുമതലയേറ്റു. 2024 നവംബർ 11-ന് രാഷ്ട്രപതി ഭവനിൽ നടന്ന സത്യപ്രതിജ്ഞ ചടങ്ങിൽ ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമു ജസ്റ്റിസ് ഖന്നയ്ക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ചീഫ് ജസ്റ്റിസായി 2025 മെയ് 13 വരെ അദ്ദേഹത്തിന് കാലാവധിയുണ്ട്. ഡൽഹി ഹൈക്കോടതിയിൽ നിന്ന് അദ്ദേഹം 2019 ജനുവരി 18-ന് സുപ്രീം കോടതിയിലേക്ക് ഉയർത്തപ്പെട്ടിരുന്നു.

ചീഫ് ജസ്റ്റിസിന്റെ ഓഫീസിനും വിവരാവകാശ നിയമം ബാധകമാണെന്ന് ഭരണഘടനാ ബെഞ്ചിന് വേണ്ടിയുള്ള പ്രധാന വിധി അദ്ദേഹമായിരുന്നു എഴുതിയത്. ഇ.വി.എം. -വി.വി. പാറ്റ് വിഷയം സംബന്ധിച്ച കേസും ജസ്റ്റിസ് ഖന്നയുടെ ബെഞ്ച് പരിഗണിച്ചിരുന്നു. 370-ാം അനുച്ഛേദം, ഇലക്ടറൽ ബോണ്ട് എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന ഭരണഘടനാ ബെഞ്ചിന്റെ ഭാഗമായിരുന്നു അദ്ദേഹം.



## ഇരകൾക്ക് സമയബന്ധിതമായ നീതി ഉറപ്പാക്കുന്നതിന് പ്രത്യേക കോടതികൾ സഹായിക്കും: ബഹു. മുഖ്യമന്ത്രി

ഇരകൾക്ക് സമയബന്ധിതമായ നീതി ഉറപ്പാക്കുന്നതിന് പ്രത്യേക കോടതികൾ സഹായിക്കുമെന്ന് ബഹു. മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ**. കേരള ഹൈക്കോടതിയിൽ എസ്.സി./എസ്ടി (പി.ഒ.എ.) നിയമത്തിന് കീഴിലുള്ള കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതിയും അനധികൃത സാമ്പത്തിക തട്ടിപ്പുകൾ തടയുന്നത് സംബന്ധിച്ച BUDS ആക്റ്റിന് കീഴിലുള്ള കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു ബഹു. മുഖ്യമന്ത്രി. പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള കേസുകൾ



വിചാരണ ചെയ്യുന്നതിന് എറണാകുളത്തും, അനിയന്ത്രിത നിക്ഷേപ പദ്ധതികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്കായി ആലപ്പുഴയിലും സ്ഥാപിച്ച പ്രത്യേക കോടതികൾ നീതിന്യായ വ്യവസ്ഥയുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും വഴിയൊരുക്കും. ഈ രാജ്യത്തിന്റെ സാമൂഹിക ചരിത്രത്തെക്കുറിച്ച് ശരിയായ ധാരണയില്ലാതെ ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുന്നവർ അനുച്ഛേദം 17 പോലുള്ള വ്യവസ്ഥ കാണുമ്പോൾ ആശയക്കുഴപ്പത്തിലാകും. തൊട്ടുകൂടാത്തവരായി കണക്കാക്കപ്പെടുന്ന ചില ജാതികളിൽ ജനിച്ചതിനാൽ പാർശ്വവൽക്കരിക്കപ്പെട്ട വലിയൊരു ജനക്കൂട്ടത്തെ മോചിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് അനുഛേദം 17-ൽ പ്രതിഫലിക്കുന്നത്.

ഭരണഘടനാനന്തര കാലഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട ആദ്യ ശ്രമം 1955-ലെ തൊട്ടുകൂടായ്മ (കുറ്റകൃത്യങ്ങൾ) നിയമം നടപ്പാക്കി. അതിന് പകരം പൗരാവകാശ സംരക്ഷണ നിയമം നിലവിൽ വന്നു. പക്ഷേ നിയമം നടപ്പാക്കിയപ്പോൾ അതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റാൻ ഇത് അപര്യാപ്തമാണെന്ന് കണ്ടെത്തി. ഇത് 1989-ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) ആക്റ്റ് രൂപീകരിക്കാൻ കാരണമായി. പ്രതിരോധ വ്യവസ്ഥകൾ ഉണ്ടായിരുന്നിട്ടും, അന്വേഷണത്തിലെ നടപടിക്രമ കാലതാമസം, അറസ്റ്റ്, കുറ്റപത്രം സമർപ്പിക്കൽ, വിചാരണയിലെ കാലതാമസം തുടങ്ങിയ നിയമ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും ഇരകൾ അഭിമുഖീകരിക്കുന്ന ചില തടസങ്ങൾ ഇല്ലാതാക്കുന്നതിൽ നിയമം പരാജയപ്പെട്ടു. അതിനാൽ, പ്രത്യേക കോടതികൾക്ക് പുറമേ എക്സ്ക്ലൂസീവ് സ്പെഷ്യൽ കോടതി സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്ത 2016 ലെ ഒന്നാം ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ 1989-ലെ നിയമത്തിൽ സമഗ്രമായ ഭേദഗതികൾ കൊണ്ടുവന്നു. 2018-ലെ 27-ാം നിയമത്തിലൂടെ ഈ നിയമം വീണ്ടും ഭേദഗതി ചെയ്തു.

വേഗത്തിലുള്ള വിചാരണകൾ സുഗമമാക്കുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ നിയമത്തിലെ സെക്ഷൻ 14 വ്യവസ്ഥ ചെയ്യുന്നു. നെടുമങ്ങാട്, കൊട്ടാരക്കര, മണ്ണാർക്കാട്,

മഞ്ചേരി, മാനന്തവാടി എന്നിവിടങ്ങളിൽ കേരളം ഇതിനകം അത്തരം അഞ്ച് പ്രത്യേക കോടതികൾ സ്ഥാപിച്ചു. എറണാകുളത്തെ പുതിയ കോടതി അത്തരത്തിലുള്ള ആറാമത്തെ പ്രത്യേക കോടതിയാണ്. പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയുടെ തെളിവാണിത്. സംസ്ഥാനത്തെ ജനസംഖ്യയിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ മാനദണ്ഡ വിഹിതത്തേക്കാൾ കൂടുതൽ ബജറ്റ് വിഹിതം നൽകുന്ന സംസ്ഥാനം എന്ന നിലയിൽ അവർക്ക് നീതി ഉറപ്പാക്കാൻ കൂടുതൽ കോടതികൾ സ്ഥാപിക്കുകയാണ്.

അനിയന്ത്രിത നിക്ഷേപ പദ്ധതികൾ നിരോധിക്കുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സമഗ്രമായ ഒരു ചട്ടക്കൂട് 2019 ലെ അനിയന്ത്രിത നിക്ഷേപ പദ്ധതികളുടെ നിരോധനം (BUDS ആക്റ്റ്) വ്യവസ്ഥ ചെയ്യുന്നു. നിരപരാധികളായ വ്യക്തികളെ ചൂഷണം ചെയ്യുന്ന അനധികൃത പണ നിക്ഷേപ പദ്ധതികളുടെ വ്യാപനം കണക്കിലെടുക്കുമ്പോൾ, അത്തരം കുറ്റകൃത്യങ്ങളുടെ വിചാരണ വേഗത്തിലാക്കുന്നത് ഏറെ പ്രധാനമാണ്. ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യങ്ങൾക്ക് വിചാരണ ചെയ്യാൻ നിയുക്ത കോടതികൾ സ്ഥാപിക്കണമെന്ന് നിയമത്തിലെ സെക്ഷൻ 8 അനുശാസിക്കുന്നു. ഈ ലക്ഷ്യം മുൻനിർത്തിയാണ് ആലപ്പുഴയിൽ ഇത്തരം കോടതിക്ക് തുടക്കം കുറിക്കുന്നത്. ഈ ആക്റ്റ് പ്രകാരം കുറ്റവാളികളെ വേഗത്തിലും ഫലപ്രദമായും വിചാരണ ചെയ്യാൻ സഹായിക്കും. ഇത് നമ്മുടെ സാമ്പത്തിക വ്യവസ്ഥയുടെ സമഗ്രതയെയും ശക്തിപ്പെടുത്തും.

സാങ്കേതികവിദ്യ വാഗ്ദാനം ചെയ്യുന്ന പരിഹാരങ്ങൾ സ്വീകരിക്കുമ്പോൾ, അവ ഉയർത്തുന്ന വെല്ലുവിളികളെ നേരിടുന്നതിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതും പ്രധാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സമയത്ത് മുൻകരുതൽ കൂടുതൽ അനിവാര്യമാണ്. കേരളത്തിലെ ജുഡീഷ്യറിക്ക് ചരിത്രപരമായ ദിവസമാണിത്. കേരളത്തിലെ കോടതികളിൽ കൂടുതൽ സാങ്കേതിക വൈദഗ്ധ്യം ഉറപ്പാക്കുന്ന നിരവധി പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ദ്രുതഗതിയിലുള്ള സാങ്കേതിക പുരോഗതിയുടെ കാലഘട്ടത്തിൽ, ജനങ്ങളെ സേവിക്കുന്ന ഒരു സംവിധാനത്തിനും സാങ്കേതികവിദ്യയിൽ നിന്ന് ഒഴിഞ്ഞു മാറാൻ കഴിയില്ല സർക്കാരിന്റെ എല്ലാ ഘടകങ്ങളും സാങ്കേതിക മുന്നേറ്റങ്ങളുമായി കൂടുതൽ പൊരുത്തപ്പെടേണ്ടത് അനിവാര്യമാണെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞു.

### സാങ്കേതിക വിദ്യയുടെ ഉപയോഗം കോടതികളുടെ വിശ്വാസ്യതയും ഉത്തരവാദിത്വവും വർധിപ്പിക്കും : ബഹു. നിയമവകുപ്പ് മന്ത്രി

സാങ്കേതിക വിദ്യയുടെ ഉപയോഗം കോടതികളുടെ വിശ്വാസ്യതയും ഉത്തരവാദിത്വവും വർധിപ്പിക്കുമെന്ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി **ശ്രീ. പി. രാജീവ്.** കേരള ഹൈക്കോടതിയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനത്തിന്റെ ഭാഗമായി സെക്യൂരിറ്റി കംഫെസിലിറ്റേഷൻ ബ്ലോക്കിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കേരള വികസന മാതൃകയിൽ കേരള ഹൈക്കോടതി പുതിയ ചരിത്രമെഴുതുകയാണ്. സാങ്കേതിക വിദ്യയുടെ ഉപയോഗം വഴി ജനങ്ങളെ കോടതി മുറികളിലേക്ക് അടുപ്പിക്കാൻ കഴിയും. സമൂഹത്തിൽ നിലനിൽക്കുന്ന ഡിജിറ്റൽ വിടവ് നികത്തുന്നത് സർക്കാരിനെ സംബന്ധിച്ച് ഏറെ പ്രധാനമാണ്. കേരളത്തെ ഒരു



വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനും സമ്പദ് വ്യവസ്ഥയെ വിജ്ഞാന അധിഷ്ഠിത സമ്പദ് വ്യവസ്ഥയാക്കി മാറ്റുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കേരള സമൂഹത്തെ ഡിജിറ്റലായി ശാക്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ഇന്റർനെറ്റ് ലഭ്യത എല്ലാവർക്കും ഉറപ്പാക്കുകയും ഡിജിറ്റൽ സാക്ഷരത നടപ്പാക്കുകയും ചെയ്യുന്നു. അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിന് ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് കണക്ടിവിറ്റിയും ലഭ്യമാക്കുന്നു. സ്വതന്ത്ര്യ സോഫ്റ്റ് വെയറിനെ പിന്തുണയ്ക്കുന്ന ഐടി നയം കേരളം നടപ്പാക്കി. സ്വതന്ത്ര സോഫ്റ്റ്വെയർ വഴി സോഴ്സ് കോഡ് കോപ്പി ചെയ്യാനും ആവശ്യാനുസരണം രൂപമാറ്റം വരുത്താനും സാധിക്കും. അടുത്തിടെ ക്ലൗഡുമായുണ്ടായ പ്രശ്നം കേരളത്തെ ബാധിച്ചില്ലെന്നത് ശ്രദ്ധേയമാണ്. രാജ്യത്തെ ആദ്യ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളത്തിലാണ് സ്ഥാപിക്കപ്പെട്ടത്. ഹൈക്കോടതിയുടെ ഡിജിറ്റലൈസേഷൻ പ്രക്രിയകളിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലെയും കുസാറ്റിലെയും വിദ്യാർഥികളെ പങ്കാളികളാക്കിയതിൽ ഏറെ നന്ദിയുണ്ടെന്നും ബഹു. മന്ത്രി പറഞ്ഞു.

**തീർപ്പാകാതെ കിടക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ഡിജിറ്റൽ കോടതികൾ സഹായിക്കും: ജസ്റ്റിസ് ഭൂഷൺ രാംകൃഷ്ണ ഗവായ്**



നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള കേസുകൾ രാജ്യത്ത് ധാരാളം തീർപ്പാകാതെ കിടക്കുന്നുണ്ടെന്നും സാങ്കേതിക വിദ്യയുടെ ഉപയോഗം ഇത്തരം കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സഹായിക്കുമെന്നും സുപ്രീംകോടതി ജഡ്ജി **ജസ്റ്റിസ് ഭൂഷൺ രാംകൃഷ്ണ ഗവായ്.** കേരള ഹൈക്കോടതിയുടെ കീഴിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്റ്റ് പ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി കൊല്ലത്ത് സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യ ഡിജിറ്റൽ കോടതിയുടെയും വിവിധ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഓൺലൈൻ തർക്കപരിഹാര സംവിധാനം, ഡിജിറ്റൽ ലൈബ്രറി ആന്റ് ലീഗൽ റിസർച്ച് സെന്റർ, കേരള ജുഡീഷ്യൽ അക്കാദമിക്കായുള്ള ലേണിംഗ് മാനേജ്മെന്റ് സംവിധാനം, ഡിജിറ്റൽ ജില്ലാ കോടതികളുടെ പ്രഖ്യാപനം, കേരള ഹൈക്കോടതിയിലെ മാതൃകാ ഡിജിറ്റൽ കോർട്ട് റൂം ആശയം, കേരള ജുഡീഷ്യൽ അക്കാദമിയുടെ വാർഷിക റിപ്പോർട്ട് പ്രകാശനം എന്നിവയാണ് ജസ്റ്റിസ് ഭൂഷൺ രാംകൃഷ്ണ ഗവായ് ഉദ്ഘാടനം ചെയ്തത്.

കോവിഡ് സമയത്താണ് സാങ്കേതികവിദ്യയുടെ ഉപയോഗം ഫലപ്രദമായി അനുഭവപ്പെട്ടത്. ലോക്ക് ഡൗൺ പ്രഖ്യാപിച്ച് 48 മണിക്കൂറിനുള്ളിൽ തന്നെ സുപ്രീംകോടതി വിർച്വലായി പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. രണ്ടു മാസത്തോളം ഇത്തരത്തിൽ വിർച്വൽ രീതിയിലായിരുന്നു പ്രവർത്തനം. ഈ സമയത്ത് ലക്ഷക്കണക്കിന് ജനങ്ങൾക്ക് നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കാൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കഴിഞ്ഞു. മൗലികാവകാശങ്ങൾ കാത്തുസൂക്ഷിക്കാനും ഓക്സിജൻ അടക്കമുള്ള വൈദ്യസഹായങ്ങൾ എത്തിക്കാനും ജുഡീഷ്യറിക്ക് ഇടപെടലുകൾ നടത്താൻ കഴിഞ്ഞത് സാങ്കേതികവിദ്യയുടെ സഹായത്തോടെയാണെന്നും അദ്ദേഹം പറഞ്ഞു.



## പതിനഞ്ചാം കേരളനിയമസഭയുടെ 11-ഉം 12-ഉം സമ്മേളനങ്ങളിൽ ആക്റ്റ് ആയ ബില്ലുകൾ

### പതിനഞ്ചാം കേരളനിയമസഭയുടെ 11-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ

1. 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ് (2024-ലെ 15-ാം ആക്റ്റ്)
2. 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് (2024-ലെ 14-ാം ആക്റ്റ്)

### പതിനഞ്ചാം കേരളനിയമസഭയുടെ 12-ാം സമ്മേളനത്തിൽ ആക്റ്റ് ആയ ബില്ലുകൾ

1. The Kerala Veterinary and Animal Sciences University (Amendment) Act (2024-ലെ 33-ാംആക്റ്റ്)
2. 2023-ലെ കേരള കന്നുകാലി പ്രജനന ആക്റ്റ് (2024-ലെ 32-ാം ആക്റ്റ്)
3. The Kerala Public Service Commission (Additional Functions as respects certain Corporations and Companies) Amendment Act, 2024 (2024-ലെ 29-ാം ആക്റ്റ്)
4. 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് (2024-ലെ 30-ാം ആക്റ്റ്)
5. The Kerala Taxation Laws (Amendment) Act, 2024 (2024-ലെ 28-ാം ആക്റ്റ്)
6. 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് (2024-ലെ 27-ാം ആക്റ്റ്)
7. 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ആക്റ്റ് (2024-ലെ 31-ാം ആക്റ്റ്)
8. 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് (2024-ലെ 25-ാം ആക്റ്റ്)
9. 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്റ്റ് (2024-ലെ 26-ാം ആക്റ്റ്)




# നിയമവകുപ്പ് വാർത്തകൾ

**മലയാളദിനാഘോഷ-ഭരണഭാഷാവാരാഘോഷ പരിപാടികൾ സമാപിച്ചു**

നിയമ (ഔദ്യോഗിക ഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മലയാളദിനാഘോഷ-ഭരണഭാഷാവാരാഘോഷ പരിപാടികൾ സമാപിച്ചു. 2024 നവംബർ 6-ന് സെക്രട്ടേറിയറ്റ് അനക്സ് ശ്രുതി ഹാളിൽ സംഘടിപ്പിച്ച പരിപാടി ബഹു. നിയമ സെക്രട്ടറി **ശ്രീ. കെ. ജി. സനൽ കുമാർ** ഉദ്ഘാടനം ചെയ്തു. നിയമങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നിയമവകുപ്പ് നൽകുന്നുണ്ടെന്നും സാധാരണക്കാർക്ക് മനസിലാകുന്ന തരത്തിൽ കേന്ദ്രനിയമങ്ങളുൾപ്പെടെ മലയാളത്തിലേക്ക് മൊഴിമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ ജീവൻ അധ്യക്ഷനായ ചടങ്ങിൽ കേരള സർവ്വകലാശാല



മലയാള വിഭാഗം മേധാവി പ്രൊഫ. ഡോ. സീമ ജറോം മുഖ്യാതിഥിയായി. ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി സംഘടിപ്പിച്ച സർക്കാർ ഉത്തരവ് തയ്യാറാക്കൽ, വിധിന്യായത്തിന്റെ മലയാള പരിഭാഷ തയ്യാറാക്കൽ, ഉപന്യാസ രചന മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു. അഡിഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി ശ്രീമതി ജാക്വിലിൻ ഇ. ഡബ്ല്യു., നിയമ വകുപ്പിലെയും സെക്രട്ടേറിയറ്റിലെ മറ്റു വകുപ്പുകളിലേയും ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

സെപ്റ്റംബർ 30-ാം തീയതി നടന്ന മലയാളത്തിൽ സർക്കാർ ഉത്തരവ് തയ്യാറാക്കൽ മത്സരത്തിൽ ശ്രീ. ഷെഫീക്ക് എ.എസ്. (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, വ്യവസായ വകുപ്പ്), ശ്രീമതി ആശാലക്ഷ്മി കെ.ജി (സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, പൊതുഭരണ (പാർലമെന്റ്) വകുപ്പ്), ശ്രീമതി സോജ എസ് (സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), ധനകാര്യ (പി. ആർ.സി.-ഡി) വകുപ്പ്) എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടി.

ഒക്ടോബർ 1-ാം തീയതി നടന്ന വിധിന്യായ പരിഭാഷ മത്സരത്തിൽ ശ്രീ. ശശികുമാർ എസ്. എൻ. (ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്), ശ്രീമതി ശോഭാറാണി എസ്.ആർ. (അസിസ്റ്റന്റ് ലീഗൽ ഓഫീസർ, നിയമ വകുപ്പ്) എന്നിവർ യഥാക്രമം ഒന്നും, രണ്ടും സ്ഥാനവും ശ്രീമതി മുംതാസ് ബീഗം എ. (അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്), ശ്രീമതി സോജ എസ്. (സെക്ഷൻ ഓഫീസർ (ഹയർ ഗ്രേഡ്), ധനകാര്യ (പി.ആർ.സി.-ഡി) വകുപ്പ്) എന്നിവർ മൂന്നാം സ്ഥാനവും നേടി.

ഒക്ടോബർ 3-ാം തീയതി നടന്ന മലയാളം ഉപന്യാസ രചന മത്സരത്തിൽ ശ്രീ. രാജീവ് മാത്യു (അണ്ടർ സെക്രട്ടറി, ബഹു. മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ), ശ്രീ. ദിപിൻ റോയ് എസ്. എൽ. (സെക്ഷൻ ഓഫീസർ, നിയമ വകുപ്പ്), ശ്രീ. പ്രിൻസ് ജി.വി. (ലീഗൽ അസിസ്റ്റന്റ്, നിയമ വകുപ്പ്) എന്നിവർ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടി

**"വാഗ്മി 2024" ഉത്തരമേഖലാതല മത്സരം സംഘടിപ്പിച്ചു**

2024-ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് സംസ്ഥാന ത്തെ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച 'വാഗ്മി 2024' ഉത്തരമേഖല പ്രസംഗ മത്സരത്തിൽ മുരളി കൃഷ്ണ (പയ്യന്നൂർ കോളേജ്) ഒന്നാം സ്ഥാനം നേടി. മുൻ ജില്ലാ ജഡ്ജി ശ്രീ. കെ. കെ. കൃഷ്ണൻ കുട്ടി, നിയമ



വകുപ്പ് മുൻ സ്പെഷ്യൽ സെക്രട്ടറി അഡ്വ. എം. കെ. സാദിഖ്, ലോ കോളേജിലെ മുൻ അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. ആർ. കെ. ബിജു എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ വി എ ആൻസി (സെൻറ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്) രണ്ടാം സ്ഥാനവും, ഇ എ മുഹമ്മദ് സാലിഹ് (തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല) മൂന്നാം സ്ഥാനവും നേടി.

2024 നവംബർ 12-ന് കോഴിക്കോട് ഗവ. ലോ കോളേജിൽ ബഹു.നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ മത്സരം ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ ഭരണഘടന വെല്ലുവിളികൾ നേരിടുന്ന വർത്തമാന കാലത്ത് അതേക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ വളർത്തിയെടുക്കുക എന്നത് വളരെ പ്രധാനമാണെന്ന് അദ്ദേഹം പറഞ്ഞു. ഭരണഘടനയാണ് നമ്മുടെ ജനാധിപത്യ സംവിധാനത്തിന്റെ അടിത്തറ. അത് കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്വം എല്ലാവരും ഏറ്റെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ കോഴിക്കോട് ഗവ. ലോ കോളേജ് പ്രിൻസിപ്പൽ ശ്രീ. കെ. എസ്. വിദ്യുത് അധ്യക്ഷത വഹിച്ചു. ഭരണഘടന വിഭാവനം ചെയ്യുന്ന സമത്വവും തുല്യനീതിയും സ്വാതന്ത്ര്യവുമെല്ലാം വ്യക്തിജീവിതത്തിലും കുടുംബ ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും നാം പ്രാവർത്തികമാക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തണമെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ മാത്രമേ ഭരണഘടനയുടെ മൂല്യങ്ങൾ സംരക്ഷിക്കപ്പെടുകയുള്ളൂ.

ലോ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അഡീഷനൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ്, അസിസ്റ്റന്റ് ലീഗൽ ഓഫീസർ ശ്രീ. കെ. എ. സൈജു തുടങ്ങിയവരും സംസാരിച്ചു. ഭരണഘടനയുടെ ആമുഖം വായിച്ചായിരുന്നു പരിപാടികൾ ആരംഭിച്ചത്. കോഴിക്കോട്, കാസർകോട്, കണ്ണൂർ, വയനാട്, മലപ്പുറം ജില്ലകളിൽ നിന്നുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികളാണ് പ്രസംഗ മത്സരത്തിൽ പങ്കെടുക്കാനെത്തിയത്.

**വാഗ്മി 2024 ദക്ഷിണമേഖലാതല മത്സരം സംഘടിപ്പിച്ചു**

2024-ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമവകുപ്പ് സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥികൾക്കായി 'വാഗ്മി-2024' ദക്ഷിണമേഖല പ്രസംഗ മത്സരം കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ 2024 നവംബർ 15-ന് സംഘടിപ്പിച്ചു. ബഹു. കേരള നിയമസഭ സെക്രട്ടറി പ്രൊഫ. ഡോ.



എൻ. കൃഷ്ണകുമാർ മത്സരം ഉദ്ഘാടനം ചെയ്തു. മുൻ ജില്ലാ ജഡ്ജി ശ്രീമതി എം ജി പത്മിനി, മുൻ അഡിഷണൽ നിയമസെക്രട്ടറി അഡ്വ. കെ. ടി. ജോർജ്ജ്, ലോ കോളേജിലെ മുൻ അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.മനോജ് കൃഷ്ണ.എ എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ പ്രിവ്യ കെ.ആർ (കേരള സർവകലാശാല, കാര്യവട്ടം ക്യാമ്പസ് പൊളിറ്റിക്കൽ സയൻസ് വിഭാഗം) ഒന്നാം സ്ഥാനവും, അനീന ജോർജ് (മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം) രണ്ടാം സ്ഥാനവും, ആർച്ച എസ് (കെ.എസ്.എം ഡി.ബി. കോളേജ്, ശാസ്താംകോട്ട) മൂന്നാം സ്ഥാനവും നേടി.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികളാണ് പ്രസംഗ മത്സരത്തിൽ പങ്കെടുത്തത്. ചടങ്ങിൽ കേരള സർവകലാശാല നിയമ ഫാക്കൽറ്റി ഡീനും നിയമ വിഭാഗം മേധാവിയുമായ പ്രൊഫ. ഡോ. സിന്ധു തുളസീധരൻ അധ്യക്ഷത വഹിച്ചു. അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. ഷിബു തോമസ്, ജോയിന്റ് സെക്രട്ടറി ശ്രീമതി. ജാക്വിലിൻ ഇ. ഡബ്ല്യൂ എന്നിവരും പങ്കെടുത്തു.

**വാഗ്മി 2024 മധ്യമേഖലാതല മത്സരം സംഘടിപ്പിച്ചു**

2024-ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി നിയമവകുപ്പ് സംസ്ഥാന കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച 'വാഗ്മി-2024-'മധ്യമേഖല പ്രസംഗ മത്സരം 2024 നവംബർ 18-ന് എറണാകുളം ഗവ. ലാ കോളേജിൽ ബഹു. കേരള സംസ്ഥാന നിയമസേവന അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. മോഹിത് സി. എസ്. ഉദ്ഘാടനം ചെയ്തു. റിട്ട. ഡിസ്ട്രിക്ട് ജഡ്ജ് ശ്രീ. പി. ജെ. വിൻസെന്റ്, റിട്ട. അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. പി. ഒ ജോസ്, ലോ കോളേജിലെ മുൻ അസോസിയേറ്റ് പ്രൊഫസർ ശ്രീമതി. ബിനു പൂർണമോദൻ ചോലയിൽ എന്നിവർ വിധികർത്താക്കളായ മത്സരത്തിൽ മറിയ പി. എസ്. (സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, കുസാറ്റ്) ഒന്നാം സ്ഥാനവും, അഭിജിത്ത് എസ് (ഗവ. കോളേജ്, കോട്ടയം) രണ്ടാം സ്ഥാനവും, റിഗ റോസ് ബാബു (മഹാരാജാസ് കോളേജ്, എറണാകുളം) മൂന്നാം സ്ഥാനവും നേടി.

ചടങ്ങിൽ എറണാകുളം ഗവ. ലാ കോളേജ് പ്രിൻസിപ്പൽ ഡോ. ബിന്ദു. എം. നമ്പ്യാർ അധ്യക്ഷത വഹിച്ചു. അഡീഷണൽ നിയമ



സെക്രട്ടറി ശ്രീ. ഷിബു തോമസ് സ്വാഗതവും, ജോയിന്റ് സെക്രട്ടറി ശ്രീമതി. ജാക്വിലിൻ ഇ. ഡബ്ള്യൂ. നന്ദിയും അർപ്പിച്ചു. ഭരണഘടനയുടെ ആമുഖം വായിച്ചുകൊണ്ടാണ് പരിപാടികൾ ആരംഭിച്ചത്.

**ഭരണഘടനയുടെ അന്തസത്ത ഉൾക്കൊണ്ട് നിയമങ്ങൾ നടപ്പിലാക്കണം: വാഗ്മി ഫൈനൽസിന്റെ വേളയിൽ ബഹു. ചീഫ് സെക്രട്ടറി**

നിയമങ്ങൾ നടപ്പിലാക്കുന്നതും വ്യാഖ്യാനിക്കുന്നതും ഭരണഘടനയുടെ അന്തസത്ത ഉൾക്കൊണ്ടാകണമെന്ന് ബഹു. ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ ഐ.എ.എസ് പറഞ്ഞു. 2024 നവംബർ 23-ന് സെക്രട്ടേറിയറ്റ് ശ്രുതി ഹാളിൽ നിയമവകുപ്പ് സംഘടിപ്പിച്ച അഖിലകേരള ഭരണഘടനാപ്രസംഗ മത്സരമായ വാഗ്മി 2024 ന്റെ ഫൈനൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ചീഫ് സെക്രട്ടറി.

വിവിധ വ്യാഖ്യാനങ്ങളിൽ കൂടിയും ഭേദഗതികളിൽ കൂടിയും ഭരണഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. മൗലികാവകാശങ്ങളിൽ ഉൾപ്പെടെ വന്ന മാറ്റങ്ങൾ നമുക്ക് ഉൾക്കൊള്ളാൻ കഴിയണം. കേരളത്തെ ഏറ്റവും സ്വാധീനിച്ച തദ്ദേശഭരണ സംവിധാനവുമായി ബന്ധപ്പെട്ട 73, 74 ഭരണഘടനാ ഭേദഗതികൾ ഇതിനു മികച്ച ഉദാഹരണമാണ്. ഭരണഘടനയുടെ അടിസ്ഥാനഘടനയും തത്വങ്ങളും അടിസ്ഥാനമാക്കിയാണ് നിയമനിർമ്മാണവും ഭേദഗതികളും നടപ്പിലാക്കുന്നത്. നമ്മുടെ ഭരണസംവിധാനങ്ങൾ നിലനിൽക്കുന്നത് നിയമവാഴ്ച ഉറപ്പാക്കാനാണ്. എല്ലാവർക്കും ഒരു പോലെ രാഷ്ട്രത്തിന്റെ വിഭവങ്ങളും സംരക്ഷണവും ലഭ്യമാകണം. സമൂഹത്തിലെ പാർശ്വവൽകൃതരെ പരിഗണിക്കാനും അവർക്കുവേണ്ടി നിയമത്തെ വ്യാഖ്യാനിക്കാനും കഴിയണമെന്ന് ചീഫ് സെക്രട്ടറി പറഞ്ഞു.

ഭരണഘടനാദിനാഘോഷങ്ങളുടെ ഭാഗമായി നിയമ വകുപ്പിന്റെ ഔദ്യോഗികഭാഷാ പ്രസിദ്ധീകരണ സെൽ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തെ കോളജ് വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം സംഘടിപ്പിച്ചത്. വാഗ്മി-2024 മേഖലാമത്സരങ്ങളിലെ വിജയികളായായ ഫൈനലിസ്റ്റുകൾക്ക് കേരള ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഭരണഘടനയുടെ ദ്വിഭാഷാപതിപ്പും സാക്ഷ്യപത്രവും മെമന്റോയും സമ്മാനിച്ചു.

നിയമ (ഭരണ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറി ശ്രീ. എൻ ജീവൻ അധ്യക്ഷനായ ചടങ്ങിൽ അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ് സ്വാഗതവും, സെക്ഷൻ ഓഫീസർ ശ്രീമതി. ഗായത്രി എം എം നന്ദിയും അർപ്പിച്ചു. നിയമപരിഷ്ക്കാര കമ്മീഷൻ വൈസ് ചെയർപേഴ്സണും മുൻ നിയമ സെക്രട്ടറിയുമായ ശ്രീ. കെ. ശശിധരൻ നായർ, നിയമവകുപ്പിലെ റിട്ട. സ്പെഷ്യൽ സെക്രട്ടറി ശ്രീമതി. ഗിരിജാദേവി. എസ്, കേരള സർവകലാശാല നിയമ ഫാക്കൽറ്റി



ഡീനും നിയമവിഭാഗം മേധാവിയുമായ പ്രൊഫ. ഡോ. സിന്ധു തുളസീധരൻ, കേരള സർവകലാശാലയിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം പ്രൊഫ. ഡോ. ജോസുകുട്ടി സി.എ. എന്നിവർ വിധികർത്താക്കൾ ആയ വാശിയേറിയ ഫൈനലിൽ പ്രിവ്യ കെ. ആർ (കേരള സർവകലാശാല, കാര്യവട്ടം ക്യാമ്പസ് പൊളിറ്റിക്കൽ സയൻസ് വിഭാഗം) ഒന്നാം സ്ഥാനവും, വി എ ആൻസി (സെൻറ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്) രണ്ടാം സ്ഥാനവും, അനീന ജോർജ് (മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം) മൂന്നാം സ്ഥാനവും നേടി.

**സുപ്രീം കോടതിയിൽ ഇന്നും വനിതാ പ്രാതിനിധ്യം കുറവ്: വാഗ്മി-2024-ലെ വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചുകൊണ്ട് ബഹു. നിയമ വകുപ്പ് മന്ത്രി**

സുപ്രീം കോടതിയിൽ ഇന്നും വനിതാ പ്രാതിനിധ്യം കുറവാണെന്ന് ബഹു. നിയമ വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പറഞ്ഞു. വാഗ്മി -2024 അഖിലകേരള ഭരണഘടനാപ്രസംഗ മത്സരത്തിന്റെ സമാപന ചടങ്ങ് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സുപ്രീം കോടതിയിൽ ജഡ്ജിയാകുന്ന ആദ്യ വനിത ജസ്റ്റിസ് ഫാത്തിമാ ബീവിയാണ്. അത് 1989-ൽ ആണ്. എന്നാൽ അതിനും എത്രയോ മുൻപ് 1959-ൽ തന്നെ കേരള ഹൈക്കോടതിയിൽ ജസ്റ്റിസ് അന്ന ചാണ്ടി ജഡ്ജിയായി ചുമതലയേറ്റു. അന്ന ചാണ്ടി കേരളത്തിൽ നിയമബിരുദം നേടിയ ആദ്യ വനിതയാണെന്ന വസ്തുതയും മന്ത്രി വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തി.

ഭരണഘടനാദിനാഘോഷത്തിന്റെ ഭാഗമായി നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പ് ഭരണഘടനയെ അടിസ്ഥാനമാക്കി സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ എയ്ഡഡ് കോളേജുകളിലെയും വിദ്യാർത്ഥികൾക്കായിട്ടാണ് പ്രസംഗ മത്സരം സംഘടിപ്പിച്ചത്. ചടങ്ങിൽ വാഗ്മി 2024-ന്റെ വിജയികൾക്ക് ട്രോഫികളും ക്യാഷ് പ്രൈസുകളും സാക്ഷ്യപത്രങ്ങളും ബഹു. മന്ത്രി വിതരണം ചെയ്തു. ബഹു. നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ അധ്യക്ഷനായ ചടങ്ങിൽ, മുൻ നിയമസഭാ സെക്രട്ടറിയും NUALS മുൻ വൈസ് ചാൻസലറുമായ ഡോ. എൻ. കെ. ജയകുമാർ മുഖ്യപ്രഭാഷണം നടത്തി. അഡീഷണൽ നിയമസെക്രട്ടറി ശ്രീ. എൻ. ജീവൻ സ്വാഗതവും, അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ് നന്ദിയും അർപ്പിച്ചു.



**''മാറ്റൊലി'' സാമൂഹ്യ-നിയമ ബോധവത്കരണ പരിപാടി കൊല്ലത്ത്**

സമൂഹത്തിൽ ജീവിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട സാമാന്യ നിയമങ്ങളെ കുറിച്ച് ഓർമ്മിപ്പിച്ചു കൊണ്ട് മാറ്റൊലി സാമൂഹ്യ-നിയമ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. നിയമ (ഔദ്യോഗിക ഭാഷാ -പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർക്ക് വേണ്ടിയായിരുന്നു 2025 ജനുവരി 15-ന് ജില്ലാ പഞ്ചായത്ത് ഹാളിൽ പരിപാടി സംഘടിപ്പിച്ചത്. കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി. കെ. ഗോപൻ പരിപാടി ഉദ്ഘാടനം ചെയ്തു. മികച്ച സാമൂഹിക ജീവിതത്തിന് സാമാന്യ നിയമ പരിജ്ഞാനം അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു. വിശ്വാസത്തിന്റെ പേരിൽ നിയമത്തെ വെല്ലുവിളിക്കുന്ന സ്ഥിതിയുണ്ട്. ഭരണഘടനയാണ് നമ്മൾ മുറുകെ പിടിക്കേണ്ട ഗ്രന്ഥം. അത് ആധുനിക മനുഷ്യന്റെ ഏറ്റവും വലിയ ആയുധമാണെന്നും അദ്ദേഹം പറഞ്ഞു.

ബഹു. നിയമസെക്രട്ടറി ശ്രീ. കെ.ജി സനൽ കുമാർ അധ്യക്ഷനായി. അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ്, ജോയന്റ് സെക്രട്ടറി ശ്രീമതി ജാകിലിൻ ഇ. ഡബ്ള്യൂ., അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശ്രീ. ആർ. രതീഷ് കുമാർ എന്നിവർ സംസാരിച്ചു. ''സ്ത്രീ ശാക്തീകരണത്തിൽ ഇന്ത്യൻ ഭരണഘടനയും പ്രത്യേക നിയമങ്ങളും വഹിക്കുന്ന പങ്ക്'' എന്ന വിഷയത്തിൽ ഹൈക്കോടതിയിലെ സീനിയർ ഗവ. പ്ലീഡർ അഡ്വ. കെ.കെ പ്രീതയും ''പുതിയ പ്രധാന ക്രിമിനൽ നിയമങ്ങൾ ഉറപ്പാക്കുന്ന സ്ത്രീ സുരക്ഷിതത്വം'' എന്ന വിഷയത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ മുൻ അംഗം അഡ്വ. ജെ. സന്ധ്യയും ക്ലാസ്സുകൾ എടുത്തു.



**''മാറ്റൊലി'' നിയമ ബോധവൽക്കരണ പരിപാടി തൃശ്ശൂരിലും**

നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നിയമ ബോധവൽക്കരണ പരിപാടിയായ മാറ്റൊലി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി. എസ് പ്രിൻസ് ഉദ്ഘാടനം ചെയ്തു. 2025 ജനുവരി 18-ന് അയ്യന്തോൾ പ്രിയദർശിനി ഹാളിൽ നടന്ന ചടങ്ങിൽ അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ് അധ്യക്ഷത വഹിച്ചു.

മോഡണൈസേഷൻ ഓഫ് ലോ ഡിപ്പാർട്ട്മെന്റ് പദ്ധതിയുടെ ഭാഗമായി സമൂഹത്തിലെ ശാക്തീകരിക്കപ്പടേണ്ട വിഭാഗങ്ങൾക്ക് സാമൂഹ്യ - നിയമ അവബോധം നടത്തുന്ന തിനായാണ് മാറ്റൊലി എന്ന പേരിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചത്. പരിപാടിയോടനുബന്ധിച്ച് തൃശൂർ ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർക്കു വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. 'ഇന്ത്യൻ ഭരണഘടനയും പ്രത്യേക നിയമങ്ങളും ഉറപ്പാക്കുന്ന സ്ത്രീ സുരക്ഷിതത്വം' എന്ന വിഷയത്തിൽ കേരള ഹൈക്കോടതി സീനിയർ ഗവ. പ്ലീഡർ അഡ്വ. കെ. കെ പ്രീതയും, 'സ്ത്രീ ശാക്തീകരണ ത്തിൽ പുതിയ ക്രിമിനൽ നിയമങ്ങൾ വഹിക്കുന്ന പങ്ക്' എന്ന വിഷയത്തിൽ അഡ്വ. തനൂഷ പോളും ക്ലാസുകൾ നയിച്ചു.

ജോയിന്റ് സെക്രട്ടറി ശ്രീമതി ജാക്വിലിൻ ഇ. ഡബ്ല്യൂ, തൃശ്ശൂർ കുടുംബശ്രീ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ശ്രീ. എസ്.സി നിർമ്മൽ, സെക്ഷൻ ഓഫീസർ ശ്രീമതി. ഗായത്രി എം. എം. തുടങ്ങിയവർ സംസാരിച്ചു.




**'മാറ്റൊലി' സാമൂഹ്യ നിയമബോധവൽക്കരണ പരിപാടി ഉത്തരമേഖലാതലത്തിൽ കണ്ണൂരിൽ സംഘടിപ്പിച്ചു**

നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാമൂഹ്യ-നിയമ ബോധവത്കരണ പരിപാടി 'മാറ്റൊലി' സംഘടിപ്പിച്ചു. ബഹു. നിയമസെക്രട്ടറി ശ്രീ. കെ. ജി സനൽ കുമാർ അധ്യക്ഷനായ ചടങ്ങിൽ ബഹു. കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. കെ. രത്നകുമാരി ഉദ്ഘാടനം ചെയ്തു. നിയമ ബോധവത്കരണം സമൂഹത്തിലെ മുഴുവൻ ആളുകൾക്കും ലഭിക്കേണ്ടതുണ്ടെന്നും നിയമങ്ങളെക്കുറിച്ചുള്ള അജ്ഞത സമൂഹത്തെ വലിയ രീതിയിൽ ബാധിക്കുന്നുണ്ടെന്നും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച നിയമാവബോധം പുരുഷന്മാരിലേക്കും വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു. നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ്, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ശ്രീ. എം.വി ജയൻ, ലീഗൽ അസിസ്റ്റന്റ് ശ്രീമതി. ദിവ്യ കെ. എന്നിവർ സംസാരിച്ചു. 'ഇന്ത്യൻ ഭരണഘടന

യും പ്രത്യേക നിയമങ്ങളും ഉറപ്പാക്കുന്ന സ്ത്രീ സുരക്ഷിതത്വം' എന്ന വിഷയത്തിൽ അഡ്വ. എം. ജീനാഭായി, 'സ്ത്രീ ശാക്തീകരണത്തിൽ പുതിയ ക്രിമിനൽ നിയമങ്ങൾ വഹിക്കുന്ന പങ്ക്'എന്ന വിഷയത്തിൽ അഡ്വ. ഫാത്തിമ വാഴയിൽ എന്നിവർ ക്ലാസെടുത്തു. ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ കണ്ണൂർ ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർ പങ്കെടുത്തു.




**കാര്യവട്ടം ക്യാമ്പസിൽ 'മാറ്റൊലി'-NDPS Act-നെക്കുറിച്ച് ബോധവത്കരണം നടത്തി**

വിദ്യാർത്ഥികൾക്കു വേണ്ടി കേരള സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ വച്ച് മോഡണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റ് പദ്ധതിയുടെ ഭാഗമായുള്ള സാമൂഹ്യ നിയമ ബോധവൽക്കരണ പരിപാടി മാറ്റൊലി 2025 ഫെബ്രുവരി 3-ാം തീയതി സംഘടിപ്പിച്ചു. ബഹു. നിയമ സെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് നിയമാവബോധം കുറ്റകൃത്യങ്ങൾ



കുറയ്ക്കുന്നതിന് അനിവാര്യമാണെന്നും വിദ്യാർത്ഥികൾക്ക് അതിൽ നല്ല പങ്ക് വഹിക്കാൻ കഴിയുമെന്നും പറഞ്ഞു. കേരള സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. ഡോ. കെ. എസ്. അനിൽകുമാർ അധ്യക്ഷപ്രസംഗത്തിൽ ഭരണഘടനാബോധം വർദ്ധിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓർമ്മപ്പെടുത്തി.

നൂറ്റിയമ്പതോളം വിദ്യാർത്ഥികൾ പങ്കെടുത്ത പരിപാടിയിൽ സർവ്വകലാശാലയുടെ നിയമ ഫാക്കൽറ്റിയുടെ ഡീനും നിയമ വിഭാഗം മേധാവിയുമായ പ്രൊഫ. ഡോ. സിന്ദു തുളസീധരൻ സ്വാഗതവും, അഡീഷണൽ നിയമസെക്രട്ടറി ശ്രീ. ഷിബു തോമസ് കൃതജ്ഞതയും അർപ്പിച്ചു. 'പൊതുനിയമ സാക്ഷരത: ഇന്ത്യൻ ഭരണഘടനയും പുതിയ ക്രിമിനൽ നിയമങ്ങളും', 'നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ്, ആക്റ്റ് 1985''എന്നീ വിഷയങ്ങളിലെ ബോധവൽക്കരണ ക്ളാസുകൾ അഡ്വ. ഭുവനേന്ദ്രൻ നായർ വി. യും, റിട്ട. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ. ബി. സുരേഷും നയിച്ചു.

## ഭാഷാശൈലി ലളിതമാക്കുന്നതുമായി ബന്ധപ്പെട്ട് ശിൽപ്പശാല സംഘടിപ്പിച്ചു.

നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗവ. സെക്രട്ടേറിയറ്റ് അനക്സ് II-ലെ ശ്രുതി ഹാളിൽ വെച്ച് 2025 ജനുവരി 30, 31 തീയതികളിൽ 'നിയമങ്ങളിലെയും ചട്ടങ്ങളിലെയും ഉത്തരവുകളിലെയും ഭാഷാശൈലി ലളിതമാക്കുന്നത്' സംബന്ധിച്ച ശിൽപ്പശാല നിയമവകുപ്പിലെ ഉദ്യോഗസ്ഥർക്കുവേണ്ടി സംഘടിപ്പിച്ചു. ബഹു. നിയമസെക്രട്ടറി ശ്രീ. കെ. ജി. സനൽ കുമാർ ശിൽപ്പശാലയുടെ ഉദ്ഘാടനം നിർവഹിച്ചു. നിയമവകുപ്പിൽ നിന്നും വിരമിച്ച അണ്ടർ സെക്രട്ടറി അഡ്വ. ഗോപിനാഥൻ നായർ ''ദി ഡിജിറ്റൽ പേഴ്സണൽ ഡേറ്റാ പ്രൊട്ടക്ഷൻ ആക്റ്റ് 2023''-നെ ആസ്പദമാക്കി ക്ളാസുകൾ നയിച്ചു.



## പരിശീലന പരിപാടികൾ സംഘടിപ്പിച്ചു

2024 ജൂൺ മാസം 18,19,24,25 തീയതികളിൽ കേരള ജുഡീഷ്യൽ അക്കാദമിയിൽ വച്ച് ഗവണ്മെന്റ് പ്ളീഡർമാർ/പബ്ലിക് പ്രോസിക്യൂട്ടർമാർക്കായി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം-ന്റെ ഭാഗമായി കേന്ദ്ര നിയമങ്ങളായ ഭാരതീയ ന്യായ സംഹിത, 2023, ഭാരതീയ നാഗരിക് സുരക്ഷ സംഹിത, 2023, ഭാരതീയ സാക്ഷ്യ അധിനിയം, 2023 എന്നിവയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. നിയമവകുപ്പിലെ ഉദ്യോഗസ്ഥർക്കായി 2024 ജൂലൈ 29, 31 തീയതികളിൽ ജസ്റ്റിസ് കെ.എബ്രഹാം

മാത്യു (റിട്ട.ഹൈക്കോടതി ജഡ്ജി) കേന്ദ്ര നിയമങ്ങളായ ഭാരതീയ ന്യായ സംഹിത, 2023, ഭാരതീയ നാഗരിക് സുരക്ഷ സംഹിത, 2023, ഭാരതീയ സാക്ഷ്യ ആദിനിയം, 2023 എന്നിവയിൽ പരിശീലനം നൽകിയിരുന്നു. 09.09.2024 തീയതിയിൽ കേരള ജുഡീഷ്യൽ അക്കാദമിയിൽ വച്ച് ഗവണ്മെന്റ് പ്ളീഡർമാർ/ പബ്ലിക് പ്രോസിക്യൂട്ടർമാർക്കായി Emerging Trends in Cyber Forensics and Forensic Science എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

നിയമവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇൻ-ഹൗസ് ട്രെയിനിങ്ങിന്റെ ഭാഗമായി 2024 ഡിസംബർ 5-ാം തീയതിയിൽ ഐ. എം. ജി. ഫാക്കൽറ്റിയും പൊതുഭരണ വകുപ്പ് റിട്ട. അഡീഷണൽ സെക്രട്ടറിയുമായ ശ്രീ. മൊയ്ദുണ്ണി വി. വി, സർവീസ് റൂൾസ് എന്ന വിഷയത്തിലും 2025 ജനുവരി 09-ാം തീയതിയിൽ ശ്രീ ജോർജ്ജ് കെ.ടി. (റിട്ട. അഡീഷണൽ നിയമ സെക്രട്ടറി) "A Workshop on Conveyancing" എന്ന വിഷയത്തിലും 2025 ജനുവരി 18-ാം തീയതി ബഹു. നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയായ ശ്രീ ടി. മനോഹരൻ നായർ 'നിയമ സഭാ കമ്മിറ്റികളുടെ പ്രവർത്തനത്തെയും വിവിധ സർക്കാർ രേഖകൾ സഭയിൽ സമർപ്പിക്കുന്നതിനെയും സംബന്ധിക്കുന്ന നടപടിക്രമങ്ങൾ' എന്ന വിഷയത്തിലും പരിശീലനം നൽകി.

22-02 -2025 തീയതിയിൽ കേരള ജുഡീഷ്യൽ അക്കാദമിയിൽ വച്ച് ഗവണ്മെന്റ് പ്ളീഡർമാർ/ പബ്ലിക് പ്രോസിക്യൂട്ടർമാർക്കായി The Banning of Unregulated Deposit Schemes Act, 2019 (BUDS ACT) എന്ന വിഷയത്തിലും പരിശീലന പരിപാടി സംഘടിപ്പിച്ചു.

---


**നിരാകരണം / Disclaimer**

ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമവകുപ്പിന്റെയോ ഔദ്യോഗിക അഭിപ്രായങ്ങളല്ല. ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ്, അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

**പത്രാധിപസമിതി**


മാറ്റൊലി
കേരള സർക്കാർ
‘മാറ്റൊലി’
കണ്ണൂർ


'മാറ്റൊലി'
തൃശൂർ







നിയമധ്വനിയുടെ
മുൻപതിപ്പുകൾ
നിയമവകുപ്പിന്റെ
ഔദ്യോഗിക വെബ്സൈറ്റിൽ
ലഭ്യമാണ്

***https://lawsect.kerala.gov.in***

RNI REG. No. KERMAL/2017/74542

നിയമധ്വനി
NIYAMADWANI
TITLE CODE KERMAL-15918
വാല്യം 08
ഇഷ്യൂ 02

DATE OF PUBLICATION
28/02/2025



Printed by Veeran. T the Superintendent of Government Presses, Thiruvananthapuram
Published by K. G. Sanal Kumar, Secretary, Law Department, Government Secretariat, Thiruvananthapuram-695 001
On behalf of Govt. of Kerala and printed at Government Central Press, Thiruvananthapuram
and published at Law Department, Secretariat, Thiruvananthapuram-695 001, Chief Editor: K. G. Sanal Kumar